28th Year of Service 2020

# കേരള എക്സ്പ്രസ്
# KERALA EXPRESS

Price $1.00

Weekly Newspaper National Edition From Chicago

2050 W. Devon Avenue, Chicago, Illinois 60659, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

March 27, 2020 | Vol. XXVIII No. 13 | Periodicals Postage Paid

4 കാസർകോട്ടും കോഴിക്കോട്ടും നിരോധനാജ്ഞ
6 നിർഭയ കേസ് നാൾവഴി
13 നീതിക്കായി കേണ നിർഭയയുടെ അമ്മ
19 കൈകോർത്ത് ചിക്കാഗോ മലയാളികൾ
27 എൺപതിന്റെ നിറവിൽ ശ്രീകുമാരൻ തമ്പി

# ഇന്ത്യ നിശ്ചലാവസ്ഥയിലേക്ക്

ന്യൂഡൽഹി: കൊറോണ വൈറസ് ബാധ രൂക്ഷമായതോടെ രാജ്യത്തു കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തീരുമാനം. രാജസ്ഥാനു പിന്നാലെ പഞ്ചാബ്, ഉത്തരാഖണ്ഡ്, തെലുങ്കാന, കേരളത്തിലെ ഏഴു ജില്ലകൾ അടക്കം രാജ്യത്തെ 50 ജില്ലകൾ അടച്ചിടാൻ കേന്ദ്ര സർക്കാർ നിർദേശിച്ചു. കേന്ദ്ര കാ





1. ജനതാ കർഫ്യൂ ദിനത്തിൽ കൈയടിച്ച് ആദരമർപ്പിക്കുന്ന കുടുംബം. എറണാകുളം ടിഡി വെസ്റ്റ് റോഡിൽ നിന്നുള്ള ദൃശ്യം.
2. ആരോഗ്യപ്രവർത്തകർക്ക് അഭിവാദ്യമർപ്പിക്കുന്ന ബോളിവുഡ് താരങ്ങളായ അഭിഷേക് ബച്ചനും കുടുംബവും.

ബിനറ്റ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയും സംസ്ഥാന ചീഫ് സെക്രട്ടറിമാരും വീഡിയോ കോൺഫറൻസ് ചേർന്നതിനു ശേഷമാണ് തീരുമാനം.

ഗുഡ്സ് ട്രെയിനുകൾ ഒഴികെ സബർബൻ ട്രെയിനും മെട്രോകളും മാർച്ച് 31 വരെ നിർത്തിവെക്കും.

അന്തർസംസ്ഥാന ബസ് സർവീസുകൾ നിർത്തിവെക്കാനും ഉന്നതതല യോഗം തീരുമാനിച്ചു. ഇക്കാര്യത്തിൽ ഉചിതമായ ഉത്തരവുകൾ പുറപ്പെടുവിക്കാൻ അതാത് സംസ്ഥാന സർക്കാരുകളോട് കേന്ദ്രം നിർദേശിച്ചു. ഡൽഹിയിലേക്കുള്ള എല്ലാ അന്താരാഷ്ട്ര വിമാന സർവീസുകൾക്കും വിലക്ക് ഏർപ്പെടുത്തി. പഞ്ചാബ്, രാജസ്ഥാൻ, തെലുങ്കാന സർക്കാരുകൾ പ്രഖ്യാപിച്ചതിനു സമാനമായി ഡൽഹിയിൽ എല്ലാ അതിർത്തികളും അടച്ചിടാനും നിരോധനാജ്ഞ ഏർപ്പെടുത്താനും തീരുമാനിച്ചു.

അവശ്യ വസ്തുക്കളുടെ വിതരണവും പഴം, പാൽ, പത്രം, പച്ചക്കറി, മരുന്നുകൾ എന്നിവയുടെ വിപണനവും മാത്രമാണ് അനുവദിച്ചിട്ടുള്ളത്. മഹാരാഷ്ട്രയിൽ മുംബൈ, പൂന, നാഗ്പുർ, പിമ്പ്രി തുടങ്ങിയ നഗരങ്ങളിലും ഗുജറാത്തിലും അഹമ്മദാബാദ്, സൂററ്റ്, വഡോദര, രാജ്കോട്ട് എന്നിവിടങ്ങളിലും നിരോധനാജ്ഞ പ്രഖ്യാപിച്ചിട്ടുണ്ട്.

(ശേഷം 28-ാം പേജിൽ)

## വോട്ടിന് മുൻപ് രാജിവെച്ച് കമൽനാഥ്

ഭോപ്പാൽ: വിശ്വാസ വോട്ടിനു കാത്തു നിൽക്കാതെ മധ്യപ്രദേശ് മുഖ്യമന്ത്രി കമൽനാഥ് രാജിവെച്ചു.



15 മാസം പിന്നിട്ട കോൺഗ്രസ് സർക്കാർ വീണതോടെ മൂന്ന് സംസ്ഥാനങ്ങളിൽ രണ്ടാഴ്ചയായി നടന്ന രാഷ്ട്രീയ നാടകത്തിനു വിരാമം. നിയമസഭയിൽ ഭൂരിപക്ഷം തെളിയിക്കാൻ കഴിയില്ലെന്ന് ഉറപ്പായതോടെയാണ് കമൽനാഥ് രാജിപ്രഖ്യാപിച്ചത്.

## ജനതാ കർഫ്യൂ പൂർണം

ന്യൂഡൽഹി: കൊറോണ വൈറസ് ബാധ രൂക്ഷമാകുന്നതിന്റെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ആഹ്വാനം ചെയ്ത ജനതാ കർഫ്യൂ രാജ്യത്ത് ഏറെക്കുറെ പൂർണം. ഒട്ടുമിക്ക ആളുകളും വീട്ടിലിരുന്നപ്പോൾ തിരക്കേറിയ വിപണിയും നിരത്തുകളും അടക്കമുള്ളവ വിജനമായി. കടകളും ഓഫീസുകളും പ്രവർത്തിച്ചില്ല. ഡൽഹി, കൊൽക്കത്ത അടക്കമുള്ള നഗരങ്ങളിൽ ചില ബസുകൾ സർവീസ് നടത്തിയെങ്കിലും യാത്രക്കാരുടെ എണ്ണം വളരെ കുറവായിരുന്നു.

കൊൽക്കത്ത, ബെംഗളൂരു, ചെന്നൈ, ഗുഡ്ഗാവ് മെട്രോകളും സർവീസ് നടത്തിയില്ല. ഡൽഹി വിമാനത്താവളത്തിലും റെയിൽവേ സ്റ്റേഷനുകളിലും വളരെക്കുറച്ച് ആളുകളെ മാത്രമേ കാണാനായുള്ളൂ. അവധി ദിവസങ്ങളിൽ ഏറെ തിരക്ക് കാണപ്പെടാറുള്ള ഡൽഹി ഇന്ത്യാഗേറ്റ്, ചെന്നൈ മെറീന ബീച്ച് തുടങ്ങിയ സ്ഥലങ്ങളും വിജനമായിരുന്നു. തന്റെ ആഹ്വാനപ്രകാരം വീട്ടിലിരിക്കാൻ തീരുമാനിച്ച ജനങ്ങളോട് നന്ദി പറയുന്നതായി പ്രധാനമന്ത്രി ട്വിറ്ററിലൂടെ അറിയിച്ചു.

ഡൽഹി സംസ്ഥാനങ്ങൾ മാർച്ച് 31 വരെ പൂർണമായി അടച്ചിടുമെന്ന് പ്രഖ്യാപിച്ചു. മഹാരാഷ്ട്ര, ജാർഖണ്ഡ്, തമിഴ്നാട്, ഗോവ ഉത്തരാഖണ്ഡ് സർക്കാരുകൾ ജനതാ കർഫ്യൂ നീട്ടിയതായി അറിയിച്ചു.

കൊറോണ ബാധ രൂക്ഷമായുള്ള

# ഇന്ത്യയിൽ ട്രെയിൻ സർവീസ് നിർത്തലാക്കി

ന്യൂഡൽഹി: ഇന്ത്യയിൽ 80 ജില്ലകൾ ഈ മാസം 31 വരെ അടച്ചിടാൻ സംസ്ഥാനങ്ങൾക്ക് കേന്ദ്രനിർദേശം.





നിയന്ത്രണങ്ങൾ ഏതുതലത്തിൽ വേണമെന്ന് സംസ്ഥാനങ്ങൾക്ക് തീരുമാനിക്കാം. കേന്ദ്രത്തിന്റെ പട്ടികയിൽ കേരളത്തിലെ 10 ജില്ലകളുമുണ്ട്. അതേസമയം പുതിയ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ വിശദീകരിച്ചു. നിലവിലുള്ള നിയന്ത്രണങ്ങളും നിർദേശങ്ങളും തുടരും.

രാജ്യത്തെ മുഴുവൻ യാത്രാ ട്രെയിനുകളും ഈ മാസം 31ന് അർധരാത്രി വരെ നിർത്തിവെച്ചു. പാസഞ്ചർ, മെയിൽ, എക്സ്പ്രസ്, സൂപ്പർ ഫാസ്റ്റ് എന്നിവയുൾപ്പെടെ പ്രതിദിനമുള്ള 13,000 ട്രെയിനുകളാണ് ഓട്ടം നിർത്തുന്നത്. മെട്രോ സർവീസുകളും നിലയ്ക്കും. ചരക്ക് ട്രെയിനുകൾ ഓടും. മാർച്ച് 22ന് പുലർച്ചെ നാലിനു മുൻപ് പുറപ്പെട്ട ട്രെയിനുകൾ ലക്ഷ്യ സ്ഥാനത്തെത്തും വരെ ഓടും, റദ്ദായ ട്രെയിൻ യാത്രയ്ക്കുള്ള പൂർണ റീഫണ്ട് ജൂൺ 21 വരെ ലഭിക്കും. സംസ്ഥാനാന്തര ബസ് ഗതാഗതം 31 വരെ നിർത്തിവെക്കും. രാജസ്ഥാൻ, പഞ്ചാബ്, ബംഗാൾ, തെലങ്കാന, മഹാരാഷ്ട്ര സംസ്ഥാനങ്ങൾ മാർച്ച് 23 മുതൽ 31 അർധരാത്രി വരെ പൂർണമായി അടച്ചിടും. മിസോറാം ഈ മാസം 29 വരെ അടച്ചിടും. അവശ്യ വസ്തുക്കൾ, സേവനങ്ങൾ മാത്രമേ ഈ ദിവസങ്ങളിൽ ലഭിക്കൂവെന്നു സംസ്ഥാന സർക്കാരുകൾ അറിയിച്ചു. മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ളവരുടെ പ്രവേശനത്തിനു നിയന്ത്രണമേർപ്പെടുത്തും. ഡൽഹിയിലും മുംബൈയിലും 31 വരെ നിരോധനാജ്ഞ പ്രഖ്യാപിച്ചു.

അടിയന്തര ആവശ്യങ്ങൾക്കല്ലാതെ പുറത്തിറങ്ങരുതെന്നും വീടുകളിൽ കഴിയണമെന്നും (ശേഷം 28-ാം പേജിൽ)

## രഞ്ജൻ ഗൊഗോയ് രാജ്യസഭയിൽ

ന്യൂഡൽഹി: സുപ്രീംകോടതി മുൻ ചീഫ് ജസ്റ്റിസ് രഞ്ജൻ ഗൊഗോയ് രാജ്യസഭയിൽ. പ്രശസ്ത അഭിഭാഷകൻ കെ.ടി.എസ്. തുൾസി വിരമിച്ച ഒഴിവിലേക്കാണിത്. അതേസമയം കെടിഎസ് തുൾസിയെ കോൺഗ്രസ് ഛത്തീസ്ഗഡിൽ നിന്ന് രാജ്യസഭാ സ്ഥാനാർത്ഥിയായി പ്രഖ്യാപിച്ചിട്ടുണ്ട്.



ഇതാദ്യമായാണ് സുപ്രീംകോടതിയിൽ നിന്ന് വിരമിച്ച ജസ്റ്റിസിനെ രാഷ്ട്രപതി രാജ്യസഭയിലേക്ക് നാമനിർദേശം ചെയ്യുന്നത്. മുൻ ചീഫ് ജസ്റ്റിസ് രംഗനാഥ മിശ്ര രാജ്യസഭയിൽ അംഗമായിരുന്നു-1998 മുതൽ 2004 വരെ. അന്നു പക്ഷേ, അദ്ദേഹം ഒഡീഷയിൽ നിന്ന് കോൺഗ്രസ് സ്ഥാനാർത്ഥിയായി ജയിച്ചുവരികയായിരുന്നു. ചീഫ് ജസ്റ്റിസായിരുന്ന പി. സദാശിവത്തെ (ശേഷം 28-ാം പേജിൽ)

# നിർഭയാ കേസിലെ പ്രതികളെ തൂക്കിലേറ്റി

ന്യൂഡൽഹി: നിർഭയക്കേസിലെ കുറ്റവാളികളായ മുകേഷ് സിങ് (33), അക്ഷയ് കുമാർ സിങ് (35), പവൻ ഗുപ്ത (26), വിനയ് ശർമ (27) എന്നിവരെ തിഹാർ ജയിലിൽ തൂക്കിലേറ്റി. ആരാച്ചാർ പവൻ ജല്ലാദാണ് മാർച്ച് 20ന് പുലർച്ചെ 5.30ന് ശിക്ഷ നടപ്പാക്കിയത്. മരണം ഉറപ്പാക്കാൻ 4 ശരീരങ്ങളും അര മണിക്കൂർ തൂക്കുമരത്തിൽ തന്നെ കിടന്നു. തുടന്ന് 6 മണിയോടെ ജയിൽ മെഡിക്കൽ ഓഫിസർ മരണം സ്ഥിരീകരിച്ചു.

ദീൻദയാൽ ഉപാധ്യായ ആശുപത്രിയിൽ പോസ്റ്റുമോർട്ടം നടത്തിയ ശരീരങ്ങൾ ബന്ധുക്കൾക്കു വിട്ടുകൊടുത്തതായി തിഹാർ ജയിൽ ഡയറക്ടർ ജനറൽ സന്ദീപ് ഗോയൽ വ്യക്തമാക്കി. ശിക്ഷ നടപ്പാക്കുന്നതിനു മുൻപു മകനെ കാണണമെന്ന ആഗ്രഹം അക്ഷയ് കുമാർ അറിയിച്ചെങ്കിലും അനുവദിച്ചില്ല. ശിക്ഷ നടപ്പാക്കാൻ മണിക്കൂറുകൾ





പ്രതികളെ തൂക്കിലേറ്റിയതറിഞ്ഞ നിർഭയയുടെ അമ്മ ആശാദേവിയുടെയും (ഇടത്ത്) ബന്ധുക്കളുടെയും പ്രതികരണം.

മാത്രം ശേഷിക്കെ ഹൈക്കോടതിയിലും സുപ്രീംകോടതിയിലും പ്രതികൾ അപ്പീൽ നൽകിയിരുന്നു. അതിനും ഫലമുണ്ടായില്ല. വധശിക്ഷ റദ്ദാക്കണമെന്ന ആവശ്യവുമായി അക്ഷയ്, പവൻ, വിനയ് എന്നിവർ നൽകിയ ഹർജി 19ന് പാട്യാല ഹൗസ് കോടതി തള്ളിയിരുന്നു. തുടർന്നാണ് രാത്രി ഹൈക്കോടതിയിൽ അപ്പീൽ നൽകിയത്. ഇതും തള്ളി. (ശേഷം 28-ാം പേജിൽ)


JAIBU MATHEW KULANGARA
& ASSOCIATES
For Personal & Business
TAX SERVICE
JAIBU MATHEW KULANGARA, E.A.
Enrolled to Practice before IRS
TAX
7215 W. TOUHY, SUITE 6
CHICAGO, IL 60631
773 792 2117 OFFICE
847 298 0786 HOME
312 718 6337 CELL
773 792 2118 FAX
Email:tax@jaibu.com
Web: www.jaibu.com
Free Electronic Filing


LOWEST FARE &
HASSLE FREE
SERVICES
Holy Land
12 Days
on November 25-
December 07, 2020
From Dallas/Houston
New York/Atlanta
Florida/Boston
South Africa
on August
04-17, 2020
New York/Houston
Philadelphia
Florida/Dallas
EXCEL WORLD TOURS
Our Travel Partners
EXCEL HOLY LAND & HOLIDAYS
Your Dream Journey
Kerala, India
B6 travel and tourism LLC.
Dubai, UAE
ALL INTERNATIONAL FLIGHTS SERVICES
+1 267 549 4733
Info@excelworldtours.com
Excel World Tours LLC
16112 Gladewater Ter.,
Prosper, TX 75078 USA
+ 1 215 322 3161


Malabar
FOODS
909 Greenwood Rd., Unit B, Glenview, IL 60025
Tel: 224-616-3048
Email: malabarcorp@gmail.com
Indian Spices & Groceries
Meat & Sea Food
Kerala Snacks
South Indian / North Indian Catering & Carry Out
Fruits & Vegetables
Organic Produce
WE ACCEPT
EBT
LINK CARD
Royal
Malabar
Catering
911 B Greenwood Rd, Glenview, IL 60025
Tel: 847-998-5635
Email: malabarcorp@gmail.com


FOR ALL YOUR PERSONAL AND BUSINESS TAX SERVICES
TAX
TOMY NELLAMATTAM, E.A.
Enrolled to Practice Before IRS
Nella Consulting Inc
755 Milwaukee Ave
Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)
Free Electronic Filing
Full Time In Accounting
& Tax Services


Trusted Representation
Achieves Aggressive Financial Results
Over $ 50M Recovered and Collected For Our Clients
Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
Free Confidential Consultation On All Matters
Home Visits Available
Personal Injuries-Wrongful Death - Work Injuries
Your call is Always Welcome
Attorney Steve Crifase
Law Offices of Steven A. Crifase, Ltd.
8 South Michigan Suite 2000
Chicago, Illinois 60603
312-855-0511
StevenCrifase.com
LIFE MEMBER
Million Dollar Advocates Forum
The Top Trial Lawyers In America
Serious Lawyers For Serious Cases
Call Today To See What Your Case Is Really Worth
Recent Financial Recoveries
For Our Clients And Their Families
$1,500,000.00 Jury Verdict Car Crash Neck Injury
$5,000,000.00 Car Crash – Brain Injury
$700,000.00 Medical Malpractice Stillborn Baby
$1,500,000.00 Wrongful Death – Car Crash
$750,000.00 Medical Malpractice – Fetal Injury
$600,000.00 Medical Malpractice – Fetal Injury
$200,000.00 Work Injury – Shoulder Surgery
$149,000.00 Slip and Fall – Knee Injury
$239,000.00 Work Injury – Shoulder Surgery
$190,000.00 Car Crash – Back Injury
$338,000.00 Work Injury – Shoulder/Wrist Surgery
We Want A Long Term Relationship With You
Steve Crifase
http://www.crifaselaw.com/
scrifase@sbcglobal.net
Steven A Crifase, Ltd.
8 S. Michigan, Suite 2000
Chicago IL 60603
Phone (312) 855-0511,
Fax (312) 855- 0537
A+ Rating
AV PREEMINENT
Peer Rated for Highest Level of Professional Excellence
2018

# കോവിഡ് ബാധിതനുമായി സമ്പർക്കം: എംഎൽഎമാർ നിരീക്ഷണത്തിൽ

കാസർകോട്: കോവിഡ് ബാധിതനുമായി സമ്പർക്കമുണ്ടായതിനെത്തുടർന്ന് കാസർകോട്, മഞ്ചേശ്വരം എംഎൽഎമാർ നിരീക്ഷണത്തിൽ. രോഗം സ്ഥിരീകരിച്ച കാസർകോട് കുഡ്‌ലു സ്വദേശിയായ നാല്പത്തേഴുകാരനുമായി നേരിട്ടു സമ്പർക്കം പുലർത്തിയിരുന്നതിനാലാണ് കാസർകോട് എംഎൽഎ എൻ.എ. നെല്ലിക്കുന്ന്, മഞ്ചേശ്വരം എംഎൽഎ എം.സി. കമറുദീൻ എന്നിവർ വീടുകളിൽ സ്വയം നിരീക്ഷണത്തിൽ കഴിയാൻ തീരുമാനിച്ചത്. ഇരുവർക്കും നിലവിൽ രോഗലക്ഷണങ്ങളൊന്നുമില്ല. ആളുകൾ ഇപ്പോഴും രോഗത്തെ ഗൗരവമായി കാണുന്നില്ലെന്ന് എൻ.എ. നെല്ലിക്കുന്ന് പറഞ്ഞു. "വിദേശത്തു നിന്ന് തിരികെയെത്തിയവർ ജാഗ്രത പാലിക്കണം. അവധി പ്രഖ്യാപിച്ചത് ആഘോഷിക്കാനല്ല. ഐസോലേഷനിൽ കഴിയുന്നവർ പൊതു പരിപാടികളിൽ പങ്കെടുക്കരുത്. ഈ സാഹചര്യത്തിൽ എല്ലാവർക്കും മാതൃകയും പ്രചോദനവും നൽകാൻ വേണ്ടിയാണ് സ്വയം നിയന്ത്രണത്തിലായത്.": നെല്ലിക്കുന്ന് പറഞ്ഞു.

രോഗിയുടെ ജ്യേഷ്ഠന്റെ മകന്റെ കല്യാണത്തിൽ എൻ.എ. നെല്ലിക്കുന്ന് പങ്കെടുക്കുകയും കൈകൊടുക്കുകയും ഫോട്ടോ എടുക്കുകയും കമറുദീൻ ഒരു പൊതുപരിപാടിക്കു പോകുന്നതിനിടെ പ്രസ്തുത വ്യക്തിയുടെ വീടിനു മുന്നിലെത്തിയപ്പോൾ ഇദ്ദേഹവും വീട്ടിൽ നിന്നിറങ്ങി വരികയും സംസാരിക്കുകയും ഫോട്ടോ എടുക്കുകയും ചെയ്തു. ഇതേത്തുടർന്ന് എംഎൽഎമാർ കളക്ടറുമായി സംസാരിക്കുകയും സ്വയം നിരീക്ഷണത്തിൽ കഴിയാൻ തീരുമാനിക്കുകയുമായിരുന്നു.

# വീട്ടിൽ നിരീക്ഷണത്തിലായിരുന്ന സഹോദരിമാർ അമേരിക്കയിലെത്തി

പത്തനംതിട്ട: അമേരിക്കയിൽ നിന്നു നാട്ടിലെത്തി കോവിഡ്-19മായി ബന്ധപ്പെട്ടു രണ്ടാഴ്ച ആരോഗ്യവകുപ്പ് സഹോദരിമാർ ആരുമറിയാതെ അമേരിക്കയിലേക്കു പോയി.

പത്തനംതിട്ട മെഴുവേലിയിലെ വീട്ടിൽ നിരീക്ഷണത്തിലായിരുന്ന സഹോദരിമാരാണ് തിരികെപ്പോയത്. മാർച്ച് 21ന് വൈകുന്നേരം വീട്ടിൽ ഭക്ഷണവുമായി ആരോഗ്യവകുപ്പ് ജീവനക്കാരും പഞ്ചായത്ത് പ്രതിനിധികളും എത്തുമ്പോൾ വീട് പൂട്ടിയിട്ടിരിക്കുകയായിരുന്നു. തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് ഇവർ സ്ഥലത്തില്ലെന്ന് അറിഞ്ഞത്. ഇതിനിടെ, തങ്ങൾ അമേരിക്കയിലെത്തിയതായി അറിയിച്ചു സഹോദരിമാർ ഹെൽത്ത് ഇൻസ്പെക്ടറെ വിളിക്കുകയായിരുന്നു.

ഇവർക്കെതിരെ കേസെടുക്കാൻ ജില്ലാ കളക്ടർ പോലീസ് മേധാവിക്കു നിർദേശം നൽകിയിട്ടുണ്ട്. എന്നാൽ ക്വാറന്റൈനിൽ കഴിയുന്നവർക്ക് തുടർച്ചയായ പരിശോധനകളും നിരീക്ഷണങ്ങളും ഫോൺ വിളികളുമുണ്ടെന്ന് പറയുമ്പോഴും രണ്ടുപേരുടെ തിരോധാനം അധികൃതർ അറിയാതെ പോയത് അമ്പരപ്പ് സൃഷ്ടിച്ചിരിക്കുകയാണ്.

നിരീക്ഷണത്തിൽ കഴിഞ്ഞിരുന്നവർ കേരളത്തിലെ വിമാനത്താവളം വഴിയാണ് മടക്കയാത്ര നടത്തിയിട്ടുള്ളതെന്നു വ്യക്തം. ഇത്തരം വീഴ്ചകളെ സംബന്ധിച്ച് അധികൃതരും മൗനം പാലിക്കുകയാണ്. ഒരാഴ്ച മുമ്പ് കോഴഞ്ചേരി തോട്ടപ്പുഴശേരിയിൽ നിരീക്ഷണത്തിലായിരുന്ന തമിഴ്നാട് സ്വദേശിയായ യുവാവും ഇതുപോലെ നാടുവിട്ടിരുന്നു. വീട്ടിൽ കാണാതെ വന്നപ്പോൾ ഹെൽത്ത് ഇൻസ്പെക്ടർ വിളിച്ചപ്പോഴാണ് ഇയാൾ തമിഴ്നാട്ടിലാണെന്ന വിവരം അറിഞ്ഞത്.

# കാസർകോട്ടും കോഴിക്കോട്ടും നിരോധനാജ്ഞ

കാസർകോട്: കാസർകോട്, കോഴിക്കോട് ജില്ലകളിൽ നിരോധനാജ്ഞ പ്രഖ്യാപിച്ചു. രണ്ടിടത്തും കോവിഡ് ബാധിച്ചവരുടെ സംഖ്യ വർധിച്ച സാഹചര്യത്തിലാണ് നടപടി. കോഴിക്കോട് ജില്ലയിൽ രണ്ട് പേർക്കു കൂടി കോവിഡ് ബാധ സ്ഥിരീകരിച്ചു. കോവിഡ് സ്ഥിരീകരിച്ച രണ്ടുപേരും ദുബായിൽ നിന്നെത്തിയവരാണ്. ഒരാൾ 13നും മറ്റെയാൾ 20നുമാണ് എത്തിയത്. 20ന് എത്തിയയാൾ നേരിട്ട് ആശുപത്രിയിലേക്കെത്തുകയായിരുന്നു. അതുകൊണ്ടുതന്നെ ആരുമായും സമ്പർക്കത്തിലേർപ്പെട്ടില്ല. 13ന് എത്തിയപ്പോൾ 25 പേരുമായി സമ്പർക്കത്തിലേർപ്പെട്ടതായാണ് വിവരം. കോഴിക്കോട് മെഡിക്കൽ കോളജിലും ബീച്ച് ആശുപത്രിയിലുമാണ് ഇവർ ചികിത്സയിൽ കഴിഞ്ഞിരുന്നത്.

കാസർകോട് ജില്ലയിൽ നിരോധനാജ്ഞ പ്രഖ്യാപിച്ച് ജില്ലാ കളക്ടർ ഡി. സജിത് ബാബു ഉത്തരവിറക്കി. ജില്ലയിലെ 17 പോലീസ് സ്റ്റേഷൻ പരിധികളിലും സിആർപിസി 144 പ്രകാരമുള്ള ഉത്തരവാണിത്.

# ഇതിഹാസതാരം പി.കെ. ബാനർജി അന്തരിച്ചു

കൊൽക്കത്ത: കളിക്കാരനായും പരിശീലകനായും ഇന്ത്യൻ ഫുട്ബോളിലെ ഇതിഹാസമായിരുന്ന പി.കെ.



ബാനർജി (പ്രദീപ് കുമാർ ബാനർജി-83) അന്തരിച്ചു. കളിക്കാരൻ, ക്യാപ്റ്റൻ, പരിശീലകൻ, സെലക്ടർ, ടെക്നിക്കൽ ഡയറക്ടർ എന്നിങ്ങനെ ഇന്ത്യൻ ഫുട്ബോളിൽ അര നൂറ്റാണ്ടുകാലം നിറഞ്ഞു നിന്ന പ്രതിഭയാണ് അദ്ദേഹം.

# 25 സീറ്റിൽ ഇനി അങ്കം

ഭോപ്പാൽ: അധികാരക്കൊതി മൂത്ത ഒരു മഹാരാജാവും ബിജെപിയും ചേർന്നു നടത്തിയ കുതിരക്കച്ചവടമാണ് മധ്യപ്രദേശിൽ കണ്ടതെന്ന് രാജിവെച്ച മുഖ്യമന്ത്രി കമൽനാഥ്. കോടികളാണ് ഇതിനായി ബിജെപി ഒഴുക്കിയത്.

40 വർഷത്തെ രാഷ്ട്രീയ ജീവിതം മൂല്യാധിഷ്ഠിതമായിരുന്നുവെന്നും ജനാധിപത്യമൂല്യങ്ങളെ മാനിക്കുന്ന വ്യക്തിയാണ് താനെന്നും രാജിപ്രഖ്യാപനം നടത്തി കമൽനാഥ് പറഞ്ഞു. ഇന്നുകൊണ്ട് എല്ലാം തീരുന്നില്ലെന്നും നാളെ എന്നൊന്നുണ്ടെന്നും മുന്നറിയിപ്പ് നൽകി.

ഒഴിഞ്ഞു കിടക്കുന്ന 3 സീറ്റുകൾ ഉൾപ്പെടെ 25 സീറ്റുകളിൽ 6 മാസത്തിനകം നടക്കുന്ന ഉപതെരഞ്ഞെടുപ്പിലായിരിക്കും ഇനി മധ്യപ്രദേശിന്റെ രാഷ്ട്രീയ ഭാവി.

ബിജെപി സർക്കാർ രൂപീകരിക്കുമ്പോൾ സഹകരിക്കാമെന്ന് കമൽനാഥിനെ പിന്തുണച്ചിരുന്ന സ്വതന്ത്രരിൽ ചിലർ അറിയിച്ചിട്ടുണ്ട്. ബിജെപിയെ പിന്തുണയ്ക്കുമെന്നും ഇതല്ലാതെ മണ്ഡലത്തിന്റെ വികസനത്തിനു മറ്റു മാർഗങ്ങളില്ലെന്നും സ്വതന്ത്ര എംഎൽഎ പ്രദീപ് ജയ്സ്വാൾ പറഞ്ഞു.

ജ്യോതിരാദിത്യ സിന്ധ്യ ബിജെപിയിൽ ചേർന്നതിനു പിറകെയാണ് അദ്ദേഹത്തെ പിന്തുണയ്ക്കുന്ന 22 എംഎൽഎമാർ രാജിവെച്ചത്. ഇതിൽ മന്ത്രിമാരായ 6 പേരുടെ മാത്രം രാജിയാണ് സ്പീക്കർ സ്വീകരിച്ചിരുന്നതെങ്കിലും സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ മാർച്ച് 20ന് രാത്രി മറ്റു 16 പേരുടെയും രാജി സ്വീകരിച്ചു.

ഇതോടെ നിയമസഭയുടെ അംഗസംഖ്യ 205 ആയി. കേവല ഭൂരിപക്ഷത്തിന് വേണ്ടത് 103. സ്വതന്ത്രരെയും സഖ്യകക്ഷികളെയും കൂട്ടിയാലും കോൺഗ്രസിന് 99 എംഎൽഎമാരുടെ പിന്തുണയേയുള്ളൂ. ബിജെപിക്ക് 106 എംഎൽഎമാരുണ്ട്.

അവസാന നിമിഷം വരെ ഭരണം നിലനിർത്താനുള്ള ശ്രമത്തിലായിരുന്നു കമൽനാഥ്. ബെംഗളൂരുവിൽ കഴിയുന്ന സിന്ധ്യ ക്യാംപിലെ എംഎൽഎമാരെ ബന്ധപ്പെടാൻ ശ്രമിച്ചെങ്കിലും വിജയിച്ചില്ല.

കോവിഡ് ഭീഷണി ചൂണ്ടിക്കാട്ടി നിയമസഭാ സമ്മേളനം 26 വരെ നീട്ടിവെക്കാനായിരുന്നു പിന്നീടുള്ള ശ്രമം. ഭൂരിപക്ഷം തെളിയിക്കണമെന്ന് സുപ്രീം കോടതി ആവശ്യപ്പെട്ടതോടെ ഈ തന്ത്രവും പാളി.

# മത, സാംസ്കാരിക, കായിക ആഘോഷങ്ങൾക്ക് കേരളത്തിൽ നിരോധനം

തിരുവനന്തപുരം: സംസ്ഥാനത്ത് മതപരവും സാംസ്കാരികവുമായ എല്ലാ ആഘോഷങ്ങളും നിരോധിച്ച് സർക്കാർ ഉത്തരവ്.

പൊതുസ്ഥലങ്ങളിലും പാർക്കുകളിലും ബീച്ചുകളിലും തിയറ്ററുകളിലും മാളുകളിലും ആളുകൾ സംഘം ചേരുന്നതും ടൂർണമെന്റുകളും മത്സരങ്ങളും നടത്തുന്നതും വിലക്കി. എന്നാൽ മതപരമായ ആചാരങ്ങൾക്കു വിലക്കില്ല. ഇത് നിലവിൽ വന്നു.

കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ, പകർച്ചവ്യാധികൾ തടയുന്നതു സംബന്ധിച്ച് 1897 ലെ നിയമപ്രകാരമാണ് ചീഫ് സെക്രട്ടറിയുടെ ഉത്തരവ്.

സംസ്ഥാനത്താകെ ക്രിമിനൽ നടപടി ചട്ടത്തിലെ 144 വ്യവസ്ഥപ്രകാരം ആളുകൾ സംഘം ചേരുന്നത് തടയാൻ ആവശ്യമെങ്കിൽ നടപടികൾ സ്വീകരിക്കാൻ ജില്ലാ മജിസ്ട്രേട്ടുമാരായ കളക്ടർമാർക്ക് അധികാരവും നൽകി.

# കേരളത്തിൽ രോഗബാധിതർ 64

തിരുവനന്തപുരം: കേരളത്തിൽ മാർച്ച് 23ന് 15 പേർക്കുകൂടി കൊറോണ വൈറസ് (കോവിഡ്-19) സ്ഥിരീകരിച്ചു. കാസർകോട് 5 പേർക്കും കണ്ണൂരിൽ 4 പേർക്കും കോഴിക്കോട്, മലപ്പുറം, എറണാകുളം ജില്ലകളിൽ 2 പേർക്കും വീതവുമാണിത്. എല്ലാവരും വിദേശത്തുനിന്ന് തിരിച്ചെത്തിയവരാണ്. ഇതോടെ കേരളത്തിൽ രോഗം ബാധിച്ചവർ 67 ആയി. ഇതിൽ 3 പേർ രോഗമുക്തരായി. 64 പേർ ചികിത്സയിൽ തുടരുന്നു. ഇതിനിടെ, നവിമുംബൈ ഐരോളിയിൽ ബൽജിയം യാത്ര കഴിഞ്ഞെത്തിയ മലയാളിക്കും കോവിഡ് സ്ഥിരീകരിച്ചു. ഇതു മാഹാരാഷ്ട്രയുടെ പട്ടികയിലാണ്.

ജില്ല തിരിച്ച് : കാസർകോട് (19), കോഴിക്കോട് (2), കണ്ണൂർ (10), മലപ്പുറം (4), തൃശൂർ (1), എറണാകുളം (12), ഇടുക്കി (1), കോട്ടയം (2), പത്തനംതിട്ട (9), തിരുവനന്തപുരം (4).

# വേഗ റെയിൽ: 9000 കെട്ടിടങ്ങൾ ഒഴിപ്പിക്കേണ്ടി വരും

തിരുവനന്തപുരം: സംസ്ഥാന സർക്കാരിന്റെ വേഗ റെയിൽപ്പാത 'സിൽവർ ലൈനി'ന്റെ തിരുവനന്തപുരം-കാസർകോട് അന്തിമ അലൈൻമെന്റ് ആയി.

250 ഹെക്ടർ സർക്കാർ ഭൂമി ഉൾപ്പെടെ 1300 ഹെക്ടർ ഏറ്റെടുക്കേണ്ടി വരും. വീടുകളും വ്യാപാര സ്ഥാപനങ്ങളും ഉൾപ്പെടെ 9000 കെട്ടിടങ്ങൾ ഒഴിപ്പിക്കേണ്ടി വരും.

6000 കെട്ടിടങ്ങൾ പൊളിക്കേണ്ടിവരുമെന്നായിരുന്നു പ്രാഥമിക നിഗമനം. ആകാശ സർവേയിലാണ് കൃത്യമായ വിവരം ലഭിച്ചത്.

പൊളിക്കുന്ന കെട്ടിടങ്ങൾക്കു നഷ്ടപരിഹാരം നൽകാൻ 4000 കോടി രൂപ വേണ്ടി വരും. 532 കിലോമീറ്റർ പാതയുടെ ചെലവ് മുൻപു കണക്കാക്കിയ 66,000 കോടിയായി കുറയും.

അലൈൻമെന്റ് അംഗീകരിക്കാൻ പദ്ധതിയുടെ മേൽനോട്ട ചുമതലയുള്ള കേരള റെയിൽ ഡെവലപ്മെന്റ് കോർപറേഷന്റെ ബോർഡ് ഓഫ് ഡയറക്ടേഴ്സ് യോഗം മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ 26നു ചേരും.

മന്ത്രിസഭയുടെ അംഗീകാരത്തിനു ശേഷം അലൈൻമെന്റ് പ്രസിദ്ധീകരിക്കും.



ഇറ്റലിയിലെ മൊദേന പ്രവിശ്യയിലെ ആദ്യത്തെ കോവിഡ് 19 രോഗിയായിരുന്ന ആൽമ ക്ലാരി കോർസിനി എന്നു പേരുള്ള മുത്തശ്ശി രോഗം ഭേദമായി ആശുപത്രി വിട്ടു. പുതിയ കൊറോണ വൈറസ് ബാധയെ അതിജീവിക്കുന്ന ലോകത്തിലെ ഏറ്റവും പ്രായം കൂടിയ സ്ത്രീകളിലൊരാളാണ് ഇവർ. 'പ്രത്യാശയുടെ മുത്തശ്ശി' എന്നാണ് ഇറ്റലി ആരോഗ്യവകുപ്പ് ഇവരെ വിളിക്കുന്നത്. കോവിഡ് ബാധിച്ച മുതിർന്നവരിൽ മരണനിരക്ക് പൊകുവേ കൂടുതലാണെന്നിരിക്കെയാണ് മുത്തശ്ശിയുടെ തിരിച്ചുവരവ്.

# കോവിഡ്–19: മരുന്നുമിശ്രിതം ഉപയോഗിക്കാൻ നിർദേശം

ന്യൂഡൽഹി: എച്ച്ഐവി വൈറസിനെ പ്രതിരോധിക്കാൻ ഉപയോഗിക്കുന്ന ലോപിനാവിർ, റിട്ടോണാവീർ മരുന്നുകളുടെ മിശ്രിതം കോവിഡ് പ്രതിരോധത്തിനായും ഉപയോഗിക്കാമെന്ന് കേന്ദ്ര ആരോഗ്യമന്ത്രാലയം നിർദേശിച്ചു. കൊറോണ വൈറസ് ബാധിച്ച രോഗിയുടെ രോഗസ്ഥിതി കണക്കാക്കി മരുന്നു നൽകാനാണ് നിർദേശം.

പ്രമേഹം ഉൾപ്പെടെയുള്ള രോഗങ്ങളുള്ള 60 വയസ് കഴിഞ്ഞ ഗുരുതരസ്ഥിതിയിലുള്ളവർക്ക് കൊറോണ ബാധയുണ്ടായാൽ ഈ മരുന്നുമിശ്രിതം നൽകാം. ഓരോ രോഗിയുടെയും രോഗസ്ഥിതി മനസിലാക്കി പ്രത്യേക കേസുകളായി പരിഗണിച്ചു മരുന്ന് നൽകണം.

പ്രമേഹത്തിനു പുറമേ വൃക്ക സംബന്ധമായ രോഗങ്ങൾ, ശ്വാസകോശ രോഗങ്ങൾ തുടങ്ങിയവയാൽ പ്രയാസം അനുഭവിക്കുന്ന അറുപതു വയസുകഴിഞ്ഞവർക്ക് രോഗബാധയുണ്ടായാൽ ഈ മരുന്ന് നൽകാനും നിർദേശിച്ചിട്ടുണ്ട്.

എന്നാൽ, എച്ച്ഐവി രോഗത്തിനു ലോപിനാവിർ, റിട്ടോണവീർ മരുന്ന് മിശ്രിതം ഉപയോഗിക്കുന്നവരിൽ പാർശ്വഫലങ്ങൾ കണ്ടുവരുന്നുണ്ട്. പലപ്പോഴും ഈ പാർശ്വഫലങ്ങൾ കൊണ്ടുതന്നെ മരുന്ന് ഉപയോഗിക്കുന്നതു നിർത്തിവെക്കുന്ന സാഹചര്യവും ഉണ്ടായിട്ടുണ്ട്.

അതിനാൽ കൊറോണ വൈറസ് ബാധിച്ചവരുടെ രോഗസ്ഥിതി പ്രത്യേകമായി കണ്ടുവേണം ഈ മരുന്ന് നൽകാനെന്നും മാർഗനിർദേശത്തിൽ പ്രത്യേകം ചൂണ്ടിക്കാട്ടുന്നു.

കോശങ്ങളിലേക്ക് ഓക്സിജൻ എത്തുന്നതിന്റെ കുറവുമൂലം ഉണ്ടാകുന്ന രോഗമായ ഹൈപ്പോക്സിയ, രക്തസമ്മർദം അസാധാരണമായി കുറയുന്ന അവസ്ഥയായ ഹൈപ്പോടെൻഷൻ, ശരീരത്തിലെ ഒന്നോ അതിലധികമോ അവയവങ്ങൾ പ്രവർത്തനരഹിതമാകുന്ന അവസ്ഥ എന്നീ ബുദ്ധിമുട്ടുകൾ നേരിടുന്നവർക്ക് കൊറോണ വൈറസ് ഉണ്ടായാലും ഈ മരുന്ന് മിശ്രിതം കൊടുക്കാം.

ക്രിയാറ്റിന്റെ അളവ് ക്രമാതീതമായി ഉയർന്നു നിൽക്കുന്ന അവസ്ഥ നേരിടുന്ന രോഗികളിലും കൊറോണ വൈറസ് സ്ഥിരീകരിച്ചാൽ ഈ മരുന്ന് നൽകാവുന്നതാണെന്നും ആരോഗ്യമന്ത്രാലയം വ്യക്തമാക്കി.

# കോവിഡ് പ്രതിരോധ മരുന്ന് ഗവേഷണത്തിന് ഇന്ത്യയും

ന്യൂഡൽഹി: കോവിഡ് 19 ഭേദമാക്കാൻ ശേഷിയുണ്ടെന്ന് യുഎസ് പ്രസിഡണ്ട് ഡോണൾഡ് ട്രംപ് വിശേഷിപ്പിച്ച മരുന്നിന്റെ (ഹൈഡ്രോക്സി ക്ലോറോകിൻ) സവിശേഷതകൾ സംബന്ധിച്ചു ഗവേഷണം നടത്താൻ ഇന്ത്യ. മലേറിയയുടെ പ്രതിരോധ മരുന്നായ ഹൈഡ്രോക്സി ക്ലോറോകിന് കോവിഡ് ഭേദമാക്കാൻ സാധിച്ചേക്കുമെന്നാണ് ട്രംപ് പ്രതീക്ഷ പ്രകടിപ്പിച്ചത്.

3 കമ്പനികളാണ് ഈ മരുന്ന് ഇന്ത്യയിൽ നിർമിക്കുന്നത്. ട്രംപിന്റെ പരാമർശത്തിനു പിന്നാലെ കമ്പനികളുടെ ഓഹരി മൂല്യം കുതിച്ചുയർന്നെങ്കിലും കോവിഡ് പ്രതിരോധ ശേഷം ശാസ്ത്രീയമായി തെളിയിക്കും വരെ മരുന്നിന്റെ ഉപയോഗത്തിൽ മുൻകരുതൽ വേണമെന്ന നിലപാടിലാണ് ആരോഗ്യമന്ത്രാലയം. കേന്ദ്ര ആരോഗ്യ ഗവേഷണ കൗൺസിലിന്റെ പരിശോധന വിജയിച്ചാൽ മാത്രമേ, വാണിജ്യതലത്തിൽ മരുന്നു നിർമാണം സാധ്യമാകൂ. പരിശോധനയും മരുന്നു നിർമാണവും ഏതാനും മാസങ്ങളെടുക്കുമെന്നാണ് സൂചന.

നിലവിൽ, കോവിഡ് രോഗികളിൽ ഹൈഡ്രോ ക്ലോറോകിൻ ഉപയോഗത്തിന് അനുമതി നൽകിയിട്ടില്ലെന്ന് യുഎസ് ഫുഡ് ആൻഡ് ഡ്രഗ് അഡ്മിനിസ്ട്രേഷൻ (യുഎസ്എഫ്ഡിഎ) അറിയിച്ചു.

മരുന്നു ചിലരിൽ ശക്തമായ പാർശ്വഫലങ്ങളുണ്ടാക്കാം എന്നതിനാൽ, ഡോക്ടറുടെ അനുമതിയില്ലാതെ ഉപയോഗിക്കരുതെന്നും അധികൃതർ മുന്നറിയിപ്പ് നൽകി.

## നിർദേശങ്ങൾ പാലിച്ചില്ലെങ്കിൽ കർക്കശമാക്കും: മുഖ്യമന്ത്രി

തിരുവനന്തപുരം: കോവിഡ് പ്രതിരോധത്തിനായി സർക്കാർ നൽകുന്ന നിർദേശങ്ങളോട് എല്ലാവരും സഹകരിക്കണമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. ചിലർ അമിതാവേശം കാണിക്കുമ്പോൾ നിലപാടു കർക്കശമാക്കാതിരിക്കാനാവില്ല. ഇതുവരെ അഭ്യർത്ഥന മാത്രമാണ് സർക്കാർ നടത്തിയത്. എന്നാൽ ചില ഭാഗങ്ങളിൽ ഇത് അംഗീകരിക്കുന്നില്ല. ആഘോഷ ചടങ്ങുകളും പൊതു ചടങ്ങുകളും പലവിധമത്സരങ്ങളും സംഘടിപ്പിക്കുന്നുണ്ട്. ജുമുഅ നമസ്കാരം ചില സ്ഥലങ്ങളിൽ മാത്രമേ നടത്തിയിട്ടുള്ളൂ. ചില പള്ളികളിൽ നമസ്കാരം നടന്നില്ല. എന്നാൽ ചില പ്രദേശങ്ങളിൽ സാധാരണ നിലയിൽ നടന്നു. വൈറസ് ബാധിതർ ഇവിടേക്കു വന്നാൽ എല്ലാവർക്കും ബുദ്ധിമുട്ടുണ്ടാകുമെന്നു മനസ്സിലാക്കണം: മുഖ്യമന്ത്രി പറഞ്ഞു.

# 20,000 കോടിയുടെ പാക്കേജുമായി കേരളം

തിരുവനന്തപുരം: കോവിഡ് മൂലമുള്ള പ്രതിസന്ധി നേരിടാൻ സംസ്ഥാന സർക്കാർ 20,000 കോടി രൂപയുടെ സാമ്പത്തിക പാക്കേജ് പ്രഖ്യാപിച്ചു. ജനങ്ങളിലേക്കു പണം എത്തിച്ചു വിപണിയുടെ വീഴ്ച പരിഹരിക്കാനാണ് ശ്രമം. വ്യക്തികൾക്കും സ്ഥാനപങ്ങൾക്കും സർക്കാർ കൊടുക്കാനുള്ള കുടിശിക ഏപ്രിലിൽ കൈമാറും. ഇതിന് 14,000 കോടി രൂപ വേണ്ടി വരുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

* കുടുംബശ്രീവഴി 2 മാസങ്ങളിലായി 2,000 കോടിരൂപയുടെ വായ്പ.

* തൊഴിലുറപ്പു പദ്ധതികൾക്ക് ഏപ്രിൽ, മേയ് മാസങ്ങളിൽ 1000 കോടി രൂപ വീതം.

* ഏപ്രിലിലെ സാമൂഹിക സുരക്ഷാ പെൻഷൻ ഈ മാസം. 2 മാസത്തെ പെൻഷൻ ഒരുമിച്ചു നൽകാൻ 1,320 കോടി അനുവദിക്കും.

* സാമൂഹിക സുരക്ഷാ പെൻഷൻ ലഭിക്കാത്ത ബിപിഎൽ, അന്ത്യോദയ കുടുംബങ്ങൾക്ക് 1000 രൂപ വീതം.

* എപിഎൽ, ബിപിഎൽ വ്യത്യാസമില്ലാതെ എല്ലാവർക്കും ഒരു മാസത്തെ ഭക്ഷ്യധാന്യം. ബിപിഎൽ, അന്ത്യോദയ വിഭാഗങ്ങൾക്കു പുറമേയുള്ളവർക്കു നൽകുക 10 കിലോ അരി. ഇതിനായി 100 കോടി രൂപ.

* 20 രൂപയ്ക്ക് ഭക്ഷണം ലഭ്യമാക്കാൻ 1000 ഭക്ഷണശാലകൾ അടുത്ത മാസം ആരംഭിക്കും. ഇതിന് 50 കോടി രൂപ.

* ആരോഗ്യ പാക്കേജിന് 500 കോടി രൂപ.

* ഓട്ടോറിക്ഷയുടെ ഫിറ്റ്നസ് ചാർജിൽ ഇളവു നൽകും. ബസുകളിൽ സ്റ്റേജ് കാരിയറിനും കോൺട്രാക്ട് കാരിയറിനും 3 മാസം നൽകേണ്ട നികുതിയിൽ ഇളവ്. സ്റ്റേജ് കാരിയറുകൾക്ക് ഏപ്രിലിലെ നികുതിയിലാണ് ഇളവ്.

* സിനിമാ തിയറ്ററുകളുടെ വിനോദ നികുതിയിൽ ഇളവ്.

* വൈദ്യുതി ബില്ലും വെള്ളക്കരവും അടയ്ക്കാൻ 30 ദിവസത്തെ സാവകാശം നൽകാൻ സർക്കാർ തീരുമാനം.

* ഗാർഹിക, വാണിജ്യ ലോ ടെൻഷൻ, ഹൈടെൻഷൻ ഉപയോക്താക്കൾ ഈ മാസം 31 വരെ അടയ്ക്കേണ്ട ബില്ലുകൾക്കാണ് സാവകാശം ലഭിക്കുകയെന്നു കെഎസ്ഇബി ചെയർമാൻ എൻഎസ്പിള്ള. ബിൽ അടയ്ക്കേണ്ട തീയതി മുതൽ 30 വരെയാണ് സാവകാശം. പലിശയോ പിഴയോ ഈടാക്കില്ല.

* മാർച്ച് 19 മുതൽ അടയ്ക്കേണ്ട ബില്ലുകൾക്കാണ് ജല അതോറിറ്റി സാവകാശം അനുവദിക്കുക. പിഴ ഈടാക്കില്ല. മീറ്റർ റീഡിങ് പരിശോധന 31 വരെ

## നിരീക്ഷണത്തിന് വിസമ്മതിച്ചാൽ നിർബന്ധിത നടപടി

തിരുവനന്തപുരം: കോവിഡ് ബാധിത ജില്ലകളിൽ നിന്ന് എത്തുന്നവരും രോഗബാധ സംശയിക്കുന്നവരും ആശുപത്രിയിൽ പ്രവേശിക്കാനോ വീട്ടിൽ നിരീക്ഷണത്തിൽ കഴിയാനോ ഐസോലേഷൻ വാർഡിൽ അഡ്മിറ്റ് ആകാനോ വിസമ്മതിച്ചാൽ അവർക്കെതിരെ നിർബന്ധപൂർവം നടപടി സ്വീകരിക്കാൻ സർക്കാർ ഉദ്യോഗസ്ഥർക്ക് അനുമതി നൽകി ആരോഗ്യ വകുപ്പ് വിജ്ഞാപനം ഇറക്കി. പകർച്ചവ്യാധികൾ തടയുന്നതു സംബന്ധിച്ച 1897ലെ നിയമപ്രകാരം വിജ്ഞാപനം ചെയ്ത നിയന്ത്രണങ്ങൾക്ക് ഒരു വർഷമാണ് കാലാവധി.

# ജയിലുകളിൽ കള്ളച്ചുമക്കാർ

കൊച്ചി: രാജ്യത്തെ ഏറ്റവും മികച്ച കോവിഡ് പ്രതിരോധ നടപടികൾ സ്വീകരിച്ചിട്ടുള്ള കേരളത്തിലെ ജയിലുകളിൽ ‘കള്ളച്ചുമ’ പടരുന്നു. എളുപ്പം ജാമ്യം ലഭിക്കുമെന്ന തെറ്റിദ്ധാരണ മൂലമാണ് റിമാൻഡ് തടുകാരിൽ കള്ളച്ചുമ പടർന്നു പിടിക്കുന്നത്. ഇത് യഥാർത്ഥ രോഗലക്ഷണമുള്ളവരെ തിരിച്ചറിയാൻ ജയിൽ അധികൃതർക്കും ആരോഗ്യപ്രവർത്തകർക്കും ബുദ്ധിമുട്ടുണ്ടാക്കുകയാണ്.

കൊറോണ വൈറസ് പടരാൻ ഏറ്റവും കുറഞ്ഞ സാധ്യതയുള്ള ഇടമാണ് ജയിലുകൾ. പുറത്തുനിന്നു രോഗം അകത്തേക്കു പടരാതിരിക്കാൻ തടവുകാരെ കോടതികളിൽ ഹാജരാക്കുന്ന നടപടി പോലും തൽക്കാലം നിർത്തിവെച്ചിരിക്കുകയാണ്. ‘കള്ളച്ചുമ’ക്കാരെ കണ്ടെത്താൻ വൈദ്യപരിശോധന ആവശ്യമായി വരുന്നത് അധിക ബാധ്യതയാണ്.

എളുപ്പം ജാമ്യം ലഭിക്കാൻ പ്രതികൾ രോഗം നടിച്ചു വൈദ്യപരിശോധനയ്ക്കു ഹാജരായി അനുകൂല വിധി നേടുന്ന സംഭവങ്ങൾ റിപ്പോർട്ട് ചെയ്യാറുണ്ട്. നിലവിൽ എല്ലാ ജയിലുകളിലും ഐസോലേഷൻ മുറി സ്ഥാപിക്കാൻ ജയിൽ ഡിജിപി ഋഷിരാജ് സിങ് ഉത്തരവിട്ടിട്ടുണ്ട്. ഭക്ഷണം പാചകം ചെയ്യുന്നവരെ പ്രത്യേകം ബ്ലോക്കിലാണ് താമസിപ്പിക്കുന്നത്.

തയ്യൽ സൗകര്യമുള്ള ജയിലുകളിൽ മാസ്ക് നിർമാണമുണ്ട്. പുതുതായി ജയിലിലെത്തുന്ന പ്രതികളെ 6 ദിവസം അഡ്മിഷൻ ബ്ലോക്കിൽ പ്രത്യേകം പാർപ്പിക്കും. പരോൾ കഴിഞ്ഞുവരുന്ന തടവുകാർക്ക് പ്രത്യേക വൈദ്യപരിശോധനയുണ്ട്.

അസാധാരണ സാഹചര്യങ്ങളിൽ ഒഴികെ ജയിലിൽ രോഗം നടിക്കുന്നവർക്കെതിരെ നിയമനടപടി സ്വീകരിക്കാറില്ല. രോഗമുണ്ടെന്ന് അധികൃതരെ അറിയിക്കുന്ന തടവുപുള്ളികളെയും റിമാൻഡ് പ്രതികളെയും ആശുപത്രിയിൽ എത്തിച്ചു പരിശോധന നടത്തി മജിസ്ട്രേട്ട് മുൻപാകെ മെഡിക്കൽ റിപ്പോർട്ട് ഹാജരാക്കുകയാണ് പതിവ്. വൈദ്യ പരിശോധനയിൽ രോഗമില്ലെന്ന് കണ്ടാൽ അവരെ ജയിലിൽ തിരികെയെത്തിക്കും. നിലവിലെ സാഹചര്യത്തിൽ കേരളത്തിലെ ആരോഗ്യപ്രവർത്തകരെയും പോലീസിനെയും തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുന്നതു നടപടി ക്ഷണിച്ചുവരുത്തുമെന്നു നിയമവിദഗ്ധർ മുന്നറിയിപ്പ് നൽകി.

ഇന്ത്യൻ ശിക്ഷാ നിയമം 177-ാം വകുപ്പ് അനുസരിച്ച് പൊതുസേവകരെ ബോധപൂർവം തെറ്റിദ്ധരിപ്പിച്ച കുറ്റത്തിന് 6 മാസം തടവും 1000 രൂപ പിഴയും ലഭിക്കും. റിമാൻഡിലാകാൻ കാരണമായ കുറ്റകൃത്യത്തിനു സ്വാഭാവിക ജാമ്യം ലഭിക്കാനും കാലതാമസമുണ്ടാക്കും.




കേരളാ എക്സ്പ്രസ്
KERALA EXPRESS
Weekly Newspaper National Edition From Chicago

2050 W. Devon Ave.
Chicago, IL 60659
Tel: 630 728 7956
eFax: 773.304.1917
Volume XXVIII
Number 13
March 27, 2020

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D’souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203
Fax : + 91 481-2568648

*Co-ordinating Editor*
Mani Samuel

*Chief News Editor*
Thomas Vadakel

*News Editor*
Mini Mani

*Sub Editor*
Cyril Thomas

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

KERALA EXPRESS (USPS 011-008) is published Weekly for $49.00 per year by Grace Publications, Inc. 2050 West Devon Ave. Chicago, Illinois 60659.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
2050 W. Devon Ave.
Chicago, Illinois 60659.

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

**മഹദ്വചനം**

അലസൻമാരുടെ പ്രാർത്ഥന കേൾക്കാൻ ദൈവം തയാറല്ല.

**സൈറസ്**

വിദ്യാഭ്യാസം സമൃദ്ധിയിൽ ഒരാഭരണവും ആപത്തിൽ ഒരാശ്രയവുമാണ്.

**അരിസ്റ്റോട്ടിൽ**

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# ഈ കർഫ്യൂ വേണ്ടിയിരുന്നോ?

ചൈനയിലെ വുഹാനിൽ ആരംഭിച്ച കൊറോണ വൈറസ് മരണം ലോകത്താകെ പതിനായിരത്തിലധികം മനുഷ്യരുടെ ജീവൻ കവർന്നു. ചൈനയെക്കൂടാതെ ഇറ്റലി, ഇറാൻ, ദക്ഷിണ കൊറിയ തുടങ്ങിയ രാഷ്ട്രങ്ങളിൽ വീശിയടിച്ച മരണക്കൊടുങ്കാറ്റ് അമേരിക്ക, ബ്രിട്ടൺ, കാനഡ തുടങ്ങിയ വികസിത രാഷ്ട്രങ്ങളെപ്പോലും വിടാതെ പിന്തുടരുകയാണ്. ഇന്ത്യയിൽ ഇതിനോടകം ഏഴുപേർ മരണത്തിനിരയായി. ലോകത്താകെ ഇതു കുറിക്കുമ്പോഴത്തെ കണക്കുപ്രകാരം 14,000-ൽപരം പേർക്ക് ജീവഹാനി സംഭവിച്ചു. രോഗബാധിതരുടെ സംഖ്യ നാല് ലക്ഷം കവിഞ്ഞിരിക്കുന്നു. വരും ദിവസങ്ങളിലാണ് രോഗവ്യാപനത്തിന്റെ തീവ്രത കൂടുതൽ ബോദ്ധ്യമാകുക. മിക്ക രാഷ്ട്രങ്ങളും പൗരന്മാരുടെ ജീവിതതാളം തിരിച്ചുപിടിക്കാനായി പദ്ധതികൾ പ്രഖ്യാപിക്കുന്ന തിരക്കിലായി.

ജോലിയും കൂലിയും നഷ്ടപ്പെട്ട് പതിനായിരങ്ങൾ വീട്ടിലും ആശുപത്രികളിലും ഏകാന്തവാസത്തിന് വിധേയമാക്കപ്പെട്ടിരിക്കുന്നതുമൂലം അവരുടെ കുടുംബങ്ങൾക്ക് മേൽ വലിയ ഭീതിയാണ് വന്നുചേർന്നിരിക്കുന്നത്. സമൂഹത്തിലും രാഷ്ട്രത്തിലും ഇതു ചെലുത്തുന്ന സ്വാധീനം ചെറുതല്ല. കമ്പനികളും വ്യാപാരസ്ഥാപനങ്ങളും അടച്ചിട്ടതുമൂലമുണ്ടായിട്ടുള്ള നഷ്ടം ശതകോടികൾ വരും. 2.5 ശതമാനത്തിന്റെ ഇടിവാണ് കോവിഡ് കാരണം ലോകസമ്പദ് രംഗത്ത് സംഭവിക്കാനിരിക്കുന്നതെന്നാണ് അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങൾ വിലയിരുത്തുന്നത്. കുടുംബത്തിന് ആയിരം ഡോളർ വീതം (34 മില്യൺ ഡോളർ) അമേരിക്ക സാമ്പത്തിക പാക്കേജ് പ്രഖ്യാപിച്ചു. പ്രസിഡണ്ട് ഡോണൾഡ് ട്രംപ് പ്രഖ്യാപിച്ച സാമ്പത്തിക പാക്കേജ് രാജ്യത്തെ ചെറുകിടക്കാരിൽ വലിയ ആശ്വാസമാണ് ഇതുളവാക്കിയിരിക്കുന്നത്. ഇറ്റലിയും സമാനമായ ദുരന്തപരിഹാര പാക്കേജിന് രൂപം നല്കി. കാനഡ 27 ബില്യൻ ഡോളറാണ് തൊഴിലാളികൾക്കും ചെറികിട കച്ചവടക്കാർക്കുമായി മാർച്ച് 18ന് പ്രഖ്യാപിച്ചത്. വിവരങ്ങളനുസരിച്ച് അടുത്തൊന്നും ചൈനയ്ക്ക് ഈ ദുരന്തത്തിൽനിന്ന് കരകയറാനാകുമെന്നു തോന്നുന്നില്ല. 3248 പേരാണ് ചൈനയിൽ കോവിഡ് ബാധിച്ച് മരിച്ചത്. അവരും സാമ്പത്തിക പാക്കേജുകളുടെ പിറകിലാണ്. നോട്ടുനിരോധനവും ചരക്കുസേവന നികുതിയും കാരണം രണ്ട് ശതമാനത്തിലധികം ഇടിഞ്ഞ ഇന്ത്യൻ സമ്പദ് വ്യവസ്ഥ കോവിഡ് മൂലം ഇനിയും കൂപ്പുകുത്തുമെന്ന് പ്രവചിക്കപ്പെടുന്നു. ഇത് വലിയ മാന്ദ്യത്തിലേക്കാകും രാജ്യത്തെ കൊണ്ടെത്തിക്കുക. തൊഴിൽനഷ്ടവും പട്ടിണിയും വരെ ഫലമായുണ്ടാകും.

ഇതിനിടെ പ്രധാനമന്ത്രി നരേന്ദ്ര മോദി രാഷ്ട്രത്തോട് നടത്തിയ പ്രഖ്യാപനം വളരെ പരിഹാസ്യമായാണ് അനുഭവപ്പെട്ടിരിക്കുന്നത്. മോദിയുടെ ദൂരദർശനിലെ പ്രഭാഷണത്തിൽ രാജ്യത്തെ ജനത പൊതുവിൽ പ്രതീക്ഷിച്ചത് ഇന്നത്തെ അവസ്ഥയിൽ നിന്ന് കരകയറാനുള്ള പോംവഴികൾ പ്രധാനമന്ത്രി പ്രഖ്യാപിക്കുമെന്നായിരുന്നു. അമേരിക്കയുടെയും ബ്രിട്ടന്റെയും രാഷ്ട്രത്തലവന്മാർ തങ്ങൾ പുതുതായി രൂപീകരിച്ച പ്രത്യേക ആരോഗ്യ ടാസ്ക് ഫോഴ്സ് മേധാവികളുമായി നിരന്തരം കൂടിക്കാഴ്ച നടത്തുകയും അവരുമായി ദിവസവും വാർത്താലേഖകരെ അഭിമുഖീകരിക്കുകയും ചെയ്യുകയാണ്. ബ്രിട്ടീഷ് പ്രധാനമന്ത്രി ബോറിസ് ജോൺസൺ ദിവസവും പതിവുള്ള വാർത്താസമ്മേളനം കോവിഡിനായി മാറ്റിവെച്ചിരിക്കുന്നു. മാധ്യമപ്രവർത്തകരുടെ ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടികൾ താൻതന്നെ നല്കുകയും അതിന് കഴിയാത്തവർക്ക് വിദഗ്ദ്ധരെ വിളിച്ച് കാര്യങ്ങൾ അവരോട് അവതരിപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്യുന്ന കാഴ്ച ബി.ബി.സി പോലുള്ള ടിവി ചാനലുകൾ തൽസമയം സംപ്രേഷണം ചെയ്യുന്നുണ്ട്. സൗദി, യുഎഇ, ഖത്തർ, കുവൈറ്റ്, ഒമാൻ, ബഹ്റൈൻ തുടങ്ങിയ അറബ് ഭരണകർത്താക്കൾ ജനങ്ങൾക്ക് ആത്മവീര്യം പകരുന്ന പദ്ധതികളും പ്രതിരോധ പ്രവർത്തനങ്ങളും വിശദീകരിക്കുന്നു. ഇത് കാണുമ്പോഴാണ് മാർച്ച് 19-ലെ മോദിയുടെ രാഷ്ട്രത്തോടുള്ള പ്രഖ്യാപനം പരിഹാസ്യമായി അനുഭവപ്പെടുക. ചോദ്യങ്ങളോ ഉത്തരങ്ങളോ ഇല്ലാതെ തികച്ചും ഏകാധിപത്യ രാജ്യത്തോടെന്ന പോലെയായിരുന്നു മോദിയുടെ പ്രഭാഷണം. 22ന് ഞായറാഴ്ച ജനതാ കർഫ്യൂ ജനങ്ങൾ സ്വയം പ്രഖ്യാപിക്കണമെന്ന് പ്രധാനമന്ത്രി ആവശ്യപ്പെട്ടു. ജനങ്ങളാകട്ടെ അത് രണ്ട് കൈയും നീട്ടി സ്വീകരിക്കുകയും ചെയ്തു. രാജ്യത്തെ ഐടി കമ്പനികളടക്കം പലതും ഇതിനോടകം തങ്ങളുടെ പല ജോലികളും വീട്ടിലിരുന്നു ചെയ്യാവുന്ന തരത്തിലാക്കി. സർക്കാർ സേവനങ്ങളും പരിമിതപ്പെടുത്തിയിരിക്കുന്നു. കടകളും ഇതര വ്യാപാരസ്ഥാപനങ്ങളും ആളൊഴിഞ്ഞ പ്രതീതിയിലായി. ഇതൊക്കെ സ്വയം കണ്ടറിഞ്ഞു ചെയ്യുമ്പോൾ പ്രധാനമന്ത്രിയുടെ പ്രത്യേകമായ ഉപദേശം ആവശ്യമുണ്ടെന്നു തോന്നുന്നില്ല. മാത്രമല്ല, പ്രധാനമന്ത്രി നിർദ്ദേശിച്ച ഒരു ദിവസത്തെ മാത്രം കർഫ്യൂ കൊണ്ട് തീരുന്നത്ര ലളിതവുമല്ല കോവിഡ് കാലത്തെ പ്രതിരോധം.

സ്കൂളുകളും പരീക്ഷകളും നിർത്തലാക്കിയെങ്കിലും ഗതാഗത സംവിധാനങ്ങളും നിത്യോപയോഗ സാധനങ്ങൾക്കും ആശുപത്രി ആവശ്യങ്ങൾക്കുമായുള്ള ജനങ്ങളുടെ ഓട്ടവും നിരോധിക്കാനാകില്ലതന്നെ. അവർക്ക് സാധനങ്ങൾ വീടുകളിലെത്തിച്ചു നല്കുന്നതിനെപ്പറ്റിയോ സൗജന്യ നിരക്കിലുള്ള റേഷനിംഗിനെപ്പറ്റിയോ മോദിക്കു മിണ്ടാട്ടമോ ചിന്തയോ പോലുമില്ല. മാത്രമല്ല, ഒരു ദിവസത്തേക്ക് വീട് അടച്ചിട്ട് കുടുംബനാഥന്മാർ അകത്തിരുന്നാൽ ദിവസവരുമാനക്കാരുടെ ഗതിയെന്താകുമെന്ന് പ്രധാനമന്ത്രി പറയണമായിരുന്നു. ഇവരുടെ കുടുംബങ്ങൾക്കെങ്കിലും സൗജന്യ റേഷൻ പ്രഖ്യാപിക്കാനോ അവശ്യസാധനങ്ങൾ വീടുകളിലെത്തിക്കാനോ പ്രധാനമന്ത്രി ആശയം രൂപീകരിക്കണമായിരുന്നു. വരും ദിവസങ്ങളിൽ മാത്രമല്ല, ആഴ്ചകളോളം പുറത്തിറങ്ങാതെ തുടരണമെന്ന മോദിയുടെ നിർദ്ദേശം സാധാരണക്കാരന് നടപ്പാക്കാനാകുമെങ്കിലും ഒരു പ്രധാനമന്ത്രി അതിനു പരിഹാരം കൂടി നിർദ്ദേശിക്കേണ്ടിയിരുന്നില്ലേ?

സ്വകാര്യ സ്ഥാപനങ്ങളിൽ വരാൻ കഴിയാത്തവർക്ക് ശമ്പളം മുടക്കരുതെന്നു പറയുന്ന പ്രധാനമന്ത്രി സർക്കാർ ഓഫീസുകളിൽ എത്താൻ കഴിയാത്ത ഉദ്യോഗസ്ഥരുടെ കാര്യത്തിൽ ശമ്പളം മുടങ്ങാതിരിക്കാനുള്ള ഒരു നിർദ്ദേശവും പറഞ്ഞും കണ്ടില്ല. ജനങ്ങൾ ഇക്കാലത്ത് ലോകകാര്യങ്ങളെക്കുറിച്ച് വലിയ ബോധമുള്ളവരാണെന്നും അവർ ഭരണകൂടത്തിൽ നിന്ന് പ്രതീക്ഷിക്കുന്നത് നോട്ടുനിരോധനം പോലുള്ള മണ്ടൻ നടപടികളല്ലെന്നും മോദിയും സർക്കാരും മഹാമാരിയുടെ കാലത്തെങ്കിലും തിരിച്ചറിയാത്തത് ലജ്ജാകരം.

# നിർഭയ കേസ് നാൾവഴി

**2012 ഡിസംബർ 16:** പാരാമെഡിക്കൽ വിദ്യാർത്ഥിനി സ്വകാര്യ ബസിൽ കൂട്ടബലാത്സംഗത്തിനിരയായി. സഫ്ദർജങ് ആശുപത്രിയിൽ പ്രവേശിക്കപ്പെട്ടു.

**ഡിസംബർ 17:** പ്രതികൾക്കെതിരെ കടുത്ത നടപടി ആവശ്യപ്പെട്ട് വ്യാപക പ്രതിഷേധം. പോലീസ് നാല് പ്രതികളെ തിരിച്ചറിഞ്ഞു. ബസ് ഡ്രൈവർ രാം സിങ്, സഹോദരൻ മുകേഷ്, വിനയ് ശർമ, പവൻ ഗുപ്ത.

**ഡിസംബർ 18:** പ്രതികൾ അറസ്റ്റിൽ.

**ഡിസംബർ 21:** ആറാം പ്രതി അക്ഷയ് ഠാക്കൂർ അറസ്റ്റിൽ.

**ഡിസംബർ 25:** പെൺകുട്ടിയുടെ നില ഗുരുതരമായി.

**ഡിസംബർ 26:** ഹൃദയാഘാതത്തെത്തുടർന്ന് പെൺകുട്ടിയെ സിംഗപ്പൂരിലെ ആശുപത്രിയിലേക്ക് മാറ്റി.

**ഡിസംബർ 29:** പെൺകുട്ടി മരിച്ചു. പോലീസ് കൊലക്കുറ്റത്തിനും കേസെടുത്തു.

**2013 ജനുവരി രണ്ട്:** ലൈംഗിക പീഡനക്കേസുകളുടെ വിചാരണയ്ക്കായി അതിവേഗ കോടതി.

**ജനുവരി മൂന്ന്:** പോലീസ് കുറ്റപത്രം സമർപ്പിച്ചു. പ്രായപൂർത്തിയാകാത്ത ഒരാളൊഴികെ മറ്റ് അഞ്ചുപേർക്കെതിരെ കൊലപാതകം, കൂട്ടബലാത്സംഗം, തട്ടിക്കൊണ്ടുപോകൽ, കവർച്ച തുടങ്ങിയ കുറ്റങ്ങൾ ചുമത്തി.

**ഫെബ്രുവരി 28:** പ്രായപൂർത്തിയാകാത്ത പ്രതിക്കെതിരെ ജുവനൈൽ ജസ്റ്റീസ് ബോർഡ് കുറ്റം ചുമത്തി.

**മാർച്ച് 11:** രാം സിങ് തിഹാർ ജയിലിൽ ജീവനൊടുക്കി.

**മാർച്ച് 22:** വിചാരണ നടപടി റിപ്പോർട്ട് ചെയ്യാൻ ഡൽഹി ഹൈക്കോടതി ദേശീയ മാധ്യമങ്ങൾക്ക് അനുമതി നൽകി.

**ഓഗസ്റ്റ് 31:** കുട്ടിക്കുറ്റവാളിയെ ജുവനൈൽ ജസ്റ്റിസ് ബോർഡ് മൂന്നുവർഷം നല്ലനടപ്പിന് ശിക്ഷിച്ചു.

**സെപ്റ്റംബർ 13:** മുകേഷ്, വിനയ്, അക്ഷയ്, പവൻ എന്നീ നാലു പ്രതികൾക്കും വധശിക്ഷ.

**2014 മാർച്ച് 13:** ഹൈക്കോടതി വധശിക്ഷ ശരിവെച്ചു.

**മാർച്ച് 15:** വധശിക്ഷ നടപ്പാക്കുന്നതിൽ സുപ്രീംകോടതി സ്റ്റേ.

**2017 മേയ് 5:** അപൂർവങ്ങളിൽ അപൂർവ കേസാണിതെന്ന് നിരീക്ഷിച്ച് നാലുപ്രതികളുടെയും വധശിക്ഷ സുപ്രീംകോടതി ശരിവെച്ചു.

**2018 ജൂലൈ പത്ത്:** പ്രതികളുടെ വധശിക്ഷ ജീവപര്യന്തമാക്കണമെന്ന ആവശ്യം സുപ്രീംകോടതി തള്ളി.

**2019 ഡിസംബർ 10:** നിർഭയയെ കൂട്ടബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ കേസിൽ വധശിക്ഷ പുനപ്പരിശോധിക്കണമെന്നാവശ്യപ്പെട്ട് പ്രതി അക്ഷയ് കുമാർ സിങ് സുപ്രീംകോടതിയിൽ ഹർജി നൽകി.

**ഡിസംബർ 18:** നിർഭയ കൂട്ട ബലാത്സംഗം കേസിലെ നാലു പ്രതികളും കഴുമരത്തിലേക്ക്. വധശിക്ഷ വിധിക്കപ്പെട്ട പ്രതി അക്ഷയ് കുമാർ സിങ്ങിന്റെ പുനഃപരിശോധനാ ഹർജി ജസ്റ്റിസ് ആർ. ഭാനുമതിയുടെ ബെഞ്ച് തള്ളി.

**ഡിസംബർ 19:** കുറ്റകൃത്യം തുടങ്ങുമ്പോൾ പ്രായപൂർത്തിയായിരുന്നില്ലെന്ന പവൻകുമാറിന്റെ അവകാശവാദം ഡൽഹി ഹൈക്കോടതി തള്ളി.

**2020 ജനുവരി ആറ്:** കേസിലെ ഏക സാക്ഷിക്കെതിരെ എഫ്ഐആർ ആവശ്യപ്പെട്ട് പവൻകുമാറിന്റെ പിതാവ് സമർപ്പിച്ച പരാതി ഡൽഹി ഹൈക്കോടതി തള്ളി.

**ജനുവരി 7:** ജനുവരി 22ന് രാവിലെ ഏഴിന് തീഹാർ ജയിലിൽ വധശിക്ഷ നടപ്പാക്കാൻ ഡൽഹി കോടതിയുടെ ഉത്തരവ്.

**ജനുവരി 14:** വിനയ് ശർമയുടെയും മുകേഷിന്റെയും തിരുത്തൽ ഹർജികൾ സുപ്രീംകോടതി നിരസിച്ചു.

**ജനുവരി 17:** മുകേഷിന്റെ ദയാഹർജി രാഷ്ട്രപതി തള്ളി. ഫെബ്രുവരി ഒന്നിന് രാവിലെ ആറിന് വധശിക്ഷ നടപ്പാക്കാൻ വിചാരണ കോടതി ഉത്തരവിട്ടു.

**ജനുവരി 25:** ദയാഹർജി തള്ളിയതിനെതിരെ മുകേഷ് സുപ്രീംകോടതിയിൽ.

**ജനുവരി 28:** വാദം കേട്ട സുപ്രീംകോടതി വിധി പറയുന്നത് മാറ്റി.

**ജനുവരി 29:** സുപ്രീംകോടതിയിൽ അക്ഷയ് കുമാറിന്റെ തിരുത്തൽ ഹർജി. ദയാഹർജി തള്ളിയതിനെതിരായ മുകേഷിന്റെ ഹർജി തള്ളി.

**ജനുവരി 30:** അക്ഷയ് കുമാറിന്റെ തിരുത്തൽ ഹർജി സുപ്രീംകോടതി തള്ളി.

**ജനുവരി 31:** പ്രായപൂർത്തിയായിരുന്നില്ലെന്ന വാദം തള്ളിയതിനെതിരെ പവൻ സമർപ്പിച്ച പുനപ്പരിശോധനാ ഹർജി സുപ്രീംകോടതി നിരസിച്ചു. മറ്റൊരു ഉത്തരവ് വരെ വധശിക്ഷ നടപ്പാക്കുന്നത് ഡൽഹി കോടതി നീട്ടിവെച്ചു.

**ഫെബ്രുവരി ഒന്ന്:** വിചാരണ കോടതി ഉത്തരവിനെതിരെ കേന്ദ്രസർക്കാർ ഹൈക്കോടതിയിൽ. നിയമവഴികൾ അടഞ്ഞ പ്രതികളുടെ വധശിക്ഷ നടപ്പാക്കണമെന്നാവശ്യം.

**ഫെബ്രുവരി രണ്ട്:** കേന്ദ്രത്തിന്റെ ഹർജി ഹൈക്കോടതി വിധി പറയാൻ മാറ്റി.

**ഫെബ്രുവരി അഞ്ച്:** നാലു പ്രതികളെയും ഒന്നിച്ചേ തൂക്കിലേറ്റാവൂ എന്ന് വ്യക്തമാക്കി കേന്ദ്രത്തിന്റെ ഹർജി ഹൈക്കോടതി തള്ളി. പ്രതികൾക്ക് സാധ്യമായ എല്ലാ നിയമമാർഗവും തേടാൻ സാവകാശം.

**മാർച്ച് ആറ്:** പ്രതികൾക്ക് മൂന്നാമത്തെ മരണവാറണ്ട്. 20ന് രാവിലെ വധശിക്ഷ നടപ്പാക്കാൻ വിചാരണ കോടതി ഉത്തരവ്.

**മാർച്ച് 17:** തിഹാർ ജയിലിൽ ആരാച്ചാർ ഡമ്മി പരീക്ഷണം നടത്തി.

**മാർച്ച് 19:** വധശിക്ഷ സ്റ്റേ ചെയ്യണമെന്ന് അഭ്യർത്ഥിച്ച് പ്രതികൾ സമർപ്പിച്ച ഹർജി വിചാരണക്കോടതി തള്ളി.

# ഉത്തര കൊറിയയ്ക്ക് സഹകരണം വാഗ്ദാനം ചെയ്ത് ട്രംപ്

മൊയ്തീൻ പുത്തൻചിറ

വാഷിങ്ടൺ: കൊവിഡ്-19നെ തുരത്താൻ യുഎസ് പ്രസിഡണ്ട് ഡോണൾഡ് ട്രംപിന്റെ സഹകരണ ഉണ്ടാകുമെന്ന് പ്രതിപാദിച്ച് ഉത്തര കൊറിയൻ നേതാവ് കിംജോങ് ഉന്നിന് അയച്ച കത്ത് ഉത്തര കൊറിയ സ്വാഗതം ചെയ്തു. സംഘർഷങ്ങൾക്ക് അയവ് വന്നില്ലെങ്കിലും ഇരുനേതാക്കളും തമ്മിലുള്ള പ്രത്യേകവും സുദൃഢവുമായ വ്യക്തിഗത ബന്ധത്തിന്റെ അടയാളമാണിതെന്ന് ഉത്തര കൊറിയ അവകാശപ്പെട്ടു.



ട്രംപ് കത്ത് അയച്ചതായി ട്രംപ് അഡ്മിനിസ്ട്രേഷനിലെ മുതിർന്ന ഉദ്യോഗസ്ഥൻ സ്ഥിരീകരിച്ചു. നിലവിലുള്ള മഹാമാരിയുടെ സമയത്ത് ആഗോള നേതാക്കളുമായി ഇടപഴകാനുള്ള ട്രംപിന്റെ ശ്രമങ്ങളുടെ ഭാഗമാണിതെന്ന് അദ്ദേഹം പറഞ്ഞു. ഉത്തര കൊറിയൻ ഭരണാധികാരി കിം ജോങ് ഉന്നുമായി ആശയവിനിമയം തുടരാൻ പ്രസിഡണ്ട് ആഗ്രഹിക്കുന്നതായും ഉദ്യോഗസ്ഥൻ പറഞ്ഞു.

കഴിഞ്ഞ ജൂണിൽ ട്രംപ് കിമ്മുമായി നടത്തിയ മൂന്നാമത്തെ ഉച്ചകോടിയിൽ ദക്ഷിണ കൊറിയയുമായുള്ള സൈനികവത്കരിക്കപ്പെട്ട മേഖലയിൽ നിന്ന് കുറച്ചുകാലം ഉത്തര കൊറിയയിലേക്ക് ചുവടു മാറ്റിയെങ്കിലും പോങ്യാങ്ങിന്റെ ആണവമിസൈൽ പദ്ധതികൾ ഉപേക്ഷിക്കാനുള്ള ട്രംപിന്റെ ശ്രമം വിജയിച്ചില്ല.

സാമ്പത്തിക ഉപരോധം നീക്കാൻ അമേരിക്കയെയും സഖ്യകക്ഷികളെയും സമ്മർദ്ദത്തിലാക്കാൻ ശ്രമിക്കുന്നതിനാൽ ഉത്തര കൊറിയ അവസാന സമയം രണ്ട് ഹ്രസ്വദൂര മിസൈലുകൾ വിക്ഷേപിച്ചത് ഉൾപ്പെടെ നിരവധി മിസൈൽ വിക്ഷേപണങ്ങൾക്ക് ആരംഭം കുറിക്കുകയും ചെയ്തു.

കൊറോണ വൈറസിൽ നിന്ന് തന്റെ ജനങ്ങളെ സംരക്ഷിക്കാനുള്ള ഉത്തര കൊറിയൻ നേതാവിന്റെ ശ്രമത്തിൽ തനിക്ക് മതിപ്പുണ്ടെന്ന ട്രംപിന്റെ കത്ത് കിമ്മിന് ലഭിച്ചതായി ഉത്തര കൊറിയ സ്റ്റേറ്റ് മാധ്യമമായ കെസിഎൻഎ റിപ്പോർട്ട് ചെയ്തു.

പകർച്ചവ്യാധിയുടെ ഗുരുതരമായ ഭീഷണികളിൽ നിന്ന് തന്റെ ജനങ്ങളെ സംരക്ഷിക്കാൻ ചെയർമാൻ നടത്തിയ ശ്രമങ്ങളിൽ തനിക്ക് മതിപ്പുണ്ടെന്ന് ട്രംപ് തന്റെ കത്തിൽ സൂചിപ്പിച്ചിട്ടുണ്ടെന്ന് കിമ്മിന്റെ സഹോദരി കിം യോ ജോങ് നടത്തിയ പത്രസമ്മേളനത്തിൽ പ്രസ്താവിച്ചതായി (ശേഷം 28-ാം പേജിൽ)


MIDWEST
WINDOWS & DOORS
MIDWEST WINDOWS
DOORS & SIDING
www.mymidwestwindows.com
45%
Off for Windows
40%
Off for Doors
and Siding
FREE ESTIMATE
Please Contact
RAJU NADUVETTIL
CELL 773 474 9566
rajuabm@gmail.com


Philadelphia
Pentecostal Church
3735 N Narragansett Ave., Chicago, IL 60634
Seeking a Full-Time Pastor
(Effective Start by July 01st, 2020)
The candidate shall possess the following qualifications:
- Must be an ordained minister with at least 8-10 years of pastoral experience leading a church.
- Credentialed by an accredited & recognized Pentecostal Institution
- Must be proficient to lead & minister fluently in English & Malayalam
- Must be a U.S Citizen or Green Card holder (No Visa sponsorship)
- Must be married & 35 years or older
Please send your CV or Resume to:
Email: Ppc.Chicago@Yahoo.Com
Questions or for more information contact:
George Iype: 708-539-1881
Benchi Abraham: 224-659-6035


B&M
AUTO COLLISION CTR
Anish Eapen and Bob Trytko want to wish you a Happy New Year
Fast and
EFFICIENT
Quality
REPAIR
WE WORK WITH ALL INSURANCE COMPANIES,
CALL ANISH EAPEN @ 773-263-9863
4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com

### മദ്യശാലകൾ അടയ്ക്കില്ല; ബാറിൽ ഇരിപ്പിടങ്ങൾ തമ്മിൽ ഒന്നരമീറ്റർ അകലം

# ഒറ്റയടിക്ക് മദ്യം കിട്ടാതായാൽ മദ്യദുരന്ത സാധ്യതയെന്ന് റിപ്പോർട്ട്

തിരുവനന്തപുരം: കോവിഡ് പ്രതിരോധന നടപടികളുടെ ഭാഗമായി സംസ്ഥാനത്ത് ബാറുകളും മദ്യവിൽപ്പശാലകളും അടച്ചിടേണ്ടതില്ലെന്ന് മന്ത്രിസഭായോഗം. മദ്യശാലകൾ അടച്ചിട്ടാൽ മദ്യദുരന്തത്തിനു തന്നെ സാധ്യതയുണ്ടെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് വിൽപനശാലകൾ പൂർണമായി അടച്ചുപൂട്ടേണ്ടതില്ലെന്നും തൽക്കാലം ക്രമീകരണം മാത്രം ഏർപ്പെടുത്തിയാൽ മതിയെന്നുമുള്ള ധാരണയിൽ മന്ത്രിസഭായോഗം എത്തിയത്.

ബാറുകൾ പൂട്ടിയിടുന്നത് ദുരന്ത സാദ്ധ്യത കൂട്ടുമെന്ന മുന്നറിയിപ്പ് എക്സൈസ് ഇന്റലിജൻസും റിപ്പോർട്ടുകൾ നൽകിയിട്ടുള്ളത് മുഖ്യമന്ത്രി പിണറായി വിജയൻ യോഗത്തിൽ ചൂണ്ടിക്കാട്ടി. സാനിറ്റൈസേഷൻ നിർമാണത്തിനും മറ്റുമായി മെഡിക്കൽ സ്റ്റോറുകളിൽ നിന്നടക്കം സ്പിരിറ്റ് വിതരണം ചെയ്യുന്നുണ്ട്. മദ്യം സ്ഥിരമായി ഉപയോഗിക്കുന്നവർക്ക് അത് ലഭിക്കാതായാൽ അവർ ഇത്തരം വസ്തുക്കളെ ദുരുപയോഗം ചെയ്താലോയെന്ന ആശങ്കയും യോഗത്തിലുയർന്നു.

കൊറോണ പ്രോട്ടോകോളനുസരിച്ച് ബാറുകളിലെ ഇരിപ്പിടങ്ങൾ ഒന്നര മീറ്റർ അകലത്തിൽ ക്രമീകരിക്കും. എക്സൈസ് ഉദ്യോഗസ്ഥർ ഇത് പരിശോധിച്ച് ഉറപ്പ് വരുത്തും. നിർദേശം പാലിക്കാത്ത ബാറുകൾ പൂട്ടിയിടും. കൊറോണ പ്രതിരോധ നിർദേശങ്ങൾ സംബന്ധിച്ച് എക്സൈസ് മന്ത്രി ടി.പി. രാമകൃഷ്ണൻ ബാറുടമകളുടെ യോഗം വിളിക്കും. ബാറുകൾ പൂട്ടിയാൽ ബിവറേജസ് കോർപറേഷന്റെയും കൺസ്യൂമർ ഫെഡിന്റെയും മദ്യവിൽപന ശാലകളിലെ തിരക്ക് നിയന്ത്രണാതീതമാകുമെന്നും വിലയിരുത്തലുണ്ടായി. വിലയിരുത്തലുണ്ടായി. ബെവ്കോയുടെ വിൽപ്പനശാലകളിൽ തിരക്ക് നിയന്ത്രിക്കാൻ ക്രമീകരണമൊരുക്കിയ വിവരം എക്സൈസ് മന്ത്രി യോഗത്തിലറിയിച്ചു. ബെവ്കോ വിൽപ്പന കേന്ദ്രങ്ങളിൽ ഒരു സമയം ഒരു വരിയിൽ 30 പേരിൽ കൂടുതലുണ്ടാവരുത്. ഇവർ തമ്മിൽ ഒരു മീറ്റർ അകലം പാലിക്കണം. ഇതുറപ്പാക്കാനും എക്സൈസ് ഉദ്യോഗസ്ഥരോട് നിർദേശിച്ചിട്ടുണ്ട്. ജനങ്ങൾ ഒത്തുചേരുന്ന കേന്ദ്രങ്ങളെല്ലാം പൂട്ടിയിട്ടും മദ്യശാലകൾ മാത്രം തുറന്ന് പ്രവർത്തിക്കുന്നതിനെതിരെ പ്രതിഷേധമുയർന്ന പശ്ചാത്തലത്തിലാണ് മന്ത്രിസഭായോഗം വിഷയം ചർച്ച ചെയ്തത്.

# വായ്പകൾക്ക് ഒരു വർഷം വരെ മൊറട്ടോറിയം; വീട്ടുചെലവിന് 25,000 വരെ വായ്പ

തിരുവനന്തപുരം: കോവിഡ് ബാധ സൃഷ്ടിച്ച അസാധാരണ സാഹചര്യത്തെത്തുടർന്ന് എല്ലാത്തരം വായ്പകൾക്കും ഒരു വർഷം മൊറട്ടോറിയം നൽകാനുള്ള ശിപാർശയുമായി സംസ്ഥാന തല ബാങ്കേഴ്സ് സമിതി (എസ്എൽബിസി). 2020 ജനുവരി 31 വരെ കൃത്യമായി വായ്പകൾ അടച്ചിട്ടുള്ളവർക്കാകും ഈ ഇളവ്. ആളുകൾക്ക് വീട്ടുചെലവിനായി വായ്പ നൽകാനും ധാരണയായി. ജപ്തിനടപടികൾ മൂന്നു മാസത്തേക്കും നീട്ടിവെക്കും. അനുമതിക്കായി എസ്എൽബിസി റിസർവ് ബാങ്കിന് കത്ത് നൽകി. അനുമതി കിട്ടിയാലുടൻ നടപ്പാക്കും.

കഴിഞ്ഞദിവസം മുഖ്യമന്ത്രിയുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലാണ് എസ്എൽബിസി ഉപസമിതി യോഗം ചേർന്നത്. റിസർവ് ബാങ്ക്, നബാർഡ് പ്രതിനിധികൾ യോഗത്തിൽ സംബന്ധിച്ചിരുന്നു. ഒരു വർഷം ഒഴിവാക്കുന്ന സാഹചര്യത്തിൽ പലിശയിൽ ചെറിയ വർധനയുണ്ടാകുമെന്നു എസ്എൽബിസി കൺവീനറും കനറാ ബാങ്ക് ജനറൽ മാനേജരുമായ എൻ. അജിത് കൃഷ്ണൻ മാധ്യമങ്ങളെ അറിയിച്ചു. തീരുമാനം അംഗീകരിച്ചാൽ ഒരു വർഷം വായ്പകൾ അടയ്ക്കേണ്ടിവരില്ല. ഒരു വർഷത്തിന് ശേഷം വായ്പയുടെ തിരിച്ചടവ് പുനഃക്രമീകരിക്കും. ജനുവരി 31 വരെ വായ്പകൾ കൃത്യമായി അടച്ചിട്ടുള്ളവർക്ക് മാത്രമായിരിക്കും ഈ ആനുകൂല്യം ലഭിക്കുക.

എല്ലാതരം വായ്പകൾക്കും ഇത് ബാധകമാകും. അതിനു മുമ്പ് വായ്പ നിഷ്കൃയാസ്ഥിയാക്കിയിട്ടുള്ളവർക്ക് ഇത് ലഭിക്കില്ല. പ്രളയകാലത്ത് നൽകിയ 10,000 രൂപയുടെ അടിയന്തരവായ്പയുടെ മാതൃകയിൽ വീട്ടുചെലവിന് 10,000 മുതൽ 25,000 രൂപയുടെ വരെ വായ്പനൽകാനും ധാരണയായിട്ടുണ്ട്. ബാങ്കിന്റെ ഇടപാടുകാർക്കായിരിക്കും ഇതു ലഭിക്കുക. ഇതിന് മൂന്നുമാസം മൊറട്ടോറിയം നൽകും. ശേഷം രണ്ടു വർഷത്തിനുള്ളിൽ വായ്പ തിരിച്ചടയ്ക്കണം. റിസർവ് ബാങ്കിന്റെ ദുരന്ത പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള 12 ഇനങ്ങളിൽ നിലവിൽ കോവിഡ് പോലെ ഒരു മഹാമാരി ഉൾപ്പെട്ടിട്ടില്ല. അതുകൊണ്ടുതന്നെ ഇത്തരത്തിൽ മാറ്റങ്ങൾ വരുത്തി അനുമതി നൽകേണ്ടതുണ്ട്. ഇത്തരത്തിൽ അനുമതി ലഭ്യമായാൽ ഉടൻ തന്നെ ബാങ്കുകളുടെ ബോർഡുകൾ ചർച്ചചെയ്ത് ഈ തീരുമാനങ്ങൾ എത്രയും വേഗം നടപ്പാക്കാനാണ് തീരുമാനം.

# മന്ത്രിയുടെ പത്രസമ്മേളനം ഒരുമീറ്റർ ദൂരത്തിൽ

തിരുവനന്തപുരം: കൊറോണയുടെ സാഹചര്യത്തിൽ മുഖ്യമന്ത്രിയുടെ പത്രസമ്മേളനം നടന്നത് കടുത്ത ജാഗ്രതയിൽ. സെക്രട്ടറിയേറ്റിലെ പാർക്കിങ് സ്ഥലത്ത് താത്കാലികമായൊരുക്കിയ വേദിയിലായിരുന്നു പത്രസമ്മേളനം. മാധ്യമപ്രവർത്തകർക്ക് ഇരിപ്പിടമൊരുക്കിയത് ഒരുമീറ്റർ അകലം പാലിച്ച്.



മുഖ്യമന്ത്രിയുടെ പത്രസമ്മേളനത്തിൽ കൊറോണ പ്രോട്ടോക്കോൾ പ്രകാരം ഒരുക്കിയ ഇരിപ്പിടങ്ങൾ.

സെക്രട്ടറിയേറ്റിലെ ശീതീകരിച്ച കോൺഫറൻസ് ഹാളിലാണ് സാധാരണ മുഖ്യമന്ത്രി പത്രസമ്മേളനം നടത്താറുള്ളത്. എന്നാൽ, അടുത്തടുത്തിരുന്നുള്ള ഈ പത്രസമ്മേളനം പോലും ഒഴിവാക്കേണ്ടതുണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞിരുന്നു. ഇതിനു പിന്നാലെയാണ് പത്രസമ്മേളനം ആരോഗ്യവകുപ്പിന്റെ ജാഗ്രതാനിർദേശം പാലിക്കുന്ന വിധത്തിലാക്കിയത്.

മിനിമം അകലം പാലിച്ചുള്ള ഇന്നത്തെ ഈ ഇരിപ്പ് നല്ലതുതന്നെ, എന്നാൽ, ക്യമറാമാൻമാർ ഇപ്പോഴും അടുത്തടുത്താണ് നിൽക്കുന്നത്. അതൊരു പ്രശ്നമാണ്: പത്രസമ്മേളനം തുടങ്ങുന്നതിനു മുമ്പ് മുഖ്യമന്ത്രി പറഞ്ഞു.

സെക്രട്ടറിയേറ്റിലേക്കുള്ള എല്ലാ കവാടങ്ങളിലും കൈകൾ ശുചീകരിക്കാനുള്ള സംവിധാനങ്ങളുണ്ട്.

# കേരളത്തെ പ്രശംസിച്ച് സുപ്രീംകോടതി

ന്യൂഡൽഹി: കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ സംസ്ഥാനത്തെ വീണ്ടും അഭിനന്ദിച്ച് സുപ്രീംകോടതി. സ്കൂളുകൾക്ക് അവധി പ്രഖ്യാപിച്ചതിനു പിന്നാലെ വിദ്യാർത്ഥികളുടെ ഉച്ചഭക്ഷണത്തിനുള്ള അരി വീടുകളിലെത്തിക്കാനുള്ള നടപടി സംസ്ഥാന സർക്കാർ സ്വീകരിച്ചിരുന്നു. ഇതിനെയാണ് ചീഫ് ജസ്റ്റിസ് എസ്.എ. ബോബ്ഡെ അദ്ധ്യക്ഷനായ ബെഞ്ച് പുകഴ്ത്തിയത്. കേരളത്തിൽ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം വീടുകളിൽ എത്തിച്ചു നൽകുകയാണ്. മറ്റു സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും എന്ത് ചെയ്യുകയാണ് എന്ന് അറിയണമെന്നും സുപ്രീംകോടതി ആവശ്യപ്പെട്ടു. നേരത്തെ വൈറസിനെ പ്രതിരോധിക്കാൻ സംസ്ഥാനത്തെ ജയിലുകളിൽ ഏർപ്പെടുത്തിയിരിക്കുന്ന നടപടികളെ സുപ്രീംകോടതി പ്രശംസിച്ചിരുന്നു.


Ann's Beauty Salon

517 N. Wolf Road, Hillside, IL 60162
annsalon@gmail.com
A Full Service Salon & Spa
For all your Beauty Care Needs



Lissy
(Licensed Cosmetologist & Licensed Cosmetology Instructor)

Call for appointment
708-547-6787

Business Hours
Tue - Fri 9:30 a.m to 7 p.m.
Sat. 8 a.m. - 5 p.m.
Sunday appointment only
Monday closed

-Special-
Spa Day Package Includes

| | |
|---|---|
| Full Facial.................................... | $ 47 |
| Eyebrow Arch.................................... | $ 12 |
| Hair Loss Treatment Dandruff Treatment.. | $ 30 |
| Deep Conditioning for Hair........................ | $ 30 |
| Scalp Massage w/hot oil.......................... | $ 30 |
| Manicure.................................... | $ 15 |
| Pedicure.................................... | $ 25 |
| Total.................................... | $ 189 |
| **Sale Price** | **$ 129** |

*Thank you for your support! Since 1995*

We Specialize In:
Eyebrow Arching, Japanese Hair Straightening Facials (over 25 different types) Foil Highlights, Henna for Hair Manicure, Pedicure, Teenage Facial, Acne Facial, 4 layer Facial, Ear Piercing. Roller Set, Mini Beauty Package Bridal Package, etc.

Achieve Real Estate Group, Inc.
Achieve all your real estate needs with us
"Satisfied customers are our primary goal"
"We are hiring brokers"
Please contact Sabu Achettu for more information
Achieve Brokers

Alexander Mathew
847 650 0110 (alexmathewchicago@gmail.com)

Luke Chirayil (Kochumon)
Cell 630 808 2125 (lchirayil@gmail.com)

Arkadiusz Jamula
773 671 5555 (aj.jamula@gmail.com)

Mariamma Thomas
847 452 8125 (mariammatho@gmail.com)

Benny Joseph (Puthukulam)
847 612 4319 (bennyrealtor@comcast.net)

Mohan Sebastian
847 331 1123 (realtormohan@yahoo.com)

Biju Jacob
847 840 5532 (bijubjacob@gmail.com)

Prince Eapen
224 659 0336 (eapenrealtor@gmail.com)

Eby George
1 773 671 3911 (Ebychengannur@yahoo.com)

Renchi Varghese
847 845 7361 (renchirealtor@yahoo.com)

George (Babu) Mathew
847-602-9326 (georgelrealtor@gmail.com)

Roy John
708 833 2769 (royjohnreb@yahoo.com)

George Panicker
847 401 7771 (realtorpanicker@gmail.com)

Sabu Achettu (Managing Broker)
847 687 5100 (saburealtor@sbcglobal.net)

James P Kannookadan
847 910 7866 (jimkannoox@hotmail.com)

Shawn S Achettu
847-529-7962 (realtorachettu@gmail.com)

Jinson Vachachira
618-203-9142 (VachaRealtor@gmail.com)

Sheljo Abraham
331-202-6087 cell (realtorsheljo@gmail.com)

Joe Luke Chirayil (Appu)
647-691-3121 (realtorjoeluke@gmail.com)

Soy Mathew
847 769 1805 (soymathew@sbcglobal.net)

John Lyndon Gatus
224 258 8235 (realtoryjohn1992@gmail.com)

Stiby Abraham
773 -355-8880 (stibyrealtor@gmail.com)

John (Anish) Plamoottil
563-505-7377 (jplamoottil.realtor@gmail.com)

Tino Tomy
847-651-2923.(realtortino@gmail.com)

John (Thengumoottil) Mathew
847 309 2826 (realtorjthengum@gmail.com)

Thomas (Karikulam) Kuruvilla
847 219 6050 thomasrealtor557@gmail.com

Jolly Joseph
630-615-9240 (realtorjollyjoseph@gmail.com)

Tomy Plathottathil Mathew
773-349-7154 (tomyrealtor1229@gmail.com)

Luka Chirayil
630 290 1524 (lchirayil22@yahoo.com)

"For Residential,Commercial, Short sales and Foreclosure sales please call Achieve Real Estate Group"

834 E Rand RD Suite 6, Mount Prospect, IL 60056
Real Estate for diversified investors and promise for future generations.

# കോവിഡ് ബാധയ്ക്കെതിരെ ആത്മീയ പ്രതിരോധവുമായി മാർപാപ്പ

റോം: കോവിഡ് -19 ബാധയെത്തുടർന്ന് തിരക്കൊഴിഞ്ഞ റോമിലെ പാതകളിലൂടെ മാർച്ച് 15ന് ഞായറാഴ്ച വൈകുന്നേരം തീർത്ഥാടനയാത്ര നടത്തിയ ഫ്രാൻസിസ് മാർപാപ്പ സാന്താ മരിയ ബസിലിക്കയിലും സാൻ മർചെല്ലോ അൽകോർസ പള്ളിയിലുമെത്തി പ്രാർത്ഥന നടത്തി. സാന്താ മരിയ ബസിലിക്കയിൽ കൊറോണ വൈറസിന്റെ നിർമാർജനത്തിനായി പരിശുദ്ധ കന്യാമാതാവിന്റെ മാധ്യസ്ഥ്യം യാചിച്ച് മാർപാപ്പ പ്രാർത്ഥിച്ചു. അവിടെ നിന്ന് കാൽനടയായി സാൻ മർചെല്ലോ അൽകോർസോ പള്ളിയിലെത്തി. മഹാവ്യാധി പടർന്നുപിടിക്കാതിരിക്കാനും വൈറസിന്റെ ദുരീകരണത്തിനും വേണ്ടി അവിടത്തെ അത്ഭുത കുരിശുരൂപത്തിന്റെ മുന്നിൽ നിന്ന് പാപ്പ നെഞ്ചുരുകി പ്രാർത്ഥിച്ചു.

1,522-ൽ റോമിൽ പകർച്ചവ്യാധിയുണ്ടായപ്പോൾ ഈ വിശുദ്ധ കുരിശുരൂപം വഹിച്ചുകൊണ്ട് നഗരത്തിന്റെ മുക്കിലും മൂലയിലും പ്രദക്ഷിണം നടത്തിയിരുന്നു. ആ വർഷം ഓഗസ്റ്റ് നാലുമുതൽ 20 വരെ ഈ പ്രദക്ഷിണം തുടർന്നു. അത്ഭുതകരമായി പ്ലേഗ് രോഗ ബാധ ശമിക്കുകയും ചെയ്തു.

ലോകത്തെ മുഴുവൻ ഒരു മഹാമാരി മുൾമുനയിൽ നിറുത്തിയിരിക്കുന്നതിൽ ആകുലമാനസനായിരുന്നുവെങ്കിലും ഉറച്ച ഒരു തീരുമാനത്തോടെയായിരുന്നു ഫ്രാൻസിസ് മാർപാപ്പയുടെ പദയാത്ര. കോവിഡ്-19 വൈറസ് ബാധയ്ക്കെതിരെ പ്രാർത്ഥനയുടെ കാര്യത്തിൽ ആത്മീയുദ്ധം നടത്താനുള്ള തീരുമാനം പദയാത്രയിൽ കൂട്ടായി ഏതാനും വത്തിക്കാൻ ഉദ്യോഗസ്ഥർ മാത്രം. ലോകത്തെ ഗ്രസിച്ചിരിക്കുന്ന ഈ മഹാവിപത്തിൽ നിന്നു മോചനം ലഭിക്കാൻ ഞായറാഴ്ച മുഴുവൻ അദ്ദേഹം പ്രാർത്ഥനയിലായിരുന്നു.



കൊറോണ ഭീതിയെത്തുടർന്ന് ആളൊഴിഞ്ഞ റോമിലെ തെരുവീഥിയിലൂടെ പ്രാർത്ഥനാ നിമഗ്നനായി നടന്നുനീങ്ങുന്ന ഫ്രാൻസിസ് മാർപാപ്പ.

ലോകത്താകമാനമുള്ള കോവിഡ് രോഗികൾക്ക് വേണ്ടിയും ഈ രോഗത്തിന് ഇരയായി മരിച്ചവർക്കുവേണ്ടിയും നോമ്പിലെ മൂന്നാം ഞായറാഴ്ച ഫ്രാൻസിസ് മാർപാപ്പ ദൈവതിരുസന്നിധിയിൽ പ്രാർത്ഥിച്ചു.

ഡോക്ടർമാർ, നേഴ്സുമാർ, മറ്റ് ആരോഗ്യ സന്നദ്ധ പ്രവർത്തകർ എന്നിവരുടെ കഠിനവും നിസ്വാർത്ഥവുമായ യത്നങ്ങൾ സമർപ്പിച്ചു പ്രാർത്ഥിച്ച മാർപാപ്പ രോഗികളുടെ കുടുംബാംഗങ്ങൾക്കും സുഹൃത്തുക്കൾക്കും മനഃശാന്തി ലഭിക്കാനായി പ്രത്യേക പ്രാർത്ഥന നടത്തി. വൈകുന്നേരം നാലിനാണ് ഫ്രാൻസിസ് മാർപാപ്പ വത്തിക്കാനിൽ നിന്ന് പ്രാർത്ഥനയ്ക്കായി തീർത്ഥാടന കേന്ദ്രങ്ങളായ ദേവാലയത്തിലേക്ക് പുറപ്പെട്ടത്. ഒന്നര മണിക്കൂറിലേറെ അദ്ദേഹം പ്രാർത്ഥനയ്ക്കായി ചെലവഴിച്ചു. മാതാവിന്റെ തിരുനാൾ ദിനങ്ങളിലും അന്താരാഷ്ട്ര അപ്പസ്തോലിക യാത്രകൾക്കു മുമ്പും അതു കഴിഞ്ഞും ദേവാലയത്തിൽ ഫ്രാൻസിസ് മാർപാപ്പ പ്രാർത്ഥിക്കുകയാണ് പതിവ്.

മഹാമാരികൾക്കെതിരെ ഇതിനു മുമ്പും മാർപാപ്പമാർ ആത്മീയ പരിശോധന നടത്തിയിട്ടുണ്ട്.

593-ൽ രാജ്യത്ത് പ്ലേഗ് ബാധിച്ച അവസരത്തിൽ വിശുദ്ധ ഗ്രിഗറി മാർപാപ്പ മാതാവിന്റെ തിരുസ്വരൂപം വഹിച്ചുകൊണ്ട് പ്രദക്ഷണത്തിനു നേതൃത്വം നൽകിയിരുന്നു.

## ഗൊഗോയിയുടെ സത്യപ്രതിജ്ഞ: സഭയിൽ പ്രതിഷേധം

ന്യൂഡൽഹി: സുപ്രീംകോടതി ചീഫ് ജസ്റ്റിസ് പദവിയിൽ നിന്നിറങ്ങി 5 മാസം തികയും മുൻപ് രാജ്യസഭാംഗമായി സത്യപ്രതിജ്ഞ ചെയ്യാനെത്തിയ രഞ്ജൻ ഗൊഗോയ്ക്കെതിരെ മുദ്രാവാക്യം വിളികളും ഇറങ്ങിപ്പോക്കുമായി പ്രതിപക്ഷം. എതിർക്കുന്നവർ വൈകാതെ തന്നെ സ്വാഗതം ചെയ്യുമെന്നായിരുന്നു ഗൊഗോയിയുടെ പ്രതികരണം.



രാജ്യസഭാംഗമായി സത്യപ്രതിജ്ഞ ചെയ്യുന്ന രഞ്ജൻ ഗൊഗോയ്.

ഗൊഗോയ് സഭയ്ക്കുള്ളിലേക്കു വന്നപ്പോൾ മുഖം കൊടുക്കാതിരുന്ന പ്രതിപക്ഷ നേതാക്കൾ അദ്ദേഹത്തെ സത്യവാചകം ചൊല്ലാൻ വിളിച്ചതോടെ പ്രതിഷേധവുമായി എഴുന്നേറ്റു. ഇതു നാണക്കേടെന്നും ഒത്തുകളിയെന്നുമെല്ലാം മുദ്രാവാക്യം വിളികളുയർന്നു. സർക്കാരിന് അനുകൂലമായി വിധി പുറപ്പെടുവിച്ചതിനുള്ള പ്രതിഫലമാണ് രാജ്യസഭാ സീറ്റെന്നായിരുന്നു കോൺഗ്രസിന്റെ ആരോപണം.

ഇതിനിടയിലും ഗൊഗോയ് സത്യവാചകം ചൊല്ലുന്നതു തുടർന്നതോടെ സമാജ്‌വാദി പാർട്ടി ഒഴികെ സഭയിലുണ്ടായിരുന്ന മുഴുവൻ പ്രതികളും എംപിമാരും ഇറങ്ങിപ്പോയി. തൃണമൂൽ കോൺഗ്രസ് അംഗങ്ങൾ ഈ സമയത്ത് സഭയിലുണ്ടായിരുന്നില്ല.

സത്യപ്രതിജ്ഞ കഴിഞ്ഞയുടൻ പിന്തുണയുമായി നിയമമന്ത്രി രവിശങ്കർ പ്രസാദ് എഴുന്നേറ്റു. മുൻ ചീഫ് ജസ്റ്റിസുമാരടക്കം പല മേഖലകളിൽ നിന്നായി പ്രധാനപ്പെട്ട പലരുമെത്തിയ മഹത്തായ പാരമ്പര്യം സഭയ്ക്കുണ്ട്. ഗൊഗോയ് നല്ല സംഭാവനകൾ നൽകുമെന്നുറപ്പുണ്ട്. പ്രതിഷേധിച്ച് ഇറങ്ങിപ്പോയതു മാന്യമായില്ലെന്നും രവിശങ്കർ പ്രസാദ് പറഞ്ഞു. നിയമത്തിനു ചട്ടങ്ങളും നടപടിക്രമങ്ങളുമുണ്ടെന്നും പ്രതിപക്ഷം ഈ രീതിയിൽ പെരുമാറുന്നതു ശരിയല്ലെന്നും രാജ്യസഭാദ്ധ്യക്ഷൻ വെങ്കയ്യ നായിഡു പറഞ്ഞു.

ഇന്ത്യയുടെ പരമോന്നത നീതിപീഠത്തിലിരുന്നശേഷം രാജ്യസഭാംഗമായി നാമനിർദേശം ചെയ്യപ്പെട്ടെത്തിയ രഞ്ജൻ ഗൊഗോയ്ക്ക് അഞ്ചാംനിരയിലായിരുന്നു ഇരിപ്പിടം. നേരത്തെ സഭയിലേക്കു നാമനിർദേശം ചെയ്യപ്പെട്ടെത്തിയ പ്രശസ്ത നർത്തകി സൊണാൽ മാൻസിങ്ങിന്റെ തൊട്ടടുത്ത് ഭരണ പക്ഷ എംപിമാർ ഇരിക്കുന്ന ഭാഗത്തായിരുന്നു ഇത്. സത്യവാചകം ചൊല്ലിയശേഷം ഓരോ നിരയിലുമെത്തി അംഗങ്ങളെ അഭിവാദ്യം ചെയ്തു.

ഈ സമയം പ്രതിപക്ഷ നിരയിൽ ആരുമുണ്ടായിരുന്നില്ല. ആദ്യദിനം സഭയ്ക്കുള്ളിൽ ഒരു മണിക്കൂറോളം ചെലവിട്ടശേഷം മടങ്ങി. ഭാര്യ രൂപാഞ്ജലിയും മകൾ രശ്മിയും സത്യപ്രതിജ്ഞ ചടങ്ങ് പൂർത്തിയായതിനു പിന്നാലെ മടങ്ങിയിരുന്നു.

## ആ ചിത്രങ്ങളിൽ നോക്കി അദ്ദേഹം അവർക്കായി ബലിയർപ്പിച്ചു

റോം: കോവിഡ്-19 വൈറസിന്റെ കടന്നാക്രമണത്തിൽ വിറങ്ങലിച്ചുപോയ ഇറ്റലി പ്രാർത്ഥനയുടെ കരുത്തിൽ പ്രതീക്ഷയർപ്പിക്കുന്നു. ജീവിതമാകെ സ്തംഭിക്കുമ്പോഴും ഹൃദയസ്പർശിയായ പ്രാർത്ഥനയുടെ കാഴ്ചകളാണ് ഇറ്റലിയിൽ പലയിടത്തുനിന്നും പുറത്തേക്കു വരുന്നത്.

കോവിഡ്-19 വ്യാപനം മൂലം പള്ളികൾ അടച്ചിട്ടിരിക്കുന്ന ലോംബാർഡിയയിലെ ചെറിയ പട്ടണമായ റൊബിയാനോദി ജുസാനോയിൽ നിന്നാണ് ഇത്തരമൊരു ഹൃദയസ്പർശിയായ രംഗം ഇപ്പോൾ മാധ്യമങ്ങളിൽ വന്നിരിക്കുന്നത്.

ഞായറാഴ്ച കുർബാനയിൽ പങ്കെടുക്കാൻ കഴിയാതിരുന്നതിന്റെ വേദന പലരും വികാരി ഫാ. ജുസേപ്പെ കൊർബാരിയോടു പങ്കുവെച്ചു.

തന്റെ ജനത്തോടൊപ്പം ബലിയർപ്പിക്കാനാകാത്ത ഞായറാഴ്ചയെക്കുറിച്ച് അദ്ദേഹം ഒരിക്കൽപോലും ചിന്തിച്ചിരുന്നില്ല. ഒടുവിൽ അദ്ദേഹം ഒരു വഴികണ്ടെത്തി. എല്ലാ ഇടവകാംഗങ്ങളോടും സെൽഫി ഫോട്ടോ അയയ്ക്കാൻ ആവശ്യപ്പെട്ടു.


ഈ ചിത്രങ്ങൾ പള്ളിയിലെ നിങ്ങളുടെ ഇരിപ്പിടങ്ങളിൽ പതിക്കാമെന്നും അദ്ദേഹം പറഞ്ഞു. അദ്ദേഹത്തെ അത്ഭുതപ്പെടുത്തിക്കൊണ്ടാണ് ചിത്രങ്ങൾ ഒഴുകിയെത്തിയത്. പ്രിന്റ് എടുത്ത് അദ്ദേഹത്തിന്റെ പ്രിന്റിംഗ് മെഷീനിലെ മഷിതീർന്നപ്പോഴേക്കും മെയിലിൽ വീണ്ടും നിരവധി ചിത്രങ്ങൾ ബാക്കിയായിരുന്നു.



വടക്കൻ ഇറ്റലിയിലെ റൊബിയാനോ ദി ജുസാനോ പട്ടണത്തിലെ വികാരി ഫാ. ജുസേപ്പെ കൊർബാരി പള്ളിയിൽ സ്ഥാപിച്ച ഇടവകാംഗങ്ങളുടെ ചിത്രങ്ങൾക്ക് മുന്നിൽ.

കുട്ടികളുടെ അടക്കമുള്ള ചിത്രങ്ങൾ നിരത്തിവെച്ചു കഴിഞ്ഞപ്പോൾ പള്ളി വിശ്വാസികളെക്കൊണ്ട് നിറഞ്ഞു. ഈ ചിത്രങ്ങളിൽ നോക്കി, അവരെ സമർപ്പിച്ചു. ഫാ. ജുസേപ്പെ എല്ലാവർക്കുമായി ബലിയർപ്പിച്ചു.

FAMILY DENTAL Practice
9709 N. Milwaukee Ave, Glenview, Il-60025, (Northwest Corner of Milwaukee & Greenwood
Office: (847) 581-1418,
Fax: (847) 581-1445



GENERAL DENTIST, IMPLANT, ORTHODONTIC TREATMENT, GUM SURGERY, WISDOM TOOTH EXTRACTIONS

- WHITENING, VENEERS, BONDING, ROOT CANALS, GUM DISEASE, CLEANING, WHITE FILLINGS, DENTURES/PARTIALS, RELINE, CROWNS, BRIDGES, INTRA-ORAL CAMERA DIGITAL IMAGE, STATE OF THE ART STERILIZATION SYSTEM
- ORTHODONTICS (BRACES & INVISALIGN) for Children and Adult
- DISCOUNTS AVAILABLE




Dr. Susan Edukutharayil
B.D.S, D.D.S
(University of Illinois Graduate)
Practicing Dentistry in Chicago land area for the past 12 years!!

www.familydentalglenview.com

ACHIEVE REAL ESTATE GROUP, INC.
For All Your Real Estate Needs Please Call ...

THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056



FULL TIME REALTOR

# കോവിഡിനു വ്യാജ ചികിത്സ; മോഹനൻ വൈദ്യർ അറസ്റ്റിൽ

തൃശൂർ: കോവിഡ് 19ന്റെ പേരിൽ ചികിത്സ നടത്തിയത് ചേർത്തല തണ്ണീർമുക്കം മതിലകം സ്വദേശി മോഹനൻ നായർ (മോഹനൻ വൈദ്യർ 64) അറസ്റ്റിൽ. ജാമ്യമില്ലാ കുറ്റം ചുമത്തിയാണ് അറസ്റ്റ്.

ജില്ലയിൽ കോവിഡ് രോഗത്തിന് ചികിത്സ നൽകുന്നുണ്ടെന്നുള്ള വിവരത്തെത്തുടർന്ന് നടത്തിയ റെയ്ഡിലാണ് പട്ടിക്കാട് ചാണോത്ത് രായിരത്ത് ഹെറിറ്റേജിൽ പ്രവർത്തിക്കുന്ന പരബ്രഹ്മ ആയുർവേദ ഹോസ്പിറ്റൽ ആൻഡ് റിസർച്ച് സെന്ററിൽ നിന്ന് മോഹനൻ വൈദ്യരെ അറസ്റ്റ് ചെയ്തത്.



ഇയാൾക്കെതിരെ വഞ്ചനാക്കുറ്റം, ആൾമാറാട്ടം, അറിഞ്ഞുകൊണ്ട് സാംക്രമിക രോഗങ്ങൾ പരത്തൽ, ഡോക്ടറാണെന്ന വ്യാജേന ചികിത്സിക്കൽ എന്നീ വകുപ്പുകൾ പ്രകാരമാണ് കേസെടുത്തിട്ടുള്ളത്. ഫാർമസിയിൽ നിന്ന് തീയതിയും ലേബലും ഇല്ലാത്ത മരുന്നുകൾ കണ്ടെടുത്തതിനെത്തുടർന്ന് ഫാർമസി അടച്ചുപൂട്ടിയ അധികൃതർ സ്ഥാപന ഉടമ ഷൈനെതിരെയും കേസെടുത്തു.

പരിശോധന നടത്താൻ മോഹനൻ വൈദ്യർക്ക് ലൈസൻസില്ലെന്ന് ആരോഗ്യവകുപ്പ് പറഞ്ഞു. ജില്ലാ ആരോഗ്യ വകുപ്പ് ഡിഎംഒ ഡോ.കെ.ജെ. റീന, ആയുർവേദ ജില്ലാ മെഡിക്കൽ ഓഫീസർ സുജല കുമാരി, ജില്ലാ ഹെൽത്ത് ഓഫീസർ പി.കെ. രാജു, പീച്ചി എസ്ഐ ബിബിൻ ബി. നായർ എന്നിവരാണ് പരിശോധന നടത്തിയത്. പീച്ചി പോലീസ് കേസ് രജിസ്റ്റർ ചെയ്തു.

# രണ്ടു വർഷങ്ങൾ കഴിഞ്ഞിട്ടും ജെസ്ന കാണാമറയത്ത്

വെച്ചൂച്ചിറ: ജെസ്ന നീ എവിടെ? രണ്ടു വർഷമായി ഉയരുന്ന ഈ ചോദ്യത്തിന് ഇനിയും ഉത്തരമില്ല. കാഞ്ഞിരപ്പള്ളി സെയിന്റ് ഡൊമിനിക്സ് കോളജ് വിദ്യാർത്ഥിനിയായിരുന്ന ജെസ്നയുടെ തിരോധാനത്തിന് ഈ 22ന് രണ്ടു വയസ് തികയുമ്പോഴും തുമ്പുകിട്ടാതെ അന്വേഷണ സംഘം വലയുകയാണ്. 2018 മാർച്ച് 22നാണ് കൊല്ലമുള സന്തോഷ് കവല കുന്നത്തു വീട്ടിൽ ജെസ്ന മരിയ ജെയിംസിനെ കാണാതാകുന്നത്. രാവിലെ മുണ്ടക്കയത്തുള്ള ബന്ധുവീട്ടിലേക്കു പോയ ജെസ്ന എരുമേലി വരെ എത്തിയതായി വിവരമുണ്ട്. പിന്നീട് ആരും കണ്ടിട്ടില്ല.

ജെസ്ന തിരിച്ചെത്തിയില്ലെന്നു കാട്ടി പിതാവ് നൽകിയ പരാതിയിലാണ് പോലീസ് അന്വേഷണം ആരംഭിച്ചത്. ജെസ്ന പോകാൻ സാദ്ധ്യതയുള്ള എല്ലാ സ്ഥലങ്ങളും വെച്ചൂച്ചിറ പോലീസ് അന്വേഷിച്ചു. മുണ്ടക്കയം പുഞ്ചവയലിലെ സുഹൃത്തിനൊപ്പം പോയതെന്നുള്ള പ്രചാരണത്തെ തുടർന്ന് സഹപാഠിയെ ചോദ്യം ചെയ്തെങ്കിലും സംഭവത്തിൽ കാര്യമില്ലെന്നു ബോധ്യപ്പെട്ടു. സൈബർ വിദഗ്ധരുടെ സഹായത്തോടെ പതിനായിരക്കണക്കിനു ഫോൺകോളുകൾ കേന്ദ്രീകരിച്ചും അന്വേഷണം നടത്തി. എന്നാൽ ഫലമുണ്ടായില്ല. തിരോധാനം നിയമസഭയിൽ ഉപക്ഷേപമായെത്തിയപ്പോൾ അന്വേഷണച്ചുമതല തിരുവല്ല ഡിവൈഎസ്പിക്കു നൽകി.



ഇപ്പോൾ പത്തനംതിട്ട ക്രൈംബ്രാഞ്ച് ഡിവൈഎസ്പി മുഹമ്മദ് കബീർ റാവുത്തറുടെ നേതൃത്വത്തിലുള്ള സംഘമാണ് അന്വേഷിക്കുന്നത്.

ലോക്കൽ പോലീസിന്റെ കണ്ടെത്തലിൽ കൂടുതലൊന്നും ക്രൈംബ്രാഞ്ച് അന്വേഷണത്തിൽ നിന്ന് ലഭിച്ചിട്ടില്ല. ആകെയുള്ളത് സിസിടിവി ദൃശ്യങ്ങളാണ്. ബന്ധുക്കൾ നടത്തിയ അന്വേഷണത്തിൽ മുണ്ടക്കയത്തിനുള്ള ബസിൽ ജെസ്ന ഇരിക്കുന്നതായി സിസിടിവിയിൽ കണ്ടിരുന്നു. എന്നാൽ അത് ജെസ്ന ആണെന്നു സ്ഥിരീകരിക്കാൻ പോലീസിനു കഴിഞ്ഞില്ല.

മുണ്ടക്കയം സ്റ്റാൻഡിൽ നിന്നു ലഭിച്ച സിസിടിവി ദൃശ്യങ്ങളിൽ കാണപ്പെട്ട ജെസ്നയോട് സാമ്യമുള്ള പെൺകുട്ടിയെ കണ്ടെത്താനും പോലീസിനു കഴിഞ്ഞില്ല. സിസിടിവി ദൃശ്യങ്ങൾ മുൻനിർത്തിയാണ് ക്രൈംബ്രാഞ്ച് അന്വേഷണം. ജെസ്നയെന്നു കരുതുന്ന പെൺകുട്ടി നടന്നു വരുന്ന ദൃശ്യങ്ങളിൽ സംശയാസ്പദമായി മറ്റു രണ്ടുപേർ കൂടി ഉണ്ടെന്നത് വ്യക്തമാണ്. ഈ ദൃശ്യങ്ങൾ ആരുടേതെന്ന് ഇന്നും വ്യക്തമല്ല. ഇതിനിടെ ബെംഗളൂരുവിൽ ജെസ്നയെ കണ്ടതായി പ്രചാരണമുണ്ടായി. എന്നാൽ അതും ശരിയല്ലെന്നായിരുന്നു കണ്ടെത്തൽ.

# അനധികൃത പടക്ക നിർമാണശാലയിൽ പൊട്ടിത്തെറി: ഒരു മരണം

കുട്ടനാട്: അനധികൃത പടക്ക നിർമാണശാലയിലുണ്ടായ പൊട്ടിത്തെറിയിൽ ഒരാൾ മരിച്ചു. 9 പേർക്കു പൊള്ളലേറ്റു. രണ്ട് പേരുടെ നില അതീവ ഗുരുതരമാണ്. പുളിങ്കുന്ന് പുരയ്ക്കൽ കൊച്ചുമോൻ ആന്റണി, പിതൃസഹോദരപുത്രൻ ബിനോയ് എന്നിവരുടെ ഉടമസ്ഥതയിലുള്ള നിർമാണശാലകളിലാണ് മാർച്ച് 20ന് ഉച്ചയ്ക്ക് രണ്ടരയോടെ തീപിടിത്തവും പൊട്ടിത്തെറിയുമുണ്ടായത്.



കുട്ടനാട് പുളിങ്കുന്നിലെ അനധികൃത പടക്ക നിർമാണശാലയിലുണ്ടായ പൊട്ടിത്തെറിയിൽ തകർന്ന കെട്ടിടം. (ഇൻസെറ്റിൽ മരിച്ച മറിയാമ്മ മാത്യു)

10 വർഷമായി പടക്കശാലയിലെ ജീവനക്കാരിയായ പുളിങ്കുന്ന് കിഴക്കേച്ചിറ മറിയമ്മ മാത്യുവാണ് (കുഞ്ഞുമോൾ-55) രാത്രി ഒൻപതരയോടെ ആലപ്പുഴ മെഡിക്കൽ കോളജ് ആശുപത്രിയിൽ മരിച്ചത്. പുളിങ്കുന്ന് സ്വദേശികളായ കരിയിൽച്ചിറ ഏലിയാമ്മ തോമസ് (തങ്കമ്മ-52), കണ്ണാടി ഇടപ്പറമ്പിൽ വിജയമ്മ (55), കായൽപ്പുറം മുളവനക്കുന്ന് സിദ്ധാർത്ഥൻ (64), തോട്ടത്തറ ഓമന (49), കിഴക്കോട്ടുതറ സരസമ്മ (56), കന്നിട്ടച്ചിറയിൽ ബിന്ദു സതീശൻ (42), പുത്തൻപുരയ്ക്കൽച്ചിറ ഷീല (48), മുപ്പതിൽ റെജി ചാക്കോ (50), മലയിൽ പുത്തൻവീട്ടിൽ ലൈജുമോന്റെ ഭാര്യ ബിനു (30) എന്നിവർക്കാണ് പൊള്ളലേറ്റത്. ഇവരെ ആലപ്പുഴ മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. സിദ്ധാർത്ഥനും ഷീലയും ഒഴികെയുള്ളവർ തീവ്രപരിചരണ വിഭാഗത്തിലാണ്.

പടക്കം വിൽക്കാൻ മാത്രമ ലൈസൻസുള്ള സ്ഥാപനത്തിൽ അനധികൃതമായാണ് പടക്കം നിർമിച്ചതെന്നു പോലീസ് പറഞ്ഞു.

കൊച്ചുമോൻ ആന്റണിയുടെ പിതാവ് പുരയ്ക്കൽ തങ്കച്ചന്റെ പേരിൽ പോലീസ് കേസെടുത്തു. പൊട്ടിത്തെറിയിൽ സമീപത്തെ 2 വീടുകൾക്കും നാശനഷ്ടമുണ്ട്.

# മാവേലിക്കര ജയിലിലെ മരണം: വിശദ അന്വേഷണത്തിന് നിർദേശം

ആലപ്പുഴ: മാവേലിക്കര സബ് ജയിലിൽ ജുഡീഷ്യൽ കസ്റ്റഡിയിൽ എം.ജെ. ജേക്കബ് എന്ന വിചാരണത്തടവുകാരന്റെ മരണം, കസ്റ്റഡിയിൽ നടന്ന കൊലപാതകമെന്നു സംശയിക്കാൻ സാഹചര്യമുണ്ടെന്നു സംസ്ഥാന മനുഷ്യാവകാശ കമ്മിഷൻ. സംഭവത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചു വിശദ അന്വേഷണം നടത്തണമെന്നു കമ്മിഷൻ, സംസ്ഥാന പോലീസ് മേധാവിക്കു നിർദേശം നൽകി.

അന്വേഷണത്തിൽ ഉദ്യോഗസ്ഥതലത്തിൽ വീഴ്ച കണ്ടെത്തിയാൽ ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരിൽ വകുപ്പുതല നടപടികൾ സ്വീകരിക്കണമെന്നും കമ്മിഷൻ ജുഡീഷ്യൽ അംഗം പി. മോഹനദാസ് ആവശ്യപ്പെട്ടു. ഇൻഷുറൻസ് തുക തട്ടിപ്പുകേസിൽ പ്രതിയായ എം.ജെ. ജേക്കബ് മാവേലിക്കര സബ് ജയിലിൽ ജുഡീഷ്യൽ കസ്റ്റഡിയിലിരിക്കെ ദുരൂഹ സാഹചര്യത്തിൽ മരിച്ച സംഭവത്തിൽ മനുഷ്യാവകാശ കമ്മിഷൻ വാർത്തകളുടെ അടിസ്ഥാനത്തിൽ സ്വമേധായ രജിസ്റ്റർ ചെയ്ത കേസിലാണ് ഉത്തരവ്. മനുഷ്യാവകാശ പ്രവർത്തകനായ ഡോ. ജി. സാമുവലും പരാതി നൽകിയിരുന്നു. 2019 മാർച്ച് 21ന് ആയിരുന്നു സംഭവം.

മാവേലിക്കര ഒന്നാം ക്ലാസ് മജിസ്ട്രേട്ട് ഹാജരാക്കിയ അന്വേഷണ റിപ്പോർട്ട് കമ്മിഷൻ പരിശോധിച്ചു. ജേക്കബിന്റെ മരണം കൊലപാതകമാകാനാണ് സാധ്യതയെന്ന് റിപ്പോർട്ടിൽ പറയുന്നു. കമ്മിഷന്റെ അന്വേഷണ വിഭാഗം നേരിട്ട് നടത്തി.

മജിസ്റ്റീരിയൽ റിപ്പോർട്ട് കൊലപാതക സാധ്യത ചൂണ്ടിക്കാണിച്ചിട്ടും സംശയകരമായ വസ്തുതകളെക്കുറിച്ച് ഫലപ്രദമാ അന്വേഷണം നടക്കുന്നില്ലെന്നും കണ്ടെത്തി.

ജയിലിൽ നടന്ന മരണത്തെക്കുറിച്ച് മാവേലിക്കര പോലീസ് കേസ് രജിസ്റ്റർ ചെയിട്ടുണ്ട്. ജേക്കബ് സ്വയം തൂവാല വിഴുങ്ങി മരിച്ചുവെന്നാണ് പോലീസ് കണ്ടെത്തൽ. ഇതു ജുഡീഷ്യൽ എൻക്വയറി റിപ്പോർട്ടിൽ തള്ളിയിട്ടുണ്ട്. അന്വേഷണം ആലപ്പുഴ ക്രൈംബ്രാഞ്ചിന് സംസ്ഥാന പോലീസ് മേധാവി കൈമാറിയിട്ടുണ്ട്.

സഹതടവുകാർ ജേക്കബിനെ അപകടപ്പെടുത്താനുള്ള സാധ്യത കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും കമ്മിഷൻ അന്വേഷണ വിഭാഗം കണ്ടെത്തി.

# ചങ്ങനാശേരിക്കാരൻ ഇറ്റലിയിൽ മരിച്ചു

ചങ്ങനാശേരി: ഇറ്റലിയിൽ മിലാനിൽ സ്വകാര്യ കമ്പനിയിൽ ജോലിക്കാരനായ ചങ്ങനാശേരി സ്വദേശിയെ ഇറ്റലിയിൽ കണ്ടെത്തി. തൃക്കൊടിത്താനം കടമാഞ്ചിറ മാറാട്ടുകുളം പരേതനായ എം.ജെ. കുര്യാക്കോസിന്റെ (കുറുവച്ചൻ) മകൻ ജോജി (57) മരിച്ചതായാണ് ബന്ധുക്കൾക്കു വിവരം ലഭിച്ചത്.



ജോജി

ഇറ്റലിയിലെ മിലാനിലെ സ്വകാര്യ കമ്പനിയിൽ 15 വർഷമായി ജോലി നോക്കിവരികയായിരുന്നു ജോജി. പനി ബാധിച്ചു വീട്ടിലിരിക്കുകയാണെന്നു ഇയാൾ ബന്ധുക്കളോട് പറഞ്ഞിരുന്നു. മാർച്ച് 18ന് ഇയാളെ മുറിയിൽ മരിച്ച നിലയിൽ കണ്ടെത്തുകയായിരുന്നുവെന്നാണ് നാട്ടിൽ ബന്ധുക്കൾക്കു ലഭിച്ച വിവരം. ഇന്ത്യൻ ഒളിമ്പിക്സ് താരം സെബാസ്റ്റ്യൻ സേവ്യറിന്റെ സഹോദരി എടത്വാ മണലേൽ പരേതയായ ജസമ്മയാണ് ഭാര്യ. നിലവിലെ സാഹചര്യത്തിൽ സംസ്കാരം ഇറ്റലിയിലാകും നടത്തുക. മരണം ഇറ്റലിയിലായതിനാൽ കോവിഡ് ബാധിച്ചാണ് മരണമെന്നു അഭ്യൂഹമുയർന്നെങ്കിലും ഇത്തരത്തിൽ വിവരമൊന്നും ലഭിച്ചില്ലെന്നു ബന്ധുക്കളും ജില്ലാ ഭരണകൂടവും അറിയിച്ചു.

# കൂടത്തായി കേസ്: ജോളിയുടെ ജാമ്യഹർജി തള്ളി

കൊച്ചി: കൂടത്തായി റോയ് തോമസ് കൊലക്കേസിൽ മുഖ്യപ്രതി ജോളി നൽകിയ ജാമ്യഹർജി ഹൈക്കോടതി തള്ളി. ജോളിയുടെ ആദ്യഭർത്താവ് റോയ് തോമസ് 2011 സെപ്റ്റംബർ 30നു കൊല്ലപ്പെട്ട സംഭവത്തിൽ കൂടത്തായി പോലീസ് രജിസ്റ്റർ ചെയ്ത കേസിലാണ് ജാമ്യാപേക്ഷ.

കേസിൽ കുറ്റപത്രം നൽകിയെന്നും വിചാരണ വൈകുന്ന സാഹചര്യത്തിൽ ജാമ്യം അനുവദിക്കണമെന്നും ഹർജിഭാഗം ആവശ്യപ്പെട്ടു. എന്നാൽ, അപൂർവതയുള്ള കേസുകളിൽ വിചാരണ വൈകുന്നതും ജാമ്യം നൽകാൻ കാരണമല്ലെന്ന പ്രോസിക്യൂഷൻ വാദം പരിഗണിച്ചാണ് കോടതി നടപടി. കേസിൽ ജോളിയുടെ പങ്ക് വ്യക്തമാക്കുന്ന തെളിവുകളുണ്ടെന്ന് പ്രോസിക്യൂഷൻ ബോധിപ്പിച്ചു.




P. Isaac Isaac, B.S., D.D.S., M.P.H.

ISAAC PARAMPOTTIL, D.D.S.
FAMILY DENTAL CLINIC

259 E. Rand Rd, Suite # 110
Mount Prospect, IL 60056

Most Major Insurance Plans Accepted

Modern Personal Dental Care

For New Patient FREE Consultation

COMPREHENSIVE DENTAL CARE

Office Hours by Appointments

847-292-6640

- Extraction / Dentures
- Cosmetic Bonding / Bleaching / Porcelain Laminate / Cleaning / X-rays / Filling
- Preventive Checkups
- Root Canals / Crowns / Bridges

# THANNIKKARY VACATION HOME

S.H.MOUNT P.O., KOTTAYAM 686006, KERALA

**FEATURES:**

- Free Wi-Fi
- Plenty of parking.
- Beautician near by
- Mosquito proof house
- Currency exchange near by
- Cook available to cook with your choice
- Kottayam Railway Station & Town near by
- Excellent ayurvedic massage place near by
- All Bedrooms are AC with attached bathrooms



For booking:
ABRAHAM THANNIKARI
USA - 630 491-6165
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com


# GREEN NESTLE HERITAGE HOME

Kannachamparambil, Kuruppanthara,
Manjoor P.O, Kottayam 686 603

- For Vacation and Holiday rentals.
- Licensed Homestay, Safe and secured.
- 3 A/C rooms. Unique packages for 2-8 people very economical.
- Individual Room rental for families
- Fruits and vegetable Garden, nature's paradise.
- Feels like farm house with pets, animals, fish and birds.
- Free wifi- with High speed internet, CCTV camera, Police Clearance
- Gold classification - Tourism Department of Kerala.
- Cook available (optional)
- Full fledged kitchen with all facilities to cook yourself
- Caretaker to help you in as your needs, Transportation facilities to Pick up and Drop, HDTV




Contact -
+919497238215, +918078265859 (INDIA)
+16305976978, +12482502327 (USA)
greennestlehomes@gmail.com,
greennestlehomesusa@gmail.com
www.greennestlehomes.com






# ജനതാ കർഫ്യൂവിന് പ്രധാനമന്ത്രിയുടെ ആഹ്വാനം

ന്യൂഡൽഹി: കോവിഡ് ഭീഷണിയുടെ പശ്ചാത്തലത്തിൽ രാജ്യത്തെ അഭിസംബോധന ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി നൽകിയ പ്രധാന നിർദേശങ്ങൾ:

* 22ന് രാവിലെ 7 മുതൽ രാത്രി 9 വരെ ജനതാ കർഫ്യൂ നടത്തി. അവശ്യസേവനങ്ങൾക്ക് മാത്രം ഇളവ്. * അടുത്ത ഏതാനും ആഴ്ച സർക്കാർ ജോലിക്കാരും ആശുപത്രികളിലും മാധ്യമങ്ങളിലും പ്രവർത്തിക്കുന്നവരും ജനപ്രതിനിധികളും മാത്രം വീടിനു പുറത്തിറങ്ങുക. 60 വയസ്സിനു മുകളിലുള്ളവർ



വീടിനു പുറത്തിറങ്ങുന്നതു തീർത്തും ഒഴിവാക്കുക. * നിയന്ത്രണങ്ങൾ കാരണം ജോലിക്ക് എത്താത്തവരുടെ ശമ്പളം നൽകാതിരിക്കരുത്. * ഭക്ഷ്യവസ്തു ദൗർലഭ്യമില്ല. ആശങ്കപ്പെട്ട് ഭക്ഷ്യവസ്തുക്കളും മറ്റും വാങ്ങിക്കൂട്ടരുത്. * ആൾക്കൂട്ടങ്ങളിൽ നിന്ന് ഒഴിഞ്ഞുനിൽക്കുക. രോഗത്തെ നിസ്സാരമായി കരുതാതിരിക്കുക. സാമൂഹിക അകല വ്യവസ്ഥ പാലിക്കുക. * രോഗഭീഷണി വകവെക്കാതെ പ്രവർത്തിക്കുന്ന ആശുപത്രി, വിമാനത്താവളം, സർക്കാർ മാധ്യമങ്ങൾ തുടങ്ങിയ അവശ്യമേഖലകളിലുള്ളവർക്ക് 22നു വൈകിട്ട് 5നു ജനം നന്ദി അർപ്പിക്കണം. അഞ്ചു മിനിട്ട് എല്ലാവരും വീട്ടിൽ ബാൽക്കണിയിലോ ജനലരികിലോനിന്ന് കയ്യടിച്ചോ മണി കിലുക്കിയോ നന്ദി പ്രകടിപ്പിക്കണം. * സാധാരണ ആശുപത്രി പരിശോധനകൾ ഒഴിവാക്കുക, അടിയന്തര സ്വഭാവമില്ലാത്ത ശസ്ത്രക്രിയ ഒരു മാസം മാറ്റിവെക്കുക. * കോവിഡിനെ നേരിടാൻ വേണ്ടത് നിശ്ചയദാർഢ്യവും സ്വയം നിയന്ത്രണവും – സ്വയം സംരക്ഷിക്കുക, സംരക്ഷിക്കാൻ മറ്റുള്ളവരെ സഹായിക്കുക.

## മൊബൈൽ കമ്പനികളോട് കേന്ദ്രം

# വേണം, വ്യക്തികളുടെ ഫോൺ സംഭാഷണം

ന്യൂഡൽഹി: കേരളമടക്കമുള്ള സംസ്ഥാനങ്ങളിലെ മൊബൈൽ സംഭാഷണ വിവരങ്ങൾ കൈമാറാൻ ടെലികോം കമ്പനികൾക്ക് കേന്ദ്രസർക്കാർ നിർദേശം.

വ്യക്തികളുടെ സ്വകാര്യതയെ ബാധിക്കുന്ന ഈ അസാധാരണ നിർദേശത്തിനെതിരെ സൈബർ സെല്ലുലാർ ഓപ്പറേറ്റേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യ (സിഒഎഐ) ടെലികോം സെക്രട്ടറി അൻശുപ്രകാശിനു പരാതി നൽകി. നിശ്ചിത വ്യവസ്ഥകളുടെ സംഭാഷണ വിവരങ്ങൾ ശേഖരിക്കാവൂ എന്നിരിക്കെയാണ് എല്ലാ കമ്പനികൾക്കുമായി കേന്ദ്രത്തിന്റെ പൊതുനിർദേശം. ഇതിനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല. കേരളത്തിനു പുറമേ, ആന്ധ്രപ്രദേശ്, ഹരിയാന, ഹിമാചൽപ്രദേശ്, ജമ്മു കശ്മീർ, ഒഡീഷ, മധ്യപ്രദേശ്, പഞ്ചാബ്, ഡൽഹി സംസ്ഥാനങ്ങളിലെയും മൊബൈൽ രേഖകൾ നൽകണമെന്നാണ് നിർദേശം.

ഡൽഹി സർക്കാരിൽ നിന്ന് ഫെബ്രുവരി രണ്ടുമുതൽ നാലുവരെയുള്ള ദിവസങ്ങളിലെ വിവരങ്ങൾ കൈമാറാനായിരുന്നു നിർദേശം. പൗരത്വ ഭേദഗതിക്കെതിരെയുള്ള പ്രതിഷേധങ്ങൾ നടക്കുന്നതിനു പുറമേ, ഡൽഹി തെരഞ്ഞെടുപ്പിന്റെ പ്രചാരണം ഊർജിതമായി നടന്നതും ഈ ദിവസങ്ങളിലായിരുന്നു. ഏതാനും മാസങ്ങളായി വിവരം ആവശ്യപ്പെടുന്നുണ്ടെങ്കിലും ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ഇതിനായി സമ്മർദം ഏറിയതായി ഒരു ടെലികോം കമ്പനി പ്രതിനിധി വെളിപ്പെടുത്തി.

എന്തുകാരണത്താലാണ് വ്യക്തികളുടെ മൊബൈൽ സംഭാഷണ വിവരങ്ങൾ കൈമാറാൻ ആവശ്യപ്പെടുന്നതെന്ന് നിർദേശത്തിൽ വ്യക്തമാക്കിയിട്ടില്ലെന്നും ഇങ്ങനെയുള്ള വിവരനിയമം സ്വകാര്യതയുടെ ലംഘനമാണെന്നും അസോസിയേഷൻ ഫെബ്രുവരി 12ന് അയച്ച പരാതിയിൽ ചൂണ്ടിക്കാട്ടി. അതേസമയം, ലൈസൻസ് നൽകുന്ന ടെലികോം മന്ത്രാലയം ആവശ്യപ്പെടുകഴിഞ്ഞാൽ വിവരങ്ങൾ കൈമാറാതെ നിവൃത്തിയില്ലെന്ന അവസ്ഥയിലാണ് കമ്പനികൾ. വ്യക്തികളുടെ സംഭാഷണ വിവരങ്ങൾ കൈമാറാനുള്ള വ്യവസ്ഥ 2013-ൽ യുപിഎ സർക്കാർ കർശനമാക്കിയിരുന്നു. അതനുസരിച്ച് കേന്ദ്ര ആഭ്യന്തമന്ത്രാലയത്തിന്റെ അനുമതിയോടെ എസ്.പി. റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥനുമാത്രമേ വിവരങ്ങൾ ചോദിക്കാനാവൂ. അതു തേടിയതിന്റെ കാരണം വിശദീകരിച്ച് എസ്പി ജില്ലാ മജിസ്ട്രേട്ടിനു സത്യവാങ്മൂലം സമർപ്പിക്കണം.

ഫോൺസംഭാഷണ വിവരങ്ങൾ കൈമാറാനുള്ള നിർദേശം ടെലികോം സേവനം മെച്ചപ്പെടുത്താനുള്ള ശ്രമത്തിന്റെ ഭാഗമായാണെന്ന് ടെലികോം മന്ത്രാലയങ്ങൾ അവകാശപ്പെട്ടു. ടെലിഫോൺ വിളികൾ മുറിയുന്നതുമായി പലഭാഗങ്ങളിൽ നിന്നും വ്യാപകപരാതിയുയർന്നിട്ടുണ്ട്. 'കോൾ ഡ്രോപ്സ്' ഒഴിവാക്കുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായാണ് വിവരങ്ങൾ ആവശ്യപ്പെട്ടത്. അല്ലാതെ വ്യക്തികളുടെ വിവരം ചോർത്താനല്ലെന്നും അവർ പറഞ്ഞു.

## സ്വകാര്യത കവരാനുള്ള ഗൂഢാലോചന

ന്യൂഡൽഹി: ഡൽഹി കലാപം അന്വേഷിക്കാനെന്നപേരിൽ പൗരന്മാരുടെ ഫോൺവിളികളുടെ വിശദാംശങ്ങൾ തേടുന്ന കേന്ദ്രസർക്കാർ നടപടി ആസൂത്രിതമായ ഗൂഢാലോചനയാണെന്നു കോൺഗ്രസ്. ഭരണഘടന ഉറപ്പുനൽകിയിരിക്കുന്ന മൗലികസ്വാതന്ത്ര്യമായ പൗരന്മാരുടെ സ്വകാര്യത കവരാനുള്ള നീക്കമാണിതിനു പിന്നിലെന്ന് കോൺഗ്രസ് വക്താവ് മനീഷ് തിവാരി പത്രസമ്മേളനത്തിൽ പറഞ്ഞു.

സ്വകാര്യത മൗലികാവകാശമായി സുപ്രീംകോടതി വിധിച്ചിരുന്നു. ബിജെപി സർക്കാർ സുപ്രീംകോടതിയുടെ ഈ തീരുമാനം തുടർച്ചയായി ലംഘിക്കുകയാണെന്ന് അദ്ദേഹം ആരോപിച്ചു.

2013ൽ യുപിഎ സർക്കാർ ഫോൺ ഇടപെടൽ, സൈബർ ആശയവിനിമയ ഇടപെടൽ എന്നിവയുടെ നിയമങ്ങൾ പരിഷ്കരിച്ചിരുന്നു. എൻഡിഎ സർക്കാർ ആ നിയമങ്ങളും നിയന്ത്രണങ്ങളും അനുദിനം ലംഘിക്കുകയാണ്. ഏത് നിയമപ്രകാരമാണ്, ഏതു വ്യവസ്ഥ പ്രകാരമാണ് സർക്കാരിന് എല്ലാ പൗരന്മാരുടെയും കോൾ റെക്കോഡുകൾ ശേഖരിക്കാനാവുകയെന്ന് അദ്ദേഹം ചോദിച്ചു. ടെലിഗ്രാഫ് നിയമത്തിനു കീഴിലുള്ള ചട്ടങ്ങളടക്കമുള്ള വയുടെ ലംഘനമാണിതെന്ന് തിവാരി പറഞ്ഞു.

# ഏപ്രിൽ 6 വരെ റിക്കവറി പാടില്ല: ഹൈക്കോടതി

കൊച്ചി: പലവിധ നികുതികളുടെയും ബാങ്ക് വായ്പകളുടെയും കുടിശിക ഈടാക്കുന്നതിനുള്ള റിക്കവറിയും മറ്റു നിർബന്ധിത നടപടികളും ഹൈക്കോടതി ഏപ്രിൽ 6 വരെ തടഞ്ഞു. കോവിഡ് ഭീതിയുടെ പശ്ചാത്തലത്തിൽ നികുതി ഈടാക്കൽ, ബാങ്ക് വായ്പ കുടിശിക ഈടാക്കൽ വിഷയവുമായി ബന്ധപ്പെട്ട എൺപതിലേറെ ഹർജികൾ ഒന്നിച്ചു പരിഗണിച്ചാണ് ജസ്റ്റിസ് അമിത് റാവൽ പൊതുഉത്തരവ് പുറപ്പെടുവിച്ചത്.

ആദായ നികുതി, വാറ്റ്, വിൽപന നികുതി, വാഹന നികുതി, കെട്ടിട നികുതി, മുനിസിപ്പാലിറ്റി/കോർപറേഷൻ നികുതി എന്നിവയുമായി ബന്ധപ്പെട്ട കേസുകളാണുണ്ടായിരുന്നത്.

ബാങ്കുകൾ, ധനസ്ഥാപനങ്ങൾ, ആദായനികുതി- വാറ്റ്- ജിഎസ്ടി അധികൃതർ, വാഹന നികുതി- കെട്ടിട നികുതി അധികാരികൾ എന്നിവർ റിക്കവറി ഉൾപ്പെടെ നിർബന്ധിത നടപടികൾ നിർത്തിവെക്കാനാണ് നിർദേശം. ബന്ധപ്പെട്ട വകുപ്പുകൾക്കും ബാങ്കുകൾക്കും കസ്റ്റംസ്-പ്രത്യക്ഷ നികുതി ബോർഡിനും 'സർഫാസി' നിയമപ്രകാരമുള്ള നടപടി പരിഗണിക്കുന്ന ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റുമാർക്കും അറിയിപ്പു നൽകാൻ നിർദേശമുണ്ട്.

അധികൃതർ പ്രഖ്യാപിക്കുന്ന പൊതു ഇളവ് പദ്ധതികളുടെ ആനുകൂല്യം നേടാൻ ഈ ഉത്തരവ് തടസ്സമല്ലെന്നു കോടതി വ്യക്തമാക്കി.

ബാങ്ക് വായ്പാ കുടിശിക തിരിച്ചടയ്ക്കണമെന്നുള്ളവർക്ക് റിസർവ് ബാങ്കിന്റെ ഉൾപ്പെടെ നിർദേശമനുസരിച്ച് നടപടിയാകാം. ജിഎസ്ടി, വാറ്റ്, കെട്ടിട നികുതി, വാഹന നികുതികളുടെ കാര്യത്തിലും ആവശ്യമുള്ളവർക്ക് വകുപ്പ് നിർദേശിക്കുന്ന ഇളവുകൾക്കു വിധേയമായി അടച്ചുതീർക്കാം. ഏതെങ്കിലും കേസിൽ ഈ ഉത്തരവ് ഭേദഗതി ചെയ്യണമെങ്കിൽ വകുപ്പിന് അപേക്ഷ നൽകാം.

അധികൃതർക്കു മുന്നിൽ ഹാജരാകാൻ നിർദേശിച്ചിട്ടുള്ള കക്ഷികൾക്കു നിലവിലെ സാഹചര്യത്തിൽ നേരിട്ടെത്താനായില്ലെങ്കിൽ ഏപ്രിൽ 6 വരെ പ്രതികൂല ഉത്തരവിറക്കരുത്. മാർച്ച് 31ന് മുമ്പ് പൂർത്തിയാക്കേണ്ട അസസ്മെന്റ് നടപടികൾ നീട്ടാം. ചരക്കോ, വാഹനങ്ങളോ വിട്ടുകിട്ടേണ്ട വിഷയങ്ങളിൽ പ്രത്യേകം അപേക്ഷ നൽകാമെന്നും കോടതി വ്യക്തമാക്കി. കേസുകൾ വീണ്ടും ഏപ്രിൽ 6നു പരിഗണിക്കും.

# യോജിച്ചു സധൈര്യം പോരാടാമെന്ന് രാഹുൽ ഗാന്ധി

ന്യൂഡൽഹി: ജീവിതത്തെയും ഉപജീവനത്തെയും പ്രവചനാതീതമായി ബാധിക്കുന്ന കോവിഡ്-19 പോലെയുള്ള പ്രതിസന്ധി ഘട്ടങ്ങളിൽ ഏവരും യോജിച്ചു സധൈര്യം പോരാടണമെന്ന് രാഹുൽ ഗാന്ധി എംപി. സമൂഹത്തെ സംരക്ഷിക്കുന്നതിനു സാധ്യമായ എല്ലാ മുൻകരുതൽ നടപടികളും സ്വീകരിക്കേണ്ടത് ഉത്തരവാദിത്വമാണെന്നും രാഹുൽ ഗാന്ധി ഓർമിപ്പിച്ചു. ഈ ആരോഗ്യത്തെ അടിയന്തരാവസ്ഥയുടെ സാഹചര്യത്തിൽ തന്റെ വയനാട് സന്ദർശനം മാറ്റിവെക്കണമെന്ന് കളക്ടർമാർ നിർദേശിച്ചെന്നും അദ്ദേഹം അറിയിച്ചു.

കൊറോണ വ്യാപനം തടയുന്നതിനു വ്യക്തിശുചിത്വവും പൊതുശുചിത്വവും പാലിക്കാൻ എല്ലാവരും തയാറാകണമെന്നു വയനാട്ടിലെ വോട്ടർമാർക്കായി മലയാളത്തിലും ഇംഗ്ലീഷിലും തയാറാക്കിയ സന്ദേശത്തിൽ രാഹുൽ പറഞ്ഞു. രോഗലക്ഷണങ്ങൾ ഉള്ളവർ ഉടൻ വൈദ്യസഹായം തേടണമെന്നും സമ്പർക്കം ഒഴിവാക്കണമെന്നും അദ്ദേഹം നിർദേശിച്ചു. യാത്രകൾ ഒഴിവാക്കുകയും പൊതുസുരക്ഷാ നടപടികളോടു സഹകരിക്കുകയും വേണം. വേണ്ടവിധത്തിൽ മുൻകരുതൽ നടപടികൾ കൈക്കൊള്ളുന്നതിൽ വീഴ്ചയുണ്ടായ രാജ്യങ്ങളിലെ രോഗവ്യാപന നിരക്ക് കൂടിയത് നമുക്കൊരു പാഠമാണ്. മുൻ



കരുതലിനും പ്രതിരോധ മാർഗങ്ങൾക്കുമാണ് നാം ഊന്നൽ നൽകേണ്ടതെന്നും രാഹുൽ വിശദീകരിച്ചു. കൊറോണ വ്യാപനം തടയുന്നതിനുള്ള നടപടികളെക്കുറിച്ച് വയനാട് കളക്ടർ ഡോ. അദീല അബ്ദുള്ളയോടും മലപ്പുറം, കോഴിക്കോട് ജില്ലാ കളക്ടർമാരോടും താൻ നേരിട്ടു സംസാരിച്ചതായി രാഹുൽ വെളിപ്പെടുത്തി. രോഗബാധ നിയന്ത്രണവിധേയമാണെന്നു കളക്ടർമാർ ഉറപ്പു നൽകി.

കൊറോണ വൈറസ് ലക്ഷണങ്ങൾ കണ്ടെത്തിയതിനെത്തുടർന്ന് മറ്റുള്ളവരുമായുള്ള സമ്പർക്കം ഒഴിവാക്കി ഐസൊലേഷനിൽ കഴിയുന്നവർ എത്രയും വേഗം സുഖം പ്രാപിക്കട്ടെയെന്നും രാഹുൽ ആശംസിച്ചു.

രോഗബാധ തടയുന്നതിനായും ചികിത്സയ്ക്കുമായി കഠിനാധ്വാനം ചെയ്യുന്ന എല്ലാ ഡോക്ടർമാർക്കും ആരോഗ്യ പ്രവർത്തകർക്കും ജില്ലാ ഭരണകൂടത്തിനും രാഹുൽ ഗാന്ധി നന്ദി പറയുകയും അവരുടെ അശ്രാന്ത പരിശ്രമത്തെയും ത്യാഗത്തെയും അഭിനന്ദിക്കുകയും ചെയ്തു.

## പാസ്പോർട്ട് ഓഫീസുകളിൽ നേരിട്ടുള്ള അന്വേഷണങ്ങൾക്ക് താൽക്കാലിക വിലക്ക്

കൊച്ചി: കോവിഡ് 19 വൈറസിന്റെ വ്യാപനം പ്രതിരോധിക്കുന്നതിന്റെ ഭാഗമായി റീജണൽ പാസ്പോർട്ട് ഓഫീസുകൾ, പാസ്പോർട്ട് സേവാകേന്ദ്രങ്ങൾ, പോസ്റ്റോഫീസ് പാസ്പോർട്ട് സേവാ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നേരിട്ടുള്ള അന്വേഷണങ്ങൾക്കു താൽക്കാലിക വിലക്ക് ഏർപ്പെടുത്തിയതായി കൊച്ചിയിലെ റീജണൽ പാസ്പോർട്ട് ഓഫീസ് അധികൃതർ അറിയിച്ചു. കൊച്ചിയിലെ റീജണൽ പാസ്പോർട്ട് ഓഫീസ്, ആലുവ, ആലപ്പുഴ, കൊച്ചി, കോട്ടയം, തൃശൂർ എന്നിവിടങ്ങളിലെ പാസ്പോർട്ട് സേവാ കേന്ദ്രങ്ങൾ, ചെങ്ങന്നൂർ, കട്ടപ്പന, ഒലവക്കോട്, നെന്മാറ എന്നിവിടങ്ങളിലെ പോസ്റ്റ് ഓഫീസ് പാസ്പോർട്ട് സേവാ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലേക്കാണ് വിലക്ക് ഏർപ്പെടുത്തിയത്. ഇനി ഒരറിയിപ്പ് ഉണ്ടാകുന്നതുവരെ വിലക്ക് തുടരുമെന്ന് അധികൃതർ അറിയിച്ചു. കൂടാതെ, വീടുകളിൽ നിരീക്ഷണത്തിൽ കഴിയണമെന്ന് ആരോഗ്യവകുപ്പ് നിർദേശിച്ചിട്ടുള്ളവർ ദയവായി നിരീക്ഷണ കാലയളവിൽ പാസ്പോർട്ട് സേവാ കേന്ദ്രങ്ങൾ സന്ദർശിക്കരുതെന്നും അധികൃതർ ആവശ്യപ്പെട്ടു.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 73.83 |
| യൂറോ | 82.46 |
| സ്റ്റെർലിംഗ്പൗണ്ട് | 92.45 |
| സ്വിസ് ഫ്രാങ്ക് | 77.80 |
| സിംഗപ്പൂർ ഡോളർ | 52.30 |
| കനേഡിയൻ ഡോളർ | 53.44 |
| ഒമാൻ റിയാൽ | 191.79 |
| ബഹ്റൈൻ ദിനാർ | 195.64 |
| സൗദി റിയാൽ | 19.68 |
| യു.എ.ഇ. ദിർഹം | 20.11 |
| കുവൈത്ത് ദിനാർ | 239.87 |

## ഗർഭഛിദ്ര നിയമ ഭേദഗതി ബിൽ പാസാക്കി

ന്യൂഡൽഹി: നിയമപരമായ ഗർഭഛിദ്രത്തിനുള്ള സമയപരിധി 20ൽ നിന്ന് 24 ആഴ്ചയായി ഉയർത്താൻ വ്യവസ്ഥ ചെയ്യുന്ന ഗർഭഛിദ്ര ഭേദഗതി ബിൽ ലോക്സഭ പാസാക്കി. ജനുവരിയിൽ ഭേദഗതിക്കു കേന്ദ്രമന്ത്രിസഭായോഗം അനുമതി നൽകിയിരുന്നു.

നിയമപ്രകാരം 20 ആഴ്ചവരെയുള്ള ഗർഭം ഇല്ലാതാക്കുന്നതിന് ഒരു ഡോക്ടറുടെയും 20–24 ആഴ്ച വരെയുള്ളതിന് 2 ഡോക്ടർമാരുടെയും അഭിപ്രായം തേടണം. സ്ത്രീയുടെ ആരോഗ്യത്തെ ഗുരുതരമായി ബാധിക്കുമെന്നു മെഡിക്കൽ ബോർഡ് സ്ഥിരീകരിക്കുന്ന ഗർഭം അലസിപ്പിക്കുന്നതിനു സമയപരിധി ബാധകമല്ല. ഗർഭഛിദ്രം നടത്തുന്നയാളുടെ വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കാനും ബില്ലിൽ വ്യവസ്ഥയുണ്ട്. വിവരങ്ങൾ പരസ്യപ്പെടുത്തിയാൽ ഒരു വർഷം വരെ തടവുശിക്ഷ ലഭിക്കും.

## മണിപ്പൂരിലെ മന്ത്രിയെ സുപ്രീംകോടതി നീക്കി

ന്യൂഡൽഹി: മണിപ്പൂരിലെ വനംമന്ത്രി ടി.എച്ച്. ശ്യാംകുമാറിനെ സുപ്രീംകോടതി നീക്കി. ബിജെപി അംഗമായ ശ്യാംകുമാർ ഇനിയൊരു ഉത്തരവുണ്ടാകുന്നതുവരെ നിയമസഭയിൽ പ്രവേശിക്കരുതെന്നും കോടതി വ്യക്തമാക്കി.

ഭരണഘടനയുടെ 142-ാം വകുപ്പ് പ്രകാരമുള്ള സവിശേഷാധികാരമുപയോഗിച്ചാണ് സുപ്രീംകോടതിയുടെ നടപടി. 2017-ലെ നിയമസഭാതെരഞ്ഞെടുപ്പിൽ കോൺഗ്രസ് ടിക്കറ്റിൽ മത്സരിച്ച് ജയിച്ച ശ്യാംകുമാർ പിന്നീട് ബിജെപി സർക്കാരിൽ ചേർന്നു. ശ്യാംകുമാറിനെ അയോഗ്യനാക്കണമെന്ന പരാതിയിൽ ഇതുവരെ സ്പീക്കർ തീരുമാനമെടുക്കാത്ത സാഹചര്യത്തിലാണ് സുപ്രീംകോടതിയുടെ നടപടി.

തീരുമാനമെടുക്കാൻ മാർച്ച് 28 വരെ സമയം നൽകണമെന്ന് സ്പീക്കർ സുപ്രീംകോടതിയിൽ ആവശ്യപ്പെട്ടു.

എന്നാൽ, തങ്ങളുടെ സവിശേഷാധികാരം ഉപയോഗിക്കാൻ നിർബന്ധിതരായ ജസ്റ്റിസുമാരായ ആർ.എഫ്. നരിമാൻ എസ്. രവീന്ദ്രഭട്ട് എന്നിവരുടെ ബെഞ്ച് വ്യക്തമാക്കി. ശ്യാംകുമാറിനെ ഉടൻ മന്ത്രിസ്ഥാനത്തു നിന്ന് നീക്കുന്നതായും ഇനിയൊരു ഉത്തരവുണ്ടാകുന്നതുവരെ സഭയിൽ പ്രവേശിക്കരുതെന്നും ബെഞ്ച് പറഞ്ഞു. കേസ് മാർച്ച് 30ന് വീണ്ടും പരിഗണിക്കും.

# നീതിക്കായി കേണ നിർഭയയുടെ അമ്മ

മരണത്തോളം കൂടെപ്പോരുന്ന ഒരു വേദന എന്റെയുള്ളിലുണ്ട്. കഴിഞ്ഞ ഏഴ് വർഷക്കാലവും എന്റെ കണ്ണിലൂടെ ഒഴുകിയത് ഉള്ളു മുറിഞ്ഞൊഴുകിയ ആ വേദനയായിരുന്നു. കരഞ്ഞു കരഞ്ഞ് കല്ലായിപ്പോയ ഒരമ്മയാണ് ഞാൻ. 'ഇന്ത്യയിൽ ഇനി ഇതുപോലെ ഒരമ്മയും ഉണ്ടാകാതിരിക്കട്ടെ എന്ന വേദനയോടെയാണ് ആശാദേവി എന്ന അമ്മയുടെ ഉള്ളുരുക്കം കേട്ടുനിന്നത്. വിലാപങ്ങൾക്കൊപ്പം നിർഭയ എന്ന് പേരിട്ട് വിളിച്ച് വർഷാവർഷം മെഴുക് തിരി കത്തിച്ച് അനുസ്മരിക്കുന്ന അതിക്രൂരമായി കൊല്ലപ്പെട്ട ഒരു മകളുടെ അമ്മ.

ഇപ്പോൾ മകളുടെ ഘാതകരുടെ വധശിക്ഷ നടപ്പായപ്പോഴും മരണത്തോളം തന്റെ നെഞ്ചിനുള്ളിൽ കൂടെപ്പോരുന്ന വേദന ആശാദേവിയുടെ ഉള്ളിലുണ്ട്. മരണത്തോട് മല്ലടിച്ച് ആശുപത്രിയിൽ ബോധമില്ലാതെ കിടന്ന നാളുകളിൽ നേർത്ത ഒരനക്കത്തിനിടെ അവൾ ഒരു തുള്ളി വെള്ളം ചോദിച്ചിരുന്നു. അതു നൽകാൻ തനിക്കായില്ലല്ലോ എന്ന വേദന മാഞ്ഞു പോകാതെ ഇപ്പോഴും ഉള്ളിൽ കല്ലുകെട്ടിക്കിടക്കുയാണെന്ന് അവർ നിറകണ്ണുകളോടെ പറഞ്ഞു.

ഭൂമിയിൽ മറ്റൊരു മൃഗവും മനുഷ്യനെ മുറിവേൽപ്പിക്കാത്ത വിധത്തിൽ അതിക്രൂരമായി വേട്ടയാടി ചോര വാർന്നു കിടക്കുന്ന തന്റെ മകളുടെ ദൃശ്യം ഇപ്പോഴും കൺമുന്നിലുണ്ട്. ഓർമ മാത്രമാണ് ഉയിരിനെ ഇന്നു പുലർക്കാലത്തേക്കു കൂടെ ഉണരാനുള്ള കരുത്തോടെ പിടിച്ചു നിർത്തിയതെന്നും അവർ പറയുന്നു.

എട്ടുവർഷത്തെ അവരുടെ കാത്തിരിപ്പ് കാലത്തിനും കോടതികൾക്കും തൂക്ക് കയറിനും ഇടയിലായിരുന്നു എന്നു തന്നെ പറയാം. ലോകത്ത് തന്നെ മറ്റൊരു മാതാപിതാക്കൾക്കും നേരിടേണ്ടി വന്നിട്ടില്ലാത്ത രാപകലുകളിലൂടെയാണ് ഇക്കാലമത്രയും ആശാദേവി എന്ന അമ്മയും ബദ്രി സിംഗ് എന്ന അച്ഛനും കടന്നുപോയത്. ഇന്ത്യയിൽ ഇനിയൊരു അമ്മയുടെ ഓർമകളിലേക്ക് അതുപോലൊരു രാത്രി കടന്നുവരാതിരിക്കാൻ തന്റെ മകളുടെ ജീവൻ ഇറുത്തെടുത്ത കുറ്റവാളികളുടെ മാനദണ്ഡനം കൊണ്ടുമാത്രമേ കഴിയൂ എന്ന് ആശാദേവി എന്ന അമ്മ ഉറച്ചുവിശ്വസിച്ചു. നിർഭയ കേസിലെ പ്രതികളുടെ വധശിക്ഷ ശരിവെച്ച കോടതി വിധി വന്നപ്പോൾ തന്റെ വേദനിക്കുന്ന മുറിവുകൾക്ക് മേൽ പുരട്ടിയ മരുന്നുപോലെയായിരുന്നു ആ വാർത്ത എന്നായിരുന്നു അവരുടെ ആദ്യ പ്രതികരണം.



നിർഭയയുടെ പിതാവ് ബദ്രി സിംഗും അമ്മ ആശാദേവിയും വിധികേട്ടശേഷം കോടതി വളപ്പിൽ നിന്ന് മടങ്ങുന്നു.

വധശിക്ഷയ്ക്കെതിരെ രാജ്യത്തിനകത്തും പുറത്തും നടക്കുന്ന ചർച്ചകളെക്കുറിച്ചോ അതൊരു കിരാത ശിക്ഷാ മാർഗമാണെന്ന ന്യായവാദങ്ങളെക്കുറിച്ചോ ആശങ്കപ്പെടാൻ കഴിയാത്ത വിധം ജീവിതത്തിൽ മുറിവേറ്റു പോയ ഒരച്ഛനും അമ്മയ്ക്കും തൂക്കുമരത്തിലേക്ക് നോക്കി നീതി പുലരുന്നത് കാത്തിരിക്കുന്ന അവരുടെ പ്രതീക്ഷയ്ക്കും മനുഷ്യന്റെ ഭാഷയിൽ നൽകാവുന്ന മറുപടി ഇപ്പോൾ മൗനം മാത്രമായിരിക്കും.

അച്ഛനും അമ്മയും ജ്യോതിയെന്ന് പേരിട്ടു വിളിച്ച ആ പാരാമെഡിക്കൽ വിദ്യാർത്ഥിനി ഒരു നാടിന്റെ നൊമ്പരങ്ങളിൽ ഇന്ന് നിർഭയ എന്ന അടയാളമാണ്.

തങ്ങളുടെ മകളെ ഭൂമിയിൽ നിന്ന് പറിച്ചെറിഞ്ഞ പ്രതികളുടെ വധശിക്ഷ നടപ്പാക്കുന്നതും കാത്ത് ദ്വാരകയിലെ വീട്ടിൽ കഴിയുകയായിരുന്നു ബദ്രി സിംഗും ആശാദേവിയും. മകളുടെ മരണം മുതൽ പ്രതികളുടെ വധശിക്ഷയിലൂടെ മാത്രമേ തങ്ങൾക്ക് നീതി ലഭിക്കൂ എന്ന ഉറച്ച വിശ്വാസത്തിലാണ് ഇവർ കഴിഞ്ഞു പോകുന്നത്. അതിനായി മുന്നിട്ടിറങ്ങിയത് നിർഭയയുടെ അമ്മ ആശാ ദേവി തന്നെയാണ്. ഏഴു വർഷമായും തുടരുന്ന നിയമ പോരാട്ടങ്ങൾക്കൊടുവിലും നീതി തങ്ങളെ തേടിയെത്തിയിട്ടില്ല എന്നു തന്നെയാണ് ആശാദേവിക്കു പറയാനുണ്ടായിരുന്നത്. പ്രതികളുടെ ശിക്ഷ നടപ്പാക്കുന്നത് വൈകിയത് കോടതിയിൽ ഉള്ള ജനങ്ങളുടെ വിശ്വാസം നഷ്ടപ്പെടാനിടയാക്കുമെന്നും അവർ പറഞ്ഞു.

സംഭവദിവസം ഒന്നു രണ്ടു മണിക്കൂറുകൾക്കകം തിരികെ വരാമെന്ന് പറഞ്ഞാണ് അവൾ പുറത്തുപോയത്. എട്ടുമണിക്കുശേഷവും കാണാതായതോടെ ഫോണിൽ വിളിച്ചു നോക്കിയെങ്കിലും കിട്ടിയില്ല. പിന്നീട് മകനെയും കൂട്ടി ബസ് സ്റ്റാൻഡുകളിൽ പോയി നോക്കിയെങ്കിലും കണ്ടെത്താനായില്ല. പത്തു മണിയോടെ അച്ഛനും എത്തി തെരച്ചിൽ തുടങ്ങി. പതിനൊന്ന് മണിയായപ്പോഴാണ് സഫ്ദർജംഗ് ആശുപത്രിയിൽ നിന്ന് വിളിയെത്തുന്നത്. മകൾ പരുക്കേറ്റ നിലയിൽ അവിടെ ഉണ്ടെന്നായിരുന്നു ആ അറിയിപ്പ്. ആശുപത്രിയിലെത്തി എന്നെ കണ്ടതും നേർത്ത ബോധാവസ്ഥയിലും അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകി. ഓപ്പറേഷൻ റൂമിലേക്ക് കൊണ്ടുപോകുമ്പോൾ അവൾ രക്തത്തിൽ കുളിച്ചു കിടക്കുകയായിരുന്നു. അവളുടെ ചുണ്ട് രണ്ടായി പിളർന്നിരുന്നു. തലയിലെ തൊലി ഉരിഞ്ഞെടുത്ത പോലെയായിരുന്നു. ശരീരം നിറയെ മുറിവുകളും ചതവുമായിരുന്നു. പല മുറിവുകളിലും മാംസം തന്നെ പുറത്തു വന്ന നിലയിലായിരുന്നു. എന്ത് ചെയ്യണമെന്ന് ഒരു പിടിയും കിട്ടുന്നില്ലെന്നാണ് ഡോക്ടർ ആദ്യം പറഞ്ഞത്. ആദ്യം എന്തിന് ചികിത്സ നൽകണമെന്ന കാര്യത്തിൽ ഡോക്ടർമാർ പോലും ആശയക്കുഴപ്പത്തിലായിരുന്നു എന്നും ആശാദേവി ആ ദിവസങ്ങളെക്കുറിച്ച് വിശദീകരിച്ചു.

നിർഭയ കൊല്ലപ്പെട്ട ഡിസംബർ 16ന് തന്നെ പ്രതികളുടെ വധശിക്ഷ നടപ്പാക്കണമെന്ന് മാതാപിതാക്കൾ ആവശ്യപ്പെട്ടിരുന്നു. എന്നാൽ, വിധിയിൻ മേൽ ഉള്ള പുനപ്പരിശോധന ഹർജി സുപ്രീംകോടതി പരിഗണിക്കുന്നതിന്റെ പശ്ചാത്തലത്തിൽ ഇതു വീണ്ടും നീണ്ടു പോകുകയായിരുന്നു.

കഴിഞ്ഞ ഡിസംബർ പതിനെട്ടിന് അതീവ വൈകാരിക രംഗങ്ങളാണ് കോടതിക്കുള്ളിൽ നടന്നത്. വധശിക്ഷ ഏർപ്പെടുത്തുന്നതിന് മുമ്പ് പ്രതികളുടെ നിയമപരമായ അവകാശങ്ങൾ നിർവഹിക്കേണ്ടതുണ്ടെന്നും കോടതി ചൂണ്ടിക്കാട്ടി.

എവിടെ പോലായും പ്രതികളുടെ അവകാശത്തെക്കുറിച്ച് മാത്രമാണ് പറയുന്നതെന്നും ഞങ്ങൾക്കും അവകാശങ്ങളില്ലേയെന്നും നിർഭയയുടെ അമ്മ കരഞ്ഞുകൊണ്ട് കോടതിയോട് ചോദിച്ചു. നിങ്ങളെ കേൾക്കാനും പിന്തുണയ്ക്കാനുമാണ് കോടതിയുള്ളതെന്ന് ചൂണ്ടിക്കാട്ടിയ ജഡ്ജി, നിയമങ്ങൾ പിന്തുടരാൻ കോടതി ബാധ്യസ്ഥരാണെന്നും വ്യക്തമാക്കുകയുമാണ് ചെയ്തത്. അതിന് മുൻപ് പ്രതികളിലൊരാളുടെ അമ്മ കോടതി മുറിയിൽ വീണ് നിലവിളിച്ചപ്പോഴും ഇതിലൊന്നും തന്റെ മനസ്സ് അലിയില്ലെന്നാണ് ആശാദേവി പറഞ്ഞത്.

# കായിക മേഖലയ്ക്കും ക്വാറന്റൈൻ

മുംബൈ: കൊറോണ വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഇന്ത്യൻ കായിക മേഖലയ്ക്കു കേന്ദ്രസർക്കാർ പ്രത്യേക മാർഗനിർദേശങ്ങൾ നൽകി. കായിക താരങ്ങൾക്കും പരിശീലകർക്കും ഏർപ്പെടുത്തേണ്ട നിബന്ധനകളെക്കുറിച്ചാണ് കേന്ദ്രത്തിന്റെ നിർദേശം. ബോർഡ് ഓഫ് കൺട്രോൾ ഫോർ ക്രിക്കറ്റ് ഇൻ ഇന്ത്യ (ബിസിസിഐ), ഇന്ത്യൻ ഒളിമ്പിക്സ് അസോസിയേഷൻ (ഐഒഎ), നാഷണൽ സ്പോർട്സ് ഫെഡറേഷൻ (എൻഎസ്എഫ്) എന്നിവയ്ക്കെല്ലാം പൊതുവായാണ് കേന്ദ്രം നിർദേശം നൽകിയിരിക്കുന്നത്.




ഏപ്രിൽ 15 വരെ ഒരു തരത്തിലുള്ള സെലക്ഷൻ ട്രയൽസുകളോ കായിക മത്സരങ്ങളോ സംഘടിപ്പിക്കരുതെന്ന് കായിക സംഘടനകൾക്ക് അയച്ച കത്തിൽ ഭാരത സർക്കാർ ഡെപ്യൂട്ടി സെക്രട്ടറിയായ എസ്പിഎസ് തൊമാർ ആവശ്യപ്പെട്ടിട്ടുണ്ട്. ദേശീയ കാമ്പുകളെല്ലാം താത്കാലികമായി നിർത്തിവെക്കാൻ കായിക മന്ത്രാലയം നേരത്തെ നിർദേശിച്ചിട്ടുണ്ടെങ്കിലും പരിശീലനം നടക്കുന്ന കാമ്പസുകളിലേക്ക് പുറത്തു നിന്ന് ആരെയും കടക്കാൻ അനുവദിക്കരുതെന്നും കർശന നിർദേശമുണ്ട്.

പരിശീലകൻ,സാങ്കേതിക/സപ്പോർട്ടിംഗ് സ്റ്റാഫുകൾ, കായിതാരങ്ങൾ തുടങ്ങി ഇതുവരെ ഇല്ലാതിരുന്ന ആരെയും സ്പോർട്സ് ക്യാമ്പസുകളിലോ കയറ്റാനോ പാർപ്പിക്കാനോ കായിക താരങ്ങൾക്ക് പരിശീലനം നൽകാനോ പാടില്ലെന്നും നിർദേശിക്കുന്നു. അഥവാ അത്തരത്തിലുള്ളവർ എത്തിയാൽ അവരെ ക്വാറന്റൈൻ നിർദേശങ്ങൾ പാലിച്ചശേഷമേ ക്യാമ്പുകളിലുള്ളവരുമായി ഇടപെടാൻ അനുവദിക്കാവൂ എന്നും കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടു. കൊറോണ വൈറസ് ബാധയുള്ള രാജ്യങ്ങളിൽ നിന്നെത്തുന്ന കായികതാരങ്ങൾക്ക് ക്വാറന്റൈൻ ചെയ്യണമെന്നും വിദേശ പര്യടനം കഴിഞ്ഞെത്തുന്ന താരങ്ങൾ സെൽഫ് ഐസോലേഷനിൽ പോകുന്നതാണ് ഗുണകരമെന്നും കേന്ദ്ര കായികമന്ത്രി കിരൺ റിജിജുവും വ്യക്തമാക്കി. 2020 ടോക്കിയോ ഒളിമ്പിക്സ് മുന്നൊരുക്കത്തെക്കുറിച്ചുള്ള ചോദ്യത്തിന്, ഇപ്പോൾ ഒളിമ്പിക്സിനെക്കുറിച്ച് ആകുലപ്പെടേണ്ട കാര്യമില്ലെന്നും മൂന്ന് മാസത്തിനുശേഷം എന്താകും അവസ്ഥ എന്നതിനെക്കുറിച്ച് ആകുലപ്പെടേണ്ട കാര്യമില്ലെന്നും മൂന്ന് മാസത്തിനുശേഷം എന്താകും എന്നതിനെക്കുറിച്ചുള്ള ആശങ്കയിലാണ് ഏവരും എന്നായിരുന്നു റിജിജുവിന്റെ മറുപടി.



KERALA EXPRESS
പ്രവാസി താളുകൾ

# ജീവനുള്ള കല്ലുകൾ

ബഞ്ചമിൻ ഇടക്കര

പരസ്പരം ആശയവിനിമയം നടത്താൻ വിവിധ മാർഗ്ഗങ്ങൾ ഉണ്ടെങ്കിലും ഭാഷയ്ക്കുള്ള പങ്ക് വളരെ വലുതാണ്. നമ്മുടെ ചിന്തകളും വികാരങ്ങളും അറിവും ജ്ഞാനവുമെല്ലാം പ്രകടിപ്പിക്കുവാൻ മാതൃഭാഷയോളം പോന്ന മറ്റൊന്നില്ല. പരസ്പരം അറിയാനും ബന്ധപ്പെടാനും ഭാഷ നമ്മെ സഹായിക്കുന്നു. സാമൂഹിക ജീവികളായ നമ്മെ ഒന്നിപ്പിക്കുന്നതും ഭാഷ തന്നെയാണ്. സ്രഷ്ടാവാം ദൈവം പോലും നമ്മോടു ബന്ധപ്പെടുന്നത് നമ്മുടെ ഭാഷയിലൂടെയാണ്. എന്നാൽ, സ്വർഗ്ഗീയമായ കാര്യങ്ങളെ ഐഹികമായ കാര്യങ്ങൾ കൊണ്ട് വിശദീകരിക്കുന്നതിന് പരിമിതികളേറെ/ുണ്ട്. സ്ഥല, കാല പരിധിക്കുള്ളിൽ ജീവിക്കുന്ന നാം ഉപയോഗിക്കുന്ന ഭാഷകൊണ്ട് അപരിമേയമായ കാര്യങ്ങളെ ്രഹഹിക്കാൻ പ്രയാസമുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ വ്യാഖ്യാനങ്ങളെ തേടിപ്പോകുമെങ്കിലും വ്യാഖ്യാനി ആരെന്നറിഞ്ഞില്ലെങ്കിൽ സത്യം കണ്ടെത്താനാകാതെ നമ്മൾ വഴിതെറ്റിപ്പോയോക്കാം.

ലളിതമായ ആശയവിനിമയത്തിന് യേശുക്രിസ്തു ഉപമകൾ ഏറെ പ്രയോഗിച്ചിട്ടുള്ളത് സുവിശേഷങ്ങളിൽ കാണാം. ഒരു വീട്ടിലെ പിതാവിന്റെയും രണ്ടു മക്കളുടെയും കഥ പറയുന്ന മുടിയൻ പുത്രന്റെ ഉപമയിലൂടെ സ്വർസ്ഥനായ പിതാവിനെ അടുത്തറിയാൻ കഴിയുന്നത് ഈ ആശയവിനിമയത്തിന്റെ പ്രത്യേകതയാണ്. അറിയുന്നതിൽ നിന്ന് അറിയാത്തതിലേക്ക് എത്തിക്കുന്ന അദ്ധ്യാപന രീതിയാണിത്. ബൈബിൾ ഭാഷയിൽ അതിലെ എഴുത്തുകാരും സ്വർഗ്ഗീയ കാര്യങ്ങൾ മനസ്സിലാക്കുന്നതിന് ഇത്തരം പ്രയോഗങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. അചേതനമായ വസ്തുക്കൾക്ക് മാനുഷികമായ സവിശേഷതകൾ നല്കുന്ന ചൈതന്യാരോപണ രീതിയും, ഒരു മനുഷ്യനെ നിർജീവമായ ഒരു വസ്തുവിന്റെ സ്വഭാവസവിശേഷതകളാക്കി മാറ്റുന്ന വസ്തുനിഷ്ഠമാക്കൽ രീതിയും ബൈബിളിൽ മാത്രമല്ല, നമ്മുടെ ഭാഷാപ്രയോഗങ്ങളും സാധാരണമാണ്. ഹൗസ് പാസാക്കിയ ബില്ലിനെ വൈറ്റ് ഹൗസ് വീറ്റോ ചെയ്യുമെന്ന വാർത്ത വായിക്കുമ്പോൾ വൈറ്റ് ഹൗസ് എന്നാൽ വെളുത്ത കെട്ടിടമല്ലെന്നും ഹൗസ് എന്നാൽ ഹൗസ് ഓഫ് റെപ്രസെന്റേറ്റീവ് ആണെന്നും നമ്മൾക്ക് അറിയാം.

ആത്മികമായ കാര്യങ്ങൾ നമ്മുടെ ഭൗമിക അറിവിൽ നിന്നുകൊണ്ട് പരമാവധി ഗ്രഹിക്കുന്നതിനു വേണ്ടിയാണ് ആലങ്കാരിക പ്രയോഗങ്ങൾ ബൈബിൾ ഭാഷയിൽ പ്രയോഗിച്ചിരിക്കുന്നത്. യേശുവിനെയും അവന്റെ അനുയായികളെയും ജീവനുള്ള കല്ലുകൾ എന്ന് പത്രോസ് വിശേഷിപ്പിച്ചിട്ടുണ്ട് (1 പത്രോസ് 2:4-6). വൈറ്റ് ഹൗസിലെ വെളുത്ത കെട്ടിടം എന്ന് വ്യാഖ്യാനിക്കുന്നതുപോലെ ഇവിടെ ഉപയോഗിച്ചിരിക്കുന്ന പദങ്ങളൊന്നും അക്ഷരാർത്ഥത്തിൽ വ്യാഖ്യാനിച്ചാൽ ആത്മിക ഗൃഹത്തെ മനസ്സിലാക്കാനോ അതിന്റെ ഭാഗമാകാനോ നമുക്കു കഴിയാതെപോകും. യെശയ്യാവിൽ നിന്നുള്ള ഒരു ഉദ്ധരണിയെ അടിസ്ഥാനമാക്കിയാണ് സാധാരണ കെട്ടിടം പണിയുടെ തത്വത്തിലൂടെ ആത്മികഗൃഹം പണിയുന്നതെങ്ങനെയെന്ന് പത്രോസ് പറയുന്നത്. ഈ സമ്പ്രദായം അനുസരിച്ച് കെട്ടിടം പണിയിൽ മറ്റെല്ലാ കല്ലുകളും ഉറച്ചു നിൽക്കുന്നത് മൂലക്കല്ലിനോടുള്ള ബന്ധത്തിലാണ്... യെശയ്യാവിൽ ഈ മൂലക്കല്ല് നീതിയുടെ ഒരു പ്രതീകമാണ്. പത്രോസ്, യേശുക്രിസ്തുവിൽ ഈ നീതിയുള്ള മൂലക്കല്ലിനെ കാണുന്നു. എന്നിട്ടു വിശ്വാസികളെ ആ കല്ലിനോട് ബന്ധിപ്പിക്കുന്നു. അമൂർത്തമായ മൂലക്കല്ലിന് നീതിയുടെ പരിവേഷം നല്കി ഒടുവിൽ ഈ നീതിയെ യേശുക്രിസ്തുവിൽ സ്ഥാപിക്കുന്നു.

ഭൗതിക ഗൃഹത്തിന്റെ അടിസ്ഥാനം മൂലക്കല്ലാണെങ്കിൽ, ആത്മിക ഗൃഹത്തിന്റേത് ക്രിസ്തുവാകുന്നു. ആദ്യത്തേത് അചേതനമായ കല്ലും രണ്ടാമത്തേത് ജീവനുള്ള കല്ലുമാകുന്നു. കെട്ടിടത്തിന്റെ പണിക്ക് ഒരു കല്ല് കൊള്ളാമോ എന്നു തീരുമാനിക്കുന്നത് കല്ലാശാരിയാണ്. തെരഞ്ഞെടുത്ത കല്ല് അത് ആയിരിക്കുന്ന അവസ്ഥയിൽ ഒരിക്കലും ഉപയോഗിക്കാറുമില്ല. കല്ലുപണിക്കാരൻ അതിനെ മൂലക്കല്ലിന് അനുയോജ്യമായി കൊത്തി രൂപപ്പെടുത്തണം. യേശുവിനെ ഈ ആത്മീയ ഗൃഹത്തിന്റെ മൂലക്കല്ലാക്കാൻ നിത്യതയിൽ തീരുമാനിച്ചപ്പോൾ അതിനായി യേശുവിനെ രൂപപ്പെടുത്തേണ്ടതുണ്ടായിരുന്നു. സാക്ഷാൽ ദൈവമായിരുന്നവൻ മനുഷ്യസദൃശ്യത്തിലാകേണ്ട വലിയ പ്രക്രിയ നടക്കേണ്ടിയിരുന്നു. ഇതറിയുമ്പോൾ യേശുവിന്റെ മഹൽത്യാഗത്തെ അവിടത്തെ ക്രൂശുബലിമരണത്തിൽ മാത്രമായി നമുക്ക് ഒതുക്കാൻ കഴിയില്ല. ഫിലിപ്പിയർ രണ്ടിൽ ആ മഹൽത്യാഗത്തിന്റെ അല്പദർശനം പൗലോസ് പരിശുദ്ധാത്മാവിൽ വരച്ചുകാട്ടുന്നുണ്ട്. അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യസദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ അനുസരണമുള്ളവനായിത്തീർന്നു.

ഈ മഹൽത്യാഗത്തിന്റെ ആദ്യഭാഗത്തിന്റെ ആഴം നമുക്ക് എത്രകണ്ട് ഉൾക്കൊള്ളാനാകുമെന്നതിൽ സംശയമുണ്ടെങ്കിലും നിത്യത വിട്ടിറങ്ങിയ ആ ത്യാഗത്തിന്റെ കാര്യം നാം അറിയാതെ പോകരുത്. ദൈവത്തിന്റെ ആത്മീയ ഗൃഹത്തിന്റെ പണിക്ക് യേശു ജീവനുള്ള മൂലക്കല്ലായിത്തീരണമായിരുന്നു. അതിനുവേണ്ടി യേശുകർത്താവ് കടന്നുപോയ പ്രക്രിയ നമ്മുടെ ബുദ്ധി കൊണ്ടും അറിവുകൊണ്ടും ഗ്രഹിക്കാവുന്നതിലും അപ്പുറമാണ്. ആത്മീയ ഗൃഹത്തിന്റെ മൂലക്കല്ല് കൊത്തിയെടുത്തത് ദൈവരൂപത്തെ മനുഷ്യരൂപമാക്കിയാണ്. ഈ കൊത്തുപണി ലോകത്തിലെ ഒരു കൊത്തുപണിക്കാരനും ചെയ്യാൻ സാദ്ധ്യമല്ല. ഒരു കല്ലിനെ കൊത്തുപണി ചെയ്തു മനുഷ്യരൂപമുള്ള വിഗ്രഹമുണ്ടാക്കുന്ന കാര്യമല്ല നമ്മൾ പറഞ്ഞുവരുന്നത്. ഒരു ആൽമരത്തെ കുള്ളന്മരമാക്കി ചെടിച്ചട്ടിയിൽ വളർത്തുന്ന ബോൾസായ് വിദ്യയെക്കുറിച്ചും നമുക്കറിയാം. എന്നാൽ, ഒരു വലിയ മരം അതിന്റെ ചെറിയ തൈ ആയി ചുരുങ്ങുന്നത് അസംഭവ്യമാണ്. കായാന്തരിത ശിലകൾക്കുണ്ടാകുന്ന രൂപാന്തരത്തെക്കുറിച്ച് നമുക്കറിയാം. ഗ്രാഫൈറ്റും അതിൽനിന്ന് വജ്രവും രൂപാന്തരപ്പെടുന്നതും എങ്ങനെയെന്നും നമുക്കറിയാം. കടൽത്തീരത്തെ മണൽത്തരിയിൽ നിന്നും മുത്തുച്ചിപ്പിയുടെ ഷെല്ലിനുള്ളിൽ വിലയേറിയ ഒരു പ്രകൃതിദത്തമുത്ത് ഉണ്ടാകുന്നതിനെക്കുറിച്ചും നമ്മൾ പഠിച്ചിട്ടുണ്ട്. എന്നാൽ, വജ്രത്തിൽ നിന്നു ഗ്രാഫൈറ്റും പവിഴമുത്തിൽ നിന്ന് മണൽത്തരിയും രൂപാന്തരപ്പെട്ടതായി നാം ഇതുവരെ കേട്ടിട്ടില്ല.



ലേഖകൻ

ദൈവമായിരുന്ന യേശു മനുഷ്യരൂപമെടുത്തുവെന്ന് പറയുമ്പോൾ സംഭവിച്ചത് ഇതിനേക്കാൾ പ്രയാസമുള്ള കാര്യമല്ലേ? ഇവിടെ സൃഷ്ടിതാവ് സൃഷ്ടിയുടെ രൂപമെടുത്തു എന്നാണ് തിരുവചനം പറയുന്നത്. അത് ചരിത്രസത്യമായി വിശ്വസിക്കുന്നവരാണ് ക്രിസ്ത്യാനികൾ. അത് സത്യമല്ലെങ്കിൽ ക്രിസ്തുമാർഗമേ സത്യമല്ലെന്നുവരും. വിലയേറിയ പവിഴമുത്തു കേവലം മണൽത്തരിയായി മാറിയാൽ ആർക്കും വേണ്ടാത്ത വിലയില്ലാത്ത മണൽത്തരിയായി അത് തള്ളപ്പെടുന്നതു പോലെയാണ് യേശുവിന്റെ മനുഷ്യാവതാരത്തിൽ സംഭവിച്ചത്. മനുഷ്യർ തള്ളിയ കല്ലായി യേശു മാറിയെന്നാണ് പത്രോസ് അപ്പോസ്തലൻ അവനെക്കുറിച്ചു പറഞ്ഞിരിക്കുന്നത്. ശരിയല്ലേ; ഇവന്റെ ജനനത്തിങ്കൽ കാലിത്തൊഴുത്തു മുതൽ കാൽവരിക്കുരിശു വരെയുള്ള ചരിത്രം പരിശേധിച്ചാൽ അവഗണനയുടെയും നിന്ദയുടെയും ക്രൂരതയുടെയും പാത്രമായിരുന്നില്ലേ യേശു? മതപുരോഹിതന്മാർക്ക് ഇവനെ ഉപയോഗശൂന്യമായ കല്ലായിട്ടല്ലേ തോന്നിയത്. അതിനേക്കാൾ ഉപരി ഇവരുടെ മാർഗത്തിലെ ഇടർച്ചക്കല്ലായിരുന്നു യേശു. പലർക്കും പലയിടത്തും യേശു ഇന്നും തള്ളപ്പെട്ട കല്ലോ ഇടർച്ചക്കല്ലോ ആണെന്നുള്ളത് അന്നുള്ളവരുടെ പിന്തുടർച്ചയായി കണ്ടാൽ മതി.

സർവ്വജ്ഞാനിയായ ദൈവത്വം എന്തിനാണ് യേശുവിനെ വിലകുറഞ്ഞ മനുഷ്യവേഷത്തിൽ ഈ ഭൂമിയിലേക്ക് അയച്ചത് എന്ന് പത്രോസ് അപ്പോസ്തലൻ വ്യക്തമാക്കുന്നു: "മനുഷ്യർ തള്ളിയതെങ്കിലും ദൈവസന്നിധിയിൽ ശ്രേഷ്ഠവും മാന്യവുമായ ജീവനുള്ള കല്ലായ അവന്റെ അടുക്കൽ വന്നിട്ടു നിങ്ങളും ജീവനുള്ള കല്ലുകൾ എന്നപോലെ ആത്മികഗൃഹമായി യേശുക്രിസ്തു മുഖാന്തിരം ദൈവത്തിനു പ്രസാദമുള്ള ആത്മികയാഗം കഴിപ്പാൻ തക്ക വിശുദ്ധ പുരോഹിത വർഗ്ഗമാകേണ്ടതിന് പണിയപ്പെടുന്നു." (1 പത്രോസ് 2:4-6) യെശയ്യാവും അവനെക്കുറിച്ച് പ്രവചിച്ചിട്ടുള്ളത് നോക്കൂ: "ഇതാ, ഞാൻ സീയോനിൽ ഉറപ്പുള്ള അടിസ്ഥാനമായിട്ടു ശോധന ചെയ്ത കല്ലും വിലയേറിയ മൂലക്കല്ലും ആയി ഒരു അടിസ്ഥാനക്കല്ല് ഇട്ടിരിക്കുന്നു." മനുഷ്യൻ തള്ളിയ കല്ല് ദൈവസന്നിധിയിൽ ശ്രേഷ്ഠവും മാന്യവുമായ കല്ലാണെന്നും അദ്ദേഹം പറയുന്നു.

ആത്മികഗൃഹത്തിന്റെ മൂലക്കല്ലാകുവാനാണ് സ്വർഗത്തിൽ നിന്നും യേശു ഈ ഭൂമിയിൽ വന്നത്. കാരണം വിലയില്ലാത്ത കല്ലുകളായ നമ്മളെ ജീവനുള്ള കല്ലാക്കി മാറ്റി ഈ മൂലക്കല്ലിനോട് ചേർത്ത് ഇവിടുത്ത ആത്മിക ഗൃഹത്തെ പണിയുകയെന്നത് ദൈവത്തിന്റെ ദിവ്യപദ്ധതിയായിരുന്നു. ദൈവത്തിൽ നിന്നും അന്യപ്പെട്ടുപോയ നമ്മേ വിലയേറിയ കുഞ്ഞാടിന്റെ രക്തത്താൽ വിലക്കു വാങ്ങിയപ്പോഴാണ് നാം ജീവനുള്ള കല്ലുകളായത്. ഇപ്പോൾ യേശുവെന്ന തള്ളിക്കളഞ്ഞ കല്ല് അർപ്പിച്ച യാഗത്തിലൂടെ അവിടുന്നു വിലയേറിയ മൂലക്കല്ലായി തീർന്നുവെന്നു മാത്രമല്ല നമ്മെ വിലയേറിയ ജീവനുള്ള കല്ലുകളാക്കി മാറ്റുകയും ചെയ്തു. യേശു ക്രൂശിലെ മരണത്തോളം അനുസരണയുള്ളവനായിത്തീർന്നപ്പോൾ ദൈവവും അവനെ ഏറ്റവും ഉയർത്തി സകലനാമത്തിനും മേലായ നാമം നല്കി; ഇങ്ങനെ യേശുവിന്റെ നാമത്തിങ്കൽ സ്വർല്ലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും മുഴങ്കാൽ മടങ്ങുകയും എല്ലാ നാവും 'യേശുക്രിസ്തു കർത്താവ്' എന്ന് പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏറ്റുപറയുകയും ചെയ്യേണ്ടിവരും.

ആത്മിക ഗൃഹത്തിന്റെ മൂലക്കല്ലാകുന്നതിനോടൊപ്പം തന്നിൽ വിശ്വസിക്കുന്നവരെ അതിന്റെ പണിക്കു വേണ്ട ജീവനുള്ള കല്ലുകളാക്കാനും യേശുവിന്റെ ബലിമരണ യാഗംകൊണ്ട് കഴിഞ്ഞു. എന്തിനാണ് ഈ ആത്മിക ഗൃഹം പണിയുന്നത് എന്നും പത്രോസ് ഇവിടെ പറഞ്ഞിട്ടുണ്ട്. യെരുശലേം ദേവാലയം മുതൽ ഇങ്ങോട്ട് പണിതിട്ടുള്ള ആലയങ്ങൾ എല്ലാംതന്നെ ജീവനില്ലാത്ത കല്ലുകൊണ്ട് പണിതവയാണ്. തന്നെ തള്ളിക്കളഞ്ഞവർ ആ ദേവാലയങ്ങളെ കള്ളന്മാരുടെ ഗുഹയാക്കി മാറ്റിയിരുന്നു. യെരുശലേം ദേവാലയം ഈ ദേവാലയങ്ങളുടെയെല്ലാം പ്രതിനിധിയാണ്. യേശു ആ ദേവാലയം വിട്ടുപോകുമ്പോൾ ശിഷ്യന്മാർ അവന് ദൈവാലയത്തിന്റെ പണി കാണിക്കേണ്ടതിന് അവന്റെ അടുക്കൽ വന്നു. അവൻ അവരോട്: "ഇതെല്ലാം കാണുന്നില്ലയോ? ഇടിഞ്ഞു പോകാതെ കല്ലിന്മേൽ കല്ല് ഇവിടെ ശേഷിക്കയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു." എന്നു പറഞ്ഞു. (മത്തായി 24:1-2) പിന്നീട് ഒരിക്കലും യേശു യെരുശലേം ദേവാലയത്തിൽ പോയിട്ടില്ല എന്നതും വളരെ ശ്രദ്ധയോടെ ഓർക്കേണ്ടതാണ്. ശമര്യക്കാരിയോട് യേശു പറഞ്ഞതും ഓർക്കുക: "സ്ത്രീയേ എന്റെ വാക്കു വിശ്വസിക്ക. നിങ്ങൾ പിതാവിനെ നമസ്കരിക്കുന്നത് ഈ മലയിലും അല്ല യെരുശലേമിലും അല്ല എന്നുള്ള നാഴിക വരുന്നു." (യോഹ. 4:21)

ആ നാഴികയുടെ പ്രത്യേകത എന്തായിരുന്നുവെന്ന് യേശു അവൾക്ക് പറഞ്ഞുകൊടുത്തു: "തന്നെ നമസ്കരിക്കുന്നവർ ഇങ്ങനെയുള്ളവർ ആയിരിക്കേണം എന്ന് പിതാവ് ഇച്ഛിക്കുന്നു. ദൈവം ആത്മാവ് ആകുന്നു. അവനെ നമസ്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്കരിക്കേണം." യേശുവിന്റെയും പത്രോസിന്റെയും വാക്കുകൾ കൂട്ടിവായിച്ചാൽ സത്യത്തിലും ആത്മാവിലുമുള്ള ആരാധനയ്ക്കായിട്ടാണ് ജീവനുള്ള കല്ലുകൾ കൊണ്ടുള്ള ആത്മികഗൃഹം പണിയുന്നതെന്നു വേണം മനസ്സിലാക്കാൻ. മറ്റുള്ള പണികളിലൊന്നും ദൈവപ്രസാദമില്ലെന്നും ഈ വചനങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നു. എന്നിട്ടും ആരാധനാലയങ്ങൾക്കു വേണ്ടി തമ്മിൽത്തല്ലുന്നതും വ്യവഹാരം നടത്തുന്നതും എന്തിനെന്ന് നമ്മോടുതന്നെ ചോദിക്കേണ്ടതല്ലേ? വലിയ കെട്ടിടങ്ങൾ പണിതുയർത്താൻ മത്സരിക്കുന്നതും എന്തിന്? ഇതൊന്നും മനസ്സിലാകാഞ്ഞിട്ട്, കൊറോണ വൈറസിലൂടെ ആരാധനാലയങ്ങൾ അടച്ചിടേണ്ടി വന്നപ്പോൾ പ്രാർത്ഥിക്കുവാനും ആരാധിക്കുവാനും നാം പടുത്തുയർത്തിയ കൂറ്റൻ കെട്ടിടങ്ങൾ ആവശ്യമില്ലെന്നു ദൈവം നമ്മോടു പറയുകയാണോ?

ആത്മ്കഗൃഹം പണിയപ്പെടുന്നതിന്റെ ആത്യന്തികലക്ഷ്യം ജീവനുള്ള കല്ലുകളായ നമ്മൾ യേശുക്രിസ്തു മുഖാന്തിരം ദൈവത്തിനു പ്രസാദമുള്ള ആത്മികയാഗം കഴിപ്പാൻ തക്ക വിശുദ്ധ പുരോഹിതവർഗ്ഗമാകേണ്ടതിനാണ്. ആത്മികഗൃഹത്തിൽ നടക്കേണ്ടത് ആത്മിക യാഗമാണ്. യേശുക്രിസ്തുവിന്റെ പരമയാഗത്തിലൂടെ നമ്മെ ജീവനുള്ള കല്ലുകളാക്കിയപ്പോൾ യാഗാർപ്പകനും യാഗവസ്തുവും യേശു തന്നെയായിരുന്നു. അതിലൂടെ പണിതെടുത്ത ആത്മികഗൃഹത്തിലെ വിശുദ്ധ പുരോഹിതവർഗ്ഗമാണ് നമ്മൾ. ആത്മികയാഗം അർപ്പിക്കുന്ന വിശുദ്ധ പുരോഹിതവർഗ്ഗം. നമ്മുടെ ശ്രേഷ്ഠമഹാപുരോഹിതനായ യേശു ചെയ്തതുപോലെ ഇവിടെയും യാഗാർപ്പകനും യാഗവസ്തുവും നമ്മൾ തന്നെയാണെന്നതാണ് അതിശ്രേഷ്ഠമായ കാര്യം. പൗലോസ് പറഞ്ഞിരിക്കുന്നതു നോക്കുക: "സഹോദരന്മാരേ, ഞാൻ ദൈവത്തിന്റെ മനസ്സലിവ് ഓർപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നത്; നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ. (റോമാ. 12:1) പൗലോസ് പറഞ്ഞു തീർത്തില്ല. ഈ ലോകത്തിന് അനുരൂപരാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിന് മനസ്സ് പുതുക്കി രൂപാന്തരപ്പെടുവിൻ (റോമാ. 12:3).

ദൈവത്തിനെ പ്രസാദിപ്പിക്കാനാണ് നമ്മുടെ ആരാധനയെങ്കിൽ, ദൈവത്തിന്റെ ഹിതം എന്താണെന്ന് ഇവിടെ സ്പഷ്ടമാണ്. മനസ്സ് പുതുക്കാൻ നാം തയ്യാറായാൽ വിശുദ്ധ പുരോഹിതവർഗ്ഗമെന്ന ശ്രേഷ്ഠപദവിയോടെ ദൈവപ്രസാദം നേടി അവന്റെ ആത്മികഗൃഹത്തിൽ നമുക്ക് എന്നേക്കും വസിക്കാനിടയാകും. നാം ഉത്തരം കണ്ടെത്തേണ്ട ചോദ്യങ്ങൾ എന്തൊക്കെയാണ്? ദൈവത്തിന്റെ ആത്മികഗൃഹത്തിന്റെ മൂലക്കല്ലുമായി നാം ബന്ധം സ്ഥാപിച്ചിട്ടുണ്ടോ? ഈ ഗൃഹത്തിന്റെ പണിക്ക് ഉപയോഗിക്കേണ്ടതിന് യേശുവിനെപ്പോലെ ജീവനുള്ള കല്ലുകളാകാൻ നമുക്കു കഴിഞ്ഞിട്ടുണ്ടോ? ഈ ആലയത്തിലെ യാഗാർപ്പണം നടത്തുന്ന വിശുദ്ധപുരോഹിത ശുശ്രൂഷ ചെയ്യാൻ നമുക്കു കഴിയുന്നുണ്ടോ? ഉണ്ടെങ്കിൽതന്നെ നാം അർപ്പിക്കുന്ന യാഗത്തിൽ ദൈവപ്രസാദമുണ്ടാകേണ്ടതിന് യേശുവിനെപ്പോലെ നമ്മേത്തന്നെ യാഗമാക്കുവാൻ നമുക്കു കഴിയുന്നുണ്ടോ?

## യാത്ര ചെയ്യുന്ന പ്രവാസി മലയാളികളുടെ ശ്രദ്ധയ്ക്ക്

ഹൂസ്റ്റൺ: ഒട്ടേറെ മലയാളികൾ ഇന്ത്യയിലേക്കും ഇന്ത്യയിൽ നിന്ന് അമേരിക്ക, കാനഡ എന്നീ രാജ്യങ്ങളിലേക്കും യാത്ര ചെയ്യാനുള്ള തയ്യാറെടുപ്പിലാണ്. കോവിഡ്-19 എന്ന ദുരന്തം എല്ലാവരെയും ദുരിതത്തിലാക്കിയിരിക്കുകയാണ്. ഏപ്രിൽ 15 വരെ അമേരിക്കയിൽനിന്നും യാത്ര ചെയ്യുവാനുള്ള യാത്രാവിലക്ക് നിലവിൽ വന്നു. ഒട്ടേറെ മലയാളികൾ പ്രിയപ്പെട്ടവരുടെ മരണം, അസുഖങ്ങൾ, വിസ സ്റ്റാമ്പിങ് തുടങ്ങി ഒട്ടേറെ ആവശ്യങ്ങൾക്കായി നാട്ടിൽ പോകേണ്ടതായിട്ടുണ്ട്. അതുപോലെ നാട്ടിൽ അവധിക്കു പോയ ഒട്ടേറെ അമേരിക്കൻ മലയാളികൾക്ക് തിരിച്ചുവരേണ്ടതായിട്ടുണ്ട്.

ഇതിനായി ഫൊക്കാനാ, ഫോമാ, ഇന്ത്യാ പ്രസ്ക്ലബ്, എകെഎംജി, ഡബ്ല്യു എംസി, നൈനാ തുടങ്ങി വിവിധ സ്റ്റേറ്റുകളിലെ അസോസിയേഷൻ ഒഫീഷ്യൽസ് ഉൾപ്പെടെ രൂപം നല്കിയ 'മലയാളി ഹെൽപ്ലൈൻ ഫോറം' നിങ്ങളുടെ സഹായത്തിനായി 24 മണിക്കൂറും നിങ്ങളോടൊപ്പം പ്രവർത്തനം ആരംഭിച്ചു.

വിസ/ട്രാവൽ സംബന്ധമായ ആവശ്യങ്ങൾക്കായി താഴെപ്പറയുന്നവരെ ബന്ധപ്പെടുക: വാഷിങ്ടൺ ഡിസി-വിൻസൺ പാലത്തിങ്കൽ 703 568 8070, വിപിൻരാജ് 703 307 8445, ന്യൂയോർക്ക്-തോമസ് ടി. ഉമ്മൻ 631 796 0064, തോമസ് കോശി 914 319 2242, ചിക്കാഗോ-ജോസ് മണക്കാട്ട് 847 830 4128, ഡോ. സിമി ജെസ്റ്റോ 773 667 3225, ഹൂസ്റ്റൺ-ഡോ. സാം ജോസഫ് 832 441 5085, ഹരി കൃഷ്ണൻ നമ്പൂതിരി 956 243 1043, അറ്റ്ലാന്റ-ബിജു തോണിക്കടവിൽ 561 951 0064, മിനി സുധീർ നായർ 630 400 3885, സാൻ ഫ്രാൻസിസ്കോ-സാജു ജോസഫ് 510 512 3288, ഓജസ് ജോൺ 425 829 6301.

# മൂന്ന് യു.എസ്. മാധ്യമപ്രവർത്തകരെ ചൈന പുറത്താക്കി

മൊയ്തീൻ പുത്തൻചിറ

വാഷിങ്ടൺ: കൊറോണ വൈറസിനെ 'ചൈനീസ് വൈറസ്' എന്ന് വിളിക്കണമെന്ന യുഎസ് പ്രസിഡണ്ട് ഡോണൾഡ് ട്രംപിന്റെ പരിഹാസം ചൈനയിൽ വൻ പ്രതിഷേധത്തിനു വഴിവെച്ചു. തന്നെയുമല്ല ട്രംപിന്റെ പരിഹാസം അതിരുകടന്നതിനാൽ മൂന്ന് അമേരിക്കൻ പത്രപ്രവർത്തകരെ രാജ്യത്തുനിന്നും പുറത്താക്കുകയും ചെയ്തു. ന്യൂയോർക്ക് ടൈംസ്, ദി വാഷിങ്ടൺ പോസ്റ്റ്, വാൾസ്ട്രീറ്റ് ജേണൽ എന്നിവയിലെ മാധ്യമപ്രവർത്തകരെയാണ് പുറത്താക്കിയത്. കഴിഞ്ഞ ഏതാനും വർഷങ്ങളായി വിദേശ മാധ്യമങ്ങളിൽ ചൈന സ്വീകരിച്ച നടപടികളിൽ ഏറ്റവും കടുത്ത നടപടിയാണിതെന്ന് വിവിധ മാധ്യമങ്ങൾ റിപ്പോർട്ടു ചെയ്തു.

പ്രചാരണസംഘമെന്ന് വ്യാപകമായി കണക്കാക്കപ്പെടുന്ന അഞ്ച് ചൈനീസ് സർക്കാർ വാർത്താ ഓർഗനൈസേഷനുകൾക്കായി അമേരിക്കയിൽ ജോലി ചെയ്യാവുന്ന ചൈനീസ് പൗരന്മാരുടെ എണ്ണം നൂറായി ട്രംപ് ഭരണകൂടം പരിമിതപ്പെടുത്തി ആഴ്ചകൾക്കു ശേഷമാണ് ചൈനയുടെ വിദേശകാര്യ മന്ത്രാലയം നടത്തിയ പ്രഖ്യാപനമെന്നത് ശ്രദ്ധേയമാണ്.

കൊറോണ വൈറസിനെ 'ചൈനീസ് വൈറസ്' എന്ന് ട്രംപ് പരിഹസിച്ചത് അമേരിക്കയും ചൈനയുമായുള്ള ഏറ്റുമുട്ടലിനാണ് വഴിവെച്ചത്. അമേരിക്കയിലെ കൊറോണ പ്രതിസന്ധിക്ക് പിന്നിൽ ചൈനീസ് സർക്കാരിന്റെ മുതിർന്ന ഉദ്യോഗസ്ഥന്റെ ഗൂഢാലോചനയാണെന്ന് ട്രംപ് ആരോപിച്ചു. അതേ സമയം ചൈനയിൽ കൊറോണ വൈറസ് പൊട്ടിപ്പുറപ്പെടാൻ കാരണക്കാർ യുഎസ് സൈന്യമാണെന്ന് നേരത്തെ ചൈന ആരോപിച്ചിരുന്നു. പുറത്താക്കിയ മാധ്യമപ്രവർത്തകരെ ഹോങ്കോങ്ങും മക്കാവോയും ഉൾപ്പെടെ ചൈനയുടെ ഒരു ഭാഗത്തും മാധ്യമപ്രവർത്തകരായി ജോലി ചെയ്യാൻ അനുവദിക്കില്ലെന്ന് പ്രസ്താവനയിൽ പറയുന്നു.

ചൈനയിലെ ജീവനക്കാർ, അവരുടെ സ്വത്തുക്കൾ, പ്രവർത്തനങ്ങൾ, റിയൽ എസ്റ്റേറ്റ് സ്വത്തുക്കൾ എന്നിവയെക്കുറിച്ച് രേഖാമൂലമുള്ള വിവരങ്ങൾ നല്കാൻ വോയ്സ് ഓഫ് അമേരിക്ക, ദി ന്യൂയോർക്ക് ടൈംസ്, ദി വാൾസ്ട്രീറ്റ് ജേണൽ. ദി വാഷിങ്ടൺ പോസ്റ്റ്, ടൈം മാഗസിൻ എന്നിവരോട് ചൈന ആവശ്യപ്പെട്ടിട്ടുണ്ട്. വാഷിങ്ടൺ അടുത്തിടെ ചൈനയുടെ സ്റ്റേറ്റ് മീഡിയയിലും ഇതേ നിയമങ്ങൾ പ്രയോഗിച്ചിരുന്നു. പ്രതികാര നടപടിയാണ് യുഎസ് മാധ്യമസ്ഥാപനങ്ങൾക്കെതിരെ പ്രയോഗിച്ചതെന്ന് വിശേഷിപ്പിച്ച ചൈനീസ് വിദേശകാര്യ മന്ത്രാലയം, തങ്ങളുടെ മാധ്യമ സ്ഥാപനങ്ങൾക്കെതിരെ അമേരിക്ക സ്വീകരിച്ച



നടപടിക്ക് പകരമായി നടപടിയെടുക്കാൻ നിർബന്ധിതരായി എന്നും പറഞ്ഞു. അതേസമയം ചൈനയുടെ ഈ നീക്കം പുനർവിചിന്തനം നടത്തണമെന്ന് യുഎസ് സ്റ്റേറ്റ് സെക്രട്ടറി മൈക്ക് പോംപിയോ ചൈനയോട് ആവശ്യപ്പെട്ടു.

തങ്ങളുടെ സർക്കാർ മാധ്യമസ്ഥാപനത്തെ അമേരിക്കയിലെ സ്വതന്ത്ര മാധ്യമ സ്ഥാപനങ്ങളുമായി താരതമ്യപ്പെടുത്തിക്കൊണ്ട് ചൈന തെറ്റ് ചെയ്യുകയാണെന്ന് പോംപിയോ പറഞ്ഞു. ലോകത്തിലെ സ്വതന്ത്രപത്രപ്രവർത്തനത്തിന്റെ ലക്ഷ്യത്തെ ബാധിക്കുന്നതാണ് ചൈനയുടെ നീക്കമെന്നും അദ്ദേഹം പറഞ്ഞു. ആഗോളപ്രതിസന്ധിഘട്ടങ്ങളിൽ ചൈനയിലെ ജനങ്ങൾക്ക് കൂടുതൽ വിവരങ്ങളും കൂടുതൽ സുതാര്യതയും ആവശ്യമുള്ളതിനാൽ അവരുടെ ജീവൻ രക്ഷിക്കാനാകും. അദ്ദേഹം പറഞ്ഞു. ഇത് നിർഭാഗ്യകരമാണ്. അവർ പുനർവിചിന്തനം നടത്തുമെന്ന് പ്രതീക്ഷിക്കുന്നതായും പോംപിയോ പറഞ്ഞു. കൊറോണ വൈറസ് പകർച്ചവ്യാധിയെക്കുറിച്ചും അതിന്റെ കാഠിന്യത്തെക്കുറിച്ചും ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ഗൗരവതരമായി റിപ്പോർട്ട് ചെയ്തവരിൽ ചൈനയിലെ വിദേശ വാർത്താ സ്ഥാപനങ്ങളിലെ റിപ്പോർട്ടർമാരും ഉൾപ്പെടുന്നു. മധ്യചൈനയിൽ പ്രാദേശികവത്കരിക്കപ്പെട്ട ചൈനീസ് സർക്കാർ കൊറോണ വൈറസിന്റെ തീവ്രത കുറയ്ക്കാൻ ശ്രമിക്കുന്നതിനിടയിലാണ് ഈ മാധ്യമപ്രവർത്തകരുടെ റിപ്പോർട്ടുകൾ പുറംലോകം അറിഞ്ഞത്. ചൈനയെ ചൊടിപ്പിക്കാനും അതു കാരണമായി.

മറുവശത്ത് ന്യൂയോർക്ക് ടൈംസ് എക്സിക്യൂട്ടീവ് എഡിറ്റർ ഡീൻ ബക്കറ്റ് ചൈനയുടെ നടപടിയെ വിമർശിച്ചു. ഇരുരാജ്യങ്ങളിലെയും സർക്കാരുകൾ ഉടൻതന്നെ തർക്കം പരിഹരിക്കുമെന്ന് പ്രതീക്ഷിക്കുന്നതായും അദ്ദേഹം പറഞ്ഞു. 1850 മുതൽ ന്യൂയോർക്ക് ടൈംസ് ചൈനയിൽ റിപ്പോർട്ട് ചെയ്യുന്നുണ്ട്. ലോകത്തിലെ മറ്റേതൊരു രാജ്യത്തേക്കാളും കൂടുതൽ പത്രപ്രവർത്തകർ ചൈനയിൽ ഉണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# വെസ്റ്റ്കോസ്റ്റ് സംഘടനകളുടെ കൂട്ടായ്മ പ്രശംസനീയം

ഡോ. ജോർജ് എം. കാക്കനാട്ട്

ഹൂസ്റ്റൺ: ചൈനയിൽ നിന്നാരംഭിച്ച കൊറോണ വൈറസ് അതിർത്തി രാജ്യങ്ങളായ ഇറാൻ, ദക്ഷിണ കൊറിയ, ഇറ്റലി തുടങ്ങിയ രാജ്യങ്ങളിലൂടെ യൂറോപ്യൻ ഏഷ്യൻ രാജ്യങ്ങളിലേക്ക് കടന്നുകയറി താണ്ഡവമാടി സംഹാരമൂർത്തിയായി അമേരിക്കയിലെത്തി ഭീതിജനകമായ ഒരു അവസ്ഥ പ്രവാസി മലയാളികളിലും സൃഷ്ടിച്ചിരിക്കുകയാണ്. അമേരിക്കയിലെ ആദ്യ കേസുകൾ വെസ്റ്റ്കോസ്റ്റിലാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നതെങ്കിലും വെസ്റ്റ് കോസ്റ്റിലെ മലയാളി സംഘടനകൾ ഒത്തൊരുമിച്ച് കൊറോണ വൈറസ് പ്രതിസന്ധിയെ നേരിടാനായി മലയാളി ഹെൽപ്പ് ലൈൻ ഫോറത്തിന്റെ പിന്നിൽ അണിനിരന്നിരിക്കുകയാണ്. വെസ്റ്റ്കോസ്റ്റിലെ പ്രധാന സംഘടനകളായ മങ്ക (മലയാളി അസോസിയേഷൻ ഓഫ് നോർത്തേൺ കാലിഫോർണിയ)യുടെ പ്രസിഡണ്ട് ശ്രീജിത്ത്, കേരള അസോസിയേഷൻ ഓഫ് വാഷിങ്ടണിന്റെ പ്രസിഡണ്ട് ഓജസ് ജോൺ, കേരളാ അസോസിയേഷൻ ഓഫ് ലോസാഞ്ചലസിന്റെ പ്രസിഡണ്ട് ജോൺ മുട്ടം, കേരള അസോസിയേഷൻ ഓഫ് ലാസ് വേഗാസിന്റെ പ്രസിഡണ്ട് വത്സമ്മ, സെൻട്രൽ വോളി മലയാളി അസോസിയേഷൻ പ്രസിഡണ്ട് അനിൽ ജോസഫ്, എസ് സുർഗാം, പ്രസിഡണ്ട് രാജു ജോർജ്, വി.എം.എ.എ.എസ്.സി പ്രസിഡണ്ട് സിന്ധു റോയി, ഇന്ത്യൻ എംപയർ മലയാളി അസോസിയേഷൻ പ്രസിഡണ്ട് മത്തായി, ബേ മലയാളി അസോസിയേഷൻ പ്രസിഡണ്ട് ലെബോൺ, കേരള അസോസിയേഷൻ ഓഫ് അരിസോണ പ്രസിഡണ്ട് സജിത്ത് എന്നിവരാണ് ഒറ്റക്കെട്ടായി സധൈര്യം വെസ്റ്റ് കോസ്റ്റ് മലയാളികളുടെ സംരക്ഷയ്ക്കായി മുന്നോട്ടിറങ്ങിയിരിക്കുന്നത്.

വെസ്റ്റ് കോസ്റ്റ് കമ്യൂണിറ്റി നേതാക്കളായ പോൾ കെ. ജോൺ (റോഷൻ), സാജു ജോസഫ്, വിൻസന്റ് മാത്യു, ജോസഫ് ഔസോ, ഡോ. ജേക്കബ് ഈപ്പൻ, ആന്റണി ഇല്ലിക്കാട്ടിൽ, മനു വർഗീസ്, ജോസ് വടകര, സിജിൽ പാലക്കലോടി, ഗീത ജോർജ്, ഡോ. സിന്ധു പൊന്നാരത്ത്, ജാസ്മിൻ പാരോൾ, സാം ഉമ്മൻ, ബിജു തോമസ്, സാജൻ മൂലേപ്ലാക്കൽ, ആൻജലാ ഗോരോഫി തുടങ്ങിയവരുടെ നേതൃത്വത്തിൽ വലിയൊരു കമ്മിറ്റിയാണ് മലയാളി ഹെൽപ് ലൈൻ ഫോറത്തിനു പിന്നിൽ അണിനിരക്കുന്നത്. എകെഎംജി, ഫോമാ, ഫൊക്കാനാ, ഡബ്ല്യുഎംസി, ഐപിസിഎൻഎ, നൈന തുടങ്ങിയ സംഘടനകളുടെ പ്രതിനിധികളും ഒറ്റക്കെട്ടായ് സീനിയർ സിറ്റിസൺ, ട്രാവൽ/വിസ പ്രശ്നങ്ങൾ നേരിടുന്നവർ, കൊവിഡ് 19 ബാധിച്ച കുടുംബങ്ങൾ എന്നിവരെ സഹായിക്കാനായി ടാസ്ക് ഫോഴ്സ് രൂപീകരിച്ചിരിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക്: പോൾ കെ. ജോൺ (253) 5083751, സാജു ജോസഫ് (510) 5123288, സാജു മൂലേപ്ലാക്കൽ (408) 5697876, ആന്റണി ഇല്ലിക്കാട്ടിൽ (498) 8887516, അനിൽ ജോസഫ് (209) 6246555, ഓജസ് ജോൺ (425) 8296301, ശ്രീജിത്ത് (602) 6890328, വത്സമ്മ (702) 4668492. രാജു ജോർജ് (916) 7408000, സിന്ധു റോയ് (818) 4562770, മത്തായി (909) 8558088, ലെബോൺ (510) 3789457, ജോൺ (310) 98771215.

## പ്രത്യേക അറിയിപ്പ്

### വരിസംഖ്യ നൽകി സഹകരിക്കുക

കേരളാ എക്സ്പ്രസ്സിന് നിങ്ങളോരോരുത്തരും നല്കിവരുന്ന പിന്തുണയ്ക്കും പ്രോത്സാഹനങ്ങൾക്കും ഞങ്ങൾ പ്രത്യേകം നന്ദി അറിയിക്കുന്നു. അമേരിക്കൻ പോസ്റ്റൽ സർവീസിന്റെ സഹായത്താൽ ഓരോ ആഴ്ചയും തപാൽമാർഗ്ഗം പത്രം വായനക്കാരുടെ ഭവനങ്ങളിലെത്തിക്കുവാൻ വരിസംഖ്യ നൽകേണ്ടത് അത്യാവശ്യമാണ്. അമേരിക്കൻ പോസ്റ്റൽ നിയമങ്ങൾ അത് പ്രത്യേകം അനുശാസിക്കുന്നു. പുതിയ വായനക്കാർക്ക് കോംപ്ലിമെന്ററിയായി പത്രം ഏതാനും ആഴ്ചകളിലേക്ക് മാത്രം ഞങ്ങൾ അയയ്ക്കാറുണ്ട്. അങ്ങനെ പത്രം ലഭിക്കുന്നവർ വരിസംഖ്യ നല്കി ഈ പ്രസ്ഥാനത്തെ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പത്രം വരുത്തുവാൻ താല്പര്യമില്ലാത്തവർ വരിസംഖ്യാ കൂപ്പൺ ലഭിക്കുമ്പോൾ 'പത്രം തുടർന്ന് അയയ്ക്കേണ്ടതില്ല' എന്ന ഭാഗം പൂരിപ്പിച്ച് അയയ്ക്കുന്നതും സഹായകരമാണ്. ജാതിമത സംഘടനാഭേദമെന്യേ ആർക്കും കോംപ്ലിമെന്ററിയായി കൂടുതൽ നാൾ പത്രം അയയ്ക്കുവാൻ നിയമങ്ങൾ അനുവദിക്കാത്തതിനാൽ സാധിക്കുകയില്ലായെന്ന വിവരം ഞങ്ങൾ ഓർമ്മിപ്പിക്കട്ടെ.

### ഫോട്ടോ അയക്കുമ്പോൾ ശ്രദ്ധിക്കുക

കേരളാ എക്സ്പ്രസ്സിൽ പ്രസിദ്ധീകരിക്കുന്നതിനായി അയയ്ക്കുന്ന ഫോട്ടോകൾക്ക് അടിക്കുറിപ്പെഴുതാൻ പലരും വിട്ടുപോകുന്നു. എല്ലാ പടങ്ങൾക്കും വിശദമായ അടിക്കുറിപ്പ് പ്രത്യേകം പ്രത്യേകം എഴുതി അയയ്ക്കണമെന്ന് എല്ലാ റിപ്പോർട്ടർമാരേയും ലേഖക സുഹൃത്തുക്കളേയും ഓർമ്മപ്പെടുത്തുന്നു. ഫോട്ടോകൾ 'JPEG,' ഫോർമാറ്റിൽ അറ്റാച്ച് ചെയ്യുവാൻ താൽപ്പര്യപെടുന്നു.

### എഴുത്തുകാർ കോപ്പികൾ സൂക്ഷിക്കുക

കേരളാ എക്സ്പ്രസിൽ പ്രസിദ്ധീകരിക്കുന്നതിനായി അയയ്ക്കുന്ന ലേഖനങ്ങൾ, കഥകൾ, കവിതകൾ തുടങ്ങിയവയുടെ കോപ്പികൾ സൂക്ഷിക്കുവാൻ ബഹുമാനപ്പെട്ട രചയിതാക്കളെ ഓർമ്മിപ്പിക്കുന്നു. കേരള എക്സ്പ്രസിൽ ലഭിക്കുന്ന രചനകളിൽ പ്രസിദ്ധീകരിക്കാത്തവ തിരിച്ചയയ്ക്കുവാൻ സാങ്കേതിക തടസ്സങ്ങളുണ്ട്. ഇവിടെ ലഭിക്കുന്ന രചനകളെല്ലാം പ്രസിദ്ധീകരിക്കപ്പെടണമെന്നില്ല. പത്രാധിപസമിതിക്ക് യുക്തമെന്നു തോന്നുന്നവ മാത്രമെ കേരള എക്സ്പ്രസിൽ പ്രസിദ്ധീകരിക്കുകയുള്ളൂ. തെരഞ്ഞെടുക്കുന്നവ തന്നെ സ്ഥല പരിമിതിമൂലം വെളിച്ചം കാണാൻ ചിലപ്പോൾ താമസിച്ചേക്കാം. ഇതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ മാന്യ എഴുത്തുകാർ സദയം ക്ഷമിക്കണമെന്ന് അഭ്യർത്ഥന.




## പ്രത്യേക അറിയിപ്പ്

കേരളാ എക്സ്പ്രസ്സിൽ വാർത്തകളോ പരസ്യങ്ങളോ നൽകുവാൻ ആഗ്രഹിക്കുന്നവർ കേരളാ എക്സ്പ്രസ്സുമായി നേരിട്ട് ബന്ധപ്പെടേണ്ടതാണ്. ഇക്കാര്യത്തിന് ഏതെങ്കിലും വ്യക്തികളെയോ റിപ്പോർട്ടർമാരെയോ സംഘടനകളെയോ കേരളാ എക്സ്പ്രസ് മാനേജ്മെന്റ് അധികാരപ്പെടുത്തിയിട്ടില്ല. അമേരിക്കയിൽ ഒന്നിലധികം പ്രസ്ക്ലബുകൾ രൂപംകൊണ്ടിരിക്കുന്ന സാഹചര്യത്തിലും പ്രസ്ക്ലബ് എന്ന ഓമനപ്പേരിൽ കൂടുതൽ സംഘടനകൾ ഉണ്ടാകുവാനുള്ള സാധ്യതകൾ മുന്നിൽ കാണുന്നതിനാലും കേരളാ എക്സ്പ്രസ് മാനേജ്മെന്റോ പ്രതിനിധികളോ ഇനി മുതൽ ഒരു പ്രസ്ക്ലബിന്റെയും ഭാഗമായിരിക്കുന്നതല്ല. കേരളാ എക്സ്പ്രസ്സിനെ സംബന്ധിച്ചിടത്തോളം പത്രത്തിന്റെ നിലനില്പ് നിങ്ങൾ ഓരോരുത്തരും നല്കുന്ന വരിസംഖ്യയിലാണ്. വാർത്തകളും സാഹിത്യസൃഷ്ടികളും കേരളാ എക്സ്പ്രസ്സിലേക്ക് അയയ്ക്കുമ്പോൾ വരിസംഖ്യ നല്കി പത്രത്തെ സഹായിക്കുന്നവർക്കായിരിക്കും മുൻഗണന എന്ന വിവരവും അറിയിക്കട്ടെ. വായനക്കാരുടെയും അഭ്യുദയകാംക്ഷികളുടെയും സഹകരണം തുടർന്നും പ്രതീക്ഷിക്കുന്നു.

പത്രാധിപർ

ആസ്വാദനം

# സുധീറിന്റെ കഥകൾ – സർഗ്ഗഭാവങ്ങൾ

ജോൺ വേറ്റം

ഒരു സാഹിത്യകൃതിക്ക് തീർച്ചയായും ഒരു ഉദ്ദേശ്യം ഉണ്ടായിരിക്കും. കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളിലൂടെ കടന്നുപോകുന്ന സാഹിത്യത്തിൽ-ആ രചനാപ്രവൃത്തിയിൽ-കാലഘട്ടങ്ങളുടെ മുഖഭാവങ്ങൾ പ്രതിഫലിക്കും. സ്ഥിതിഭേദം സംഭവിക്കുന്ന ജീവിതത്തിന്റെ രൂപരേഖകൾ പതിയും. മത രാഷ്ട്രീയ സാമൂഹിക ശക്തികളുടെ വെല്ലുവിളികൾ മുഴങ്ങും. നോർത്തമേരിക്കയിലെ മലയാള സാഹിത്യരംഗം പുഷ്ടമോദത്തോടെ വികസിക്കുന്നു! അവിടെ, പുത്തൻ പുസ്തകങ്ങൾ പ്രകാശനരംഗത്ത് വന്നു. അവയിലൊന്നാണ് 'സുധീറിന്റെ കഥകൾ.' അമ്പത് കഥകളുടെ സമാഹാരം.

നോർത്തമേരിക്കയിലെ, മലയാള സാഹിത്യവേദിയിൽ നിരൂപണ സാഹിത്യശാഖ സ്ഥാപിച്ചും രണ്ട് നിരൂപണ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചും മലയാള സാഹിത്യത്തിന്റെ സകല ഭാഗങ്ങളിലും കടന്നു നിരന്തരം എഴുതുന്ന സുധീറിന്റെ പുസ്തകത്തിന് നിരൂപണമില്ല. പിന്നെയോ, ഒരു വായനക്കാരന്റെ ആസ്വാദനം കുറിക്കുന്നു.

യൗവനപ്രായത്തിൽ-ജീവിതത്തിന്റെ ആ വസന്തവേളയിൽ-ഹൃദയത്തിൽ സ്വപ്നങ്ങളാൽ കൂടുകൂട്ടുന്ന വികാരമാണ് അനുരാഗം. അതിന്റെ സാഹസികവും സുഖദവുമായ സുന്ദരവഴികൾ കണ്ണുനീരിലുമെത്താറുണ്ട്. എന്നാൽ, അനുരാഗം അനുഭവസ്മരണയായി പരിണമിക്കുമ്പോൾ, കാലം മാറിയാലും പ്രായമേറിയാലും നെഞ്ചിൽ നോവുകൾ നിറഞ്ഞുനിൽക്കുമെന്നു സൂചന നല്കുന്ന മനോവികാരങ്ങളുടെ ആവിഷ്കാരം സുധീറിന്റെ കഥാസമാഹാരത്തിലുണ്ട്.

മനുഷ്യജീവിതത്തിലെ സുപ്രധാന കാമ്യകർമ്മമാണല്ലോ വിവാഹം. അതു സംബന്ധിച്ച അന്വേഷണവും പഠനവും വർദ്ധിക്കുന്നു. പുരാതന ആചാരങ്ങളെ അവഗണിച്ചും സ്വന്തഇഷ്ടപ്രകാരവും വിവാഹഇണയെ സ്വീകരിക്കുന്ന പുത്തൻ തലമുറയുടെ പ്രവണത പടരുന്നു. അതുകൊണ്ടാവാം, ഏറെ ദാമ്പത്യകഥകൾ ഗ്രന്ഥകാരൻ രചിച്ചത്. അജ്ഞതയും അവിവേകവും നിരുത്തരവാദിത്വവും മുഖാന്തിരം തകർച്ചയിലെത്തുന്ന പുരുഷന്റെ പങ്കാളിയായി ജീവിക്കേണ്ടിവരുന്ന സ്ത്രീയുടെ കഷ്ടാനുഭവങ്ങളുടെ ഹൃദയഗ്രാഹിയായ കഥയുണ്ട്. സന്തുഷ്ടവും സുരക്ഷിതവുമായ ദാമ്പത്യജീവിതത്തിന് പരസ്പരസഹകരണം അനിവാര്യമാണന്നു തെളിയിക്കുന്ന കൃതിയും സ്ത്രീയുടെ ചാരിത്രശുദ്ധിക്ക് ഉത്തരവാദി സ്ത്രീയല്ല പുരുഷനാണെന്നു സ്ഥാപിക്കുന്ന ഹാസ്യാവിഷ്കരണവും ഉണ്ട്. പുരുഷസൗന്ദര്യത്തെ ഇഷ്ടപ്പെടുകയും വൈരൂപ്യത്തെ വെറുക്കുകയും ചെയ്യുന്ന സ്ത്രീകളുടെ വിരുദ്ധഭാവങ്ങളും ഉള്ളവണ്ണം സാക്ഷാത്കരിച്ചു.

ദമ്പതികളുടെ ജീവിതത്തെ സുദൃഢവും മധുരവുമാക്കുന്നത് ലൈംഗികബന്ധമാണെന്നും അതിന്റെ അഭാവം അരുചികരമായ അനുഭവങ്ങൾക്കും ഉപേക്ഷണത്തിനും കാരണമാകുമെന്നും ബുദ്ധിയുപദേശിക്കുന്നതാണ് മറ്റൊരു കഥ. ഭാര്യാഭർത്താക്കന്മാരുടെ ആശയപരമായ പ്രശ്നങ്ങൾ പരിഹരിക്കാൻ പരസ്പര സ്നേഹത്തിനും വിശ്വാസത്തിനും സാധിക്കുമെങ്കിലും അവരുടെ ആസ്വാദനരീതികൾക്ക് വ്യത്യാസം ഉണ്ടെന്നും ആത്മനിയന്ത്രണത്തിന്റെ അഭാവത്തിൽ സ്ത്രീകൾ സ്വാധീനപ്പെടുമെന്നും ദൂരവീക്ഷണം നല്കുന്ന ഇതിവൃത്തവുമുണ്ട്.

സംഗമസംതൃപ്തിക്കു വേണ്ടി സാമൂഹിക നിയമങ്ങളെ നിഷേധിച്ചു ദുരാചാരം സ്ഥാപിക്കുന്ന സ്വാർത്ഥജനത്തെയും അസ്വതന്ത്രതയിൽ സ്ത്രീകളെ തളച്ചിടുന്ന മതങ്ങളെയും ബഹുഭാര്യാത്വമുള്ള കുടുംബങ്ങളിൽ ഇണ ചേരാൻ ഊഴംകാത്തിരിക്കേണ്ടിവരുന്ന ഭാര്യമാരെയും പരിചയപ്പെടുത്തുന്ന ഗൗരവഭാവമുള്ള രചന സ്ത്രീകളുടെ മോചനത്തിന് ആഹ്വാനം നല്കുന്നു. ലൈംഗികനന്മയിൽ അധിഷ്ഠിതമാണ് ദാമ്പത്യജീവിതമെന്നു തിരിച്ചറിഞ്ഞ് സഹകരിച്ചു സംതൃപ്തരാകുന്ന സ്ത്രീകളും; ഭാര്യയുടെ സന്തോഷം പരിഗണിക്കാതെ മദ്യപിച്ചു തളർന്നുറങ്ങുന്ന പുരുഷന്മാരും ജനസമൂഹത്തിലുണ്ടെന്ന് ഓർമ്മിപ്പിക്കുന്ന നർമ്മകഥയുണ്ട്. സ്നേഹിച്ചും വിശ്വസിച്ചും സംതൃപ്തിനുകർന്നും പകർന്നുകൊടുത്തും ഭർത്താവിനോടു കൂടെ ജീവിക്കുന്ന ഭാര്യ; അനുകൂല സാഹചര്യത്തിലും ആകർഷകവേളയിലും അവിഹിതവേഴ്ച നടത്തുമെന്ന് വെളിപ്പെടുത്തുന്ന കഥ ജീവിതയാഥാർത്ഥ്യങ്ങളുടെ മുരടിൽനിന്നും അടർത്തിയെടുത്തതാണ്. ലൈംഗികബന്ധത്തിന് അന്വേഷിക്കാതെ, അപ്രതീക്ഷിതമായി കിട്ടുന്ന അനുകൂല സാഹചര്യം ഒട്ടും ഉപയോഗിക്കാത്ത




പുരുഷഭീരുക്കളും; അവിഹിതവേഴ്ചയ്ക്ക് അവസരമൊരുക്കുന്ന വിധവകളുമാണ് വേറൊരു കഥയിലെ കഥാപാത്രങ്ങൾ.

മതമാണോ മതേതരമനുഷ്യ സ്നേഹമാണോ വലുത് എന്ന ചോദ്യത്തിന്റെ ഉത്തരം ഭിന്നിക്കുമെങ്കിലും വ്യത്യസ്ത അനുഷ്ഠാനങ്ങളുള്ള മതങ്ങളുടെ ആന്തരീകതലങ്ങളിൽ എത്തിനോക്കാൻ നിർബന്ധിക്കുന്ന വിവാദവിഷയങ്ങൾ കഥാസമാഹാരത്തിലുണ്ട്.

സംസാരിക്കാത്തതിനെ ആരാധിക്കരുത്. മനുഷ്യജ്ഞാനം നല്കുന്ന യുക്തിക്കു മുമ്പിൽ ഈശ്വരൻ ജനിക്കുന്നു. മരിക്കുന്നു. ദൈവത്തെ സൃഷ്ടിക്കാൻ കഴിവില്ലാത്ത മനുഷ്യൻ എന്തിന് ദൈവനാമത്തിൽ രക്തം ചൊരിയുന്നു എന്നീ ചോദ്യങ്ങളാണ് ഒരു കാലോചിത രചനയിലുള്ളത്. ഗതകാലഘട്ടങ്ങളിൽ ഉണ്ടായ നിർബന്ധ മതപരിവർത്തന രീതികൾ ക്രൂരമായിരുന്നുവെന്നും; 'ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്' എന്ന ശ്രീനാരായണ ഗുരുവിന്റെ മഹത്തായ സിദ്ധാന്തം അനുകരണീയമെന്നും വ്യക്തമാക്കുന്ന ആവിഷ്കാരം വിധിസംഗ്രഹമാണ്! ക്ഷേത്രങ്ങളും പ്രതിഷ്ഠകളും ആരാധനാക്രമങ്ങളും നവീകരിക്കപ്പെടുന്നു, അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിലനിർത്തുന്നു, ധനശേഖരണമാണ് ഇവയുടെ പിന്നിലുള്ളതെന്ന പരാമർശം വേറൊരു രചനയിൽ ധ്വനിക്കുന്നു. ജീവിതസുഖങ്ങളെ നിഷേധിക്കുന്ന മതപ്രചാരണങ്ങൾക്കെതിരേയുള്ള ശക്തമായ പ്രതിഷേധവും ദൈവവിശ്വാസം രോഗമാകരുതെന്ന നിർദ്ദേശവുമാണ് മറ്റൊരു നർമ്മബോധം പകരുന്ന കഥയുടെ കാതൽ.

സഹൃദയർ ഏതു മതസ്ഥരായാലും അവർക്ക് ഇതരമതവിശ്വാസികളോടുള്ള തങ്ങളുടെ ആത്മബന്ധം എപ്പോഴും നിലനിർത്തുമെന്നു തെളിയിക്കുന്ന സവിശേഷ കഥയാണ് മറ്റൊന്ന്. ക്രിസ്തുമതത്തിൽ ചേർന്നാൽ അവിടെയും ചേറ്പുരണ്ട ചിന്തകൾക്കുമുപരി, പുത്തൻകൂറ്റുകാരെ പുച്ഛിക്കുന്ന നാമമാത്ര ക്രിസ്ത്യാനികളും പക്ഷഭേദവും ദുരഭിമാനികളുമുള്ളതിനാൽ എന്തിന് മതം മാറുന്നുവെന്ന അർത്ഥവത്തായ ചോദ്യമുയർത്തുന്നു വേറൊന്നിൽ. വർത്തമാനകാലത്തും മൗനരൂപങ്ങളെ ആരാധിക്കാൻ മനസ്സൊരുക്കമുള്ള സങ്കലിതമതങ്ങളിലും അന്ധവിശ്വാസവും അനാചാരവും ചോരണവും ഉണ്ടെന്ന് കഥാകൃത്ത് നിർഭയം അടയാളപ്പെടുത്തുന്ന കഥയുണ്ട്. ഓണക്കാലത്ത് മാവേലി വാമനന്മാരുടെ വേഷംകെട്ടാൻ അമേരിക്കയിൽ എത്തുന്നവർക്ക് നല്കുന്ന വമ്പിച്ച സ്വീകരണങ്ങൾക്കും ഗംഭീര ഓണസദ്യകൾക്കും മുടക്കുന്ന തുക, ഉണ്ണാനും ഉടുക്കാനും കിടക്കാനും ഇടമില്ലാതെ കേരളത്തിൽ അലയുന്നവർക്കു വേണ്ടി ഉപയോഗിക്കണമെന്ന ഉപദേശകഥയുമുണ്ട്.

അമേരിക്കൻ മലയാളിയുടെ സാംസ്കാരികതലത്തിൽ പൊന്തിവന്ന പൊതുവികാരമാണ് സാഹിത്യപ്രവർത്തനം. അഭ്യുദയകാംക്ഷികളും മാധ്യമങ്ങളും സാഹിത്യകാരന്മാരും വായനക്കാരും ഒത്തുചേർന്നു അറിവും ആനന്ദവും പങ്കുവെക്കുന്ന പ്രവർത്തനരംഗം. അതിന്റെ ഫലമായി വളർന്നുവന്ന സാഹിത്യവേദിയിൽ എന്ത് സംഭവിക്കുന്നുവെന്ന് വ്യക്തമാക്കുന്ന സംഭവവിവരണം സുധീറിന്റെ കഥാപുസ്തകത്തിലുണ്ട്.

മലയാള സാഹിത്യമണ്ഡലത്തിൽ നിന്നും സാഹിത്യചൂഷണം മാഞ്ഞിട്ടില്ല. ചൂഷണം വളർച്ചയ്ക്കു വളമെന്നു കരുതുന്നവർ രചനയുടെ അന്തർവസ്തു കട്ടെടുക്കുന്നു. അരുതാത്തത് അനുഭവിക്കുന്നു. വിലക്കപ്പെട്ടത് വാങ്ങുന്നു. ഈ ദുരവസ്ഥയുടെ ദൃഷ്ടാന്തമാണ് ഒരു വ്യത്യസ്ത കഥ. സ്വകാര്യ താല്പര്യങ്ങളിൽ പിടിച്ചുനിന്ന്, ദുശ്ശീലങ്ങളോടെ പെരുമാറുന്നവർ കലാസാഹിത്യ അരങ്ങുകളിൽ വിരളമല്ലെന്ന വാസ്തവവും വെളിപ്പെടുത്തുന്നുണ്ട്. പ്രതിഫലം കൊടുത്ത് പ്രശസ്തി വാങ്ങുന്നവർ പ്രവാസികളുടെ സമൂഹത്തിലും ഉണ്ടത്രേ! അശ്രദ്ധയോടെ വാർത്തകൾ വായിച്ചു തെറ്റായ ധാരണയിലെത്തുന്നവരേയും കഥയിൽ കാണാം. മലയാള ഭാഷയിൽ വാക്കുകളോടൊപ്പം ഏകകങ്ങൾ അനാവശ്യമായി ചേർക്കരുതെന്ന വ്യാകരണനിയമത്തെയും ഓർമ്മിപ്പിക്കുന്നു.

നോർത്തമേരിക്കയിൽ മലയാള സാഹിത്യസംവിധാന രംഗത്ത് കാണപ്പെടുന്ന വിരുദ്ധഭാവങ്ങളും ഇവിടെയുള്ള സാഹിത്യകാരന്മാരെയും അവരുടെ മലയാള ഗ്രന്ഥങ്ങളെയും അവഗണിച്ച് കേരളീയ സാഹിത്യകാരന്മാരെ ആദരിക്കുന്ന പ്രവണതകളും തിരുത്തണമെന്ന കാര്യബോധം പകരുന്നതാണ് സാരവത്തായ വേറൊരു കഥ. അമേരിക്കയിലെ മലയാളി സാഹിത്യകാരന്മാർ ആത്മാഭിമാനത്തോടെ അവരുടെ രചനകൾ ഉയർത്തിപ്പിടിക്കുന്നതിന് പ്രോത്സാഹനം നല്കുന്ന രചനയുമുണ്ട്. മറുനാടൻ മലയാളിസമൂഹത്തിൽ പരക്കുന്ന തെറ്റായ സംസാരരീതി മലയാളഭാഷയെ വികലമാക്കുന്നുവെന്ന ഉത്കണ്ഠ പകരുന്ന കഥയുമുണ്ട്. അറിവും ഉചിത ചിന്തയും ഭാവനയുമുള്ള മനസ്സിൽത്തന്നെ തിന്മയും ഉണ്ടാകുന്നുവെന്ന തത്വജ്ഞാനവും, ആശകളെല്ലാം സഫലമാവില്ലെന്ന പ്രവചനവുമാണ് ഇനിയുമൊരു കൃതിയുടെ സാരം.

ജനസമൂഹത്തിൽ വർണ്ണവ്യത്യാസമുള്ളവരും വികലാംഗരും രൂപഭേദങ്ങളോടെ ജനിക്കുന്നവരും ഉള്ളതിനാൽ, ദൈവം മനുഷ്യനെ അവന്റെ പ്രതിച്ഛായയിൽ സൃഷ്ടിച്ചു എന്ന് വിശ്വസിക്കാൻ സമാന്യർക്ക് സാദ്ധ്യമല്ലെന്ന് ഒരു ചിന്തനീയ കഥ പറയുന്നു. (ഇതിന് ബൈബിൾ നല്കുന്ന ഉത്തരം ഇങ്ങനെ: "ദൈവം ആത്മാവ് ആകുന്നു." (ക്രിസ്തുവചനം യോഹന്നാൻ 4:24.) വിശ്വസിച്ചാലും ഇല്ലെങ്കിലും ആത്മാക്കൾ മനുഷ്യരൂപം പ്രാപിക്കുമെന്നും ബൈബിൾ രേഖപ്പെടുത്തി. ഉദാ: ഉൽപത്തി 6:2-4. ദൈവം ദുഷ്ടന്റെ അകൃത്യം അവന്റെ മക്കൾക്കായി സംഗ്രഹിച്ചുവെക്കുന്നു എന്ന വചനഭാഗവും (ഇയ്യോബ് 21:19) ശ്രദ്ധേയമാകുന്നു.)

"ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു; ദൈവത്തിന്റെ സ്വരൂപത്തിൽ അവനെ സൃഷ്ടിച്ചു. ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു (ഉല്പത്തി 1:27)" എന്ന് യഹൂദ ക്രൈസ്തവ ഇസ്ലാം മതങ്ങൾ വിശ്വസിക്കുന്നു. എങ്കിലും അതു സംബന്ധിച്ച ദർശനരീതികൾ ഭിന്നിക്കുന്നു. ഇതിന് ഉദാഹരണമാണ് സുധീറിന്റെ ഒരു കഥ. ആത്മാവായ സാത്താന്റെ ചതിയാൽ സംഭവിച്ച അവിഹിത വേഴ്ചയാണ് അതിലെ ആവിഷ്കാരവിഷയം. ആദ്യമനുഷ്യൻ ആദാമിന്റെ ഭാര്യ ഹവ്വയുടെ ആദ്യമാസമുറയിൽ ആരംഭിക്കുന്ന കഥ; അതിസുന്ദരനായി വന്ന സാത്താനുമായി സംഗമിച്ചു സുരതസുഖമനുഭവിച്ച ഹവ്വയുടെ ലൈംഗികപ്രസരമുള്ള വികാരങ്ങളിലൂടെ കടന്നുപോകുന്നു! യാഥാർത്ഥ്യമെന്നു തോന്നിക്കുന്ന, ഭാവനാസൃഷ്ടമായ കഥ ഉജ്ജ്വലതയോടെ വേറിട്ടുനിൽക്കുന്നു!

കണ്ടതും കേട്ടതും അനുഭവിച്ചതുമായ കാര്യങ്ങളിൽ നിന്നും ആർജ്ജിച്ച ജ്ഞാനം, സുധീറിന്റെ കഥകൾക്ക് ആധാരശിലകളായി. വായനക്കാരുടെ ഇ



ലേഖകൻ

ഷ്ടം ആരാഞ്ഞ് എഴുതുന്നവരും, മത രാഷ്ട്രീയ കക്ഷികളെ ചാരിനിന്നു രചിക്കുന്നവരും, സ്വതന്ത്രചിന്തകരും സാഹിത്യകാരന്മാരുടെ ഗണത്തിലുണ്ട്. എന്നാൽ, എല്ലാവർക്കും നന്മ ഉണ്ടാകണമെന്ന ലക്ഷ്യത്തോടെ ആവിഷ്കരിക്കുന്ന ഗ്രന്ഥകർത്താവാണ് സുധീർ പണിക്കവീട്ടിൽ എന്ന് അദ്ദേഹത്തിന്റെ കഥകൾ തെളിയിക്കുന്നു.

അറിവും ഭാവനയും സംവിധാനതന്ത്രവും ഉള്ളവർക്ക് ഏത് ചിന്താവിഷയവും അനായാസം സാഹിത്യസൃഷ്ടിയാക്കുവാൻ സാധിക്കും. സുധീറിന്റെ കഥകളിൽ അശ്ലീലഫലിതങ്ങളില്ല. അവബോധം നല്കുന്ന കൃതികളും നർമ്മവും ലൈംഗികത്വവും പാകത്തിനു ചേർത്തുണ്ടാക്കിയ രചനകളും ഉണ്ട്. കഥകൾ വായിക്കുമ്പോൾ അനുവാചകന് കിട്ടുന്നത് കാര്യബോധവും വ്യക്തദർശനവുമാണ്. നിരവധി ചിന്താവിഷയങ്ങൾ!

ആശയങ്ങളെ ഉരുവാക്കുന്ന സൃഷ്ടികളും ഓർമ്മയിൽ ഇടംപിടിക്കുന്ന, വീണ്ടും വായിക്കാൻ പ്രേരിപ്പിക്കുന്ന, സത്യത്തോടും വസ്തുതയോടും ബന്ധിക്കുന്ന കഥകളും സമാഹരണത്തിലുണ്ട്. പ്രമേയമനുസരിച്ച് ചെറുതും വലുതുമാക്കിയ കഥകളിലെ കഥാപാത്രങ്ങൾക്ക് സ്വഭാവമനുസരിച്ചു നല്കിയ സംഭാഷണശൈലിയും ശ്രദ്ധേയമാണ്.സുധീറിന് ഹാർദ്ദമായ അഭിനന്ദനം! നന്മകൾ നേരുന്നു.

# ട്രംപ് റിപ്പബ്ലിക്കൻ സ്ഥാനാർത്ഥി; ജോബൈഡൻ ഡെമോക്രാറ്റിക് സ്ഥാനാർത്ഥിയും

പി.പി. ചെറിയാൻ

ഫ്ളോറിഡ: മാർച്ച് 17ന് ചൊവ്വാഴ്ച മൂന്നാംഘട്ട പ്രൈമറി തെരഞ്ഞെടുപ്പ് പൂർത്തിയായപ്പോൾ റിപ്പബ്ലിക്കൻ സ്ഥാനാർത്ഥിത്വം ട്രംപിന് ഉറപ്പായി. സ്ഥാനാർത്ഥിത്വത്തിന് ആവശ്യമായ ഡലിഗേറ്റുകളുടെ എണ്ണത്തേക്കാൾ (1276) കൂടുതൽ നേടിയാണ് ട്രംപ് റിപ്പബ്ലിക്കൻ പാർട്ടിയുടെ ശക്തനായ പ്രസിഡണ്ട് സ്ഥാനാർത്ഥിയായി തെരഞ്ഞെടുപ്പിനെ നേരിടുന്നത്. ഫ്ളോറിഡ, ഇല്ലിനോയി, അരിസോണ സംസ്ഥാനങ്ങളിലെ പ്രൈമറി തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ചതിൽ വൻ ഭൂരിപക്ഷമാണ് ബൈഡൻ നേടിയത്. ബെർണി സാന്റേഗ്സിന്റെ പ്രകടനം വളരെ ദയനീയമായിരുന്നു. കൂടുതൽ ഡലിഗേറ്റുകളുള്ള മിക്കവാറും സംസ്ഥാനങ്ങളിൽ പ്രൈമറി പൂർത്തിയായതോടെ ഡെമോക്രാറ്റിക് സ്ഥാനാർത്ഥി ബൈഡൻ തന്നെയായിരിക്കുമെന്നത് ഉറപ്പായി. ഡലിഗേറ്റുകളുടെ എണ്ണത്തിൽ ബൈഡനെ മറികടക്കാൻ ഇനി ബെർണിക്ക് സാദ്ധ്യമല്ല. ഇതുവരെ 1120 ഡലിഗേറ്റുകളുടെ പിന്തുണ ബൈഡൻ ഉറപ്പാക്കിയപ്പോൾ ബെർണിക്ക് നേടാനായത് 839 മാത്രമാണ്. നവംബറിൽ നടക്കുന്ന അമേരിക്കൻ പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ ട്രംപിനെ നേരിടാൻ ബൈഡൻ തന്നെ ആയിരിക്കുമോ ഡെമോക്രാറ്റിക് സ്ഥാനാർത്ഥി എന്നതിൽ ആശങ്കയുണ്ട്. ഡെമോക്രാറ്റിക് പാർട്ടി ബൈഡനു പകരം മറ്റൊരാളെ അവസാനം സ്ഥാനാർത്ഥിയാ




ക്കുമോ എന്ന് സംശയം ഇല്ലാതില്ല. ട്രംപിനെതിരെ വിജയിക്കാൻ ബൈഡനാകുമോ എന്ന് ബെർണി സാന്റേഗ്സും സംശയം പ്രകടിപ്പിച്ചതിനു പിന്നിൽ എന്തോ ഒളിഞ്ഞിരിപ്പുണ്ടെന്നാണ് രാഷ്ട്രീയനിരീക്ഷകർ കണക്കുകൂട്ടുന്നത്. അഴിമതി ആരോപണങ്ങൾക്ക് വിധേയനായ ബൈഡൻ ട്രംപിന് ഒരു എതിരാളിപോലും ആകുന്നില്ല എന്നാണ് റിപ്പബ്ലിക്കൻസിന്റെ നിഗമനം.


കഴിഞ്ഞ 20 വർഷങ്ങളിലായി നടന്ന
NACOG, PCNAK, PYFF എന്നീ കോൺഫ്രൻസുകളിൽ
പാടി ആരാധിച്ച തീം സോങ്ങുകളുടെ സമാഹാരം
Paradise
Audio Ministries FL
PRESENTS
34 തീം സോങ്ങുകളുടെ സമാഹാരം
FREE
സ്വർഗ്ഗീയ അഗ്നി
Vol: 23
34 തീം സോങ്ങുകൾ അടങ്ങിയ ഏറ്റവും പുതിയ ഗാനസമാഹാരം ലഭ്യമാണ്
തീം സോങ്ങ് പാടിയവർ
Paradise
Audio Ministries FL
കഴിഞ്ഞ 20 വർഷങ്ങളിലായി നടന്ന NACOG, PCNAK, PYFF എന്നീ കോൺഫ്രൻസുകളിൽ പാടി ആരാധിച്ച തീം സോങ്ങുകളുടെ സമാഹാരം
സ്വർഗ്ഗീയ അഗ്നി
www.paradiseaudioministries.com
Contact Info: Pr. Peter P. John, Ph. 9447339991,
Ajith Eapen (Way of Hope Ministries): 9633949676
John David 7025474120 email: graphylink@gmail.com,
Jojo Aroor Tel: 0478 287 5234 Email: jojodaleema@gmail.com
Production by: Susan B. John - Florida
Phone: 954 572 1122, Cell: 954 465 5758
Email: susanbabu627@yahoo.com
www.paradiseaudioministries.com


SHIJU ABRAHAM
FINANCIAL SERVICES
www.ShijuFinancial.com
Off : 972-455-4371
sabraham@financialguide.com
Achieve Your Goals
Saving & Investment Strategies
Life Insurance & Annuities
College Saving Strategies
Disability & Long Term Care Insurance
Tax Reduction Strategies
IRA, Roth IRA & SEP IRA
Retirement Plans & Mutual Funds
401(k) Set Up & Rollovers
13455 Noel Rd, 20th Floor, Dallas, TX 75240
Securities offered through qualified registered representatives of MML Investors Services, LLC. Member www.sipc.org.
Shiju Abraham Financial Services is not a subsidiary or affiliate of MML Investors Services, LLC, or its affiliated companies
CRN202110-255789


yoga FOR ALL
STRETCH RELAX FIND THE INHERENT POWER
Begin your journey to a better life with Yoga
Yog is an ancient art, based on a harmonizing system of development for the body, mind, and spirit. The continued practice of yoga will lead you to a sense of peace and well-being, and also a feeling of being at one with their environment. The practice of yoga makes the body strong and flexible; it also improves the functioning of the respiratory, circulatory, digestive, and hormonal systems. Yoga brings about emotional stability and clarity of mind.
Would you like to improve your immune system? Perhaps reduce some weight, increase your level of fitness, and improve your mental and physical wellbeing? Then yoga can be an excellent practice to bring about positive change in your Life.
Days : Saturdays only
Customized packages are available based on
Duration: 1 month / 4 lessons; 3 months / 12 Lessons; 5 months / 20 days
Age groups & types: Adults & Older; Kids age 5 - 9 yrs.; Kids age 10 - 16 yrs.
Intensity: Beginners; Moderate / Advanced; Family yoga
Workshops: Kids winter yoga, Summer camp
Location 1
834 E Rand Rd #13 (CMA Hall) Mt Prospect IL 60056
07.30 am - 08.30 am
09.00 am - 10.00 am
Location 2
1800 E Oakton St (KCS Community Center) Des Plaines IL 60018
10.30 am - 11.30 am
11.30 am - 12.30pm
Contact : +1-224 595 4257
drjinoybnys@gmail.com
yoga ALLIANCE
You get knowledge about yoga principles, types of yoga & its Philosophy and methods of practice from our sessions. We offer personalized sessions and yoga workshops for corporates upon booking


kovattutravels
kovattutravels@gmail.com
9544747146
9446209047
Office: 9744189382
Kovattu
Tours & Travels
KL 42 L 2126
Tourist taxis - All Models and Sizes
For Booking In USA : 2679720705

KERALA EXPRESS പ്രവാസി താളുകൾ

# പത്തിലധികം പേർ ഒരുമിച്ചു കൂടുന്നത് ഒഴിവാക്കണം: ട്രംപ്

വാഷിങ്ടൺ: കൊറോണ വൈറസിന്റെ അനിയന്ത്രിതമായ വ്യാപനം ലോകത്തെ ആശങ്കയുടെ മുൾമുനയിൽ നിർത്തുമ്പോൾ വിവിധ രാജ്യങ്ങൾ അവരുടേതായ രീതിയിൽ പ്രതിരോധങ്ങളും പ്രതിവിധികളും നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. എന്നാൽ, ഇപ്പോൾ പൊട്ടിപ്പുറപ്പെട്ടിരിക്കുന്ന ഈ വൈറസ് അതിന്റെ മൂർദ്ധന്യാവസ്ഥയിലെത്തുന്നത് വേനൽക്കാലത്തായിരിക്കുമെന്ന മുന്നറിയിപ്പാണ് യു.എസ്. പ്രസിഡണ്ട് ഡോണൾഡ് ട്രംപ് നല്കുന്നത്.




ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ കൊറോണ വൈറസ് കൂടുതൽ വ്യാപരിക്കാൻ സാദ്ധ്യതയുണ്ടെന്ന് അമേരിക്കൻ ജനങ്ങൾക്ക് ട്രംപ് മുന്നറിയിപ്പ് നല്കി. എല്ലാവരും കരുതലോടെയിരിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. എല്ലാവരും അവരുടെ ജീവിതചര്യയിൽ മാറ്റം വരുത്തുകയോ അല്ലെങ്കിൽ ഇപ്പോൾ ഈ നിർണ്ണായക നിമിഷത്തിൽ വൈറസ് പടരാതിരിക്കാനുള്ള മുൻകരുതൽ സ്വീകരിക്കുകയോ ചെയ്യണം. നാം ഒരു രാഷ്ട്രമായി ഒന്നിച്ചുനിന്ന് ഈ വൈറസിനെ ചെറുത്തു തോല്പിക്കണമെന്ന് വൈറ്റ് ഹൗസിലെ ന്യൂസ് ബ്രീഫിംഗ് റൂമിൽ മാധ്യമ പ്രവർത്തകരോട് പറഞ്ഞു.

കൊറോണ വൈറസിന്റെ വ്യാപനം മൂർച്ഛിക്കുന്നത് ഒഴിവാക്കാൻ ബാറുകൾ, റസ്റ്റോറന്റുകൾ, ഫുഡ് കോർട്ടുകൾ എന്നിവയിൽ നിന്ന് ഭക്ഷണം കഴിക്കുന്നത് ഒഴിവാക്കണമെന്നും യാത്രകൾ ഒഴിവാക്കണമെന്നും ഹോം സ്കൂൾ വിദ്യാഭ്യാസം പ്രയോജനപ്പെടുത്തണമെന്നും പ്രസിഡണ്ട് ജനങ്ങളെ ഉപദേശിച്ചു. 16ന് ഉച്ചയ്ക്കു നടന്ന പത്രസമ്മേളനത്തിലാണ് ട്രംപ് പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പ്രഖ്യാപിച്ചത്. പത്തിലധികം ആളുകളുടെ ഒത്തുചേരൽ അമേരിക്കക്കാർ ഒഴിവാക്കണമെന്നും ശിപാ

**മൊയ്തീൻ പുത്തൻചിറ**

ർശ ചെയ്തു. വന്നതിനേക്കാൾ വലിയതാണ് ഇനി വരാൻ പോകുന്നത് എന്ന് അദ്ദേഹം മുന്നറിയിപ്പ് നല്കി.

50 പേരിൽ കൂടുതൽ ആളുകൾ ഒത്തുചേരുന്നത് ഒഴിവാക്കണമെന്ന് സെന്റർ ഫോർ ഡിസീസ് കൺട്രോൾ ആൻഡ് പ്രിവൻഷൻ ഇതിനകം ശിപാർശ ചെയ്തിട്ടുണ്ട്. കൂടാതെ ന്യൂയോർക്ക്. ന്യൂജേഴ്സി ഉൾപ്പെടെ നിരവധി സംസ്ഥാനങ്ങളിൽ ബാറുകളും റെസ്റ്റോറന്റുകളും അടച്ചിരിക്കുകയാണ്. ജനങ്ങളുടെ ആരോഗ്യ സുരക്ഷ കണക്കിലെടുത്ത് ജിംനേഷ്യങ്ങളും ഫിറ്റ്നസ് സെന്ററുകളും അടച്ചു.

## മക്ഡൊണാൾഡ്സ് റസ്റ്റോറന്റുകളിലെ ഡൈനിംഗ് റൂമുകൾ അടച്ചിടുന്നു

**മൊയ്തീൻ പുത്തൻചിറ**

ന്യൂയോർക്ക്: കൊറോണ വൈറസ് വ്യാപകമായി പടർന്നുപിടിക്കുന്ന സാഹചര്യത്തിൽ അമേരിക്കയിലുടനീളമുള്ള മക്ഡൊണാൾഡ്സ് റസ്റ്റോറന്റുകളിലെ ഡൈനിംഗ് റൂമുകളും കളിസ്ഥലങ്ങളും അടച്ചിടുന്നു. എന്നാൽ, ഡ്രൈവ് ത്രൂ വഴിയും ഹോം ഡെലിവറി വഴിയും ഉപയോക്താക്കൾക്ക് സേവനം തുടരുമെന്ന് 16ന് തിങ്കളാഴ്ച പുറത്തിറക്കിയ പ്രസ്താവനയിൽ പറഞ്ഞു. രാജ്യമെമ്പാടും വർദ്ധിച്ചുവരുന്ന നിയന്ത്രണങ്ങളുമായി പൊരുത്തപ്പെടുന്നതിന് മക്ഡൊണാൾഡ്സ് യുഎസ്എയുടെ ഉടമസ്ഥതയിലുള്ള റസ്റ്റോറന്റുകളിലെ ഡൈനിംഗ് റൂമുകൾ ഉൾപ്പെടെ സ്വയം സേവന പാനീയ ബാറുകളും കിയോസ്കുകളും ഉൾപ്പെടെയുള്ള ഇരിപ്പിടങ്ങൾ അനിശ്ചിത കാലത്തേക്ക് അടച്ചിടുമെന്ന് പ്രസ്താവനയിൽ പറയുന്നു. ഈ നടപടികൾ നടപ്പിലാക്കാൻ കമ്പനി യുഎസിലുടനീളമുള്ള ഫ്രാഞ്ചൈസികളോട് ആവശ്യപ്പെട്ടിട്ടുണ്ട്. സ്റ്റാർബക്സ് ഉൾപ്പെടെയുള്ള മറ്റ് പ്രധാന ഫാസ്റ്റ് ഫുഡ് ശൃംഖലകൾ സ്വീകരിച്ച സമാനമായ നടപടികളാണ് ഈ പ്രഖ്യാപനം നടത്താൻ മക്ഡൊണാൾഡ്സിനെ പ്രേരിപ്പിച്ചത്. ന്യൂയോർക്ക് ഉൾപ്പെടെ നിരവധി സംസ്ഥാനങ്ങൾ റസ്റ്റോറന്റുകൾക്കും ബാറുകൾക്കും ടേക്ക് ഔട്ട് അല്ലെങ്കിൽ ഡെലിവറികൾ വഴി മാത്രം പ്രവർത്തിക്കാൻ ഉത്തരവിട്ടിട്ടുണ്ട്.

## ഇന്ത്യൻ വിദ്യാർത്ഥികൾ അമേരിക്കയിൽ തന്നെ തങ്ങണം

ന്യൂയോർക്ക്: അമേരിക്കയിൽ കൊറോണ വൈറസ് വ്യാപകമായതിനെ തുടർന്ന് കോളജുകളും യൂണിവേഴ്സിറ്റികളും അടച്ച സാഹചര്യത്തിൽ അമേരിക്കയിൽ പഠനം നടത്തുന്ന ഇന്ത്യൻ വിദ്യാർത്ഥികൾ തൽക്കാലം അവിടെത്തന്നെ തുടരണമെന്ന് ഇന്ത്യാ ഗവൺമെന്റ് നിർദ്ദേശിച്ചു.

ന്യൂയോർക്കിലെ കോൺസുലേറ്റ്

**പി.പി. ചെറിയാൻ**

ജനറൽ ഓഫ് ഇന്ത്യയാണ് ഇതു സംബന്ധിച്ച് വിദ്യാർത്ഥികൾക്ക് അറിയിപ്പ് നല്കിയിരിക്കുന്നത്. കാമ്പസ് ഹൗസിങ്ങിലോ ഇവിടെ പ്രവേശനം അനുവദിക്കുന്നില്ലെങ്കിൽ സഹപാഠികളുടെ ഭവനങ്ങളിലോ താമസസൗകര്യം കണ്ടെത്തണം.

അതോടൊപ്പം ഹെൽത്ത് സർവീസസ്, ഇന്റർനാഷണൽ സ്റ്റുഡന്റ് സർവീസസ് എന്നിവയുമായി ചർച്ച നടത്തി കാമ്പസിൽ തന്നെ തുടരണമെന്നും കോൺസുലേറ്റ് നിർദ്ദേശിച്ചു. അത്യാവശ്യ സന്ദർഭങ്ങളിലല്ലാതെ യാത്ര നടത്തരുതെന്നും യാത്ര ആവശ്യമെങ്കിൽ യൂണിവേഴ്സിറ്റി അധികൃതരിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി മാത്രമേ യാത്ര ചെയ്യാവൂ എന്നും നിർദ്ദേശിച്ചിട്ടുണ്ട്.



യൂണിവേഴ്സിറ്റി അടച്ചതിനെത്തുടർന്നുള്ള അസൗകര്യം തരണം ചെയ്യുന്നതിന് നേർത്ത് അമേരിക്ക തെലുങ്ക് അസോസിയേഷൻ സഹകരണം നല്കുന്നതുപോലെ മറ്റ് ഇന്ത്യൻ-സംസ്ഥാന സംഘടനകളും മുന്നോട്ടു വരണമെന്നും കോൺസൽ ജനറൽ അഭ്യർത്ഥിച്ചു. ഇന്ത്യയിലേക്ക് വരുന്നതിന് വിദ്യാർത്ഥികൾ തീരുമാനിച്ചാൽ മെഡിക്കൽ സ്ക്രീനിങ്, 14 ദിവസത്തെ ക്വാറന്റിൽ എന്നിവ ഇന്ത്യയിലെത്തിയാൽ വേണ്ടിവരുമെന്നുള്ളത് ഓർത്തിരിക്കണമെന്നും കോൺസുലേറ്റിന്റെ അറിയിപ്പിൽ പറയുന്നു.

## അമേരിക്കൻ മലയാളികൾക്കായി ഹെൽപ്പ് ലൈൻ ഫോറം

ന്യൂജേഴ്സി: ലോകരാജ്യങ്ങളെയും ലോകജനതയെത്തന്നെയും ഭീതിയിലാഴ്ത്തി, ലോകാരോഗ്യ സംഘടന മഹാമാരിയായി പ്രഖ്യാപിച്ച കോവിഡ്-19 അമേരിക്കൻ മലയാളികളുടെയും ഉറക്കം കെടുത്തുകയാണ്. വടക്കെ അമേരിക്കയിൽ പ്രവാസി മലയാളികൾ ഒറ്റക്കെട്ടായി സധൈര്യം ഈ പ്രതിസന്ധിയെ നേരിടാൻ തീരുമാനമെടുത്തു. മാർച്ച് 12ന് ഫൊക്കാനാ, ഫോമാ, ഐപിസിഎൻഎ, ഡബ്ല്യുഎംസി, എകെഎം



സി, എൻഎഐഎൻഎ (നൈന) തുടങ്ങിയ ദേശീയ സംഘടനകളുടെ പ്രതിനിധികളും കേരളത്തിൽ നിന്നും പ്രേമചന്ദ്രൻ എംപി, രാജു ഏബ്രഹാം എംഎൽഎ, പത്തനംതിട്ട കളക്ടർ ഡോ. നൂഹ്, ഡോ. എം.വി.പിള്ള എന്നിവർ പങ്കെടുത്ത ടെലി കോൺഫറൻസിൽ

**അനിയൻ ജോർജ്**

മുന്നൂറിൽപ്പരം ആളുകളാണ് അമേരിക്കയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും പങ്കെടുത്തത്.

എകെഎംസിയുടെ മുൻ പ്രസിഡണ്ട് ഡോ. തോമസ് മാത്യു, ഡോ. രാമചന്ദ്രൻ, ഡോ. ജേക്കബ് മാത്യു, ഡോ. നജീബ്, ഡോ. രവീന്ദ്രനാഥ്, ഡോ. നവീൻ ശ്രീകുമാർ തുടങ്ങിയവർ കൊറോണ വൈറസിന്റെ ലക്ഷണങ്ങളും മുൻകരുതൽ ട്രീറ്റ്മെന്റ് തുടങ്ങിയ കാര്യങ്ങളെപ്പറ്റി വിശദമായി സംസാരിക്കുകയും രോഗബാധിതരായ മലയാളികളെ എങ്ങനെ സഹായിക്കാം എന്നുള്ളതിനെപ്പറ്റിയും ചർച്ച ചെയ്തു. യാത്ര ചെയ്യാനാവാതെ ബുദ്ധിമുട്ടിലകപ്പെട്ടിരിക്കുന്ന മലയാളികളെ സഹായിക്കാൻ എല്ലാ മലയാളി സംഘടനകളും ഒത്തൊരുമിച്ച് ഈ സന്ദർഭത്തിൽ പ്രവർത്തിക്കണമെന്ന് എല്ലാവരും സംയുക്തമായി ആവശ്യപ്പെട്ടു.

മലയാളി ഹെല്പ്പ് ലൈൻ ഫോറം എന്നു പേരിട്ടിരിക്കുന്ന വാടസ് ആപ്പ് ഗ്രൂപ്പിൽ എഎംജിജി, ഐഎംഎയുടെയും വിദഗ്ദ്ധരായ ഡോക്ടേഴ്സ്, ഫോമ, ഫൊക്കാന, ഡബ്ല്യുഎംസി, ഐപിസിഎൻഎ, നൈന തുടങ്ങിയ സംഘടനകളുടെ ഭാരവാഹികളും വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള സംഘടനാ പ്രസിഡണ്ടുമാരും അംഗങ്ങളാണ്. കേരളത്തിൽ നിന്നും ആരോഗ്യമന്ത്രി കെ.കെ. ഷൈലജ, എംപിമാർ, എംഎൽഎമാർ, കളക്ടർമാർ, പോലീസ് ഉദ്യോഗസ്ഥന്മാരും അംഗങ്ങളായ വാട്സ് ആപ്പ് ഗ്രൂപ്പ് 24 മണിക്കൂറും പ്രവാസി മലയാളികളുടെ ആവശ്യങ്ങൾക്കായി പ്രവർത്തിക്കുകയാണ്.

ഫ്ളോറിഡയിൽ നിന്നുള്ള ഡോ. ജഗതി നായർ കോ-ഓർഡിനേറ്റർ ആയ കമ്മിറ്റിയിൽ എകെഎംസി പ്രസിഡണ്ട് ഡോ. ഉഷ മോഹൻദാസ്, ഫോമ പ്രസിഡണ്ട് രാജു ചാമത്തിൽ, ഫൊക്കാനാ പ്രസിഡണ്ട് മാധവൻ നായർ, വേൾഡ് മലയാളി കൗൺസിൽ അമേരിക്കൻ റീജിയൻ പ്രസിഡണ്ട് ജെയിംസ് കൂടൽ, ഐപിസിഎൻഎ പ്രസിഡണ്ട് ഡോ. ജോർജ് എം. കാക്കനാട്ട്, നൈന പ്രസിഡണ്ട് ആഗ്നസ് തെർക്കെടി, മുൻ എഎപിഐ പ്രസിഡണ്ട് ഡോ. നരേന്ദ്രകുമാർ എന്നിവരാണ് മറ്റ് അംഗങ്ങൾ.

ന്യൂജേഴ്സിയിൽ നിന്നുള്ള ബൈജു വർഗീസാണ് കോ-ഓർഡിനേറ്റർ.

## ആരോഗ്യമന്ത്രി ശൈലജ ടീച്ചർക്ക് വനിതാരത്നം പുരസ്കാരം

ന്യൂജേഴ്സി: അമേരിക്കൻ മലയാളികളുടെ ദേശീയ കൂട്ടായ്മ ഫൊക്കാനയുടെ പ്രഥമ വനിതാരത്നം പുരസ്കാരം കേരളത്തിന്റെ പ്രിയപ്പെട്ട ആരോഗ്യമന്ത്രി ശ്രീമതി ശൈലജ ടീച്ചർക്ക്.

തങ്ങളുടെ കർമ്മമണ്ഡലത്തിൽ മികവ് തെളിയിച്ച വനിതകൾക്കായി ഫൊക്കാനാ ഏർപ്പെടുത്തിയ ഈ പുരസ്കാരം പ്രകൃതിക്ഷോഭവും നിപ്പയും മുതൽ തുടങ്ങി ലോകമെങ്ങും മരണഭീതി വിതയ്ക്കുന്ന കൊറോണ വരെ നിയന്ത്രിക്കുന്നതിലും ഒരളവുവരെ പിടിച്ചുകെട്ടാൻ കഴിഞ്ഞതുമായ കേരള സംസ്ഥാന ആരോഗ്യവകുപ്പിന്റെ ശാസ്ത്രീയവും കെട്ടുറപ്പുള്ളതുമായ പ്രവർത്തന മികവിനാണെന്ന് ഫൊക്കാനാ പ്രസിഡണ്ട് മാധവൻ നായർ അറിയിച്ചു.



അടിയന്തര ഘട്ടത്തിൽ തന്റെ വകുപ്പിന് കർമ്മനിരതമായ നേതൃത്വവും ഏകോപനവും കർശന നിർദ്ദേശങ്ങളും നല്കി മുന്നോട്ടു കൊണ്ടുപോകുകയും രാപ്പകലില്ലാതെ അവരോടൊപ്പം പ്രവർത്തിക്കുകയും ചെയ്ത ശൈലജ ടീച്ചറെ ഫൊക്കാനാ നേതൃത്വം ഏകകണ്ഠമായാണ് തെരഞ്ഞെടുത്തതെന്ന് അദ്ദേഹം പറഞ്ഞു.

അമേരിക്ക പോലൊരു രാജ്യത്തുപോലും കൊറോണ പടരുന്ന സാഹചര്യത്തിലും കേരളംപോലെ ഒരു സംസ്ഥാനത്ത് ഒരു ജീവൻപോലും വെടിയാതിരുന്നത് ആരോഗ്യവകുപ്പിന്റെ ചിട്ടയായ പ്രവർത്തനം കൊണ്ടാണെന്നതും ഇത്തരുണത്തിൽ സ്മരണീയമാണ്.

രത്നഖചിതമായ പതക്കവും പ്രശംസാപത്രവുമടങ്ങുന്ന വനിതാരത്ന പുരസ്കാരം 2020 ജൂലൈയിൽ ന്യൂജേഴ്സിയിലെ അറ്റ്ലാന്റിക് സിറ്റിയിൽ നടക്കുന്ന ഫൊക്കാനാ ദേശീയ കൺവൻഷനിൽ ശൈലജ ടീച്ചർക്ക് സമ്മാനിക്കുമെന്ന് ഫൊക്കാനാ ഭാരവാഹികൾ പറഞ്ഞു.

# കോവിഡ് 19 ശക്തി പ്രാപിക്കുമ്പോൾ കൈകോർത്ത് ചിക്കാഗോ മലയാളികൾ




ചിക്കാഗോ: ചൈനയിലും ഇറ്റലിയിലും കനത്ത നാശങ്ങൾ വിതച്ച കോവിഡ് 19 എന്ന കൊറോണ വൈറസ് നോർത്ത് അമേരിക്കയിൽ ശക്തിപ്രാപിക്കുമ്പോൾ ഈ മഹാമാരിയിൽ മലയാളി സമൂഹത്തെ ഒന്നായി നിർത്തുവാനും കഷ്ടതയനുഭവിക്കുന്ന മലയാളി കുടുംബങ്ങൾക്കും വ്യക്തികൾക്കും കൈത്താങ്ങാകുവാനും ഹെൽപ് ലൈൻ നിലവിൽ വന്നു. മത-രാഷ്ട്രീയ-സംഘടനാ വ്യത്യാസങ്ങൾക്ക് അതീതമായി 150-ഓളം വോളണ്ടിയേഴ്സിനെ ആണ നിരത്തിക്കൊണ്ട് എട്ടോളം കമ്മിറ്റികൾ ചിക്കാഗോ പ്രദേശത്തെ ആറ് റീജിയണുകളായി തിരിച്ച് സഹായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ 'കൈകോർത്ത്' എന്ന പേരിലാണ് പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്. ബെന്നി വാച്ചാച്ചിറ, ജിതേഷ് ചുങ്കത്ത്, ബിജി സി. മാണി എന്നിവരുടെ ഏകോപനത്തിൽ പ്രവർത്തിക്കുന്ന വിവിധ കമ്മിറ്റികൾ പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു. 1 833 3 KERALA (1 833 353 7252) എന്ന ടോൾഫ്രീ നമ്പർ മലയാളി സമൂഹത്തിന് സഹായഹസ്തവുമായി തയ്യാറായിട്ടുണ്ട്.

കോവിഡ് 19 ബാധിച്ചവരുടെ എണ്ണം ആയിരത്തോട് അടുക്കുന്ന ഇല്ലിനോയി സംസ്ഥാനത്തിൽ ശനിയാഴ്ച വൈകിട്ട് മുതൽ സ്റ്റേ അറ്റ് ഹോം ഓർഡർ വഴി അത്യാവശ്യ കാര്യങ്ങൾക്കു മാത്രം പുറത്തു പോകത്തക്ക വിധത്തിൽ ശക്തമായ നിയന്ത്രണം ഏർപ്പെടുത്തിയ സാഹചര്യത്തിൽ മലയാളി കുടുംബങ്ങൾ ഒറ്റപ്പെട്ട് പോകാനുള്ള സാഹചര്യം മുന്നിൽകണ്ടാണ് കൈകോർത്ത് എന്ന സാമൂഹിക സഹായസംവിധാനം രൂപീകരിച്ചിരിക്കുന്നത്.

കോവിഡ് 19 ബാധിച്ചവരുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച് ആശുപത്രികളുടെയും മെഡിക്കൽ ടീമുകളുടെയും സേവനം പരിമിതമാകുമ്പോൾ മലയാളി സമൂഹത്തിന് എമർജൻസി മെഡിക്കൽ സൗകര്യം ഒഴിച്ച് മറ്റെല്ലാ സൗകര്യങ്ങളും ലഭ്യമാക്കത്തക്ക രീതിയിലുള്ള ഡോക്ടർമാരും നേഴ്സ് പ്രാക്ടീഷണർമാരും നേഴ്സുമാരും ഉൾപ്പെടെയുള്ള സുസജ്ജമായ മെഡിക്കൽ ടീമിനെ ഉൾപ്പെടെ അണിനിരത്തിക്കൊണ്ടാണ് കൈകോർത്ത് വിഭാവനം ചെയ്തിട്ടുള്ളത്. മെഡിക്കൽ ടീമിന്റെ ഏകോപനം നിർവഹിക്കുന്നത് മറിയാമ്മ പിള്ള, ബ്രിജിറ്റ് ജോർജ്, ജോർജ് നെല്ലാമറ്റം, സ്കറിയാക്കുട്ടി

**അനിൽ മറ്റത്തിക്കുന്നേൽ**

തോമസ് എന്നിവരാണ് മെഡിക്കൽ ടീമിനു പുറമെ സമൂഹത്തിലെ പ്രായമായവർക്ക് വേണ്ടി സീനിയർ സിറ്റിസൺ കമ്മിറ്റി ജോൺസൺ കണ്ണൂക്കാടന്റെ നേതൃത്വത്തിൽ പ്രവർത്തിക്കും. അത്യാവശ്യ യാത്രാസംവിധാനങ്ങളും കൗൺസലേറ്റ് സമാനമായ കാര്യങ്ങളും ചെയ്യുന്നതിനു വേണ്ടി ട്രാവൽ ആൻഡ് കോൺസുലേറ്റ് അഫയേഴ്സ് കമ്മിറ്റിക്ക് നേതൃത്വം നല്കുന്നത് ജോൺ പാട്ടപ്പതി, ഗ്ലാഡ്സൺ വർഗീസ് എന്നിവരാണ്. ഭക്ഷണസാധനങ്ങളുടെ ദൗർലഭ്യം ഉണ്ടാകുന്ന പക്ഷം ചിക്കാഗോ പ്രദേശത്തെ ഇന്ത്യൻ ഗ്രോസറി കടകളെ ബന്ധിപ്പിച്ചുകൊണ്ട് മലയാളിസമൂഹത്തിന് വ്യക്തമായ നിർദ്ദേശങ്ങൾ കൈമാറാനും സഹായം വേണ്ടിടത്ത് അത് എത്തിക്കുന്നതിനും വേണ്ടി ഫുഡ് കമ്മിറ്റി ജോണി വടക്കുംചേരി, സണ്ണി വള്ളികുളം എന്നിവർ നയിക്കും. അവശ്യ സാധനങ്ങളുടെ ദൗർലഭ്യം മനസ്സിലാക്കി മലയാളി സമൂഹത്തെ സഹായിക്കുവാൻ വേണ്ടി സപ്ലൈ ആൻഡ് സ്റ്റോക്ക് മോണിറ്ററിങ് കമ്മിറ്റിക്ക് സ്കറിയാക്കുട്ടി തോമസാണ് നേതൃത്വം നല്കുന്നത്. മേഴ്സി കുര്യാക്കോസിന്റെ നേതൃത്വത്തിൽ കൗൺസിലിങ് ആൻഡ് സോഷ്യൽ ഹെൽത്ത് കമ്മിറ്റിയും സജീവമായിക്കഴിഞ്ഞു. ഹെൽപ്പ്ലൈൻ കൂടാതെ സമൂഹ മാധ്യമങ്ങളിലൂടെ മലയാളി സമൂഹത്തിന്റെ പ്രശ്നങ്ങൾ മനസ്സിലാക്കുവാനും സഹായം ആവശ്യമായ സാഹചര്യങ്ങൾ മനസ്സിലാക്കി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനും വേണ്ടി അരുൺ നെല്ലാമറ്റം, നിഷാ എറിക്ക് എന്നിവരുടെ നേതൃത്വത്തിൽ ഐടി സെല്ലും തയ്യാറായിക്കഴിഞ്ഞു. സാബു നെടുവീട്ടിൽ, സ്റ്റാൻലി കളരിക്കമുറി എന്നിവർ റീജണൽ കോ-ഓർഡിനേറ്റേഴ്സായി പ്രവർത്തിക്കും.

ഈ മുന്നേറ്റത്തിന്റെ അഡൈ്വസറി ബോർഡ് അംഗങ്ങളായി ബിഷപ് മാർ ജോയ് ആലപ്പാട്ട്, റവ.ഫാ. ഹാം ജോസഫ്, മോൺ. തോമസ് മുളവനാൽ എന്നിവർ പ്രവർത്തിക്കും.

ഭീതിയും ഭയവും ഒഴിവാക്കി സംയമനവും വിവേകവും കൈമുതലാക്കിക്കൊണ്ട് ഉത്തരവാദിത്വത്തോടെ ഒരുമിച്ച് പ്രവർത്തിച്ചാൽ ഈ മഹാമാരിയിൽ തളരാതെ ഒരു സമൂഹമായി നിലനിൽക്കുവാൻ സാധിക്കുമെന്നുള്ള ഉത്തമ വിശ്വാസത്തോടെയാണ് നൂറ്റമ്പതോളം വരുന്ന വോളണ്ടിയേഴ്സ് ഒരുമിക്കുന്നതെന്ന് പബ്ലിസിറ്റി കമ്മിറ്റിക്കു വേണ്ടി ബെന്നി വാച്ചാച്ചിറ അറിയിച്ചു. ഹെൽപ്പ് ലൈനിലേക്ക് വരുന്ന ഓരോ കോളുകൾക്കും വിളിക്കുന്നവരുടെ സ്വകാര്യത പരിപൂർണ്ണമായും കാത്തുസൂക്ഷിച്ചുകൊണ്ട് യാതൊരുവിധ വ്യക്തി താത്പര്യങ്ങളുമില്ലാതെ കൈത്താങ്ങാകുവാൻ പ്രതിജ്ഞാബദ്ധമായ ടീമിലേക്ക് എത്തിയിരിക്കുന്ന എല്ലാ വോളണ്ടിയേഴ്സിനും നന്ദിയറിയിക്കുന്നതായി കമ്മിറ്റികൾക്കു വേണ്ടി അദ്ദേഹം അറിയിച്ചു. ഹെൽപ്പ് ലൈനിലേക്കോ കമ്മിറ്റി അംഗങ്ങളെ നേരിട്ടോ വിളിച്ച് സഹായം അഭ്യർത്ഥിക്കാനുള്ള അവസരം ഒരുക്കിയിട്ടുണ്ട്.

കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ് ലൈനുമായി 1 833 353 7252 എന്ന നമ്പരിൽ ബന്ധപ്പെടുക.

# മലയാളം സൊസൈറ്റി ഹൂസ്റ്റൺ

**മണ്ണിക്കരോട്ട്**

ഹൂസ്റ്റൺ: ഹൂസ്റ്റണിലെ സാഹിത്യ സംഘടനയായ മലയാളം സൊസൈറ്റിയുടെ 2020-ലെ മാർച്ച്മാസ സമ്മേളനം 8ന് ഞായറാഴ്ച വൈകിട്ട് നാലിന് സ്റ്റാഫോർഡ് ദേശി ഇന്ത്യൻ റെസ്റ്റോറന്റിൽ നടത്തപ്പെട്ടു. ജോർജ് മണ്ണിക്കരോട്ടിന്റെ ഉപക്രമത്തോടെ സമ്മേളനം ആരംഭിച്ചു. തോമസ് കളത്തൂർ അവതരിപ്പിച്ച പ്രതീക്ഷയുടെ അമൂല്യത എന്ന ഗദ്യകവിതയും ജോർജ് പുത്തൻകുരിശ് അവതരിപ്പിച്ച ഉറൂബിന്റെ മനുഷ്യദർശനം ദൈവശാസ്ത്രവിചിന്തനം എന്ന റവ. രാജു അഞ്ചേരി കൃതിയുടെ ആസ്വാദനവുമായിരുന്നു ചർച്ചാവിഷയങ്ങൾ. ജോൺ കുന്തറ മോഡറേറ്ററായിരുന്നു. ബ്രാഹ്മണരുടെ പരമ്പരാഗതവും അനൗപചാരികവും നിഷ്ക്കളങ്കവുമായ സംഭാഷണ ശൈലിയും അതിലെ കാവ്യഭംഗിയിലും ആകൃഷ്ടനായാണ് പ്രതീക്ഷയുടെ അമൂല്യത എന്ന ഗദ്യകവിത രചിക്കാനിടയായതെന്ന് തോമസ് കളത്തൂർ അറിയിച്ചു. പേരക്കുട്ടികളോടുള്ള അപ്പൂപ്പന്റെ വാത്സല്യവും ലാളനയും കവിതയിൽ ഉടനീളം തെളിഞ്ഞു കാണാമായിരുന്നു. ഒരുപക്ഷേ, സ്വന്തം മക്കളിൽ അർപ്പിക്കാൻ കഴിയാതെപോയ സ്നേഹത്തിന്റെയും ലാളനയുടെയും കണക്കുതീർക്കലാണോ ഇതെന്നു തോന്നിപ്പോകും. എന്തായാലും കളത്തൂരിന്റെ കവിതയ്ക്ക് കേൾവിക്കാരിൽ ഗൃഹാതുര ചിന്തകളുണർത്താൻ കഴിഞ്ഞു.

'അർത്ഥമില്ലാത്ത എന്തിനൊ കാത്തിരിപ്പാണ് ജീവിതം

കാലം നഷ്ടമാക്കിയ അർത്ഥവും ചുമന്നുള്ള ജീവിതം' എന്നതു പോലെയുള്ള താത്വികവും വൈകാരികവുമായ വരികൾ കവിതയെ ചിന്തോദ്ദീപകമാക്കി.



ജോർജ് പുത്തൻകുരിശ് അവതരിപ്പിച്ച ഉറൂബിന്റെ മനുഷ്യദർശനം ദൈവശാസ്ത്രവിചിന്തനം എന്ന റവ. രാജു അഞ്ചേരിയുടെ കൃതിയുടെ ആസ്വാദനമായിരുന്നു അടുത്തവിഷയം. ദൈവത്തിന്റെ നിർവചനത്തിൽ നന്മയും സ്നേഹവും ഉണ്ടെങ്കിൽ ആ ദൈവത്തെ ഉറൂബിന്റെ കഥാപാത്രങ്ങളിൽ കണ്ടെത്താൻ കഴിയുമെന്നും എന്നാൽ, ആ കഥാപാത്രങ്ങളാകട്ടെ ഇന്നത്തെ ലോകത്തിൽ നന്മയുടെയും സ്നേഹത്തിന്റെയും പ്രതിരൂപങ്ങളായി സങ്കല്പിച്ചിരിക്കുന്ന മനുഷ്യരുമായി യാതൊരുവിധത്തിൽ പൊരുത്തപ്പെടുന്നില്ലതാനും.

കുഞ്ഞിന്റെ കരച്ചിൽ കേട്ട് കഠാരപ്പിടിയിലമർന്ന കൈ താനെ അയഞ്ഞു പോകുന്ന പൊന്നുതൂക്കുന്ന തുലാസും പടച്ചോന്റെ ചോറും എന്ന കഥയിലെ മൗലവിയും തുരുത്തിൽ ഒറ്റപ്പെട്ട് മരണത്തെ അഭിമുഖീകരിച്ചു കഴിയുന്ന മനുഷ്യരെ രക്ഷിക്കാൻ അലറുന്ന കടലിൽ എടുത്തു ചാടുന്ന കൊടുങ്കാറ്റിലെ മനുഷ്യരും ഒക്കെ ഒരുപക്ഷേ നമ്മുടെ മാനദണ്ഡങ്ങൾ വെച്ച് നോക്കുമ്പോൾ ദൈവത്തിന്റെ മക്കളെന്നു വിളിക്കാൻ യോഗ്യതയുള്ളവരായി കാണുന്നില്ല. കാരണം നമ്മുടെ ദൈവസ്നേഹത്തിന്റെയും അനുഗ്രഹത്തിന്റെയും ആളവുകോൽ ബാഹ്യമായ പെരുമാറ്റങ്ങളുടെ അടിസ്ഥാനത്തിലായതുകൊണ്ടാണ്. ആന്തരിക സൗന്ദര്യം കണ്ടെത്താൻ നാം ഒരിക്കലും ശ്രമിക്കാറില്ല. ആന്തരിക സൗന്ദര്യത്തിന്റെ അടിസ്ഥാനത്തിൽ ഉറൂബിന്റെ മനുഷ്യദർശനവും അതിൽ ദൈവസ്നേഹവും കണ്ടെത്തണമെങ്കിൽ തീർച്ചയായിട്ടും അദ്ദേഹത്തിന്റെ സുന്ദരന്മാരും സുന്ദരികളും വായിച്ചിരിക്കണം.

റവ. രാജു അഞ്ചേരിയുടെ ഉറൂബിന്റെ മനുഷ്യദർശനം ദൈവശാസ്ത്രവിചിന്തനവും എന്ന ഗ്രന്ഥവും ജോർജ് പുത്തൻകുരിശിന്റെ ആസ്വാദനവും ഉറൂബിന്റെ മനുഷ്യദർശനത്തെക്കുറിച്ചും ദൈവശാസ്ത്രത്തെക്കുറിച്ചും വ്യക്തമാക്കുന്നതിൽ വിജയിച്ചു എന്ന് ചർച്ചയിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു. സമ്മേളനത്തിൽ പൊന്നു പിള്ള, എ.സി. ജോർജ്, ആന്റണി അഗസ്റ്റിൻ, ജോൺ കുന്തറ, മാത്യു പന്നപ്പാറ, ജോയി ചെഞ്ചേരിൽ, നൈനാൻ മാത്തുള്ള, ചാക്കോ മുട്ടുങ്കൽ, ടി.എൻ. സാമുവേൽ, ജോസഫ് നടയ്ക്കൽ, തോമസ് കളത്തൂർ, സുകുമാരൻ നായർ, അല്ലി എസ്. നായർ, ജോസഫ് പൊന്നോലിൽ, ജി. പുത്തൻകുരിശ്, ജോർജ് മണ്ണിക്കരോട്ട് മുതലായവർ പങ്കെടുത്തു. പൊന്നു പിള്ളയുടെ കൃതജ്ഞതയോടെ സമ്മേളനം പര്യവസാനിച്ചു. കൂടുതൽ വിവരങ്ങൾക്ക്: മണ്ണിക്കരോട്ട് 281 857 9221, ജോളി വില്ലി 281 998 4917.

# ടോംസൺ ജോൺ നിര്യാതനായി



ഡാളസ്: കദളിമറ്റത്തിൽ പരേതനായ കെ. കെ. ജോണിന്റെയും (കെ.കെ. സാർ കരിങ്കുന്നം) മേരി കദളിമറ്റത്തിന്റെയും മകനായ ടോംസൺ ജോൺ കദളിമറ്റത്തിൽ (60) നിര്യാതനായി. കുമരകം ചെത്തിക്കുന്നേൽ ജീനയാണ് ഭാര്യ. മക്കൾ: മെറിൻ ടോംസൺ ഭർത്താവ് മാത്യൂസ് കളത്തിൽ (മഠത്തിൽ കളത്തിൽ, ഡാളസ്), ജെറിൻ ടോംസൺ, സെറിൻ ടോംസൺ, ജെയിംസ് ടോംസൺ. സഹോദരങ്ങൾ: മോളി തോമസ് മണലേൽ-കടുത്തുരുത്തി, സലോമി ബേബി ഊരാളിൽ-ന്യൂയോർക്ക്, തങ്കച്ചൻ ജോൺ-ലിസി കദളിമറ്റത്തിൽ-ന്യൂയോർക്ക്, ആൻസി ഷാജി ഇലക്കാട്ട്-അറ്റ്ലാന്റ, കൊച്ചുമോൾ ജിജു കോളങ്ങായിൽ ഡാളസ്. സംസ്കാരം പിന്നീട്.

# കൃത്രിമം: രണ്ട് റിപ്പബ്ലിക്കൻ സെനറ്റർമാർ പ്രതിക്കൂട്ടിൽ

**മൊയ്തീൻ പുത്തൻചിറ**

വാഷിങ്ടൺ ഡിസി: ഇന്ത്യ, അമേരിക്ക, യൂറോപ്പ്, ഇറ്റലി, യുണൈറ്റഡ് കിംഗ്ഡം എന്നീ രാജ്യങ്ങൾ ഉൾപ്പെടെ ചൈനയിൽ നിന്ന് ഉത്ഭവിച്ച കൊറോണ വൈറസ് രോഗം സർക്കാരിനെയും ലോകമെമ്പാടുമുള്ള ഓഹരി വിപണിയെയും താറുമാറാക്കി. രണ്ടര ദശലക്ഷത്തിലധികം ആളുകൾ രോഗബാധിതരായി, പതിനായിരത്തിലധികം പേർ മരിച്ചു. ന്യൂയോർക്ക്, മുംബൈ സ്റ്റോക്ക് എക്സ്ചേഞ്ചുകൾ ക്രമാനുഗതമായി കുറയുകയും ഓഹരിവിപണി ഇടിയുകയും ചെയ്തു. എന്നാൽ, യുഎസ് പ്രസിഡണ്ട് ഡോണൾഡ് ട്രംപിന്റെ റിപ്പബ്ലിക്കൻ പാർട്ടിയിലെ സെനറ്റർമാരായ കെല്ലി ലോഫ്ലറും റിച്ചാർഡ് ബാറും കൊറോണയുടെ വ്യാപ്തി എത്രത്തോളമുണ്ടാകുമെന്ന് അവലോകനം ചെയ്ത സെനറ്റർമാരുടെ ചർച്ചയിൽ പങ്കെടുത്തതിനു ശേഷം ഓഹരിവിപണി ഇടിയാൻ സാദ്ധ്യതയുണ്ടെന്ന് മുൻകൂട്ടി കണ്ട് കോടികൾ വിലമതിക്കുന്ന അവരുടെ ഓഹരികൾ വിറ്റതായി ആരോപണം.

സെനറ്റർമാർ എന്ന നിലയിൽ കൊറോണ വൈറസ് മൂലമുണ്ടാകാവുന്ന നാശനഷ്ടങ്ങളെക്കുറിച്ച് അവലോകനം ചെയ്യാൻ സെനറ്റർമാർ നടത്തിയ ചർച്ചയ്ക്കുശേഷം കെല്ലി ലോഫ്ലർ ദശലക്ഷക്കണക്കിനു ഡോളറിന്റെ ഓഹരികൾ വിറ്റു അല്ലെങ്കിൽ കോവിഡ് 19 മൂലം വർദ്ധിക്കാൻ സാദ്ധ്യതയുള്ള ഓഹരികളിൽ നിക്ഷേപിച്ചു എന്നാണ് ആരോപണം. അതേസമയം, കൊറോണ വൈറസിനെക്കുറിച്ച് ചീഫ് ഇന്റലിജൻസ് കമ്മിറ്റി എന്ന നിലയിൽ സർക്കാർ ഉദ്യോഗസ്ഥരിൽ നിന്ന് നിരന്തരം അപ്ഡേറ്റുകൾ നേടിക്കൊണ്ടിരുന്ന സെനറ്റിന്റെ ഇന്റലിജൻസ് കമ്മിറ്റി ചീഫ് സെനറ്റർ റിച്ചാർഡ് ബാർ 1.7 ദശലക്ഷം ഡോളർ വരെ ഓഹരികൾ വിറ്റു, സ്റ്റോക്ക് മാർക്കറ്റിൽ ഇതിനെ 'ഇൻസൈഡ് ട്രേഡിംഗ്' എന്നാണ് വിളിക്കുന്നത്. അതിനർത്ഥം മാർക്കറ്റിൽ ഉണ്ടാകാനിടയുള്ള ആഘാതം, അവരുടെ സ്ഥാനം കാരണം അശ്രദ്ധമായിരിക്കുകയും വ്യക്തിപരമായ നേട്ടത്തിനായി സർക്കാർ തലത്തിലുള്ള ചർച്ചകളിൽ ഉരുത്തിരിയുന്ന വിവരങ്ങൾ ഉപയോഗിക്കുകയും ചെയ്യുന്നു.

ജോർജിയയിൽ നിന്നുള്ള ജനപ്രതിനിധി സഭയിലെ അംഗമായ സെനറ്റർ കെല്ലി ലോഫ്ലറുടെ ഭർത്താവ് ജെഫ്രി സ്പ്രെച്ചർ ന്യൂയോർക്ക് സ്റ്റോക്ക് എക്സ്ചേഞ്ചിന്റെ ചെയർമാനാണ്. ഭാര്യ ലോഫ്ലറിനൊപ്പം അദ്ദേഹം ഓഹരികൾ വിൽക്കുകയും വാങ്ങുകയും ചെയ്യാറുണ്ട്. ന്യൂയോർക്ക് സ്റ്റോക്ക് എക്സ്ചേഞ്ചിന്റെ ഓപ്പറേറ്ററായ ഇന്റർകോണ്ടിനന്റൽ എക്സ്ചേഞ്ചിൽ രണ്ട് പങ്കാളികളും ചേർന്ന് 500 മില്യൺ ഡോളറിലധികം നിക്ഷേപിച്ചിട്ടുണ്ടെന്നാണ് വിവരം.

ജനുവരി 24ന് സെനറ്റ് ഹെൽത്ത് കമ്മിറ്റിയുടെ ഒരു ബ്രീഫിംഗിൽ ലോഫ്ലർ പങ്കെടുത്തിരുന്നു. അതിൽ കൊറോണ വൈറസിന്റെ അപകടസാദ്ധ്യതയെയും ആഘാതത്തെയും കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കാൻ നിർദ്ദേശം വന്നിരുന്നു. അതിനുശേഷമാണ് ലോഫ്ലർ ഓഹരികൾ വിൽക്കാൻ തുടങ്ങിയത്. ടൈലറിംഗ് സോഫ്റ്റ്‌വെയർ നിർമ്മിക്കുന്ന സിട്രിക്സ് എന്ന കമ്പനിയിൽ നിന്ന് ഓഹരികൾ വാങ്ങി, കൊറോണ കാരണം ആരുടെ കമ്പനിയാണ് വളരാൻ പോകുന്നതെന്ന് നിഗമനത്തിലാണ് അവരത്





ചെയ്തത്. ലോഫ്ലർ ഓഹരികൾ വിറ്റ കമ്പനികളുടെ വില ഇന്ന് വില്പന തീയതി മുതൽ പകുതിയിലധികം ഇടിഞ്ഞു. രസകരമായ കാര്യം ഫെബ്രുവരി 28ന് ലോഫ്ലർ പറഞ്ഞത് ഡെമോക്രാറ്റിക് പാർട്ടി കൊറോണയുടെ പേരിൽ രാജ്യത്തെ കബളിപ്പിക്കുകയാണെന്നാണ്.

രണ്ടാമത്തെ യുഎസ് നിയമനിർമ്മാതാവ് റിച്ചാർഡ് ബാർ നോർത്ത് കരോലിനയിൽ നിന്നുള്ള സെനറ്ററും സെനറ്റിന്റെ ശക്തമായ രഹസ്യാന്വേഷണ സമിതിയുടെ തലവനുമാണ്. ഈ കമ്മിറ്റി ചീഫ് എന്ന നിലയിൽ കൊറോണയെക്കുറിച്ച് അദ്ദേഹത്തിന് നിരന്തരം അപ്ഡേറ്റുകൾ ലഭിക്കുന്നുണ്ടായിരുന്നു. മാത്രമല്ല, ഇത് രാജ്യത്തെ ജനങ്ങൾക്കും വിപണിക്കും എന്തു ഫലമുണ്ടാക്കുമെന്നും അദ്ദേഹത്തിന് അറിയാമായിരുന്നു. അത്തരമൊരു സാഹചര്യത്തിൽ ഫെബ്രുവരി 13ന് അദ്ദേഹം 33 തവണ ഓഹരികൾ വിറ്റു. അതിന്റെ മൊത്തം മൂല്യം ഏകദേശം 1.7 ദശലക്ഷം ഡോളറാണ്. മിക്ക ഷെയറുകളും ഹോട്ടലുകളുടെയും ഹോസ്പിറ്റാലിറ്റി കമ്പനികളുടെയും വകയായിരുന്നു. അവയുടെ മൂല്യം കുറഞ്ഞു. ഓഹരികൾ വിറ്റതിനുശേഷം ഓഹരിവിപണി 30 ശതമാനത്തിൽ താഴെയായി. കെല്ലി ലോഫ്ലറെപ്പോലെ സെനറ്റർ റിച്ചാർഡ് ബാർ അമേരിക്കൻ ജനത പരിഭ്രാന്തരാകേണ്ട കാര്യമില്ലെന്ന് ഉറപ്പ് നല്കിയിരുന്നു.

കൊറോണ വൈറസിന്റെ വ്യാപ്തി വളരെ വലുതായിരിക്കുമെന്നും പരിഹരിക്കാനാവാത്തവിധം നഷ്ടക്കണക്കുകൾ കൂടുമെന്നും കമ്പനികളെ പിരിച്ചുവിടേണ്ടിവരുമെന്നും ഫെബ്രുവരി 7ന് നടന്ന സെനറ്റർമാരുടെ സ്വകാര്യ യോഗത്തിൽ റിച്ചാർഡ് ബാർ പറഞ്ഞിരുന്നു.

യുഎസ് നിയമനിർമാതാക്കളും അദ്ദേഹത്തിന്റെ സ്റ്റാഫും ആഭ്യന്തര വ്യാപാരം നിരോധിക്കുന്ന ബില്ലിനെതിരെ 2012-ൽ റിച്ചാർഡ് ബാർ വോട്ട് ചെയ്തിരുന്നു. അങ്ങനെ ചെയ്ത മൂന്നു സെനറ്റർമാരിൽ ഒരാളായിരുന്നു റിച്ചാർഡ് ബാർ.

ഇപ്പോൾ ഡെമോക്രാറ്റിക് പ്രതിനിധികൾ ഇരുവർക്കുമെതിരെ രംഗത്തുവന്നിരിക്കുകയാണ്. അധികാരം ദുർവിനിയോഗം ചെയ്തതിനും ഇൻസൈഡർ ട്രേഡിംഗിലൂടെ ഓഹരികൾ വാങ്ങിയതിനും വിറ്റതിനും ഇരുവരുടെയും രാജി ആവശ്യപ്പെട്ടു. റിച്ചാർഡ് ബാറിനെ പ്രോസിക്യൂട്ട് ചെയ്യണമെന്ന ആവശ്യവും ഉയർന്നിട്ടുണ്ട്.ഫെബ്രുവരി 27ന് സമ്പന്നരുടെ ഒരു ക്ലബിനുള്ളിൽ വെച്ച് റിച്ചാർഡ് ബാർ, സ്ഥിതിഗതികൾ കൂടുതൽ വഷളാകാൻ പോകുകയാണെന്നും 1918-ൽ അമേരിക്കയിലുണ്ടായ പകർച്ചവ്യാധി പോലെയാകുമെന്നും പുറത്തുള്ളവരോട് പറഞ്ഞതായി റിപ്പോർട്ടുകളുണ്ട്.

# ഡാളസ് കൗണ്ടിയിൽ സ്റ്റേ അറ്റ് ഹോം ഉത്തരവ് പ്രാബല്യത്തിൽ

ഡാളസ്: ടെക്സസിലെ ഏറ്റവും വലിയ കൗണ്ടിയായ ഡാളസ് കൗണ്ടിയിലും ജനങ്ങൾ പുറത്തിറങ്ങരുതെന്ന ഉത്തരവ് മാർച്ച് 23 മുതൽ പ്രാബല്യത്തിലായി.

ഡാളസ് കൗണ്ടി ജഡ്ജി ക്ലെ ജൻകിൻസാണ് ഉത്തരവ് പുറപ്പെടുവിച്ചത്. രണ്ടുപേർ കൂടി കോവിഡ് രോഗംമൂലം മരിച്ചതിനെ തുടർന്നാണ് പുതിയ നിയന്ത്രണം ഏർപ്പെടുത്തുവാൻ നിർബന്ധിതമായതെന്ന് ജഡ്ജി പറഞ്ഞു.

അത്യാവശ്യകാര്യങ്ങൾക്കല്ലാതെ പുറത്തിറങ്ങരുതെന്ന് കർശന നിർദ്ദേശം നല്കിയിട്ടുണ്ടെങ്കിലും ഹെൽത്ത് ആൻഡ് സേഫ്റ്റി സപ്ലൈസ്, ഗ്രോസറി എന്നിവ വാങ്ങുന്നതിന് അനുമതി ന



ല്കിയിട്ടുണ്ട്.

തൽക്കാലം ഏപ്രിൽ മൂന്നുവരെയാണ് ഉത്തരവ്. സ്ഥിതിഗതികൾ പഠിച്ച് പിന്നീട് തീരുമാനം അറിയിക്കും.

നോർത്ത് ടെക്സസിന്റെ കൗണ്ടിയിൽ (ടെർജന്റ്) നിയമം അല്പംകൂടി കടുപ്പിച്ചിട്ടുണ്ട്.

സ്റ്റേ അറ്റ് ഹോം ലംഘിക്കുന്നവർക്ക് ആയിരം ഡോളറോ 180 ദിവസം ജയിൽശിക്ഷയോ ലഭിക്കുമെന്ന് കൗണ്ടി ജഡ്ജി ഗ്ലെൻ വിറ്റ് ലി ഉത്തരവിട്ടു.

ഇവിടെ 50 പേർക്ക് ഒന്നിച്ചു കൂടാം എന്ന നേരത്തെ ഉത്തരവ് മാറ്റി 10 പേർക്ക് എന്നാക്കി മാറ്റിയിട്ടുണ്ട്.

കോവിഡ് 19 കേസുകൾ ഓരോ ദിവസവും ടെക്സസിൽ വർദ്ധിച്ചുവരുന്നതായാണ് വിവിധ കൗണ്ടികളിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ.

# സ്റ്റാഫോർഡിൽ പത്തു പേരിൽ കൂടുതൽ ഒന്നിച്ചു ചേർന്നാൽ പിഴ

**പി.പി. ചെറിയാൻ**

ഹൂസ്റ്റൺ: കൊറോണ വൈറസ് ഗുരുതരമായി പടരുന്ന സാഹചര്യം കണക്കിലെടുത്ത് പൊതുജനങ്ങൾ പാലിക്കേണ്ട ഫെഡറൽ-സംസ്ഥാന-കൗണ്ടി-സിറ്റി എന്നിവ പുറത്തിറക്കിയ നിർദ്ദേശങ്ങൾ ലംഘിച്ചു പത്തുപേരിൽ കൂടുതൽ ഒത്തുചേർന്നാൽ രണ്ടായിരം ഡോളർ പിഴ ചുമത്തുന്ന നിയമം സ്റ്റാഫോർഡിൽ നിലവിൽ വന്നു. അമേരിക്കയിൽ ഇതുവരെ ലഭ്യമായ റിപ്പോർട്ടുകളനുസരിച്ച് ഇത്തരത്തിൽ നിയമം പാസാക്കുന്ന ആദ്യസിറ്റി കൂടിയാണ് സ്റ്റാഫോർഡ് (ഹൂസ്റ്റൺ).

മലയാളിയായ കെൻ മാത്യു അംഗമായിട്ടുള്ള സ്റ്റാഫോർഡ് സിറ്റി കൗൺസിലാണ് പുതിയ നിയമം പാസാക്കിയിരിക്കുന്നത്. മലയാളികൾ തിങ്ങിപ്പാർക്കുന്ന നഗരമാണ് സ്റ്റാഫോർഡ്. സംസ്കാര ചടങ്ങുകൾക്കും പൊതുകൂടിവരവുകൾക്കും ആരാധനാലയങ്ങൾക്കും ഈ നിയമം ബാധകമാണെന്ന് സിറ്റിയുടെ ഉത്തരവിൽ പറയുന്നു.

ആരാധനാലയങ്ങളിൽ വൈദികൻ ഉൾപ്പെടെ പത്ത് പേർ. മാർച്ച് 31 വരെയാണ് ഈ നിയമം. അതു കഴിഞ്ഞ് 50 പേർക്ക് വരെ ആകാം. പിന്നീട് സി.ഡി.സി. പറയുന്നതനുസരിച്ച് ചട്ടം മാറ്റും. കൗൺസിൽ മെംബർ കെൻ മാത്യു സിറ്റിയിലെ പൗരന്മാർക്ക് അയച്ച സന്ദേശത്തിലാണ് ഈ വിവരങ്ങൾ വെളിപ്പെടുത്തിയിരിക്കുന്നത്.

# ഡോക്ടർ ദമ്പതികൾക്ക് അഭിനന്ദനവും പുരസ്കാരവും

ന്യൂയോർക്ക്: കൊറോണയുടെ കാലത്ത് റാന്നിയിൽ കൊറോണ വൈറസ് ചങ്ങല തകർക്കാൻ റൂട്ട് മാപ്പ് തയ്യാറാക്കിയ യുവഡോക്ടർ ദമ്പതികൾക്ക് ന്യൂയോർക്കിലെ സ്റ്റാറ്റൻ ഐലൻഡിൽ നിന്ന് ആദ്യകാല മലയാളികളിൽ ഒരാളായ അച്ചൻകുഞ്ഞ് കോവൂരിന്റെ അഭിനന്ദനവും പ്രത്യേക പുരസ്കാരവും സമർപ്പിക്കുന്നു. പത്തനംതിട്ടയിലെ കൊറോണ രോഗബാധിതർ സഞ്ചരിച്ച വഴികളും അവർ സമ്പർക്കത്തിൽ ഏർപ്പെട്ട ആയിരത്തോളം ആളുകളെയും കണ്ടെത്താൻ സഹായിച്ച റൂട്ട് മാപ്പ് തയ്യാറാക്കിയ നിലയ്ക്കൽ പി.എച്ച്.സി. സർജനും ജില്ലാ മെഡിക്കൽ ഓഫീസറുമായ ഡോ. അംജിത് രാജീവനും ഭാര്യ പന്തളം കുളനട പി.എച്ച്.സി. അസി. സർജൻ ഡോ. സേതുലക്ഷ്മിക്കുമാണ് അണമുറിയാത്ത അഭിനന്ദനം റാന്നി പത്തനംതിട്ട നിവാസികൾക്കു വേണ്ടി അച്ചൻകുഞ്ഞ് സമർപ്പിക്കുന്നത്. കേരള ആരോഗ്യമന്ത്രി ശൈലജ ടീച്ചറുടെ പേരിൽ ഡോക്ടർമാർക്ക് നല്കാനായി ഫെഡ് എക്സ് വഴി അയച്ചു നല്കി. ഇതിനൊക്കെ നേതൃത്വം നല്കിയ റാന്നിയിലെ രാജു ഏബ്രഹാം എംഎൽഎയെ അഭിനന്ദിക്കാനും മറന്നില്ല.

സംസ്ഥാന ആരോഗ്യ സെക്രട്ടറി രാജൻ കൊബ്രഗഡെ വിവിധ സംസ്ഥാനങ്ങളിലെ ആരോഗ്യവകുപ്പ് സെക്രട്ടറിമാർ വരെ പത്തനംതിട്ടയിൽ വിവരശേഖരണത്തിന് ഇവരെ തേടിയെത്തിയത് അവരുടെ കഴിവിന് മികച്ച സാക്ഷ്യവുമായി. 2018-ലെ പ്രളയസമയത്ത് ആരോഗ്യവകുപ്പ് ഡയറക്ടറുടെ കീഴിലുണ്ടായിരുന്ന ട്രെയിനിംഗ് ടീമിലെ വി



വരശേഖരണ അംഗമെന്ന നിലയിലാണ് ഇന്ത്യയിലെ ആദ്യകൊറോണ വൈറസ് ബാധിതർ ചൈനയിലെ വുഹാനിൽനിന്നും കേരളത്തിലെത്തിയപ്പോൾ അവരുടെയും അവരോടൊപ്പം സഞ്ചരിച്ച മുഴുവൻ സുഹൃത്തുക്കളുടെയും വിവരങ്ങൾ ശേഖരിക്കാൻ ആരോഗ്യവകുപ്പ് മന്ത്രി കെ.കെ. ശൈലജ ടീച്ചർ ഡോക്ടറുടെ ടീമിനെ പ്രത്യേകം ചുമതലപ്പെടുത്തിയത്.

ഇറ്റലിയിൽ നിന്നെത്തിയ മൂന്നംഗ കുടുംബത്തിനും അടുത്ത ബന്ധുക്കൾക്കും വൈറസ് ബാധ സ്ഥിരീകരിച്ച മാർച്ച് എട്ടിന് ഞായറാഴ്ച രാവിലെതന്നെ ഇവരുടെ പ്രായമായ മാതാപിതാക്കളെ ആശുപത്രിയിലെത്തിക്കുന്നതിനായി ആരോഗ്യപ്രവർത്തകരും ആംബുലൻസുമായി എത്തിയ രാജു ഏബ്രഹാം എംഎൽഎയുമാണ് ഈ കുടുംബം ഇതിനോടകം ആയിരക്കണക്കിന് ആളുകളുമായി ഇടപഴകി എന്ന വിവരം ആരോഗ്യമന്ത്രി ശൈലജ ടീച്ചറിനെ അറിയിക്കുന്നത്. ഇതേത്തുടർന്നാണ് അവരുടെ സഞ്ചാരപഥം കണ്ടെത്തുന്നതിന് റൂട്ട്മാപ്പ് തയ്യാറാക്കാൻ ഡോ. അംജിത്തിനെ ചുമതലപ്പെടുത്താൻ ആരോഗ്യവകുപ്പ് മന്ത്രി ഡിഎംഒക്ക് നിർദ്ദേശം നല്കുകയായിരുന്നു.

മാർച്ച് എട്ടിനു രാവിലെതന്നെ ഇവരെ അഡ്മിറ്റ് ചെയ്തിരുന്ന പത്തനംതിട്ട ജനറൽ ആശുപത്രിയിലെ ഐസൊലേഷൻ വാർഡിൽ ഡോക്ടർ നേരിട്ടുതന്നെ രോഗബാധിതരിൽ നിന്നും വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. ഫെബ്രുവരി 29ന് ഇറ്റലിയിൽനിന്നും എത്തിയതിനാൽ ഇവർ ഒരാഴ്ചയ്ക്കകം ധാരാളം സ്ഥലങ്ങളിൽ സന്ദർശിച്ചിരുന്നു. രോഗബാധിതരിൽ നിന്നും കിട്ടിയ വിവരങ്ങൾ അന്ന് വൈകിട്ട് ആരോഗ്യമന്ത്രി പങ്കെടുത്ത ഉന്നതതല യോഗത്തിൽ വിവരിച്ചപ്പോൾ ഇവർ ഏഴുദിവസം നടത്തിയ യാത്രാവിവരണം കേട്ട് മന്ത്രിയും ജനപ്രതിനിധികളും അമ്പരന്നു. ഇതേത്തുടർന്ന് വിശദമായ റൂട്ട്മാപ്പ് തയ്യാറാക്കുന്നതിനായി കൂടുതൽ ഡോക്ടർമാരെ ഉൾപ്പെടുത്തിയ സംഘങ്ങളെ ഫീൽഡിലേക്ക് അയച്ചത്.

ഇവർ കൊണ്ടുവന്ന വിവരങ്ങൾ ക്രോഡീകരിച്ചാണ് റൂട്ട്മാപ്പ് തയ്യാറാക്കിയത്. നാഷണൽ ഇൻഫോമാറ്റിക്സ് സെന്റർ (എൻഐസി) വിശദമായ റൂട്ട്മാപ്പ് തന്നെ പ്രസിദ്ധീകരിച്ചു. രണ്ടുതവണ ഈ റൂട്ടുമാപ്പുകൾ പരിഷ്കരിക്കുകയും രോഗിയുമായി സമ്പർക്കം പുലർത്താൻ സാദ്ധ്യതയുള്ള മുഴുവൻ പേരെയും റൂട്ട്മാപ്പ് അടിസ്ഥാനത്തിൽ കണ്ടെത്തുകയും ചെയ്തു. ഇതാണ് ഇവരെയെല്ലാം നിരീക്ഷണത്തിലാക്കി കൂടുതൽ പേരിലേക്ക് രോഗവ്യാപനം തടയാൻ ഇടയാക്കിയത്. ഇങ്ങനെ ഒരു റൂട്ട്മാപ്പ് തയ്യാറാക്കിയത് രാജ്യത്തെ തന്നെ ആദ്യത്തെ സംഭവമാണ്. മാത്രമല്ല, കേരളത്തിൽ കൊറോണ വൈറസ് വ്യാപിക്കാതിരിക്കാനുള്ള കേരള സർക്കാരിന്റെയും ആരോഗ്യമന്ത്രിയുടെയും പ്രവർത്തനങ്ങൾ അമേരിക്കയിൽ ഇരുന്നു വീക്ഷിക്കുമ്പോൾ കേരളം ഒത്തിരി മുമ്പിലാണ് എന്നുള്ളത് അഭിമാനം തോന്നുന്നതായി അച്ചൻകുഞ്ഞ് കരുതുന്നു. മുമ്പൊക്കെ കേരളത്തിൽ വലിയ കൊതുകുണ്ടെന്നും പനിയാണെന്നും ഇവിടെ എങ്ങനെ ജീവിക്കും എന്നൊക്കെ താൻ പറഞ്ഞിട്ടുണ്ടെന്നും എന്നാൽ, കൊറോണയുടെ കാലത്ത് മറ്റു പല രാജ്യങ്ങളിൽ ഉള്ളതിനേക്കാൾ സുരക്ഷിതമാണ് കേരളമെന്നു തോന്നിത്തുടങ്ങിയെന്നും കേരളത്തിൽ ഉള്ളതുപോലെ സർക്കാർ ഹോസ്പിറ്റലുകൾ കൂടുതൽ ഇവിടെ ഉണ്ടാകേണ്ടതുണ്ടെന്നും അച്ചൻകുഞ്ഞ് കൂട്ടിച്ചേർത്തു.

# THE FALL OF THE 'LAST CITADEL' OF JUSTICE

**George Abraham**

"I am surprised as to how Justice Ranjan Gogoi, who once exhibited such courage of conviction to uphold the independence of the judiciary, has compromised the noble principles on the independence and impartiality of the judiciary," said Retired Justice Kurian Thomas. He was reacting to the appointment of recently retired Supreme Court Chief Justice to the Rajya Sabha by the Modi Administration. "Mr. Gogoi's decision to accept the nomination to Rajya Sabha has certainly shaken the confidence of the common man on the independence of the judiciary," Mr. Joseph added.

Not so long ago, on January 12, 2018, Mr. Gogoi was part of the four-member Supreme Court along with Justice Kurian Joseph, who held an unprecedented news conference to warn about dangers of political interference in the judiciary. "The four of us are convinced that unless this institution is preserved and it maintains its equanimity, democracy will not survive in this country," Justice JastiChelameswar said during the press conference held at his home.

Since independence, the Supreme Court has remained a firewall against abuse of power by the Executive branch and the elites of the ruling class. The integrity of judges has been a critical component in rendering impartial decisions that have far-reaching effects on society. Judicial independence is vital in reassuring the public that judges would dispense cases with honesty and impartiality, in accordance with the law and evidence presented to them. The Supreme court must be free of fear and favor from the Executive; if and only if that is the case will the Court be trusted by the public.



If we look at the record of Gogoi as the Chief Justice, he has headed a five-member constitution bench that delivered a historical and unanimous judgment deciding the fate of the Babri Masjid land in Ayodhya in favor of Hindus. He also headed the bench that put SC's stamp of approval on the Rafale fighter jet deal between India and France clearing the BJP government of serious corruption charges from the Opposition. Moreover, the Supreme Court headed by Gogoi appeared to have dragged its feet in setting up a quick hearing on the violations of the civil rights of Indian citizens in Kashmir after the abrogation of Article 370 by the Modi government.

Therefore, his nomination to the Rajya Sabha raises a serious question of quid pro quo that would have a diminishing effect on the judges who serve on the Court and debilitating impact on the Institution and its Independence. An Institution that the public relies on for the final word. One may argue that Mr. Ranjan Gogoi's nomination to Rajya Sabha is not unprecedented, and it has happened under the rule of the Congress Party as well. When Justice Rangnath Mishra, the former Chief Justice of India, was nominated to Rajya Sabha in 1998, most observers also saw it as a case of quid pro quo. Two wrongs don't make it right.

There are indeed widespread criticisms around Gogoi's nomination, and some prominent citizens have spoken out loud. "What concerns me is that Justice Gogoi had relinquished charge as the CJI as recently as on November 17, 2019, exactly four months ago. In my view, offering the higher members of the judiciary nominated positions such as the Governor of a State or a Membership in the Rajya Sabha undoubtedly sets an unhealthy precedent, as it tends to weaken the institution of the judiciary," wrote E.A.S Sarma, a former IAS officer of 1965 batch in a letter written to President Ram Nath Kovind.

Some others are also wondering about the evolution of Ranjan Gogoi from an independent justice, who has spoken out against the tyranny of the Executive interference in the judiciary, to a vassal of a Machiavellian ruling hierarchy that is hellbent on controlling the judicial process for the purpose of promoting their political agenda. As soon as Mr. Gogoi was nominated to the position of CJI, a 35-year-old junior court assistant wrote to 22 Justices in the Supreme Court, accusing him of sexual harassment. Later, a three-member Supreme Court panel investigating the allegations gave a clean chit to Gogoi in the matter. The woman who filed the charges was fired, and her family was reportedly harassed. The complainant said in a statement, "Today, my worst fears have come true, and all hopes of justice and redress from the highest Court of the land have been shattered." However, in a curious and shocking twist to the whole story, the woman was magically reinstated after Gogoi vacated his office. One wonders who is behind this entire drama and how the justice may have been compromised.

When those four justices, including Gogoi, conducted that 2018 press conference, they expressed their disapproval about how then-Chief Justice Dipak Misra was assigning cases. Particularly pertaining to a petition seeking an independent investigation into the mysterious circumstances surrounding the death of BH Loya in 2014. At the time of death, Loya was presiding over the Sohrabuddin encounter case, in which the current Home Minister was a prime accused. In November 2017, the caravan reported the shocking claims raised by the family of Judge Loya.

In Expressing their strong disapproval of the process, on behalf of the four Justices, Mr. Chelameswar said "they don't want another twenty years later some very wise men in the country to say that Chelameswar, Ranjan Gogoi, Madan Lokur and Kurian Joseph sold their souls; they didn't take care of their institution; they didn't think of the interest of the nation. So, we place it before the people of the country,"



George Abraham

Only time will tell whether Mr. Ranjan Gogoi has sold his soul or compromised the noble principles. Still, his actions during his tenure as CJI and now his acceptance of Rajya Sabha seat from the BJP has indeed cast a cloud suspicion around him and may have irreparably damaged the independence of the institution, he was sworn to protect and proclaimed to defend. However, for the people India, it is a steep and tragic fall of the last citadel of justice and a threat to freedom itself.

# കൊവിഡ്–19: യുഎസ് അതിർത്തികൾ അടയ്ക്കുന്നു

**മൊയ്തീൻ പുത്തൻചിറ**

ന്യൂയോർക്ക്: മാരകമായ കൊറോണ വൈറസിനെ പ്രതിരോധിക്കാൻ അമേരിക്കൻ അതിർത്തികൾ അടച്ചിടാൻ പ്രസിഡണ്ട് ട്രംപിന്റെ ഉത്തരവ്. യുഎസിനും മെക്സിക്കോയ്ക്കുമിടയിൽ അനാവശ്യമായ എല്ലാ യാത്രകളും നിരോധിക്കുമെന്ന് പ്രസിഡണ്ട് പ്രഖ്യാപിച്ചു.

യുഎസ്–കാനഡ അതിർത്തിയെ സംബന്ധിച്ചും നേരത്തെ പ്രഖ്യാപനം നടത്തിയിരുന്നു. വ്യാപാരം ഒഴിവാക്കുന്ന നിയന്ത്രണങ്ങളും പ്രാബല്യത്തിലായി. ന്യൂയോർക്ക് ഗവർണർ ആൻഡ്യൂ കോമോ സംസ്ഥാനത്തൊട്ടാകെ ലോക്ക് ഡൗൺ പ്രഖ്യാപിച്ചു. എല്ലാ അപ്രധാന ബിസിനസ് സ്ഥാപനങ്ങളും അടയ്ക്കണമെന്നും ഗവർണർ ഉത്തരവിട്ടു.




ന്യൂയോർക്കിലെ ജനങ്ങളോട് എനിക്കു പറയാനുള്ളത് ഞങ്ങൾക്ക് ചെയ്യാൻ കഴിയുന്നതെല്ലാം ഞങ്ങൾ ചെയ്യുന്നു. ഒരു ജീവൻ രക്ഷിക്കാൻ കഴിഞ്ഞാൽ ഞാൻ സന്തുഷ്ടനാകും; ലോക്ക് ഡൗൺ പ്രഖ്യാപനത്തിൽ ഗവർണർ പറഞ്ഞു.

കൊവിഡ്–19നെതിരായ പോരാട്ടം അമേരിക്കക്കാരെ ആഴ്ചകളോളം വീട്ടിൽ തന്നെ ഇരുത്തേണ്ടിവരുമെന്ന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അലർജി ആൻഡ് ഇൻഫെക്ഷ്യസ് ഡിസീസ് ഡയറക്ടർ ആന്റണി ഫൗസി പറഞ്ഞു. കൊറോണ വൈറസ് ചികിത്സയ്ക്ക് മലേറിയ മരുന്നുകൾ ഫലപ്രദമാകുമെന്ന ട്രംപിന്റെ അഭിപ്രായത്തോട് ഡോ. ഫൗസി വിയോജിപ്പ് പ്രകടിപ്പിച്ചു.

ഇറ്റലിയിൽ നിന്നുള്ള പ്രാഥമിക വിവരങ്ങൾ സൂചിപ്പിക്കുന്നത് വൈറസ് ബാധിക്കുന്നത് സ്ത്രീകളേക്കാൾ കൂടുതൽ പുരുഷന്മാരിലായിരിക്കുമെന്നും മരണവും അതുപോലെ തന്നെയായിരിക്കുമെന്നും പ്രസിഡണ്ട് ട്രംപിന്റെ കൊറോണ വൈറസ് ടാസ്ക് ഫോഴ്സിലെ ഉന്നത ഡോക്ടറായ ഡോ. ഡെബോറ ബിർക്സ് മുന്നറിയിപ്പ് നല്കി.

ട്രംപിന്റെ പുതിയ യാത്രാനിയന്ത്രണങ്ങളും ന്യൂയോർക്ക് ഗവർണർ സംസ്ഥാന വ്യാപകമായി ലോക്ക് ഡൗൺ പ്രഖ്യാപിക്കുകയും ചെയ്തതോടെ യുഎസ് ഓഹരിവിപണി കുത്തനെ ഇടിഞ്ഞു. ഫെഡറൽ ആദായനുകുതി സമർപ്പിക്കാനുള്ള സമയപരിധി ഏപ്രിൽ 15–ൽനിന്ന് ജൂലൈ 15–ലേക്ക് മാറ്റിയതായി വൈറ്റ് ഹൗസ് ട്രഷറി സെക്രട്ടറി പ്രഖ്യാപിച്ചു.

കഴിഞ്ഞ രണ്ട് മാസമായി കൊറോണ വൈറസിൽ നിന്ന് പരിരക്ഷ നേടാൻ എൻ 95 റെസ്പിറേറ്ററുകളുടെ ഉത്പാദനം ഇരട്ടിയാക്കിയതായി മിനസോട്ട ആസ്ഥാനമായുള്ള കമ്പനി 3എം പറഞ്ഞു. അപ്സ്റ്റേറ്റ് ന്യൂയോർക്കിലുള്ള ദമ്പതികൾ അവരുടെ കൗണ്ടിയിലെ ഒരു പുതിയ ടെസ്റ്റിംഗ് സൈറ്റിനായി നൂറുകണക്കിന് സംരക്ഷിത ഫെയ്സ് മാസ്ക്കുകളാണ് നിർമ്മിക്കുന്നത്.

കൊറോണ വൈറസ് ഏറ്റവും കൂടുതൽ റിപ്പോർട്ട് ചെയ്ത ന്യൂജേഴ്സിയിലെ പ്രാദേശിക മേഖലയിൽ ഡ്രൈവ് ത്രൂ കൊറോണ വൈറസ് പരീക്ഷണ കേന്ദ്രം തുറന്ന് മണിക്കൂറുകൾക്കുള്ളിൽ ജനബാഹുല്യം കൊണ്ട് ആളുകളെ തിരിച്ചയയ്ക്കേണ്ടതായി വന്നു. ന്യൂയോർക്ക് സിറ്റി പോലീസ് ഡിപ്പാർട്ടുമെന്റിൽ കൂടുതൽ കൊറോണ പോസീറ്റീവ് കണ്ടെത്തിയതിനെ തുടർന്ന് മേയർ ബിൽ ഡി ബ്ലാസിയോ പോലീസ് കേഡറ്റുകളുടെ ബിരുദദാന ച്ചടങ്ങ് മാറ്റിവെക്കാൻ തീരുമാനിച്ചു. അതോടൊപ്പം അക്കാദമിയിലെ അടുത്ത ക്ലാസ് റദ്ദാക്കാനും തീരുമാനിച്ചു.

മേയർ ബിൽ ഡി ബ്ലാസിയോ ലോവർ മൻഹാട്ടനിലെ വിവാഹ രജിസ്ട്രേഷൻ ബ്യൂറോ അടച്ചു. രണ്ട് ദമ്പതികൾ കെട്ടിടത്തിനു പുറത്തുവെച്ച് വിവാഹിതരായി.

# ആമസോണിന് ഒരു ലക്ഷം ജീവനക്കാരെ ആവശ്യമുണ്ട്

**പി.പി. ചെറിയാൻ**

ന്യൂയോർക്ക്: കൊവിഡ്–19 പടർന്നുപിടിക്കുന്ന സാഹചര്യത്തിൽ ഓർഡറുകൾ കൂടിയെന്ന് ആമസോൺ. ആളുകൾ വീടുകളിൽ തന്നെ കഴിയുന്നതിനാലാണ് ഓൺലൈൻ ഓർഡറുകൾ കൂടിയിരിക്കുന്നത്. ഇത്രയും ഓർഡറുകൾ വീട്ടിലെത്തിക്കാൻ വേണ്ടി യുഎസിൽ തങ്ങൾക്ക് ഒരു ലക്ഷം ജീവനക്കാരെ ആവശ്യമാണെന്ന് ആമസോൺ അറിയിച്ചു.

ഒപ്പം ഒരു മണിക്കൂർ നേരത്തേക്ക് രണ്ട് ഡോളർ ശമ്പളം കൂട്ടി നല്കാനും തീരുമാനിച്ചിട്ടുണ്ട്. യുഎസിനു പുറമെ യുകെയിലെയും മറ്റു യൂറോപ്യൻ രാജ്യങ്ങളിലെയും ജീവനക്കാർക്കും വേതനവർദ്ധനവ് ഉണ്ടാകും. 15 ഡോളറാണ് ഒരു മണിക്കൂർ ജോലിക്ക് ആമസോൺ നിലവിൽ തൊഴിലാളികൾക്ക് നല്കുന്നത്. ആവശ്യക്കാരിൽ എടുത്തു പറയത്തക്ക വർദ്ധനവ് കാണുന്നുണ്ട്. ഇതിനർത്ഥം ഞങ്ങളുടെ തൊഴിലാളി ആവശ്യം മുമ്പില്ലാത്ത തരത്തിൽ വേണമെന്നാണ്–ആമസോണിന്റെ ഡെലിവറി, വെയർഹൗസ് ചുമതലയുള്ള ഉദ്യോഗസ്ഥൻ ഡേവി ക്ലെർക്ക് പറഞ്ഞു.

ആവശ്യക്കാർ കൂടിയ സാഹചര്യത്തിൽ ആമസോണിന്റെ ഡെലിവറികൾ കൃത്യമായി എത്തുന്നതിലും ബുദ്ധിമുട്ടുണ്ട്. ഓർഡറുകൾ കൈയിലെത്താൻ സാധാരണയിൽനിന്നും രണ്ട് ദിവസം അധികം വേണ്ടിവരുമെന്ന് ആമസോൺ വ്യക്തമാക്കി.

കൊവിഡ്–19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ആമസോൺ തങ്ങളുടെ ജീവനക്കാർക്ക് പ്രത്യേക ഇളവുകൾ നല്കിയിരുന്നു. കൊവിഡ്–19 സ്ഥിരീകരിച്ചതോ അല്ലെങ്കിൽ ഐസൊലേഷനിൽ കഴിയുന്ന ജീവനക്കാർക്ക് രണ്ടാഴ്ചത്തെ വേതനം നല്കുമെന്ന് ആമസോൺ നേരത്തെ അറിയിച്ചിരുന്നു.

# ഒരു സ്ത്രീ തന്റെ കുഞ്ഞിനെ മറക്കുമോ?

എൽസി ബേബി

സർവ്വശക്തനായ ദൈവം ചോദിച്ച ഒരു ചോദ്യമാണ് തിരുവചനത്തിൽ നിന്നും മേലുദ്ധരിച്ചത്. താൻ പ്രസവിച്ച മകനോട് കരുണ തോന്നാതിരിക്കുമോ? സ്വാഭാവികമായി അസംഭവ്യമായ കാര്യമാണത്. പത്തുമാസം ഉദരത്തിൽ വഹിച്ചു നൊന്തു പ്രസവിച്ച തന്റെ കുഞ്ഞിനെ ഒരു പെറ്റതള്ളയ്ക്കു മറക്കാനൊക്കുമോ? ഒരു സ്ത്രീ പ്രസവിക്കുമ്പോൾ മാത്രമാണല്ലോ അമ്മ-മാതാവ് എന്ന പുണ്യപദവിയിലേക്കുയരുന്നത്. ഒരു സ്ത്രീയുടെ ജീവിതത്തിലെ ഏറ്റവും വിലയേറിയ അനുഭവമാകുന്നു ഒരമ്മയാകുകയെന്നത്. പക്ഷേ, ഈ കാലങ്ങളിൽ, പ്രത്യേകിച്ച് കേരള മാധ്യമങ്ങളിൽ നിറഞ്ഞുനിൽക്കുന്ന വാർത്തകൾ ഹൃദയഭേദകമായ സംഭവങ്ങളാണല്ലോ. നൊന്തു പ്രസവിച്ച കുഞ്ഞുങ്ങളെ നിർദ്ദയം കൊന്നുകളയത്തക്കവണ്ണം ഹൃദയം കഠിനമാക്കിയ അമ്മമാർ. വിവാഹിതരായി രണ്ടും മൂന്നും മക്കളായ സ്ത്രീകൾ ഭർത്താവിനേയും മക്കളേയും ഉപേക്ഷിച്ച് കാമുകന്റെ പിറകേ പോകുന്ന സ്ത്രീകൾ. മാതാവിന്റെ വേർപാടിൽ നൊന്ത് ഹൃദയങ്ങളിൽ കോപവും വെറുപ്പും വൈരാഗ്യവും നിറച്ച് വളരേണ്ടിവരുന്ന കുഞ്ഞുങ്ങൾ. ഭാര്യയുടെ വേർപാടിൽ ദുഃഖിച്ച് ഏകനായി പിഞ്ചുപൈതങ്ങളെ വളർത്തേണ്ടിവരുന്ന ഹതഭാഗ്യവാന്മാരായ പുരുഷന്മാർ. ഭാര്യയേയും മക്കളേയും ഉപേക്ഷിച്ചു കാമുകിമാരുടെ പിറകേ പോകുന്ന കാമുകന്മാരും ഇല്ലാതില്ല. പക്ഷേ, പെറ്റതള്ള സ്വന്തം കുഞ്ഞുങ്ങളെ ഗർഭാശയത്തിൽ വെച്ചുതന്നെ കൊന്നുകളയുന്ന സ്ത്രീകൾ. പിഞ്ചു കുഞ്ഞുങ്ങളെ വെള്ളത്തിൽ മുക്കിയും തീവെച്ചു പൊള്ളിച്ചും, പാറമേൽ അടിച്ചും കൊല്ലുവാൻതക്ക ഹൃദയകാഠിന്യമുള്ള സ്ത്രീകളെ അമ്മമാർ എന്നു പറയാനൊക്കുമോ? പെറ്റതള്ള മറന്നാലും ഞാൻ നിന്നെ മറക്കയില്ല എന്നരുളിച്ചെയ്ത സ്വർഗ്ഗസ്ഥനായ പിതാവ് ഈവക അകൃത്യങ്ങളും ആക്രമങ്ങളും കണ്ട് അടങ്ങിയിരിക്കുമോ?

വർഷങ്ങൾക്കു മുമ്പ് ഒമ്പത് മക്കളെ പ്രസവിച്ച് വളർത്തിയ ഒരമ്മയുടെ മകളായി ജനിച്ചതോർത്ത് ഞാൻ ദൈവത്തെ സ്തുതിക്കുന്നു. കൃഷിക്കാരായിരുന്ന ഒരു കുടുംബത്തിലെ ഗൃഹനാഥയായിരുന്ന എന്റെ അമ്മയുടെ ജീവിതമാണ് ഞങ്ങളുടെയൊക്കെ അനുഗ്രഹവും മാതൃകയും എന്നു പറയുകമാത്രമല്ല ഒരുത്തമസ്ത്രീ എന്ന് കുടുംബക്കാരാലും നാട്ടുകാരാലും സാക്ഷ്യം പ്രാപിച്ച ഞങ്ങളുടെ അമ്മയുടെ മാതൃകയാണ് മക്കളായ ഞങ്ങൾക്കും പ്രശംസിക്കാനും അനുകരിക്കുവാനും ഇടയാകുന്നതെന്ന് ലോകത്തോട് ഉച്ചസ്വരത്തിൽ വിളിച്ചു പറയാൻ ശങ്കിക്കുന്നില്ല. 60 വർഷങ്ങൾ കൊണ്ട് ഞാൻ വിട്ട കേരളമല്ല ഇന്നത്തെ കേരളമെന്നു പറഞ്ഞാൽ അതിശയോക്തിയേയല്ല. ജനങ്ങളുടെ പരിഷ്കാരം, സംസ്കാരം, ജീവിത മാതൃകകളൊക്കെ വളരെയധികം മാറ്റങ്ങൾ വന്നിരിക്കുന്നു. കുടിലുകളായിരുന്ന വീടുകൾ കൊട്ടാരം പോലെയുള്ള സുന്ദരഭവനങ്ങളായി മാറിയിരിക്കുന്നു. വ്യാപാരകേന്ദ്രങ്ങളുടെയും വർണ്ണശബളങ്ങളായ കെട്ടിടങ്ങളുടെയും അംബരചുംബികളായ ഫ്ളാറ്റുകളുടെയും കാര്യങ്ങൾ വർണ്ണിപ്പാന സാദ്ധ്യം. തിരക്കേറിയ റോഡുകളിലൂടെ ഒഴുകുന്ന വിവിധങ്ങളായ വാഹനങ്ങൾ. ആഡംബരങ്ങളുടെയും ആർഭാടങ്ങളുടെയും ഒച്ചപ്പാടുകൾ കണ്ട് അമ്പരന്നുപോയി. മതനേതാക്കൾക്കും ദേവാലയങ്ങൾക്കും ആത്മീക കൂട്ടായ്മകൾക്കും മറ്റും ഒരു കുറവുമില്ല. അമ്പലങ്ങൾ, ഉത്സവങ്ങൾ, മോസ്ക്കുകൾ, വാങ്കുവിളികൾ ഇവയ്ക്കൊന്നും ഒരു കുറവുമില്ല. ഇങ്ങനെ ദൈവം കേരളത്തെ പലവിധങ്ങളിൽ അനുഗ്രഹിച്ചിരിക്കുന്നു എന്നു തോന്നത്തക്ക പുരോഗതിയാണെങ്കിലും പൈശാചിക തേർവാഴ്ചകൾ വർദ്ധിച്ചുവരുന്ന കാഴ്ചകളാണ് എവിടെയും തെളിഞ്ഞു കാണുന്നതെന്നു തോന്നിപ്പോയി.



ലേഖിക

കുടുംബാംഗങ്ങൾ തമ്മിൽത്തമ്മിലുള്ള സ്നേഹം തീരെ കുറഞ്ഞുപോയിരിക്കുന്നു. എവിടെ നോക്കിയാലും കറപ്ഷൻ. രാഷ്ട്രീയത്തിലും സാമൂഹികജീവിതത്തിലും കുടുംബജീവിതങ്ങളിലും വ്യാപാരകേന്ദ്രങ്ങളിലും. എന്തിനേറെ ആത്മിക, മത തലങ്ങളിൽ പോലും കാപട്യവും നിയമലംഘനങ്ങളും അനീതികളുമല്ലേ കാണുകയും കേൾക്കുകയും ചെയ്യുന്നത്. മദ്യപാനം, മയക്കുമരുന്നുകൾ, ലൈംഗികചൂഷണം, വിവാഹമോചനങ്ങൾ, മാതാപിതാക്കളെ അനുസരിക്കാതെ, തങ്ങൾക്ക് തോന്നിയതുപോലെ ജീവിക്കുന്ന മക്കൾ. മക്കളെ ചൊല്ലി കരയുന്ന മാതാപിതാക്കൾ... ഇങ്ങനെയുള്ള വാർത്തകളാണ് എവിടെയും കാണാനും കേൾപ്പാനുമുള്ളത്. പരിശുദ്ധനായ ദൈവത്തെ കോപിപ്പിച്ച് ദൈവികശിക്ഷാവിധിയും ന്യായവിധിയും ക്ഷണിച്ചുവരുത്തുന്ന പ്രവണത എന്നല്ലാതെ എന്തു പറയാൻ. ഇവയുടെയെല്ലാം ഇടയിൽ മാനം മര്യാദയായും ദൈവഭക്തിയോടെയും മാതൃകാപരമായ ജീവിതം നയിക്കുന്നവർ അങ്ങിങ്ങായിട്ടുണ്ട് എന്നതും പറയാതിരിക്കാൻ തരമില്ല. എങ്ങനെയായാലും ഒരു മാനസാന്തരം, സഹോദരസ്നേഹം, അന്യോന്യമുള്ള ഐകമത്യം, ദൈവവിശ്വാസം, ദൈവഭക്തി ഇവയെല്ലാം നമ്മുടെ ജനങ്ങളുടെയിടയിൽ വർദ്ധിച്ചുവരുവാൻ പ്രാർത്ഥിച്ചു കാത്തിരിക്കുന്നു. ദൈവം അത്ഭുതം പ്രവർത്തിച്ച് മനുഷ്യർ നേരോടെ നടക്കുവാനും നമ്മുടെ കേരളം പൂർവ്വാധികം സുന്ദര കേരളമായി രൂപാന്തരപ്പെടുവാനും ആത്മാർത്ഥമായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

# ഇല്ലിനോയിയിൽ വീട്ടിൽനിന്ന് പുറത്തിറങ്ങരുതെന്ന് ഉത്തരവ്

പി.പി. ചെറിയാൻ

ചിക്കാഗോ: കൊറോണ വൈറസിന്റെ വ്യാപനം പ്രതിരോധിക്കുന്നതിന് സംസ്ഥാനത്തെ ജനങ്ങൾ പുറത്തിറങ്ങരുതെന്ന് ഗവർണറുടെ ഉത്തരവ്. മാർച്ച് 21 മുതൽ ഉത്തരവ് പ്രാബല്യത്തിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇതെല്ലാം അത്യാവശ്യ സർവീസിന്റെ പട്ടികയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അത്യാവശ്യ കാര്യങ്ങൾക്ക് പുറത്തു പോകുന്നതിന് വിലക്കില്ല. എന്നാസ്മെന്റ് പാർക്ക്, വാട്ടർ പാർക്ക്, അക്വേറിയം, മൃഗശാല, മൂവി തിയേറ്റർ, മ്യൂസിക് ഹാൾ എന്നിവ അടച്ചിടും.

ഇല്ലിനോയ് സംസ്ഥാനത്തെ പൊതുജീവിതം ഏതാണ്ട് സ്തംഭിച്ച മട്ടാ



ലായി. ഏപ്രിൽ ഏഴുവരെയാണ് ഉത്തരവിന്റെ കാലാവധി. ഫസ്റ്റ് റെസ്പോൺസ്, എമർജൻസി മാനേജ്മെന്റ്, ലോ എൻഫോഴ്സ്മെന്റ്, ഹെൽത്ത് കെയർ വർക്കേഴ്സ്, ഫാർമസി, ഗ്രോസറി, സ്റ്റോറുകൾ എന്നിവ നിയമപരിൽ, ആറടി സോഷ്യൽ ഡിസ്റ്റൻസ് പാലിക്കേണ്ടതുണ്ടെന്നും ഉത്തരവിൽ പറയുന്നു. സി.ഡി.സി.യുടെ ഉത്തരവിൽ ചൂണ്ടിക്കാണിക്കുന്നതുപോലെ പത്തു പേരിൽ കൂടുതൽ ഒന്നിച്ചുകൂടരുത്. ഇല്ലിനോയിസിലെ കാർണിവൽ, അമ്യൂണ്. തിരക്കേറിയ ഹൈവേകളിൽ വാഹനഗതാഗതം തീരെ പരിമിതമാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചിട്ടിരിക്കുകയാണ്. പഠനത്തിനാവശ്യമായ ഉപകരണങ്ങൾ സ്കൂളിൽ പോയി വാങ്ങുന്നതിന് തടസ്സമില്ല. ഏപ്രിൽ ഏഴിനുശേഷം സ്ഥിതിഗതികൾ വിലയിരുത്തി ആവശ്യമായ തീരുമാനം കൈക്കൊള്ളുമെന്ന് ഗവർണർ അറിയിച്ചു.

# ജനസംഖ്യാ കണക്കെടുപ്പ് ആരംഭിച്ചു

പി.പി. ചെറിയാൻ

വാഷിങ്ടൺ ഡിസി: 2020-ലെ സെൻസസിന്റെ ഭാഗമായി ഓൺലൈൻ അപേക്ഷകൾ എത്രയും വേഗം പൂരിപ്പിച്ച് അയയ്ക്കണമെന്ന് യുഎസ് സെൻസസ് ബ്യൂറോ വീടുകളിലേക്ക് അയച്ച കത്തിൽ വെളിപ്പെടുത്തി. ഓരോ വീട്ടിലും സെൻസസ് ഐഡി പ്രത്യേകമായി നല്കിയിട്ടുണ്ട്. പത്തു മിനിട്ടു മാത്രം സമയമെടുത്ത് പൂരിപ്പിക്കാവുന്നതാണ് ഈ അപേക്ഷയെന്നും അറിയിപ്പിൽ പറയുന്നു.

ഓൺലൈനിൽ എത്രയും വേഗം അപേക്ഷകൾ പൂരിപ്പിക്കണമെന്നും അതിന് my2020census.gov. വെബ്സൈറ്റ് ഉപയോഗിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഏപ്രിൽ ഒന്നിനു മുമ്പ് പൂരിപ്പിച്ച് അയയ്ക്കാത്തവർക്ക് മെയിലിൽ ചോദ്യങ്ങൾ ഉൾപ്പെടുന്ന പാക്കേജ് ലഭിക്കുമെന്നും സെൻസസ് ബ്യൂറോ അറിയിച്ചു.

ഓരോ വീടുകളിലുമുള്ള മുതിർന്നവർ, കുട്ടികൾ എന്നിവരുടെ വിവരങ്ങളാണ് ഓൺലൈനിൽ പൂരിപ്പിക്കേണ്ടത്. വോട്ടർ പട്ടിക പുതുക്കുന്നതിനും ഓരോ സംസ്ഥാനത്തിനും ജനസംഖ്യാ കണക്കനുസരിച്ച് ഫെഡറൽ ഫണ്ട് വിഭജിക്കുന്നതിനും ഇതു വളരെ അത്യന്താപേക്ഷിതമാണെന്ന് കത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

നിലവിലുള്ള നിയമമനുസരിച്ച് ജനസംഖ്യാ കണക്കെടുപ്പിൽ എല്ലാവരും പങ്കെടുക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ അറിയുന്നതിന് 1-844-330-2020 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

# വാൾമാർട്ട് 150,000 ജീവനക്കാരെ നിയമിക്കുന്നു

ന്യൂയോർക്ക്: അമേരിക്കയിലെ സ്വകാര്യമേഖലയിൽ ഏറ്റവും കൂടുതൽ ജീവനക്കാരുള്ള വാൾമാർട്ടിൽ 150,000 ജീവനക്കാരെക്കൂടി അടിയന്തരമായി നിയമിക്കുമെന്ന് കമ്പനി അധികൃതർ അറിയിച്ചു.

കൊറോണ വൈറസ് രാജ്യത്താകമാനം പടർന്നുപിടിക്കുന്ന സാഹചര്യത്തിൽ ജനങ്ങൾക്ക് അവശ്യവസ്തുക്കൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനാണ് മെയ് മാസത്തോടെ ഒന്നര ലക്ഷത്തോളം സ്ഥിരം-താൽക്കാലിക ജീവനക്കാർക്ക് നിയമനം നല്കുന്നതെന്നും വക്താവ് പറഞ്ഞു.

അമേരിക്കയിൽ വ്യവസായ-വാണിജ്യരംഗത്ത് നിരവധി പേർക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്. അവരെ വാൾമാർട്ട് താൽക്കാലിക ജോലി നല്കി സംരക്ഷിക്കും.

മാത്രമല്ല ഇപ്പോൾ മറ്റു സ്ഥലങ്ങളിൽ ചെറിയ വേതനത്തിന് ജോലി ചെയ്യുന്നവർക്ക് എക്സ്ട്രാ മണി ഉണ്ടാക്കുന്നതിനുള്ള അവസരം വാൾമാർട്ട് നല്കുമെന്ന് കമ്പനി വ്യക്തമാക്കി.

യുഎസിൽ മാത്രം 1.5 മില്യൺ ജീവനക്കാരാണ് വാൾമാർട്ടിനുള്ളത്. ഇതിൽ സ്ഥിരം ജീവനക്കാർക്ക് 300 ഡോളറും താൽക്കാലിക ജീവനക്കാർക്ക് 150 ഡോളറും അടിയന്തര ബോണസ്സായി നല്കും. ഇതിലേക്ക് 550 മില്യൺ ഡോളർ വകയിരുത്തിയിട്ടുണ്ടെന്നും അറിയിപ്പിൽ പറയുന്നു.

കൊറോണ വൈറസിനെ തുടർന്ന് തൊഴിൽമേഖല സ്തംഭനാവസ്ഥയിൽ എത്തി നിൽക്കുമ്പോൾ കൂടുതൽ പേർക്ക് തൊഴിൽ നല്കുന്നതിനുള്ള വാൾമാർട്ടിന്റെ തീരുമാനം പരക്കെ സ്വാഗതം ചെയ്യപ്പെട്ടിട്ടുണ്ട്.

മലയാളികൾ ഉൾപ്പെടെ നൂറുകണക്കിന് ഇന്ത്യാക്കാർ വാൾമാർട്ടിനെ ആശ്രയിച്ചാണ് ജീവിക്കുന്നതെന്നു പറഞ്ഞാൽ അതിലൊട്ടും അതിശയോക്തിയില്ല.

## സ്വർണ്ണം, റബർ മാർക്കറ്റ്

(ഫിലാഡൽഫിയ ബ്യൂറോ)

### സ്വർണ്ണം

| | |
|---|---|
| 8 ഗ്രാം | 30600 |
| 1 ഗ്രാം | 3825 |

### റബർ

| | |
|---|---|
| കോട്ടയം | 13500 |
| കൊച്ചി | 13450 |
| കോഴിക്കോട് | 13150 |

### രാജ്യാന്തരം

ബാങ്കോക്ക്

| | |
|---|---|
| ആർ.എസ്.എസ്.-1 | 11911 |
| ആർ.എസ്.എസ്.-2 | 11776 |
| ആർ.എസ്.എസ്.-3 | 11652 |
| ആർ.എസ്.എസ്.-4 | 11584 |
| എസ്.എം.ആർ.-20 | 9490 |

# ജൂലൈ 15 വരെ ദീർഘിപ്പിച്ചു

വാഷിങ്ടൺ: ടാക്സ് റിട്ടേൺ സമർപ്പിക്കേണ്ട അവസാന തീയതി ഏപ്രിൽ 15-ൽ നിന്നും ജൂലൈ 15 വരെ നീട്ടിയതായി ട്രഷറി സെക്രട്ടറി. ഇതു സംബന്ധിച്ച വിജ്ഞാപനം 20ന് വെള്ളിയാഴ്ച പുറപ്പെടുവിച്ചതായി സെക്രട്ടറി സ്റ്റീവൻ വിളിച്ചു ചേർത്ത വാർത്താസമ്മേളനത്തിൽ അറിയിച്ചു.

ടാക്സ് റിട്ടേൺ സമർപ്പിക്കുമ്പോൾ ഗവൺമെന്റിൽനിന്നും പണം തിരിച്ചു ലഭിക്കുമെന്ന് കരുതുന്നവർക്ക് ഏതു സമയത്തും സമർപ്പിക്കാവുന്നതാണെന്നും സെക്രട്ടറി പറഞ്ഞു. പണം ട്രഷറിയിൽ തിരിച്ചടയ്ക്കേണ്ടവർക്ക് തൊണ്ണൂറു ദിവസത്തെ പലിശരഹിത അവധി നല്കിയതായി നേരത്തെ പുറത്തിറക്കിയ ഉത്തരവ് ജനങ്ങളിലും നിയമജ്ഞരിലും ആശയക്കുഴപ്പം സൃഷ്ടിച്ചതിനെത്തുടർന്നാണ് പുതിയ ഉത്തരവ് പുറപ്പെടുവിക്കേണ്ടി വന്നതെന്നും സെക്രട്ടറി വിശദീകരിച്ചു.



മാർച്ച് 13 വരെ 76.2 മില്യൺ ജനങ്ങൾ ടാക്സ് റിട്ടേൺ സമർപ്പിച്ചതിൽ 59.2 മില്യൺ പേർക്ക് റീഫണ്ട് ചെക്കുകൾ അയച്ചുകഴിഞ്ഞിട്ടുണ്ട്. ശരാശരി 2973 ഡോളറാണ് ചെക്കായി അയച്ചതെന്നും അദ്ദേഹം പറഞ്ഞു. കോവിഡ്-19 മൂലം ബുദ്ധിമുട്ടുന്നവർക്ക് പുതിയ തീരുമാനം അല്പമെങ്കിലും ആശ്വാസം നല്കും. ഗവൺമെന്റ് നിർദ്ദേശങ്ങൾക്ക് വിധേയമായി വ്യാപാരസ്ഥാപനങ്ങളും വ്യവസായ ശാലകളും അടച്ചതിനെത്തുടർന്ന് ജീവിക്കാൻ പണം കണ്ടെത്തുന്നതിന് നിരവധി പേർ പാടുപെടുകയാണ്. ഇത്തരക്കാരിൽ നിന്നും പണം ഐ.ആർ. എസ് സ്വീകരിക്കുന്നത് ഉചിതമല്ലെന്നും സെക്രട്ടറി പറഞ്ഞു.

# നോർത്തമേരിക്കൻ ആരാധനകൾ നിർത്തിവെച്ചു

ന്യൂയോർക്ക്: നോർത്തമേരിക്ക-യൂറോപ്പ് ഭദ്രാസനാതിർത്തിയിലുള്ള എല്ലാ ദേവാലയങ്ങളിലേയും എല്ലാ ആരാധനകളും കൂടിവരവുകളും ഇനിയൊരറിയിപ്പ് ഉണ്ടാകുന്നതുവരെ നിർത്തിവെച്ചതായി ഭദ്രാസനാധിപൻ റൈറ്റ് റവ.ഡോ. ഐസക് മാർ ഫിലക്സിനോസ് എപ്പിസ്കോപ്പാ അറിയിച്ചു.

ഭദ്രാസനത്തിലെ ഇടവകകൾക്കയച്ച കല്പനയിലാണ് മുഴുവൻ ആരാധനകളും പ്രാർത്ഥനായോഗങ്ങളും മാറ്റിവെക്കണമെന്ന് നിർദ്ദേശിച്ചിരിക്കുന്നത്. ഫെഡറൽ സംസ്ഥാന സർക്കാരുകളുടേയും സിസിഡിയുടെയും മാർഗനിർദ്ദേശങ്ങൾ പാലിക്കപ്പെടേണ്ടതിനാലാണ് ഇങ്ങനെയൊരു തീരുമാനം സ്വീകരിക്കേണ്ടിവന്നതെന്നും നോമ്പ് കാലഘട്ടത്തിൽ നടത്തുന്ന പ്രത്യേക ആരാധനകളും പ്രാർത്ഥനകളും ആധുനിക സാങ്കേതിക വിദ്യയുടെ വളർച്ചയുടെ ഭാഗമായ സാമൂഹിക മാധ്യമങ്ങളിലൂടെയും ഓഡിയോ വീഡിയോ കോൺഫറൻസിലൂടെയും നടത്തേണ്ടതാണെന്നും എപ്പിസ്കോപ്പ നിർദ്ദേശിച്ചു.

ലോകം ഇപ്പോൾ അഭിമുഖീകരിക്കുന്ന പ്രത്യേക സാഹചര്യത്തിൽ അതിനെ അതിജീവിക്കാൻ പ്രാർത്ഥന അനിവാര്യമാണ്. ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ കഷ്ടാനുഭവയാഴ്ച നടത്തിയിരുന്ന പ്രാർത്ഥനകൾ ലൈവ് സ്ട്രീം ടെലികാസ്റ്റ് നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നതായി അറിയിപ്പിൽ പറയുന്നു. ടെക്സസ് ഉൾപ്പെടെ വിവിധ സംസ്ഥാനങ്ങളിൽ കഴിഞ്ഞ രണ്ടാഴ്ചയായി ദേവാലയത്തിലെ ആരാധനകൾ എല്ലാം മുടങ്ങിയിരിക്കുകയാണ്. ആരോടും പറയാൻ കഴിയാത്ത ഹൃദയനൊമ്പരങ്ങൾ ഇറക്കിവെക്കുന്നതിന് അത്താണിയായി മാറേണ്ട ദേവാലയങ്ങൾ ദീനതയുടെ നിഴലിൽ അടച്ചിടേണ്ടി വന്നത് തീർത്തും വേദനാജനകമാണ്.


# MODIFYING PRACTICES AND ADAPTING SERVICES

Rev. Geomon K. George, PhD

Christian practices of hospitality, shared meals, holy communion, communal worship and sharing gifts has been the hallmark of a Christian's shared life. These and other practices such as prayer have always been a bedrock in the countless situations when people of God have faced crisis and uncertainty. The spread of COVID-19 outbreaks has impacted our everyday life, and the way in which we experience church life. How are church leaders to respond during this coronavirus pandemic? How do we practice non-anxious presence when everything seems to be "shifting sands?" So, how we live together in the midst of this pandemic could be our best witness of the Gospel.

In our efforts to respond to this pandemic, science and faith are not in opposition. This global pandemic raises questions such as how did this virus originate? What are the symptoms? Are there any treatments? What will happen to me? Who will care for me? And, what gives me hope? During this evolving situation, the church has a responsibility to disseminate information from trusted resources. The proximity and familiarity of members and networks makes it easier to share information quickly and effectively. Through these efforts we will be able to reduce the community's vulnerability by identifying particular populations that might be affected.

During this time, we must keep the church connected. This is necessary, but it is also difficult. How does social distancing affect our gatherings? In light of this developing situation around coronavirus, what are the ways of practicing "togetherness" in a time of "social distancing?" This will require a collective way of thinking about the norms of social interactions in our gatherings. How can we continue to walk alongside with each other, and stay connected in a way that makes everyone safe?Distance should not keep us from being disconnected.



Rev. Geomon K. George

This is also an opportunity to create an ecosystem that will flourish, not just survive this pandemic. Churches need to consider unique mechanisms to enhance church life. While we may not have abundance of resource, what it is that we do have. This means we pause and take a longer view of life of the congregation. What resources already exist in the church? Which technologies does the church need to invest in? From offering digital services to smaller gatherings, different congregational experiences could be offered to come together to pray and share our joys and concerns.

As we consider modifying practices and adapting services, being attentive to children is very important. Each person may respond of their feelings and fears differently. So, creating a safe space for them to share is crucial. Also, we must not forget to consider our neighbor's welfare during this crisis. This pandemic has already changed our lives, and this will continue for a while. So, in loving God and loving our neighbors we are able to deepen our calling and sustain a quality of our life together even in midst of uncertainty.

As we consider the current events, we have to be steadfast in our faith. As practices that are valued and held dear to us needs to be re-evaluated, we trust in the One who has called us. The pandemic reminds us how interconnected and interdependent we are.Rooted in the Word of God, guided by the Holy Spirit, we turn everything over to the Lord, knowing that our future is secured in His hands. The questions of complexities of life draws us closer to God as we actively engage in God's mission.

Finally, we respond not in fear, but with hope in the risen Lord. We are held secure by a loving and merciful God. While this pandemic touch all of our common humanity, we turn to Christ who said "I have come that they may have life, and that they may have it more abundantly." (John 10:10b).

# കാലിഫോർണിയയിലെ 40 മില്യൺ ജനങ്ങൾ വീട്ടിൽ കഴിയണമെന്ന് ഗവർണർ

പി.പി. ചെറിയാൻ

കാലിഫോർണിയ: കാലിഫോർണിയ സംസ്ഥാനത്തെ മുഴുവൻ ജനങ്ങളും ഇനിയൊരു ഉത്തരവുണ്ടാകുന്നതുവരെ വീട്ടിൽത്തന്നെ കഴിയണമെന്ന് ഗവർണർ ഗവിൻ ന്യൂസം ഉത്തരവിട്ടു. അമേരിക്കയിലെ സംസ്ഥാനങ്ങളിൽ ഏറ്റവും കൂടുതൽ കൊവിഡ് 19 കേസുകൾ റിപ്പോർട്ട് ചെയ്ത സംസ്ഥാനമാണ് കാലിഫോർണിയ.



ജനങ്ങൾ പുറത്തിറങ്ങരുതെന്ന ഉത്തരവിട്ടതോടെ രോഗവ്യാപനം തടയുന്നതിന് കഴിയുമെന്ന് ഗവർണർ പറഞ്ഞു. റസ്റ്റോറന്റുകളിലും പൊതുസ്ഥലങ്ങളിലും ജനങ്ങൾ കൂട്ടം കൂടരുതെന്നും ഇന്നത്തെ ഗുരുത സ്ഥിതിവിശേഷം എല്ലാവരും മനസ്സിലാക്കി ഉത്തരവുമായി സഹകരിക്കണമെന്നും ഗവർണർ അഭ്യർത്ഥിച്ചു.

കോവിഡ് 19നെ നേരിടുന്നതിനും ഫലപ്രദമായി നിയന്ത്രിക്കുന്നതിനും ഒരു ബില്യൺ ഡോളർ ഫെഡറൽ ഫണ്ട് അനുവദിക്കണമെന്ന് ഗവർണർ ആവശ്യപ്പെട്ടു. കാലിഫോർണിയായിലെ പകുതിയിലധികം ആളുകളെ വൈറസ് ബാധിച്ചേക്കുമെന്ന് ഗവർണർ പറഞ്ഞു. അതോടൊപ്പം തൊഴിലില്ലായ്മാ വേതനവും തൊഴിൽ നഷ്ടപ്പെട്ടവർക്ക് ഇൻഷ്വറൻസ് ആനുകൂല്യവും അനുവദിക്കണമെന്നും ഡെമോക്രാറ്റിക് ഗവർണർ ആവശ്യപ്പെട്ടു. തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളും ജനങ്ങളും കൈകോർത്തുപിടിച്ച് ഈ വിപത്തിനെ നേരിടാൻ സജ്ജമാകണമെന്നും എന്നാൽ മാത്രമേ ഇതിനെ അതിജീവിക്കാൻ കഴിയുകയുള്ളുവെന്നും ഗവർണർ പറഞ്ഞു.

7 മലയാളം ചാനൽ, മാസം $13.33 മാത്രം
ഒരു വർഷത്തേക്ക് $160.00 ഒരുമിച്ച് അടക്കുക. *

മഴവിൽ manorama
SURYA
SURYA MOVIE
KAIRALI
KAIRALI NEWS
We
NEWS 18 കേരളം
WILLOW
INDIA TODAY TELEVISION
NDTV 24x7

dish അമേരിക്കയിലെ അംഗീകൃത മലയാളം ചാനൽ വിതരണക്കാർ.
sling
UNITED MEDIA DVP INC
AUTHORIZED RETAILER
UNITEDMEDIALIVE.COM
unitedmediads@gmail.com
Call: 972 839 9080 - 914 954 9586

മഴവിൽ മനോരമ, സൂര്യ, സൂര്യ സിനിമ, കൈരളി, കൈരളി ന്യൂസ്, കൈരളി വി ചാനൽ, ചാനൽ 18 മലയാളം ന്യൂസ്, രണ്ടു ക്രിക്കറ്റ് ചാനൽ. കൂടാതെ നിരവധി ഫ്രീ ചാനലുകളും




# ഓപ്പറേഷൻ ജാവാ

നവാഗതനായ തരുൺ മൂർത്തി സംവിധാനം ചെയ്യുന്ന ചിത്രമാണ് ഓപ്പറേഷൻ ജാവാ. ബാലുവർഗീസ്, ലുക്മാൻ, ഇർഷാദ് എന്നിവർ ചിത്രത്തിലെ കേന്ദ്ര കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. ഇർഷാദ് പോലീസ് സബ് ഇൻസ്പെക്ടറാണ് വേഷത്തിലെത്തുന്നു.

വളരെ പുതുമയുള്ള ഓപ്പറേഷൻ ജാവാ യുവത്വത്തിന്റെ ഒരു കൂട്ടായ്മയാണ്. പൂർണ്ണമായും ഇൻവെസ്റ്റിഗേറ്റീവ് ത്രില്ലറായ ഈ ചിത്രം വാർത്തമാന കാലത്തിൽ ഇന്നത്തെ തലമുറ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ സന്ദേശങ്ങളായി അവതരിപ്പിക്കുന്നു. ആദ്യവസാനം അന്വേഷണ സ്വഭാവമുള്ള ഈ ചിത്രത്തിൽ പോലീസും സമൂഹവും തമ്മിലുള്ള ബന്ധവും വിശകലനം ചെയ്യുന്നു.

ആന്റണി, ദാസൻ, എന്നീ ബിടെക് ബിരുദധാരികളായ ചെറുപ്പക്കാർ കൊച്ചിയിൽ പോലീസ് വകുപ്പിൽ എത്തപ്പെടുന്നു. പിന്നീട് അവർക്ക് നേരിടേണ്ടിവരുന്ന പ്രശ്നങ്ങളാണ് ഈ ചിത്രത്തിൽ അവതരിപ്പിക്കുന്നത്. വിനായകൻ അവതരിപ്പിക്കുന്ന രാമനാഥൻ എന്ന ഓട്ടോ ഡ്രൈവർ ചിത്രത്തിലെ മറ്റൊരു സുപ്രധാന കഥാപാത്രമാണ്.

നാൽപ്പത്തിയൊന്ന്, അയ്യപ്പനും കോശിയും എന്നീ ചിത്രങ്ങളിലൂടെ ശ്രദ്ധേയയാണ് ധന്യ എസ്. ധന്യയാണ് രാമനാഥന്റെ ജാനകിയായി എത്തുന്നത്. ബിനു പപ്പു, പ്രശാന്ത് അലക്സാണ്ടർ, ജോണി ആന്റണി എന്നിവരും ചിത്രത്തിലെ പ്രധാന താരങ്ങളാണ്. ഏതാനും പുതുമുഖങ്ങളും ഈ ചിത്രത്തിൽ പ്രധാന വേഷത്തിലുണ്ട്. പുതുമുഖം മമിതാ ബൈജുവാണ് നായിക. ജേക്കബ് ബിജോയ്സാണ് സംഗീത സംവിധാനം നിർവഹിക്കുന്നത്. ഒരു കുപ്രസിദ്ധ പയ്യനുശേഷം വി. സിനിമാസാണ് ഈ ചിത്രം നിർമിക്കുന്നത്.



# ജനങ്ങൾക്ക് വേണ്ടിയാകണം നിയമങ്ങൾ: വിജയ്

വിവാദങ്ങൾക്കും അഭ്യൂഹങ്ങൾക്കും വിരാമമിട്ട് മാസ്റ്റർ സിനിമയുടെ ഓഡിയോ ലോഞ്ച് നടന്നു. അടുത്ത കാലത്തുണ്ടായ ആദായ നികുതി വകുപ്പിന്റെ റെയ്ഡിനും വിവാദങ്ങൾക്കും പരോക്ഷമായി വിജയ് മറുപടി നൽകി. ‘എനിക്ക് എന്റെ പഴയജീവിതം തിരിച്ചുവരണം. ആ ജീവിതത്തിൽ സമാധാനം ഉണ്ടായിരുന്നു.

റെയ്ഡും കസ്റ്റഡിയിൽ പോകുന്നതും മുതലായ കാര്യങ്ങളും ആ ജീവിതത്തിൽ എനിക്ക് നേരിടേണ്ടി വന്നിട്ടില്ല. നിയമങ്ങൾ ജനങ്ങളുടെ അവകാശങ്ങൾക്കു വേണ്ടിയാവണം. അല്ലാതെ താൽപര്യങ്ങൾക്ക് വേണ്ടി ആവരുത്’: വിജയ് പ്രതികരിച്ചു. ചിത്രത്തിൽ ഒരു പ്രധാന വേഷം ചെയ്ത വിജയ് സേതുപതിയെയും താരം അഭിനന്ദിച്ചു.

ചെറിയ വേഷങ്ങളിലൂടെ എത്തി ഇന്ന് പ്രേക്ഷകരുടെ ഇടയിൽ തന്റേതായ ഇടം കണ്ടെത്തിയ ഒരാൾ തമിഴ് സിനിമയിൽ ഉണ്ടെങ്കിൽ അത് വിജയ് സേതുപതിയാണ്. അദ്ദേഹത്തിന് ഈ സിനിമയിൽ വില്ലനായി അഭിനയിക്കേണ്ട യാതൊരു കാര്യവുമില്ല.



എന്തിനാണ് ഈ ചിത്രത്തിൽ നെഗറ്റീവ് ഷെയ്ഡുള്ള കഥാപാത്രത്തെ അഭിനയിക്കാൻ മനസ് വെക്കുന്നതെന്ന് എനിക്ക് തന്നെ അദ്ദേഹത്തോട് ചോദിക്കണമെന്നുണ്ടായിരുന്നു. കാരണം അവരുടെ സിനിമകൾക്ക് വലിയൊരു ബിസിനസുണ്ട്.

അത് ഞാൻ ചോദിച്ചു. എന്തിന്? വലുതായി എന്തോ പറയാനുണ്ടെന്ന് വിചാരിച്ച എന്നെ വെറും നാല് വാക്കുകളിൽ അദ്ദേഹം അത്ഭുതപ്പെടുത്തി. എനിക്ക് നിങ്ങളെ ഒരുപാട് ഇഷ്ടമാണ്. ഇതായിരുന്നു മറുപടി. അപ്പോഴാണ് എനിക്ക് മനസിലായത്, അദ്ദേഹത്തിന്റെ പേരിൽ മാത്രമല്ല നെഞ്ചിലും എനിക്ക് ഇടം ഉണ്ടെന്ന്: വിജയ് സേതുപതി പറഞ്ഞു.

രാജ്യത്ത് കൊറോണ വൈറസ് പടരുന്ന സാഹചര്യത്തിൽ ഓഡിയോ ലോഞ്ച് നടന്നേക്കില്ലെന്ന തരത്തിൽ സിനിമാ മേഖലയിലും സോഷ്യൽ മീഡിയയിലും അഭ്യൂഹങ്ങൾ പ്രചരിച്ചിരുന്നു. ആർഭാടങ്ങളൊഴിവാക്കി ചെറിയ തോതിലാണ് ചടങ്ങ് നടന്നത്. കറുപ്പ് സ്യൂട്ട് ധരിച്ച് ചടങ്ങിനെത്തിയ വിജയ്യെ ആർപ്പുവിളികളോടെയാണ് ആരാധകർ സ്വാഗതം ചെയ്തത്.

# അയ്യപ്പനും കോശിയും തമിഴിലേക്ക്; ധനുഷ് നായകൻ



പൃഥിരാജും ബിജു മേനോനും മത്സരിച്ച് അഭിനയിച്ച് മികച്ച വിജയം നേടിയ അയ്യപ്പനും കോശിയും തമിഴിലേക്ക്. ആടുകളം, ജിഗർതണ്ട എന്നീ ചിത്രങ്ങളുടെ നിർമാതാവാകുന്ന കതിർസേനൻ ചിത്രം നിർമിക്കുമെന്നാണ് റിപ്പോർട്ടുകൾ. പൃഥിരാജ് അവതരിപ്പിച്ച കഥാപാത്രത്തെ അവതരിപ്പിക്കാൻ താൽപര്യമുണ്ടെന്ന് ധനുഷ് കതിർസേനനെ അറിയിച്ചതായും റിപ്പോർട്ടുകളുണ്ട്. ഈ വർഷം അവസാനത്തോടെ ചിത്രീകരണം ഉണ്ടാകുമെന്നാണ് അറിയുന്നത്. അതേസമയം അയ്യപ്പനും കോശിയും എന്ന ചിത്രത്തിൽ ബിജു മേനോൻ അവതരിപ്പിച്ച കഥാപാത്രത്തെ ആരാണ് അവതരിപ്പിക്കുകയെന്ന് തീരുമാനിച്ചിട്ടില്ല.

അനാർക്കലിക്കുശേഷം ബിജുമേനോനും പൃഥിരാജും സച്ചിയും ഒന്നിച്ച ചിത്രമാണ് അയ്യപ്പനും കോശിയും.

# ആലീസ് ഇൻ പാഞ്ചാലിനാട്

ഏറെ പുതുമയുള്ള ഒരു കഥ പറയുന്ന ചിത്രമാണ് ആലീസ് ഇൻ പാഞ്ചാലിനാട്. കൂടുതൽ പുതുമുഖങ്ങളെയും ഏതാനും പ്രശസ്ത താരങ്ങളെയും അണിനിരത്തി അവതരിപ്പിക്കുന്ന ഈ ചിത്രം സംവിധാനം ചെയ്യുന്നത് ആഡ് ഫിലിമുകളിലൂടെ ശ്രദ്ധേയനായ സുദിൻ വാമറ്റമാണ്.



പാഞ്ചാലിനാട്ടിൽ അൽപ്പം നല്ല നിലയിൽ ചില സ്ഥാപനങ്ങളുമായി കഴിയുന്ന ഒരു കുടുംബമാണ് പാപ്പിയുടേത്. മേരിയമ്മയാണ് പാപ്പിയുടെ ഭാര്യ. ഇവരുടെ അടുത്തേക്ക് ഡൽഹിയിൽ നിന്നും ആലീസ് എന്ന പെൺകുട്ടി വരുന്നു. മുപ്പത് വർഷം മുമ്പ് നാടുവിട്ടുപോയ പാപ്പിയുടെ സഹോദരൻ കുട്ടിച്ചന്റെ മകളാണ് ആലീസ്. ഡൽഹിയിൽ ജനിച്ചു വളർന്ന പെൺകുട്ടി. ആലീസിന്റെ വരവോടെ ഈ ഗ്രാമത്തിൽ അരങ്ങേറുന്ന സംഭവവികാസങ്ങളാണ് തികച്ചും രസകരമായ മുഹൂർത്തങ്ങളിലൂടെ അവതരിപ്പിക്കുന്നത്. നർമ്മത്തിലൂടെ അവതരിപ്പിക്കുന്ന ഒരു സസ്പെൻസ് ത്രില്ലറാണ് ആലീസ് ഇൻ പാഞ്ചാലിനാട്.

നായികയ്ക്ക് പ്രാധാന്യം നൽകിയാണ് ചിത്രം അവതരിപ്പിക്കുന്നത്. മോഡൽ കൂടിയായ ഡൽഹി സ്വദേശി കാമിയയാണ് ആലീസ് എന്ന കഥാപാത്രത്തെ അവതരിപ്പിക്കുന്നത്. കിംഗ് ലയർ, പത്തുകല്പന, നാം, കുർബാനി തുടങ്ങി നിരവധി ചിത്രങ്ങളിൽ അഭിനയിച്ച അജയ് ആണ് ഇതിലെ മറ്റൊരു പ്രധാന കഥാപാത്രമായ ബെന്നിയെ അവതരിപ്പിക്കുന്നത്. ബെന്നിയുടെ ജോഡിയായ നേഴ്സ് ജിഷിയെ അവതരിപ്പിക്കുന്നത് മറ്റൊരു മോഡലായ ശില്പയാണ്. അനിൽ മുരളി, പൊന്നമ്മ ബാബു, ജെയിംസ് കൊട്ടാരമറ്റം, കെ.റ്റി.എസ്. പടന്ന, കലാഭവൻ ജയകുമാർ, ഡോ. അമൽ, തൊമ്മൻ മങ്കുവാ എന്നിവർക്കൊപ്പം എൺപതോളം പുതുമുഖങ്ങളും അണിനിരക്കുന്നു. നൂറോളം ലൊക്കേഷനുകൾ ഈ ചിത്രത്തിലുണ്ട്.



പകൽക്കിനാവ്
ജോർജ് തുമ്പയിൽ 193
thumpayil@aol.com

# മെയ്ഡ് ഇൻ ചൈന, അഥവാ ആളെ കൊല്ലുന്ന വിധം!

കൊറോണ മൂലം ഇതുവരെ പതിമൂവായിരം ജനങ്ങൾ 120 ലേറെ രാജ്യങ്ങളിലായി മരിച്ചു കഴിഞ്ഞു. മൂന്നുലക്ഷം പേർ രോഗബാധിതർ. രോഗം ബാധിച്ചിട്ടും രക്ഷപ്പെട്ടത് ഒരു ലക്ഷത്തിലും താഴെ. ചൈനയിൽ മാത്രം മരിച്ചത് 3250 പേരിലേറെ. ഇപ്പോൾ കൊവിഡ് 19 എന്ന നോവൽ വൈറസിനെ തിരിച്ചറിഞ്ഞു കൃത്യം നൂറു ദിവസം പിന്നിടുമ്പോൾ ചൈന പറയുന്നു, ഞങ്ങൾ സുരക്ഷിതർ. പുതിയ കേസുകളൊന്നും ചൈനയിൽ റിപ്പോർട്ട് ചെയ്തിട്ടില്ല. ഞങ്ങളുടെ ക്വാറന്റൈൻ ഫലിച്ചു കഴിഞ്ഞു, ഞങ്ങളുടെ പ്രതിരോധ മരുന്ന് ഇപ്പോൾ കാര്യക്ഷമമായി കഴിഞ്ഞു. ചൈനയിൽ മരിച്ചവരേക്കാൾ കൂടുതൽ പേർ മരിച്ച ഇറ്റലിയിൽ (4825 ആണ് ഈ ലേഖനം എഴുതുമ്പോഴത്തെ മരണസംഖ്യ. അതായത് മാർച്ച് 21, 2020. ഈ ലേഖനം പ്രസിദ്ധീകരിച്ചു വരുമ്പോഴേയ്ക്കും മരണസംഖ്യ അയ്യായിരം കവിയുമെന്നുറപ്പ്. കാരണം, അവിടെ രോഗം ബാധിച്ച് ഗുരുതരാവസ്ഥയിൽ കഴിയുന്നത് 6700 പേരാണ്. മൊത്തം രോഗബാധിതർ 55,000 ത്തിനും മുകളിൽ) അവർ പ്രതിരോധ മരുന്നു അയച്ചു കഴിഞ്ഞു. പക്ഷേ, ഇറ്റലിയെ തൂത്തെറിയുകയാണ് കൊറോണ വൈറസ്. ഒരു രാജ്യത്തിനും അവരെ രക്ഷിക്കാനാവുന്നില്ല. കൊറോണ പൊട്ടിപ്പുറപ്പെട്ട ചൈനയിൽ പുതിയ രോഗികൾ വെറും 41. ഇറ്റലിയിൽ കൃത്യമായി പറഞ്ഞാൽ 6557. വ്യത്യാസം നോക്കൂ. സ്പെയിനിൽ 3803, ഇറാനിൽ 1556. ഫ്രാൻസിലെ വിവരം പുറത്തു വന്നിട്ടില്ല. ജർമ്മനിയിൽ 2006. അമേരിക്കയിൽ 2749 (ഇവിടെ മരണം 282 ആയിരിക്കുന്നു) പേർ. നോക്കൂ, ചൈനയിൽ കൊറോണയെ പിടിച്ചു കെട്ടിയിരിക്കുന്നു. അതെങ്ങനെ. ലോകത്തെ മറ്റു രാജ്യങ്ങളെല്ലാം ശ്വാസംമുട്ടി ജീവനു വേണ്ടി പിടയുമ്പോൾ ചൈനയ്ക്ക് മാത്രം അതെങ്ങനെ സാധിച്ചു.

ചൈനീസ് പ്രസിഡണ്ട് കൊറോണ വൈറസിനെതിരായ വിജയം ഔദ്യോഗികമായി പ്രഖ്യാപിച്ചു. ഇങ്ങനെയെങ്കിൽ ന്യായമായും സംശയിക്കണം. ഇതൊരു യുദ്ധമായിരുന്നു. ലോകം കീഴടക്കാനുള്ള ചൈനയുടെ യുദ്ധം. ചൈനയുടെ അയൽരാജ്യങ്ങളിലൊന്നും മരണം കാര്യമായി ഇതുവരെ റിപ്പോർട്ട് ചെയ്യാത്തതും സംശയമുണർത്തുന്നു. ശക്തമായ സാമ്പത്തിക അടിത്തറയുള്ള യുഎസിനെ പോലും തകർത്തെറിയുകയാണ് കൊറോണ. അങ്ങനെയെങ്കിൽ ചൈനയ്ക്കു മേൽ സാമ്പത്തിക അധീശത്വം സ്ഥാപിച്ചു മണിക്കൂറുകൾക്കുള്ളിലാണ് യുഎസിന് അടി കിട്ടിയിരിക്കുന്നത്. യുഎസിന്റെ സഖ്യകക്ഷികളെന്ന് എക്കാലവും പാട്ടുപാടി നടന്നിരുന്ന യൂറോപ്യൻ യൂണിയന്റെ അവസ്ഥ നോക്കൂ. എല്ലായിടത്തു നിന്നും മുഴങ്ങുന്നത് മരണഗീതങ്ങൾ. ആഫ്രിക്കയിലെ പട്ടിണി രാജ്യങ്ങൾ സേഫ്. പണത്തിന്റെ കൊഴുപ്പിൽ അഹങ്കരിച്ചു നടന്നവരുടെ ശവശരീരങ്ങൾ വലിയ ട്രക്കിൽ കൊണ്ടു പോയി കൂട്ടത്തോടെ കുഴിച്ചു മൂടുന്നു. ശരിക്കും ഇതൊരു ചതിയുടെ കഥയാണോ?

കൊറോണ വൈറസ് ഉപയോഗിച്ച് ചൈനക്കാർ ലോകത്തെ വഞ്ചിച്ചോ? അവർ അവരുടെ സമ്പദ്വ്യവസ്ഥയെ രക്ഷിച്ചുവോ?! അങ്ങനെ വേണം കരുതാൻ എന്ന നിലയ്ക്കുള്ള റിപ്പോർട്ടുകളാണ് ഇപ്പോൾ പുറത്തു വരുന്നത്. ഉയർന്ന മൂല്യവർദ്ധിത സാങ്കേതിക കമ്പനികളിലെ തങ്ങളുടെ ഓഹരികൾ കുറഞ്ഞ വിലയ്ക്ക് ചൈനീസ് സർക്കാരിന് വിറ്റശേഷം അമേരിക്കക്കാരും യൂറോപ്യന്മാരും ചിന്തിക്കുന്നത് ഇതാണ്. അവരുടെ അഭിപ്രായത്തിൽ, ചൈനീസ് നേതൃത്വം ഒരു 'സാമ്പത്തിക തന്ത്രം' ഉപയോഗിച്ചു. അത് എല്ലാവരേയും എളുപ്പത്തിൽ ചതിച്ചു. യൂറോപ്യൻ നിക്ഷേപകരെ ഒഴിവാക്കാൻ ഉയർന്ന രാഷ്ട്രീയ തന്ത്രം നടപ്പാക്കി ചൈന ശ്രമിക്കുന്നില്ലെന്ന് വരുത്തിക്കൊണ്ടായിരുന്നു ഈ നീക്കം. ചൈനയുടെ സമ്പദ്വ്യവസ്ഥയെ പിന്തുണച്ച് യുഎസ് സമ്പദ്വ്യവസ്ഥയെ മറികടക്കുക എന്ന രാഷ്ട്രതന്ത്രം മനസ്സിലാക്കിയാണ് ട്രംപ് ഭരണകൂടം ചൈനീസ് നിർമ്മിത വസ്തുക്കൾക്കെല്ലാം നികുതി ഏർപ്പെടുത്തിയത്. അന്നു തൊട്ട് നോക്കി വച്ചിരുന്ന ബയോളജിക്കൽ വെപ്പൺ ആയിരുന്നു കൊറോണ എന്നാണ് ഇപ്പോൾ പലരും പറയുന്നത്. ഇത് അഭ്യൂഹമായിരിക്കാം, എന്നാൽ ചിന്തിക്കുമ്പോൾ എന്തോ സത്യമുണ്ടെന്നു തോന്നുന്നില്ലേ?

ചൈനീസ് സമ്പദ്വ്യവസ്ഥയെ മന്ദഗതിയിലാക്കാനും പാപ്പരാക്കാനും യൂറോപ്യൻമാരും അമേരിക്കക്കാരും നടത്തിയ ശ്രമങ്ങൾക്കാണ് ഇപ്പോൾ തിരിച്ചടിയേറ്റിരിക്കുന്നത്. ചൈന ഒരു ജനതയെ മുഴുവൻ ബലിയർപ്പിക്കുന്നതിനുപകരം നൂറുകണക്കിന് പൗരന്മാരെ ബലിയർപ്പിച്ചു..! ഈ തന്ത്രത്തിലൂടെ, ചൈന 'എല്ലാവരേയും വഞ്ചിക്കുന്നതിൽ' വിജയിച്ചു, കാരണം രണ്ട് ദിവസത്തിനുള്ളിൽ ഏകദേശം 20 ബില്യൺ ഡോളർ കൊയ്യുകയും ചൈനീസ് പ്രസിഡണ്ട് യൂറോപ്യൻ യൂണിയനെയും അമേരിക്കൻ ഐക്യനാടുകളെയും ലോകത്തിന്റെ കണ്ണിൽ വഞ്ചിക്കുന്നതിൽ വിജയിക്കുകയും ചെയ്തിരിക്കുന്നു.

അതായത് കൃത്യമായി പറഞ്ഞാൽ ചൈനയിൽ വൻനിക്ഷേപം നടത്തിയത് മുഴുവൻ അമേരിക്കക്കാരും യൂറോപ്യന്മാരും ആയിരുന്നു. ഇവിടുത്തെ ഓഹരികളുടെ 90 ശതമാനവും കൈവച്ചതും വിദേശികളായിരുന്നു. അതു തിരിച്ചു പിടിച്ച് ചൈനയുടെ സാമ്പത്തികശക്തി മെച്ചപ്പെടുത്താൻ ചൈന കരുനീക്കം നടത്താൻ തുടങ്ങിയിട്ട് നാളുകളായിരുന്നു. എന്നാൽ ഇക്കാര്യം മണത്തറിഞ്ഞ യുഎസ്-യൂറോപ് സഖ്യം ഇത്തരം സാമ്പത്തിക യുദ്ധത്തെ പ്രതിരോധിക്കുകയായിരുന്നു ഇതുവരെ. എന്നാൽ ഇന്ന് കൊറോണയ്ക്ക് മുന്നിൽ അവർ അടിയറവ് പറഞ്ഞു.

കൊറോണ വൈറസിന് മുമ്പ്, 'ടെക്നോളജി ആന്റ് കെമിക്കൽസ്' പ്രൊഡക്ഷൻ പ്ലാന്റുകളിലെ നിക്ഷേപ പദ്ധതികളിലെ ഓഹരികൾ യൂറോപ്യൻ, അമേരിക്കൻ നിക്ഷേപകരുടെ ഉടമസ്ഥതയിലായിരുന്നു..! ഇതിനർത്ഥം ലൈറ്റ്, ഹെവി സാങ്കേതിക, രാസ വ്യവസായങ്ങളിൽ നിന്നുള്ള ലാഭത്തിന്റെ പകുതിയിലേറെയും വിദേശ നിക്ഷേപകരുടെ കൈകളിലേക്കാണ്, ചൈനീസ് ട്രഷറിയിലേക്കല്ല പോയതെന്ന യാഥാർത്ഥ്യമായിരുന്നു. ഇത് ചൈനീസ് കറൻസി യുവാന്റെ തുടർച്ചയായ പതനത്തിലേക്കു നയിച്ചു.

മാരകമായ വൈറസ് പടരാതിരിക്കാൻ മാസ്ക് വാങ്ങാൻ ചൈനയ്ക്ക് കഴിഞ്ഞില്ല എന്ന വാർത്ത പോലും വ്യാപകമായിരുന്നു. ഈ അഭ്യൂഹങ്ങളും ചൈനീസ് പ്രസിഡണ്ടിന്റെ പ്രസ്താവനയും ചൈനയിലെ ടെക്നോളജി കമ്പനികളുടെ ഓഹരികളുടെ വില കുത്തനെ കുറയാൻ കാരണമായി. കൂടാതെ ചരിത്രത്തിൽ 'മുമ്പൊരിക്കലും കണ്ടിട്ടില്ലാത്ത വിധം 'വിദേശ' നിക്ഷേപകരുടെ സാമ്രാജ്യങ്ങൾ വളരെ കുറഞ്ഞ വിലയ്ക്ക് വിൽപനയ്ക്കെത്തുക. അതും ആകർഷകമായ ഓഫറുകൾക്കൊപ്പം. അതായത് ചൈന തകർന്നു എന്നു ചൈനതന്നെ വരുത്തി തീർത്തതോടെ ചൈനയിലെ വൻനിക്ഷേപങ്ങളുടേ മേലുള്ള വിദേശ ഓഹരികളുടെ വില കുത്തനെ ഇടിഞ്ഞു. അത് ഏറ്റവും താഴ്ന്ന വിലയിലെത്താൻ നോക്കിയിരുന്ന ചൈനീസ് സർക്കാർ അതു പതുക്കെ സ്വന്തമാക്കുകയും ചെയ്തു. തിരിഞ്ഞു നോക്കുമ്പോൾ ചൈനയ്ക്കൊന്നും സംഭവിച്ചിട്ടില്ല. ഇതാ കൊറോണ ബാധിച്ചിടത്തു നിന്നു നൂറു ദിവസം കഴിയുമ്പോൾ ചൈന നടുവു നിവർത്തിനിന്നു ചിരിക്കുന്നു. വികസിത രാജ്യപ്രമുഖർ കിതയ്ക്കുന്നു.

യൂറോപ്യൻ, അമേരിക്കൻ നിക്ഷേപ ഫിനാൻസിയർമാർ തങ്ങളെ വഞ്ചിച്ചുവെന്ന് മനസ്സിലാക്കിയപ്പോഴേയ്ക്കും വളരെ വൈകിപ്പോയിരുന്നു. കാരണം ഷെയറുകൾ ചൈനീസ് സർക്കാരിന്റെ കൈയിലായി കഴിഞ്ഞിരുന്നു. ഈ പ്രക്രിയയിൽ ചൈനീസ് മണ്ണിൽ സ്ഥാപിച്ച മിക്ക വിദേശ കമ്പനികളെയും അവർ ദേശസാൽക്കരിച്ചു. ഒരു രാഷ്ട്രീയ പ്രതിസന്ധിയോ ഒരു വെടിയുണ്ട പോലും നഷ്ടപ്പെടുത്താതെ. പക്ഷേ, അവർ മൂവായിരം പേരുടെ ജീവൻ ബലി കൊടുത്തു. ചൈനീസ് ഭാഷയിൽ പറഞ്ഞാൽ രാജ്യത്തിന് ആവശ്യമില്ലാത്ത വസ്തുവകകളായിരുന്നു അതൊക്കെയും. അതിനെ നശിപ്പിച്ചതിൽ അവർക്ക് തെല്ലും ഖേദമില്ലത്രേ!

ചൈന ആൻറി വൈറസ് വാക്സിൻ പുറത്തെടുക്കാൻ തുടങ്ങിയിരിക്കുന്നു. ലക്ഷ്യം ലഭിച്ചതിനുശേഷം റഫ്രിജറേറ്ററുകളുടെ അലമാരയിൽ ആദ്യം മുതൽ സ്വന്തമാക്കി വച്ചിരുന്ന ഈ വാക്സിന് ഇപ്പോൾ അണുബോംബിനേക്കാൾ വിലയാണെന്ന് അവർക്കറിയാം.

(ഈ ലേഖനം https://thespeaktoday.com/2020/03/15/china-officially-announces-victory-over-the-corona-virus/ എന്ന വെബ്സൈറ്റിലെ വാർത്തയുടെ ചുവടു പിടിച്ച് തയ്യാറാക്കിയത്. ലേഖകന് ഇതിന്റെ വസ്തുതയുമായി മറ്റു ബന്ധമൊന്നുമില്ല)

# ന്യൂയോർക്ക് നഗരം മറ്റൊരു വുഹാനായി മാറുന്നു

മൊയ്തീൻ പുത്തൻചിറ

ന്യൂയോർക്ക്: ന്യൂയോർക്ക് നഗരത്തിലും ചുറ്റുപാടും കൊറോണ വൈറസ് വ്യാപകമായി പടർന്നു പിടിക്കുന്നു. ഏകദേശം 9 ദശലക്ഷം ജനസംഖ്യയുള്ള ന്യൂയോർക്ക് നഗരം അമേരിക്കയുടെ വുഹാൻ ആയി മാറുകയാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ന്യൂയോർക്കിൽ ഇതുവരെ 8377 പേർക്കാണ് കൊവിഡ്-11 പോസിറ്റീവായി കണ്ടെത്തിയിട്ടുള്ളത്. വെള്ളിയാഴ്ച അവസാനത്തോടെ നഗരത്തിൽ മാത്രം 7500 കേസുകൾ സ്ഥിരീകരിച്ചതായി നഗര ആരോഗ്യവകുപ്പ് അറിയിച്ചു. ന്യൂയോർക്ക് സിറ്റിയിൽ താമസിക്കുന്നതും ഇവിടെ ജോലി ചെയ്യുന്നതും ലോകമെമ്പാടുമുള്ള ആളുകളുടെ സ്വപ്നമാണ്. എന്നാൽ, കൊറോണ പ്രതിസന്ധി നഗരത്തെ സ്തംഭിപ്പിച്ചിരിക്കുകയാണ്. നഗരത്തിൽ രാത്രി മുഴുവൻ സൈറണുകളുടെ ശബ്ദമാണ് പ്രതിദ്ധ്വനിക്കുന്നത്. കൊറോണ വൈറസിനെതിരായി അമേരിക്ക മുഴുവൻ പോരാടുകയാണ്.

ഹോട്ടലുകൾ, സ്റ്റേഡിയങ്ങൾ, പാർക്കിങ് സ്ഥലങ്ങൾ എന്നിവ താത്ക്കാലിക ആശുപത്രികളും ക്ലിനിക്കുകളുമായി മാറ്റി. രാജ്യത്ത് വർദ്ധിച്ചുവരുന്ന കൊറോണ രോഗികളുടെ തിരക്ക് കണക്കിലെടുത്ത് സൈന്യത്തെയും നാഷണൽ ഗാർഡിനെയും പല ഭാഗങ്ങളിലും വിന്യസിച്ചിട്ടുണ്ട്. ചൈനയിലെ വുഹാനിൽ നിന്ന് ആരംഭിച്ച കൊറോണ വൈറസ് ന്യൂയോർക്ക് നഗരത്തെ മുഴുവൻ ഗ്രസിച്ച മട്ടാണ്. നഗരത്തിൽ തന്നെയാണ് പ്രശസ്തമായ 'ചൈനാ ടൗൺ'. മുഴുവൻ ചൈനീസ് വംശജരാണ് ഇവിടുത്തെ താമസക്കാരും ബിസിനസ് സ്ഥാപനങ്ങൾ നടത്തുന്നവരും. ഇപ്പോൾ നഗരം കൊവിഡ്-19ന്റെ ശക്തികേന്ദ്രമായി മാറുകയാണ്. പ്രസിഡണ്ട് ഡോണൾഡ് ട്രംപ് ന്യൂയോർക്കിനെ പ്രധാന ദുരന്തപ്രദേശമായി പ്രഖ്യാപിച്ചു. ന്യൂയോർക്കിൽ കൊറോണ ബാധിച്ച രോഗികളുടെ എണ്ണം 24 മണിക്കൂറിനുള്ളിൽ 8300 ആയി ഉയർന്നു.

ഫെഡറൽ എമർജൻസി മാനേജ്മെന്റ് ഏജൻസി ന്യൂയോർക്ക് നഗരത്തിന് 42 ബില്യൺ ഡോളർ ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്. നഗരത്തിൽ ഇതുവരെ 43 പേരുടെ മരണം സ്ഥിരീകരിച്ചിട്ടുണ്ട്. അമേരിക്കൻ ചരിത്രത്തിൽ ആദ്യമായാണ് പ്രസിഡണ്ടിന് പൊതുജനാരോഗ്യത്തെ വലിയ ദുരന്തമായി പ്രഖ്യാപിക്കേണ്ടിവരുന്നത്. യു.എസ്. ആർമി എഞ്ചിനീയർമാർ ഹോട്ടലുകളെയും കോളജ് ഹോസ്റ്റലുകളെയും ക്ലിനിക്കുകളാക്കി മാറ്റുകയാണ്. ന്യൂയോർക്കിലെ സിവിൽ ഇൻഫ്രാസ്ട്രക്ചർ തകർന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ സൈന്യത്തിന്റെ പ്രവർത്തനം വർദ്ധിച്ചുകൊണ്ടിരിക്കുകയുമാണ്.

യുഎസ് വൈസ് പ്രസിഡണ്ട് മൈക്ക് പെൻസിന്റെ സ്റ്റാഫുകളിലൊരാൾക്ക് കോവിഡ് 19 ബാധിച്ചതായി കണ്ടെത്തിയിരുന്നു. സ്ഥിതി നിയന്ത്രണവിധേയമായില്ലെങ്കിൽ കാലിഫോർണിയ, ന്യൂയോർക്ക്, ഇല്ലിനോയിസ് തുടങ്ങിയ സംസ്ഥാനങ്ങളിലും രാജ്യത്തുടനീളവും ട്രംപ് രണ്ടാഴ്ചത്തേക്ക് ലോക്ക് ഡൗൺ പ്രഖ്യാപിക്കാൻ സാദ്ധ്യതയുണ്ടെന്ന് അധികൃതർ പറഞ്ഞു. ഈ പ്രതിസന്ധി വളരെ നിസ്സാരവത്കരിക്കാൻ ട്രംപ് തുടക്കത്തിൽ ശ്രമിച്ചിരുന്നു. വൈറസ് രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിലേക്ക് വ്യാപിച്ചിട്ടില്ലെന്നും




അദ്ദേഹം പറഞ്ഞിരുന്നു. 'അമേരിക്ക ലോകത്തിലെ വൻ ശക്തിയാണ്. വൈറസിന് ഞങ്ങളെ തോല്പിക്കാനാവില്ല' എന്ന് വൈറ്റ് ഹൗസിലെ ബ്രീഫിംഗിൽ അദ്ദേഹം പറഞ്ഞിരുന്നു.

യുഎസ് രഹസ്യാന്വേഷണ ഏജൻസികളും വിദഗ്ദ്ധരും ട്രംപിനെ കാര്യങ്ങൾ ധരിപ്പിക്കാൻ ശ്രമിച്ചെങ്കിലും പകർച്ചവ്യാധി വലിയ അപകടമൊന്നുമല്ലെന്ന വിശ്വാസത്തിൽ ഉറച്ചു നിൽക്കുകയായിരുന്നു അദ്ദേഹം. മാത്രമല്ല, ഈ അപകടത്തെക്കുറിച്ച് മുൻകൂട്ടി അറിവ് ലഭിച്ച നാല് യുഎസ് സെനറ്റർമാർ സ്റ്റോക്ക് മാർക്കറ്റിലെ അവരുടെ ഓഹരികൾ വിൽക്കുകയും ചെയ്തു.

ന്യൂയോർക്ക് സിറ്റി യൂണിവേഴ്സിറ്റി വിദ്യാർത്ഥികളോട് ആശുപത്രി കിടക്കകളുടെ കുറവുണ്ടായാൽ ഹോസ്റ്റലുകളിൽ നിന്ന് മുറികൾ ഒഴിഞ്ഞുകൊടുക്കണമെന്ന് ഉത്തരവിട്ടിട്ടുണ്ട്.

KERALA EXPRESS പ്രവാസി താളുകൾ

# ഭയപ്പെടേണ്ട; ഉറച്ചുനില്പിൻ

ഏലിയാമ്മ ലൂക്കോസ്

ലോകജനം വളരെ ഭീതിയിലാണ്ടിരിക്കുന്നു. ലോകത്തിന് എന്തു സംഭവിക്കാൻ പോകുന്നുവെന്ന് പേടിച്ചു നോക്കിപ്പാർത്തും കൊണ്ട് മനുഷ്യർ നിർജ്ജീവന്മാരാകും എന്ന് സുവിശേഷകൻ എഴുതിയത് ഭവിച്ചിരിക്കുന്നു. യുദ്ധവും ക്ഷാമവും രോഗവും സാധാരണമാണ്. എന്നാൽ, ലോകം മുഴുവൻ വ്യാപിച്ചിരിക്കുന്ന കൊറോണ വൈറസ് പോലൊരു സംഭവം ഇതിനുമുമ്പു ണ്ടായിട്ടില്ല. ചുഴലിക്കാറ്റ്, പ്രളയം, തീപിടുത്തം ഇവയെല്ലാം നാം കാണുന്നുണ്ട്. എന്നാൽ അത് എല്ലായിടത്തുമില്ല. അങ്ങുമിങ്ങും സഹായങ്ങൾ ചെയ്തും നിവാരണമാർഗ്ഗം കണ്ടുപിടിച്ചും മനുഷ്യർ നീങ്ങും.

എന്നാൽ, പ്രതിവിധി കണ്ടുപിടിക്കാത്ത ഈ വൈറസ് ദൈവത്തെ ത്യജിച്ച കമ്യൂണിസ്റ്റ്കാരുടെ ഇടയിൽ നിന്നല്ലയോ പൊട്ടിപ്പുറപ്പെട്ടത്. ഇതൊരു സംഹാരദൂതൻ തന്നെ. ദൈവത്തിനു സഹിച്ചുകൂടാത്തവിധം ലോകം അതീവമായി അധഃപതിച്ചിരിക്കുന്നു. ദൈവവിശ്വാസികളായ അനേകരുടെ കണ്ണീരും പ്രാർത്ഥനയും ഈ ലോകത്തെ ഇത്രത്തോളം നിലനിർത്തി. ദൈവഭക്തന്മാരെ ഓർത്ത് ദൈവം ഭൂമിയെ ഇതുവരെയും നശിപ്പിച്ചില്ല. ലോകം ഉണരേണ്ട സമയമായിരിക്കുന്നു.

ഞായറാഴ്ച ആരാധനകൾ പോലും മുടങ്ങത്തക്ക വിധത്തിൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിരിക്കുന്നു. ആളുകളെല്ലാം ഭവനങ്ങളിൽ ഒതുങ്ങിക്കൂടുന്നു. കടകമ്പോളങ്ങളിൽ ആളുകളില്ല. കടകളിൽ ചെന്നാൽ അത്യാവശ്യ സാധനങ്ങൾ ലഭിക്കുന്നില്ല. മനുഷ്യർ നിർജ്ജീവന്മാർ ആയിരിക്കുന്നു. ഒരു കടയിൽനിന്ന് ചില സ്ത്രീകൾ ഭ്രാന്തികളെപ്പോലെ സാധനങ്ങൾ വാരി ഉന്തുവണ്ടിയിലാക്കുന്നു. ഇതെല്ലാം എവിടെക്കൊണ്ടു വെക്കുമോ ആവോ?

ഇത് അന്ത്യകാലമാണ്. വിശുദ്ധ ബൈബിളിൽ പറഞ്ഞിരിക്കുന്ന ഓരോന്നും നിവൃത്തിയായിക്കൊണ്ടിരിക്കുന്നു. എന്നാൽ, ദൈവമക്കൾ ഭപ്പെടേണ്ട ഉറച്ചുനില്പിൻ. ധൈര്യപ്പെട്ടിരിപ്പിൻ. ഇവയെല്ലാം സംഭവിക്കേണ്ടതുതന്നെ. മിസ്രയീമിനു വരുത്തിയ ബാധയൊന്നും യിസ്രയേലിനു ഭവിക്കാതിരിക്കാൻ ദൈവം കാത്തു. രക്തം അടയാളമുള്ള ഭവനങ്ങൾ സംഹാരദൂതൻ സന്ദർശിച്ചതേയില്ല. യേശുക്രിസ്തുവിനാൽ ചോരത്തളി പ്രാപിച്ചവർ ഭയപ്പെടേണ്ട. ഈ അന്ത്യനാളുകൾ ക്രിസ്തുവിനെ രക്ഷകനായി സ്വീകരിക്കാത്തവരെ നമുക്കിനി സമയമില്ല. എത്രയും വേഗം ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നുവെന്ന് അരുളിച്ചെയ്ത യേശുവിനെ സ്വീകരിക്കുക. ഞാൻ വീണ്ടും വരുമെന്നു പറഞ്ഞു സ്വർഗ്ഗത്തിലേക്കു കയറിപ്പോയ യേശു തന്റെ മണവാട്ടിസഭയെ ചേർക്കുവാൻ താമസംവിനാ മടങ്ങിവരും. അതിന്റെ ലക്ഷണങ്ങളാണിവയെല്ലാം. നമുക്ക് ഒരുങ്ങിയിരിക്കാം.

സംഹാരദൂതൻ കടന്നുവരുന്നു. പ്രാർത്ഥിക്കാം. രാത്രിയിൽ യാമാരംഭങ്ങളിൽ പകലിൽ കരഞ്ഞു നിലവിളിക്കാം. സംഹാരദൂതനായ ഈ വൈറസ് ഇനി ആരെയും തീണ്ടുവാൻ ഇടവരരുത്. പ്രാർത്ഥിക്കുക, ഉപവസിക്കുക. നിനവെയെ നശിപ്പിക്കാൻ ദൈവം പ്ലാനിട്ടു. യോനയ്ക്കു അവർ നശിക്കുന്നതിൽ സങ്കടമില്ലായിരുന്നു. എന്നാൽ, ദൈവം യോനായെ അങ്ങോട്ടേയ്ക്കയച്ചു. പ്രസംഗിച്ചു. നിനവെക്കാർ ആബാലവൃദ്ധം, പക്ഷിമൃഗാദികളും ഉപവസിച്ചു. ജനം മാനസാന്തരപ്പെട്ടു ദൈവത്തിങ്കലേക്കു തിരിഞ്ഞു. ദൈവം നിനവെയെ രക്ഷിച്ചു. നമുക്കും അതനുകരിക്കാം. നാമും നമ്മുടെ ജനവും നഷ്ടപ്പെടാതിരിക്കട്ടെ. ഫറവോന്റെ ഹൃദയം കഠിനപ്പെട്ടപ്പോൾ ദൈവം പത്ത് ബാധകൾ അയച്ചു. പത്താമത്തെ ബാധയായ കടിഞ്ഞൂൽ സംഹാരകൻ അവന്റെ ഭവനത്തിൽ കയറിയപ്പോൾ മോശയെയും ജനത്തെയും വിട്ടയപ്പാൻ അവന് മനസ്സുണ്ടായി. കഠിനഹൃദയരായ ദുഷ്ടന്മാർ വാഴുന്ന ദേശം എങ്ങനെ അനുഗ്രഹിക്കപ്പെടും. ദൈവമില്ലാത്തവരോട് ദൈവം ഇടപെടുകയാണ്. നിരീശ്വരവാദികൾ, സാത്താന്യ ആരാധനക്കാർ വർദ്ധിച്ചിരിക്കെ നാമെങ്ങനെ സ്വസ്ഥമായിരിക്കും.

ഈ മഹാവ്യാധിമൂലം ലോകം നശിക്കാതിരിക്കാൻ നാം പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യേണ്ട സമയമാണിത്. ഈ സമയം എത്രമാത്രം ദൈവത്തോടടുത്തുചെന്ന് നിലവിളിക്കണമെന്നു നിശ്ചയിച്ചുകൊള്ളുക, ഈ കഷ്ടത്തിൽ നിന്നു ജനത്തെ വിടുവിക്കാൻ നമുക്കു നിലവിളിക്കാം. ദൈവം നിശ്ചയമായും ഉത്തരമരുളും, നാം ഭയപ്പെടുവാനല്ല, ഉത്തരവാദിത്വങ്ങളെ മനസ്സിലാക്കി പ്രവർത്തിക്കണം. അധികാരികൾക്ക് കീഴ്പ്പെട്ട് നിയമങ്ങളെ അനുസരിപ്പാൻ നാം തയ്യാറാകണം. ഇതിനെ വെറും നിസ്സാരമായി തള്ളിയ ചില രാജ്യങ്ങളിൽ വ്യാപകമായി പലരിലും ഉണ്ടാകാനിടയായത് നമുക്ക് ഒരു പാഠമായിരിക്കട്ടെ. രോഗം പിടിപെട്ട് പതിനാല് ദിവസങ്ങൾ കഴിഞ്ഞാലേ രോഗിയാണെന്ന് സ്ഥിരീകരിക്കാൻ സാധിക്കൂ എന്നതു തന്നെ അപകടമല്ലയോ. ഇത്തരുണത്തിൽ തളർന്നുപോകരുത്. ധൈര്യമായി പ്രാർത്ഥനയോടെ മുന്നേറാം.

കർത്താവിന്റെ മേഘപ്രത്യക്ഷത സമീപമായി എന്നെഴുതുമ്പോൾ പലരും പരിഹസിക്കാം. കാരണം കർത്താവ് വരുന്നുവരുന്നുയെന്ന് പറഞ്ഞു തുടങ്ങിയിട്ട് കാലങ്ങളായി. ഇതുവരെ വന്നില്ല. വരവിൻ ദിനം പിതാവായ ദൈവത്തിനു മാത്രമേ അറിയൂ. എന്നാൽ, അതിന്റെ ലക്ഷണങ്ങൾ യേശുതന്നെ തന്റെ ശിഷ്യന്മാരോട് പറഞ്ഞിരുന്നു. "നിങ്ങളുടെ കർത്താവ് ഏതു ദിവസത്തിൽ വരുന്നുവെന്ന് നിങ്ങൾ അറിയാത്തതുകൊണ്ട് ഉണർന്നിരിക്കുവിൻ" ഒരുങ്ങിയിരിപ്പിൻ എന്നും യേശു കല്പിച്ചിട്ടുണ്ട്. നാം ഉറങ്ങിയും മയങ്ങിയും തിന്നും കുടിച്ചും ദുഷ്ടത പ്രവർത്തിച്ചും സമ്പാദിച്ചും സമയം പോക്കിയാൽ നാം നിനയാത്ത സമയത്ത് കർത്താവ് വരും. തന്റെ വൃതന്മാരെ ചേർത്തുകൊണ്ട് അവൻ ഞൊടിയിടയിൽ സ്വർഗ്ഗത്തിലേക്കുയരും. ഇതു കളിയല്ല, തമാശയല്ല സംഭവിക്ക തന്നെ ചെയ്യും. കർത്താവ് ആദ്യവരവിനെക്കുറിച്ച് പ്രവാചകന്മാർ എഴുതിയതെല്ലാം അക്ഷരംപ്രതി നിറവേറിയെങ്കിൽ നിശ്ചയമായും ഇതും വേഗം നിറവേറും. ഇത്ര വലിയ ഒരു മഹാവ്യാധി ലോകമെങ്ങും വ്യാപിച്ചിട്ടും നാം ഒന്നുമറിയാത്തവരെപ്പോലെയിരുന്നാൽ നിത്യദണ്ഡനത്തിനു ഇരയാകും. അവിടെ കരച്ചിലും പല്ലുകടിയുമുണ്ടാകും.



ലേഖിക

ദൈവജനമായ യഹൂദനു സംഭവിച്ചതെല്ലാം നാം മനസ്സിലാക്കിയിട്ടുണ്ട്. യേശുവിനെ ക്രൂശിക്ക ക്രൂശിക്ക എന്നാർത്തവർ അവന്റെ രക്തം ഞങ്ങളുടെയും ഞങ്ങളുടെ മക്കളുടെയുംമേൽ വരട്ടെയെന്നു പറഞ്ഞു നിരപരാധിയായവനെ ക്രൂശിച്ചു. ആ രക്തം അവരുടെമേൽ വന്നില്ലയോ? ഹിറ്റ്ലർ എത്ര ലക്ഷം യഹൂദന്മാരെയാണ് ക്രൂരമായി വധിച്ചത്? യഹൂദന്മാർ ചിതറിപ്പോയി. എഡി 70-ൽ യെരുശലേം ദേവാലയം നശിപ്പിക്കപ്പെട്ടു. യഹൂദനു ദേവാലയമില്ല. എന്നാൽ, അവർ ദേവാലയം പണിയും, ദൈവത്തിന്റെ സ്വന്തജനമായ അവർ ബുദ്ധിരാക്ഷസന്മാരാണ്. രണ്ടാം ലോകമഹായുദ്ധ വിജയത്തിന് വൈറ്റ്സുമാന്റെ ബുദ്ധി ടിഎൻടി സൂക്ഷിപ്പാൻ വക നല്കുകയും പ്രതിഫലമായി യിസ്രായേൽ രാജ്യം തലപൊക്കുവാനുമിടയായെങ്കിൽ ദൈവത്തിന്റെ കരം അവർക്ക് അനുകൂലമാണ്. 1948 മേയ് 14ന് ദാവീദിന്റെ നക്ഷത്രം അടയാളമായുള്ള കൊടിയോടു കൂടി രാജ്യം പ്രഖ്യാപിച്ചു. 1967-ൽ നടന്ന ആറ് ദിവസത്തെ യുദ്ധവിജയം ലോകം കേട്ടു ഞെട്ടിയതാണ്. പലസ്തീൻ തീവ്രവാദികളെ തകർത്ത് ധീരവിജയം നേടിയ ജോനാഥൻ നെതന്യാഹുവിന്റെ കീഴിലുണ്ടായിരുന്ന സൈന്യനടപടിയെ കീർത്തിപ്പാതിരിക്കാൻ ആർക്കു കഴിയും? അമേരിക്കൻ പ്രസിഡണ്ട് ഡോണൾഡ് ട്രംപ് ജറുസലേം തലസ്ഥാനമാക്കിയല്ലോ. ഏതു വിധേനയും ദൈവം തന്റെ ജനത്തെ ഉയർത്തുമെന്നതിനു സംശയമില്ല. അവർ യെരുശലേം ദേവാലയം പണിയും. "അവർ കുത്തിയവങ്കലേക്കു നോക്കും" അവർ യേശുവിനെ സ്വീകരിക്കുമെന്നർത്ഥം. യെരുശലേം ദേവാലയ പണിക്കാവശ്യമായ സാമഗ്രികളെല്ലാം അവർ ഒരുക്കിക്കഴിഞ്ഞു. അഭിഷേകതൈലം കണ്ടുകിട്ടിയിരിക്കുന്നുവെന്ന് വായിക്കുവാനിടയായി.

യിസഹാക്കിനെ അബ്രഹാം യാഗം കഴിച്ച സ്ഥലത്ത് ദേവാലയം ഉയരും. എന്നാൽ അതിനു മുമ്പ് യേശു തന്റെ മണവാട്ടി സഭയെ ചേർക്കുവാൻ മേഘാരൂഢനായി വരും അതൊരു രഹസ്യവരവാണ്. ഉൽപ്രാപണം! അന്ന് ഞൊടിയിടയിൽ നടക്കും. പൗലോസ് എഴുതിയിരിക്കുന്നതുപോലെ ക്രിസ്തുവിൽ മരിച്ചവർ ഉയിർത്തെഴുന്നേൽക്കും. ജീവനോടിരിക്കുന്നവൻ രൂപാന്തരപ്പെടും. അതൊരു മഹാസംഭവമായിരിക്കും.

അതിൽ നമുക്കും പങ്കാളികളാകേണ്ടയോ? ക്രിസ്തുവിൽ ആയിരിക്കുന്നവർ വിശുദ്ധിയെ തികെച്ചു കാത്തിരിക്കുന്നവർ മാത്രം കർത്താവിന്റെ കാഹളധ്വനിയിങ്കൽ എടുക്കപ്പെടും. നമുക്കൊരുങ്ങിയിരിക്കാം. ഉണർന്നിരിക്കാം. ഉറങ്ങാനുള്ള സമയമല്ലിത്. യെശയ്യാ പ്രവാചകൻ എഴുതി കാള തന്റെ ഉടയവനെയും കഴുത തന്റെ പുൽത്തൊട്ടിയെയും അറിയുന്നു.

എന്റെ ജനമോ എന്നെ അറിയുന്നില്ല എന്നു ദൈവം പറയുന്നു. നാം ഉണർന്നെഴുന്നേറ്റ് ജാഗരിപ്പാൻ സമയമായിരിക്കുന്നു. യിരമ്യാവിൽ കൂടി ദൈവം ജനത്തോട് അരുളിച്ചെയ്തു: കൊക്കും മീവൽപ്പക്ഷിയും അതിന്റെ മടങ്ങിവരവ് അറിയുന്നു. എന്റെ ജനമോ അറിയുന്നില്ല. നാം ഇന്നത്തെ മഹാവ്യാധിയും പ്രശ്നങ്ങളും കണ്ട് ചഞ്ചലപ്പെടേണ്ട. ഇതു സംഭവിക്കേണ്ടതു തന്നെ. നമുക്കുണരാം.

# ഇറ്റലിയുടെ നൊമ്പരമാകുന്ന ബേർഗമോ നഗരം

റോം: കൊറോണ വൈറസ് അനുദിനം പിടിമുറുക്കുന്ന ഇറ്റാലിയൻ പ്രവിശ്യാംഗമായ ലൊംബാർദിയയിലെ കൊച്ചുനഗരമായ ബേർഗമോയിൽ നിന്നു പുറത്തുവരുന്ന വിവരങ്ങൾ ലോകത്തെ ഞെട്ടിക്കുന്നതാണ് "Tutto andra bene" 'എല്ലാം ശരിയാകും', 'കൊറോണയെ നമ്മൾ ഒരുമിച്ചു നേരിടും' എന്നു തങ്ങളുടെ ബാൽക്കണിയിൽ നിന്നും ടെറസുകളിൽ നിന്നും മറ്റെല്ലാ ഇറ്റാലിയൻ നഗരങ്ങളിലെയും ജനങ്ങൾ ഉച്ചത്തിൽ വിളിച്ചുപറഞ്ഞുകൊണ്ടു പരസ്പരം ധൈര്യപ്പെടുത്തിയപ്പോഴും ബേർഗമോ നഗരവും അവിടുത്തെ തെരുവോരങ്ങളും ഭവനങ്ങളും ശ്മശാനമൂകമായിരുന്നു. തങ്ങളുടെ ഓരോ ഭവനങ്ങളിലും രോഗം ബാധിച്ചവരോ മരിച്ചവരോ ആയി തങ്ങളുടെ പ്രിയപ്പെട്ടവർ ഉള്ളപ്പോൾ അതൊന്നും ഉൾക്കൊള്ളാനുള്ള ശക്തിയില്ലാതെ വേദനിച്ചുകഴിയുകയാണ് ആ നഗര നിവാസികൾ.

ഏതാനും ആഴ്ചകൾ മുമ്പുവരെ കൊറോണ വൈറസ് പ്രായമായവരെ മാത്രം ബാധിക്കുന്ന അസുഖമാണ് എന്നു പറഞ്ഞു ലാഘവത്തോടെ ജീവിച്ച യുവജനങ്ങൾ ഇന്ന് ആശുപത്രി കയറിയിറങ്ങുന്ന കാഴ്ച, അനുദിനം വർധിക്കുന്ന രോഗികളെ ഉൾക്കൊള്ളാൻ കഴിയാത്ത ഹോസ്പിറ്റലുകൾ, കൊറോണയെ നേരിടുവാൻ സർവ്വനാഹവുമായി ഇറങ്ങിയ ഡോക്ടർമാരും നേഴ്സുമാരും ആരോഗ്യമേഖലയിലെ സന്നദ്ധ പ്രവർത്തകരും തങ്ങളുടെ കർമവേദിയിൽ രോഗബാധയേറ്റു തളർന്നുവീഴുന്നതും ചിലർ മരണത്തിന് അടിയറവ് പറയുന്നതുമായ ദയനീയ അവസ്ഥ, പത്രങ്ങളിലെ ചരമപ്പേജുകൾ ഒന്നിൽ നിന്ന് പത്തായി ഉയർത്തിയിട്ടും തികയാതെ വരുന്ന സ്ഥിതിവിശേഷം. ഇറ്റലിയിൽ ദൈവവിളികൾക്കു പേരുകേട്ട ബേർഗമോ രൂപതയ്ക്കു കുറഞ്ഞ കാലയളവിൽ പത്തുവൈദികരെ നഷ്ടപ്പെട്ടു എന്ന ദുഃഖകരമായ വാർത്ത, ആശുപത്രികളിലെ മോർച്ചറികളിൽ മൃതദേഹങ്ങൾ താൽക്കാലികമായി സൂക്ഷിക്കാൻ പോലും സ്ഥലമില്ലാത്ത അവസ്ഥ, സെമിത്തേരികളിലേക്ക് മൃതദേഹങ്ങളും വഹിച്ചുകൊണ്ടുപോകുന്ന ഫ്യൂണറൽ ഏജൻസികളുടെ വണ്ടികളുടെ നീണ്ട നിര, ഇവയെല്ലാം കോറോണ വൈറസ് ഗ്രസിച്ച ആ കൊച്ചു നഗരത്തിലെ ഇപ്പോഴത്തെ അവസ്ഥയുടെ ഹൃദയഭേദകമായ നേർകാഴ്ച.

ബേർഗമോയിൽ നിന്നു പുറത്തുവരുന്ന കണക്കുകൾ അവിടുത്തെ ഭയാനകമായ സ്ഥിതികൾ കൂടുതൽ വ്യക്തമാക്കുന്നതാണ്. 2019 മാർച്ച് മാസം രണ്ടാം ആഴ്ചയിൽ ബേർഗമോയിൽ റിപ്പോർട്ട് ചെയ്ത ആകെ മരണം വെറും 23 ആയിരുന്നെങ്കിൽ ഈ വർഷം ഇതേ കാലയളവിൽ അവിടെ മരിച്ചത് അതിന്റെ പതിന്നാലു മടങ്ങാണ്. 330 പേർ. മാർച്ച് 17ന് മാത്രം ഇവിടെ രോഗം ബാധിച്ചവരുടെ എണ്ണം 3,993. ഓരോ അരമണിക്കൂറിലും മരണം സംഭവിക്കുന്നതുമൂലം മൃതദേഹങ്ങൾ ദഹിപ്പിക്കാനുള്ള സൗകര്യം പോലും തികയാതെ വന്നിരിക്കുകയാണെന്ന് ബേർഗമോ നഗരാധ്യക്ഷൻ ജോർജോ ഗോറി വേദനയോടെ പറയുന്നു.

തങ്ങളുടെ പ്രിയപ്പെട്ടവരുടെ മൃതദേഹങ്ങൾ ഒരു നോക്കുകാണാൻ പോലും സാധിക്കുന്നില്ല. അവരെ സ്വന്തം ഇടവക സെമിത്തേരികളിൽ അടക്കം ചെയ്യാൻ സാധിക്കുന്നില്ല. തങ്ങൾ മരണപ്പെട്ടാലും തങ്ങളുടെ കൊച്ചുമക്കളെങ്കിലും കൊറോണയുടെ കരാളഹസ്തത്തിൽ നിന്നു രക്ഷപ്പെടണമേയെന്നുള്ള പ്രാർത്ഥനയാണ് ഇപ്പോൾ മുതിർന്ന തലമുറയ്ക്കു ബാക്കിയുള്ളത്.

തങ്ങളുടെ ഉള്ളിലെ വേദനയും പ്രാണഭീതിയും പുറത്തറിയിക്കാതെ കൊച്ചുമക്കളെ പറഞ്ഞാശ്വസിപ്പിക്കുന്നു "Tutto andra bene" എല്ലാം ശരിയാകും. ഇറ്റലിയിലെ ബേർഗമോ ഇറ്റലിയുടെ മാത്രമല്ല ലോകത്തിന്റെ മുഴുവൻ വേദനയാണ്. കൂടുതൽ ബേർഗമോകൾ ആവർത്തിക്കാതിരിക്കാൻ നിതാന്ത ജാഗ്രത വേണം.

# നികുതി ദായകർക്ക് 1000 ഡോളർ വീതം നൽകാൻ ട്രംപ്

വാഷിംഗ്ടൺ ഡിസി: കോവിഡ് -19 മഹാമാരിമൂലം ദുരിതമനുഭവിക്കുന്ന അമേരിക്കൻ പൗരന്മാർക്ക് ധനസഹായവുമായി പ്രസിഡണ്ട് ഡോണൾഡ് ട്രംപ്.

നികുതി ദായകർ ഓരോരുത്തർക്കും ആയിരം ഡോളറിന്റെ ചെക്ക് രണ്ടാഴ്ചയ്ക്കകം അയച്ചുകൊടുക്കുമെന്ന് ട്രംപ് പ്രഖ്യാപിച്ചു. തുക ആയിരം ഡോളറോ അതിൽ കൂടുതലോ എന്നത് പിന്നീട് തീരുമാനിക്കുമെന്നു ട്രഷറി സെക്രട്ടറി സ്റ്റീവ് മനുചിൻ വിശദീകരിച്ചു.

നികുതി അടയ്ക്കാൻ മൂന്നുമാസത്തെ സാവകാശവും യുഎസ് ഗവൺമെന്റ് അനുവദിച്ചു. 10 ലക്ഷം ഡോളർവരെ നികുതി നൽകേണ്ട വ്യക്തികൾക്ക് ഒരു കോടി ഡോളർവരെ നികുതി അടയ്ക്കേണ്ട കമ്പനികൾക്കുമാണ് ഇളവ്.

ഒരുലക്ഷം കോടി ഡോളർ (74 ലക്ഷം കോടി രൂപ) വരാവുന്ന ഉത്തേജക പദ്ധതിയുടെ ഭാഗമായാണ് ട്രംപ് നികുതിദായകർക്ക് പണം നൽകുന്നത്. 2008-ലെ ബാങ്ക് തകർച്ചകളുടെയും മാന്ദ്യത്തിന്റെയും സമയത്തും അമേരിക്ക ഇതേപോലെ നികുതിദായകർക്കു പണം നൽകിയിരുന്നു.

മാന്ദ്യകാലത്ത് ഇങ്ങനെ ലഭിക്കുന്ന പണം ജനങ്ങൾ ചെലവാക്കുമ്പോൾ സാമ്പത്തിക രംഗത്ത് ഉണർവ് വരും എന്നതാണ് ഈ ചെക്ക് നൽകലിനു പിന്നിലെ സാമ്പത്തികതത്വം.

2008-ൽ 70,000 കോടി ഡോളറിന്റെ ഉത്തേജക രക്ഷാപദ്ധതിയാണ് നടപ്പാക്കിയത്. ട്രംപ് ചുരുങ്ങിയത് 85,000 കോടി ഡോളർ വേണ്ട പദ്ധതിയാണ് നിർദേശിച്ചത്. അത് ഒരുലക്ഷം കോടി ഡോളർ വരെ കൂട്ടുമെന്നും അദ്ദേഹത്തിന് അഭിപ്രായമുണ്ട്. പദ്ധതി കോൺഗ്രസിന്റെ പരിഗണനയിലാണ്.

നികുതി ദായകർക്കു ചെക്ക് നൽകുന്ന പദ്ധതിക്ക് 25,000 കോടി ഡോളറാണ് പ്രതീക്ഷിക്കുന്ന ചെലവ്.

# മധ്യസ്ഥ ചർച്ചയ്ക്കിടെ യൂത്ത് ലീഗ് നേതാവ് മരിച്ചു

നാദാപുരം: മധ്യസ്ഥ ചർച്ചയ്ക്കിടെ തൊട്ടിൽപാലം മുസ്ലിംലീഗ് ഓഫീസിൽ കുത്തേറ്റ യൂത്ത് ലീഗ് പ്രാദേശിക നേതാവ് മരിച്ചു. യൂത്ത് ലീഗ് ബെൽമൗണ്ട് ശാഖാ കമ്മിറ്റി പ്രസിഡണ്ട് എടച്ചേരി വീട്ടിൽ അൻസാർ (28) ആണ് മരിച്ചത്.

അൻസാർ കുറ്റ്യാടിയിലെ ഓട്ടോ ഡ്രൈവറും എസ്ടിയു പ്രവർത്തകനുമാണ്. സംഭവവുമായി ബന്ധപ്പെട്ട് ബെൽമൗണ്ടിൽ കുറ്റിക്കാട്ടിൽ അഹമ്മദ് ഹാജി (65)യെ തൊട്ടിൽപാലം പോലീസ് അറസ്റ്റ് ചെയ്തു.

തൊട്ടിൽപാലത്തെ മുസ്ലിം ലീഗ് കാവിലുംപാറ പഞ്ചായത്ത് കമ്മിറ്റി ഓഫീസിൽ മാർച്ച് 16ന് രാത്രി പത്തോടെയാണ് കുത്തേറ്റത്. കുറ്റ്യാടി ഗവ. ആശുപത്രിയിലെത്തിച്ച് പ്രാഥമിക ശുശ്രൂഷ നൽകി കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിലെത്തിച്ചു. അത്യാഹിത വിഭാഗത്തിൽ പ്രവേശിപ്പിച്ച അൻസാർ പിന്നീട് മരിച്ചു. നെഞ്ചിനാണ് കുത്തേറ്റത്.

കത്തിക്കുത്ത് തടയാൻ ശ്രമിക്കുന്നതിനിടെ കുത്തേറ്റ യൂത്ത് ലീഗ് കാവിലുംപാറ സെയ്തലവി ആശാരി (32), സെക്രട്ടറി കുണ്ടുതോട് ബെൽമൗണ്ട് ഉരുണിയിൽ ശിഹാബ് (35) എന്നിവരെ കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

# എൺപതിന്റെ നിറവിൽ ശ്രീകുമാരൻ തമ്പി

**'വാൽക്കണ്ണെഴുതി വനപുഷ്പം ചൂടി**

**വൈശാഖരാത്രിയൊരുങ്ങും...'**

**ശ്രീകുമാരൻ തമ്പിയുടെ ഗാനലോകത്തേക്ക് കണ്ണയക്കുമ്പോൾ**

മലയാള ചലച്ചിത്രലോകത്തിൽ ശ്രീകുമാരൻ തമ്പിയെ സംവിധായകൻ, തിരക്കഥാകൃത്ത്, നിർമാതാവ് എന്നീ നിലകളിലെല്ലാം വിലയിരുത്തപ്പെടുന്നുണ്ടെങ്കിലും കവി, ഗാനരചയിതാവ് എന്ന നിലയിലാണ് അദ്ദേഹത്തിന്റെ പ്രതിഭാവിലാസത്തിന്റെ തിളക്കം നാം അനുഭവിച്ചിട്ടുള്ളത്. ജീവിതസിദ്ധാന്തങ്ങൾ മുതൽ പ്രകൃതിയുടെ സാന്നിദ്ധ്യം മുതൽ കാലത്തിന്റെ വിസ്മയം വരെ ശ്രീകുമാരൻ തമ്പിയുടെ ഗാനപ്രപഞ്ചത്തെ ആശ്ലേഷിച്ചു നിൽക്കുന്നു. 2020 മാർച്ച് 10ന് എൺപതാം പിറന്നാൾ ആഘോഷിച്ച ശ്രീകുമാരൻ തമ്പിയുടെ ഗാനലോകത്തേക്ക് കണ്ണയയ്ക്കുമ്പോൾ ഇമ്പമാർന്ന നാദങ്ങളുടെ വിസ്മയമാണ് നമ്മെ എതിരേൽക്കുക.

'വാൽക്കണ്ണെഴുതി വനപുഷ്പം ചൂടി

വൈശാഖരാത്രിയൊരുങ്ങും

മന്ദസ്മിതമാം ചന്ദ്രിക ചൂടി

വനമല്ലിക നീയൊരുങ്ങും....'

'പിക്നിക്' എന്ന ചിത്രത്തിൽ ശ്രീകുമാരൻ തമ്പിയും എം.കെ. അർജുനനും ചേർന്നൊരുക്കിയ ഈ ഗാനം പ്രണയത്തിന്റെ നൈസർഗിക ഭാവങ്ങൾ ഉൾക്കൊള്ളുന്നതാണ്. പ്രേംനസീറും ലക്ഷ്മിയും ജോഡികളായി അഭിനയിച്ച ഈ ചിത്രത്തിലെ എല്ലാ പാട്ടുകളും ഹിറ്റായി മാറി. കഥാപാത്രത്തിന്റെ മാനസിക സഞ്ചാരങ്ങളും ജീവിതപരിതസ്ഥിതിയും എല്ലാം വ്യഞ്ജിപ്പിക്കുന്ന വരികളാണ് ശ്രീകുമാരൻ തമ്പി എഴുതിയിട്ടുള്ളത്. അണക്കെട്ടു നിർമാണത്തിന് എത്തിയ സംഘത്തിലെ യുവ എഞ്ചിനീയർ കാടും മേടും അരുവികളും നിറഞ്ഞ ദേശത്തെ കാട്ടുപെണ്ണുമായി പ്രണയത്തിലാവുന്നതാണ് കഥയിലെ സന്ദർഭം. അതിന് പറ്റിയ വരികൾ കൊണ്ടുതന്നെ നായികയെയും പരിസരത്തെയും വർണിച്ചിരിക്കുന്നു. വാൽക്കണ്ണെഴുതിയ രാത്രി വനപുഷ്പം ചൂടിയാണ് എത്തുന്നത്. വനപുഷ്പം നായിക തന്നെ. ചന്ദ്രിക ചൂടിയെത്തുന്ന രാത്രി മന്ദസ്മിതം കൊള്ളുകയാണ്.

ഇതേ ചിത്രത്തിൽ മറ്റൊരു പാട്ട് ഇങ്ങനെയാണ് തുടങ്ങുന്നത്.

'കസ്തൂരി മണക്കുന്നല്ലോ കാറ്റേ

നീ വരുമ്പോൾ കൺമണിയെ കണ്ടുവോ നീ

കവിളിണ തഴുകിയോ നീ...

വെള്ളിമണി കിലുങ്ങുന്നല്ലോ

തുള്ളിത്തുള്ളി - നീ വരുമ്പോൾ

കള്ളിയവൾ കളി പറഞ്ഞോ

കാമുകന്റെ കഥ പറഞ്ഞോ....'

ഇങ്ങനെ പ്രണയത്തിന്റെ കസ്തൂരിഗന്ധം പരിസരങ്ങളിലെങ്ങും വിതറിയാണ് ഗാനത്തിന്റെ പ്രയാണം.

'പൗർണമി ചന്ദ്രിക തൊട്ടുവിളിച്ചു

പത്മരാഗം പുഞ്ചിരിച്ചു

അഴകേ! നിൻചിരി തൊട്ടുവിളിച്ചു

ആശാലതികകൾ പുഞ്ചിരിച്ചു - എൻ

ആശാ ലതികകൾ പുഞ്ചിരിച്ചു' (റസ്റ്റ് ഹൗസ്).

ഇപ്രകാരക പ്രണയത്തിന്റെ തീവ്രതയും ലോലഭാവങ്ങളും വികാരസാന്ദ്രമായി അവതരിപ്പിക്കുന്ന ഗാനങ്ങൾ ശ്രീകുമാരൻ തമ്പിയുടേതായി ഏറെയുണ്ട്. ശാസ്ത്രം ജയിച്ചു മനുഷ്യൻ തോറ്റു എന്ന ചിത്രത്തിലെ രണ്ടു ഗാനങ്ങൾ സംഗീതവുമായി ബന്ധപ്പെടുമ്പോൾ തന്നെ പ്രണയത്തിന്റെ അപൂർവചാരുത അന്വേഷിക്കുകയും ചെയ്യുന്നു. പി. ജയചന്ദ്രൻ പാടിയ 'ചന്ദനത്തിൽ കടഞ്ഞെടുത്തൊരു സുന്ദരീശിൽപം' എന്ന് തുടങ്ങുന്ന ഗാനം നോക്കുക.


'ഗാനമേ നിൻരാഗഭാവം താമരതനുവായ്

ഇതളിട്ടുണരും താളലയങ്ങൾ ഈറൻ പൂന്തുകിലായ്

രതിയോ? രാഗനദിയോ - നീ സുഖ-

രംഗസോപാനമോ' എന്നാണ് കവിയുടെ സംശയം. ഇതേ ചിത്രത്തിൽ ബ്രഹ്മാനന്ദൻ അനശ്വരമാക്കിയ താരകരൂപിണിയിലേക്ക് വരുമ്പോഴും പ്രേമചിന്തയുടെ നനുത്തഭാവങ്ങൾ ഇതൾ വിടർത്തുകയാണ്.

'താരക രൂപിണി നീയെന്നുമെന്നുടെ



ഭാവനാരോമാഞ്ചമായിരിക്കും

ഏകാന്തചിന്തതൻ ചില്ലയിൽ പൂവിടും

ഏഴിലം പാലപ്പൂവായിരിക്കും.'

പാലപ്പൂവിന്റെ ഗന്ധം പോലെ ഇലഞ്ഞിപ്പൂമണവും കവിഭാവനയെ ഉണർത്തുന്നുണ്ട്. 'അയൽക്കാരി' എന്ന ചിത്രത്തിൽ യേശുദാസ് ആലപിച്ച ഗാനം മലയാളികൾക്ക് മറക്കാവില്ല.

'ഇലഞ്ഞിപ്പൂമണമൊഴുകി വരുന്നു

ഇന്ദ്രിയങ്ങളിലതു പടരുന്നു

പകൽക്കിനാവിൻ പനിനീർമഴയിൽ

പണ്ടുനിൻ മുഖം പകർന്ന ഗന്ധം'

കാട് എന്ന ചിത്രത്തിനുവേണ്ടി രചിച്ച വേദ്പാൽ വർമ സംഗീതം നിർവഹിച്ച ഒരു പാട്ടും ഇവിടെ ഓർക്കാവുന്നതാണ്.

'ഏഴിലം പാലപൂത്തു പൂമരങ്ങൾ കുടപിടിച്ചു

വെള്ളിമലയിൽ വേളിമലയിൽ

ഏലേലം പാടിവരും കുയിലിണകൾ കുരവയിട്ടു

വെള്ളിമലയിൽ വേളിമലയിൽ...'

### വിരഹഗാനങ്ങൾ

സഫലമാകുന്ന പ്രണയത്തേക്കാൾ തീവ്രമായി ഭഗ്നപ്രണയത്തെ ആവിഷ്കരിക്കാൻ ശ്രീകുമാരൻ തമ്പിയിലെ കവിക്ക് സാധിച്ചിട്ടുണ്ട്. അത് പലപ്പോഴും തത്വചിന്താ നിർഭരമായ വരികളിലൂടെയായിരിക്കും എന്നു മാത്രം. റസ്റ്റ് ഹൗസ് എന്ന ചിത്രത്തിലെ പ്രശസ്തമായ ഒരു ഗാനം ഇങ്ങനെ തുടങ്ങുന്നു.

'പാടാത്ത വീണയും പാടും

പ്രേമത്തിൻ ഗന്ധർവ്വ വിരൽ തൊട്ടാൽ

പാടാത്ത മാനസ വീണയും പാടും...'

പാടാത്ത വീണ എത്ര പെട്ടെന്നാണ് മാനസവീണയായി പരിണമിച്ചത്. സ്വപ്നങ്ങൾ കൊണ്ട് പ്രേമസ്വർഗങ്ങൾ തീർക്കുന്ന നവയൗവനത്തെപ്പറ്റിയാണ് പിന്നെ പറയുന്നത്. നായികയുടെ മിഴിത്തൂലിക കൊണ്ട് എഴുതിയ നിർമല മന്ത്രങ്ങൾ അയാളുടെ ഓർമയിലുണ്ട്.

അമ്പിളി സംവിധാനം ചെയ്ത വീണപൂവ് എന്ന ചിത്രത്തിൽ നിന്നുള്ള ഗാനം നഷ്ടസ്വർഗങ്ങളെപ്പറ്റിയാണ്.

'സ്വർഗങ്ങളേ.... നഷ്ടസ്വർഗങ്ങളേ

നഷ്ടസ്വർഗങ്ങളേ നിങ്ങളെനിക്കൊരു

ദുഃഖസിംഹാസനം നൽകി

തപ്തനിശ്വാസങ്ങൾ ചാമരം വീശുന്ന

ഭഗ്നസിംഹാസനം നൽകീ....'

മനസ്സിൽ പീലിവിടർത്തിയ മായാമയൂരങ്ങൾ എവിടെയോ മറഞ്ഞതിന്റെ വേദന ഗാനത്തിൽ അലയടിക്കുന്നുണ്ട്. അമ്പലവും അതിന് അനുബന്ധമായ ജീവിതവും ശ്രീകുമാരൻ തമ്പിയുടെ ഗാനലോകത്ത് കാണാം.

ഹണിമൂൺ എന്ന ചിത്രത്തിനു വേണ്ടി എഴുതിയ

'മല്ലികപ്പൂവിൻ മധുരഗന്ധം

മന്ദസ്മിതംപോലുമൊരു വസന്തം

മാലാഖമാരുടെ മാലാഖ നീ

മമ ഭാവനയുടെ ചാരുത നീ.....'

നാഴികക്കല്ല് എന്ന ചിത്രത്തിലെ

'നിൻപദങ്ങളിൽ നൃത്തമാടിടും

എന്റെ സ്വപ്നജാലം

നീയൊരു മലർവാടി

മധുരമലർമൊട്ടുകൾ പോരാടി... മിഴികളാടി....'

ദമയന്തിയും നളനുമായും ദേവയാനിയും കചനും നായികാനായകന്മാരുടെ മനസിൽ മാറുന്നു.

റസ്റ്റ്ഹൗസിലെ

'പൗർണമി ചന്ദ്രിക തൊട്ടുവിളിച്ചു

പത്മരാഗം പുഞ്ചിരിച്ചു

അഴകേ! നിൻ ചിരി തൊട്ടുവിളിച്ചു

ആശാ ലതികകൾ പുഞ്ചിരിച്ചു'

എന്നിങ്ങനെ പുഞ്ചിരിയുടെ വെളിച്ചമാണെങ്കിൽ തിരുവോണം എന്ന ചിത്രത്തിലെ ത്രിസന്ധ്യയുടെ 'ഓർമകൾ വിഷാദം ചാലിച്ചതാണ്.'

'ആ ത്രിസന്ധ്യതൻ അനഘമുദ്രകൾ

ആരോമലേ നാം മറക്കുവതെങ്ങനെ

ആദ്യസമാഗമ നിമിഷസ്പന്ദനം

ആത്മപ്രിയേ നാം മറക്കുവതെങ്ങനെ.'

നക്ഷത്രങ്ങളുടെ സാന്നിദ്ധ്യം മിക്ക പാട്ടുകളിലുമുണ്ട്. നക്ഷത്രകിന്നരന്മാർ വിരുന്ന വന്നു (പുഷ്പാഞ്ജലി), നക്ഷത്രരാജ്യത്തെ നർത്തനശാലയിൽ (ലങ്കാദഹനം), മാനത്തു നിന്നൊരു നക്ഷത്രം വീണു (അന്വേഷണം), രണ്ടു നക്ഷത്രങ്ങൾ കണ്ടു മുട്ടി (കന്യാദാനം), നക്ഷത്രമണ്ഡല നട തുറന്നു (പഞ്ചവടി), നക്ഷത്രക്കണ്ണുള്ള സുന്ദരിപെണ്ണേ (പത്മവ്യൂഹം) എന്നിവ ഉദാഹരണങ്ങളാണ്.

### കാലത്തിന്റെ സാന്നിദ്ധ്യം

കാലത്തിന്റെ അപ്രമാദിത്വം അനുവദിച്ചുകൊടുക്കുന്ന കവിയാണ് ശ്രീകുമാരൻ തമ്പി. പ്രപഞ്ചശക്തിക്ക് മുന്നിൽ വിനീതനായി നിൽക്കാനാണ് കവിക്ക് ഇഷ്ടം. കാലത്തിന്റെ മാറ്റം ക്രോസ് ബെൽറ്റ് എന്ന ചിത്രത്തിനു വേണ്ടി എഴുതിയ പാട്ടിൽ ഇങ്ങനെ രേഖപ്പെടുത്തുന്നു.

'കാലം മാറി വരും

കാറ്റിൻ ഗതി മാറും

കടൽവറ്റി കരയാകും

കരപിന്നെ കടലാകും

കഥയിതു തുടർന്നുവരും...'

കാലചക്രം എന്ന ചിത്രത്തിലാവട്ടെ കാലം അജ്ഞാതകാമുകനായി പരിമണിക്കുന്നു.


'കാലമൊരജ്ഞാത കാമുകൻ

ജീവിതമോ പ്രിയ കാമുകി....' എന്നാണ് കവിയുടെ കൽപന. ദുഃഖത്തെ ഉപാസിക്കുന്ന കവിയെയാണ് ദുഃഖമേ നിനക്ക് പുലർകാല വന്ദനം (പുഷ്പാഞ്ജലി) എന്ന പാട്ടിൽ കാണുന്നത്. കാലത്തെ ഒരു ബിന്ദുവിലേക്ക് ഒതുക്കുന്ന ഗാനമാണ് 'ദുഃഖമൊരു ബിന്ദൂ... സുഖമൊരു ബിന്ദൂ... എന്നു തുടങ്ങുന്നത്. ചലച്ചിത്രങ്ങളിൽ ഗാനങ്ങൾക്ക് ഏറെ പ്രസക്തിയുണ്ടാവുകയും അവ പ്രത്യേകമായി ഒരു അസ്ഥിത്വം നേടിയെടുക്കുകയും ചെയ്തിരുന്ന കാലത്താണ് ശ്രീകുമാരൻ തമ്പിയുടെ ഗാനങ്ങൾ പിറവിയെടുത്തത്. കാലം മാറിയെങ്കിലും ആ വരികളിൽ തെളിഞ്ഞ ആശയങ്ങളും ജീവിത ചിന്തകളും ഇന്നും പ്രസക്തം.'

# മൈതാൻ പുറത്തിറങ്ങാനിരിക്കെ പി.കെ. ബാനർജി വിടവാങ്ങി

ഇന്ത്യൻ ഫുട്ബോളിന്റെ സുവർണകാലം പ്രമേയമാകുന്ന 'മൈതാൻ' എന്ന സിനിമ ഈ വർഷം പുറത്തിറങ്ങാനിരിക്കെയാണ് പി.കെ. ബാനർജിയുടെ വിയോഗം. മൈതാൻ അറുപതുകളിലെ ഇന്ത്യൻ ഫുടോബോൾ ടീമിന്റെ പരിശീലകൻ സയ്യിദ് അബ്ദുൽ റഹിമിന്റെ ബയോപിക് ആണെങ്കിലും പി.കെ. ബാനർജി ഉൾപ്പെടുന്ന അന്നത്തെ കളിക്കാരുടെ കഥ കൂടിയാണ്.

മോഹൻ ബഗാനും ഈസ്റ്റ് ബംഗാ



ളുമെല്ലാം സ്ഥിതിചെയ്യുന്ന കൊൽക്കത്തയിലെ വിഖ്യാതമായ മൈതാൻ പ്രദേശത്തെ പരിചിത നാമമായിരുന്നു പികെ പ്രദീപ് ദാ എന്നും ഫുട്ബോൾ ആരാധകൻ സ്നേഹത്തോടെ വിളിച്ച പി.കെ. ബാനർജി. ഫുട്ബോൾ, സംഗീതം, സാഹിത്യം തുടങ്ങി ബംഗാളികൾ ഇഷ്ടപ്പെട്ട എല്ലാറ്റിന്റെയും അംബാസഡർ കൂടിയായിരുന്നു അദ്ദേഹം. തൊണ്ണൂറുകളിൽ ബംഗാളി സംഗീതത്തിലെ നവോത്ഥാനത്തിനു തുടക്കമിട്ട കബീർ സുമൻ എഴുതിയ വരികളിൽ പികെ ബംഗാളി മനസ്സിൽ ചെലുത്തിയ സ്വാധീനമുണ്ട്. 'എന്റെ ഓർമയിലെ ആദ്യ ഫുട്ബോൾ മത്സരം ശൈലൻ മന്ന, പി.കെ. ബാനർജി, ചുനി ഗോസ്വാമി എന്നിവർ രവീന്ദ്ര സരോവർ തടാകത്തിനരികെ കളിക്കുന്നതാണ്' എന്നർത്ഥമുള്ള വരികളായിരുന്നു അത്.

കൊൽക്കത്ത ഫുട്ബോളിലെ വമ്പൻമാരായ മോഹൻ ബഗാൻ, ഈസ്റ്റ് ബംഗാൾ, മുഹമ്മദൻസ് എന്നിവയ്ക്കു വേണ്ടി കളിക്കാതെ തന്നെ ഇന്ത്യൻ ഫുട്ബോളിലെ സൂപ്പർതാരമായി എന്ന അപൂർവതയും അദ്ദേഹത്തിനുണ്ട്. എന്നാൽ പരിശീലകനായപ്പോൾ ബഗാന്റെയും ഈസ്റ്റ് ബഗാന്റെയും അമരത്തു വന്നു അദ്ദേഹം. പരിശീലന വേളയിലും കളിക്കളത്തിലായാലും കളിക്കാരെ ഉച്ചത്തിൽ പറഞ്ഞു പരിശീലിപ്പിക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ രീതി. 1997 ഫെഡറേഷൻ കപ്പ് സെമിഫൈനലിൽ ബഗാനെതിരെ ഈസ്റ്റ് ബംഗാളിനെതിരെ പരിശീലിപ്പിച്ച അദ്ദേഹം ബൈച്ചൂങ് ബൂട്ടിയയെ പ്രചോദിപ്പിച്ച കഥ രസകരമാണ്. മത്സരത്തിനു മുൻപ് ബഗാൻ കോച്ച് അമൽ ബൂട്ടിയയെ 'ചുങ് ചുങ് ബൂട്ടിയ' എന്നു വിളിച്ച് പരിഹസിച്ചിരുന്നു. ഈ പരിഹാസത്തിനു പ്രതികാരം ചെയ്യാനാണ് ബാനർജി ബൂട്ടിയയോടാവശ്യപ്പെട്ടത്. തീ പോലെ ജ്വലിച്ച ബൂട്ടിയ മത്സരത്തിൽ ഹാട്രിക്കോടെ ഈസ്റ്റ് ബംഗാളിനെ ജയിപ്പിച്ചു.

ഫുട്ബോളിൽ മാത്രമൊതുങ്ങിയില്ല ഈ 'ബാനർജി സ്റ്റൈൽ മോട്ടിവേഷൻ'. 1990ൽ രഞ്ജി ട്രോഫി ക്രിക്കറ്റിൽ ഡൽഹിക്കെതിരെ ഫൈനലിനു മുൻപ് ബംഗാൾ ക്യാപ്റ്റൻ സംബാരൻ ബാനർജി പികെയെ ടീമിന്റെ ഡ്രസിങ് റൂമിലേക്ക് ക്ഷണിച്ചു. ഒരു മണിക്കൂറോളമാണ് ബാനർജി അന്ന് കളിക്കാരോട് സംസാരിച്ചത്. അദ്ദേഹത്തിന്റെ സംസാരം ഫലിച്ചു. ബംഗാൾ കിരീടം ചൂടി. കേൾക്കുന്നവരിൽ ചിരി പടർത്തുന്ന കഥകൾ പറയാനും മിടുക്കനായിരുന്നു അദ്ദേഹം. സ്വതവേ ഗൗരവക്കാരനെന്നു പേരുകേട്ട മുൻ ബംഗാൾ മുഖ്യമന്ത്രി ജ്യോതിബസുവിനെ വരെ പി.കെ. ചിരിപ്പിക്കും എന്നത് മൈതാനിലെ പുരാണങ്ങളിലൊന്നാണ്.



ഒരുകാലത്ത് ഇന്ത്യൻ ഫുട്ബോളിലെ ത്രിമൂർത്തികളായിരുന്നു ചുനി ഗോസ്വാമി, പി.കെ. ബാനർജി, തുളസീദാസ് ബൽറാം എന്നിവർ.

# 20,000 കോടിയുടെ പാക്കേജ് വിമർശനവുമായി പ്രതിപക്ഷം

തിരുവനന്തപുരം: മുഖ്യമന്ത്രി പിണറായി വിജയൻ പ്രഖ്യാപിച്ച കോവിഡ് 19 പാക്കേജ് ജനങ്ങളെ കബളിപ്പിക്കലാണെന്നും പ്രഖ്യാപിച്ച 20,000 കോടി രൂപയിൽ 14,000 കോടിയും കരാറുകാർക്കും മറ്റും കൊടുത്തു തീർക്കാനുള്ള തുകയാണെന്നും വി.ഡി. സതീശൻ എംഎൽഎ മാർച്ച്, ഏപ്രിൽ മാസത്തെ സാമൂഹിക സുരക്ഷാ പെൻഷൻ ഇപ്പോൾ ഒരുമിച്ചു നൽകുമെന്നാണ് പറയുന്നത്.

ഏപ്രിൽമാസമാകുമ്പോഴേക്കും പെൻഷന്റെ കുടിശിക 7 മാസത്തെയാകും.

ഏപ്രിൽ, മെയ് മാസങ്ങളിൽ തൊഴിലുറപ്പ് പദ്ധതിക്കായി 1000 കോടി രൂപ വീതം ചെലവഴിക്കുമെന്ന പ്രഖ്യാപനവും പൊള്ളയാണ്. തൊഴിലുറപ്പ് പദ്ധതി കേന്ദ്രസർക്കാരിന്റേതാണ്. കുടുംബശ്രീക്ക് 2,000 കോടി രൂപയുടെ കടമെടുക്കാൻ അവസരം നൽകുന്ന പദ്ധതിയിലും സർക്കാരിന്റെ സംഭാവനയില്ല. തിരിച്ചടവ് 100 ശതമാനമായതുകൊണ്ട് കേരളത്തിലെ ഏത് അയൽക്കൂട്ടത്തിനും സഹായം നൽകാൻ ഏതു ബാങ്കും തയാറാകും.

**4 ചോദ്യങ്ങളുമായി ബൽറാം**

മാന്ദ്യവിരുദ്ധ പാക്കേജിനെതിരെ 4 ചോദ്യങ്ങളുമായി വി.ടി. ബൽറാം എംഎൽഎ.

* കൊറോണ വരും, ആളുകളുടെ കയ്യിൽ പണമില്ലാതാവും, അപ്പോൾ ഒരുമിച്ചു കൊടുക്കാം. എന്നു ദീർഘദൃഷ്ടിയിൽ കണ്ടിട്ടാണോ ഇങ്ങനെ പതിനായിരക്കണക്കിനു കോടി രൂപ കുടിശികയാക്കി വെച്ചിരിക്കുന്നത്?

* മുഴുവൻ ക്ഷേമ പെൻഷനുകളും വിതരണം ചെയ്യുകയാണെന്നു മന്ത്രി തോമസ് ഐസക് പറയുന്നു. എന്നാൽ മുഖ്യമന്ത്രി പറഞ്ഞതു 2 മാസത്തെ പെൻഷൻ കൊടുക്കുമെന്നാണ്. 6 മാസത്തെ പെൻഷൻ കൊടുക്കുമോ അതോ 2 മാസത്തെയോ?

* അടുത്ത 12 മാസത്തേക്കുള്ള തൊഴിലുറപ്പ് പദ്ധതി 2 മാസം കൊണ്ട് പൂർത്തിയാക്കുമെന്നു പറയുന്നത് എന്തു യാഥാർത്ഥ്യ ബോധത്തിലാണ്?

* അടുത്ത സാമ്പത്തിക വർഷത്തേക്ക് അനുവദിക്കപ്പെട്ട 25,000 കോടി വായ്പയിൽ നല്ല പങ്ക് ഏപ്രിലിൽ എടുക്കുമെന്നു മന്ത്രി നേരത്തെ പ്രഖ്യാപിച്ചിരുന്നതല്ലേ.

## വാഗ്ദാനം ചെയ്ത് ട്രംപ്

(6-ാം പേജിൽനിന്നും)

കെസിഎൻഎ റിപ്പോർട്ട് ചെയ്തു. എന്നാൽ, കത്ത് എപ്പോഴാണ് ലഭിച്ചതെന്നു പറഞ്ഞില്ല.

നേതാക്കൾ തമ്മിലുള്ള നല്ല വ്യക്തിബന്ധം ഉണ്ടായിരുന്നിട്ടും നിഷ്പക്ഷതയും സന്തുലിതാവസ്ഥയും നല്കുന്നില്ലെങ്കിൽ ഏകപക്ഷീയവും അത്യാഗ്രഹവുമായ ഉദ്ദേശ്യങ്ങൾ എടുത്തുകളയുന്നില്ലെങ്കിൽ ഉഭയകക്ഷി ബന്ധം കൂടുതൽ വഷളാകുമെന്ന് കത്തിൽ പറയുന്നു. ഉത്തര കൊറിയ നടത്തിയ മിസൈൽപരീക്ഷണത്തിനുശേഷമാണ് റിപ്പോർട്ട്. ആഗോള പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ അനുചിതമായ നടപടി ഉൻ നിർത്തി വെക്കണമെന്ന് ദക്ഷിണ കൊറിയ ആവശ്യപ്പെടുകയും ചെയ്തു.

## നിർത്തലാക്കി

(ഒന്നാം പേജിൽ നിന്നും)

ബോധവൽക്കരിക്കാൻ സംസ്ഥാനങ്ങളോടും കേന്ദ്രം നിർദേശിച്ചു. ബാങ്കുകളിൽ അവശ്യസേവനമൊഴികെയെല്ലാം റദ്ദാക്കുന്നതായി ഇന്ത്യൻ ബാങ്ക്സ് അസോസിയേഷൻ അറിയിച്ചു. പണം നിക്ഷേപിക്കൽ പിൻവലിക്കൽ തുടങ്ങിയ അടിയന്തര കാര്യങ്ങൾക്കു മാത്രമായിരിക്കും ബാങ്ക് പ്രവർത്തനം.

## നിശ്ചലാവസ്ഥയിലേക്ക്

(ഒന്നാം പേജിൽ നിന്നും)

രാജ്യവ്യാപകമായി ജനതാ കർഫ്യൂ മാർച്ച് 25 വരെ നീട്ടുന്നതായി ഗോവ സർക്കാരും മാർച്ച് 31 വരെ നീട്ടുന്നതായി ഉത്തരാഖണ്ഡ്, ജാർഖണ്ഡ് സർക്കാരുകളും അറിയിച്ചു. തമിഴ്നാട്, കർണാടക, ബിഹാർ, ഒഡീഷ, പശ്ചിമബംഗാൾ, ഉത്തർപ്രദേശ് സംസ്ഥാനങ്ങളിലെ ചില ജില്ലകളിൽ നിരോധനാജ്ഞയുണ്ട്.

**ഇന്ത്യയിൽ മരണം ഏഴായി**

ഇന്ത്യയിൽ കൊറോണ ബാധിച്ച് മരിച്ചവരുടെ എണ്ണം ഏഴായി. രാജ്യത്ത് കൊറോണ വൈറസ് ബാധ സ്ഥിരീകരിച്ചവരുടെ എണ്ണം 370 ആയി ഉയർന്നു. അതേസമയം, രാജ്യത്തു രോഗത്തിന്റെ സമൂഹ വ്യാപനം ഉണ്ടായിട്ടില്ലെന്നാണ് കേന്ദ്ര ആരോഗ്യമന്ത്രാലയം വ്യക്തമാക്കുന്നത്.

## കെഎസ്ആർടിസിക്ക് 30 കോടിയുടെ വരുമാന നഷ്ടം

തിരുവനന്തപുരം: കെഎസ്ആർടിസിക്കു 10 ദിവസത്തിനിടെ 30 കോടി രൂപയുടെ വരുമാന നഷ്ടം. യാത്രക്കാരുടെ എണ്ണം പകുതിയായി കുറഞ്ഞു. ആയിരത്തോളം സർവീസുകൾ റദ്ദാക്കിയതോടെ എംപാനൽ ജീവനക്കാർക്കും ജോലിയില്ലാതെയായി. വരുമാനം പകുതിയായി കുറഞ്ഞതോടെ ശമ്പളത്തിനു മാത്രമല്ല, ഇന്ധനത്തിനും സ്പെയർ പാർട്സിനും സർക്കാർ സഹായം വേണ്ടിവരും.

## നിർഭയ എന്നും ജീവിക്കട്ടെ

ന്യൂഡൽഹി: കോവിഡ് നിയന്ത്രണങ്ങൾക്കിടയിലും തിഹാർ ജയിലിനു മുന്നിൽ ഒത്തുചേർന്ന നൂറുകണക്കിനാളുകൾ വിളിച്ചു പറഞ്ഞു 'നിർഭയാ.... നിങ്ങൾ എന്നും ജീവിക്കട്ടെ'.

രാജ്യത്തെ നടുക്കിയ കൂട്ടബലാത്സംഗക്കേസിലെ പ്രതികളുടെ ശിക്ഷ നടപ്പാക്കുന്നതറിഞ്ഞ് ഒട്ടേറെപ്പേർ ജയിലിനു മുന്നിൽ തടിച്ചുകൂടി. മാർച്ച് 19നു വ്യാഴാഴ്ച പട്യാല ഹൗസ് കോടതി ശിക്ഷ റദ്ദാക്കില്ലെന്നു വ്യക്തമാക്കിയതോടെ ജയിൽ പരിസരത്തേക്ക് ആളെത്തിത്തുടങ്ങി.

ഇതോടെ പോലീസ് സുരക്ഷ ശക്തമാക്കി. ഹൈക്കോടതിയിലേക്കും സുപ്രീംകോടതിയിലേക്കും അപ്പീൽ നീണ്ടപ്പോൾ ജനങ്ങളുടെ ആകാംക്ഷ വർധിച്ചു. മാധ്യമപ്രവർത്തകരോട് അവർ വിവരങ്ങൾ തിരക്കി കാത്തിരുന്നു.

ഒടുവിൽ മൂന്നരയോടെ അപ്പീൽ തള്ളിയെന്ന വിവരമറിഞ്ഞപ്പോൾ കയ്യടി ഉയർന്നു.

ദേശീയപതാകയും മറ്റുമായി ആളുകൾ വീണ്ടും എത്തിക്കൊണ്ടിരുന്നു. പുലർച്ചെ വധശിക്ഷ നടപ്പായെന്ന വിവരം ലഭിച്ചപ്പോൾ ഭാരത് മാതാ കീ ജയ് വിളികൾ. മധുരം വിതരണം ചെയ്താണ് ജനക്കൂട്ടം ആഹ്ലാദം പങ്കിട്ടത്.

ജയിലിനു പുറത്ത് സന്തോഷം പങ്കുവെച്ച സാമൂഹിക പ്രവർത്തക യോഗിത ഭയ്യാനയുടെ കയ്യിലെ പോസ്റ്റർ ഇങ്ങനെയായിരുന്നു. 'നിർഭയയ്ക്ക് നീതി ലഭിച്ചു. മറ്റുപെൺകുട്ടികൾ കാത്തിരിക്കുകയാണ്.'

## ശ്രീറാം വെങ്കിട്ടരാമനെ തിരിച്ചെടുത്തു; ആരോഗ്യവകുപ്പിൽ നിയമനം

തിരുവനന്തപുരം: മാധ്യമ പ്രവർത്തകൻ കെ.എം. ബഷീർ കാറിടിച്ചു കൊല്ലപ്പെട്ട കേസിൽ പ്രതിയായി സസ്പെൻഷനിലായിരുന്ന ഐഎഎസ് ഉദ്യോഗസ്ഥൻ ഡോ. ശ്രീറാം വെങ്കിട്ടരാമനെ സർവീസിൽ തിരിച്ചെടുത്തു. ആരോഗ്യവകുപ്പിൽ ജോയിന്റ് സെക്രട്ടറിയായാണ് നിയമനം.

ശ്രീറാമിനെ തിരിച്ചെടുക്കണമെന്ന ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയായ സമിതിയുടെ അന്വേഷണ റിപ്പോർട്ട് അടിസ്ഥാനമാക്കിയാണ് സർക്കാർ നടപടി. പബ്ലിക് ഹെൽത്തിൽ ഉപരിപഠനം നടത്തിയിട്ടുള്ള ഡോ. ശ്രീറാമിന്റെ സേവനം കോവിഡ് ഉയർത്തുന്ന പ്രതിസന്ധി ഘട്ടത്തിൽ ഉപയോഗപ്പെടുത്താമെന്ന വാദവും സർക്കാർ മുന്നോട്ടു വെക്കുന്നു.

## നിർഭയാ കേസിലെ പ്രതികളെ തൂക്കിലേറ്റി

(ഒന്നാം പേജിൽ നിന്നും)

പവൻ ഗുപ്തയുടെ ദയാഹർജി തള്ളിയതിനെതിരെ നൽകിയ തിരുത്തൽ ഹർജിയും വധശിക്ഷ റദ്ദാക്കണമെന്ന ആവശ്യവും പുലർച്ചെ 2.30നാണ് സുപ്രീംകോടതിയിൽ ജസ്റ്റിസുമാരായ ആർ. ഭാനുമതി, അശോക് ഭൂഷൺ, എ.എസ്. ബൊപ്പണ്ണ എന്നിവരുടെ ബെഞ്ച് തള്ളിയത്. 2012 ഡിസംബർ 16നുണ്ടായ സംഭവത്തിൽ 7 വർഷത്തിനുശേഷമാണ് ശിക്ഷ നടപ്പാക്കുന്നത്. 6 പ്രതികളിൽ ഒരാൾക്ക് പ്രായപൂർത്തിയായിട്ടില്ലെന്ന ആനുകൂല്യം ലഭിച്ചു. മുഖ്യപ്രതി രാംസിങ് ജയിലിൽ തൂങ്ങിമരിച്ചു.

കുറ്റവാളികളുടെ അഭിഭാഷകൻ എ.പി. സിങ് പുലർച്ചെ 2 മണിയോടെ സുപ്രീംകോടതിയിലെത്തി. പിന്നാലെ നിർഭയയുടെ മാതാപിതാക്കളും അഭിഭാഷകൻ ജിതേന്ദ്രകുമാർ ഝായും. പ്രതി അക്ഷയ് കുമാറിന്റെ സഹോദരനും ഭാര്യാസഹോദരനും കോടതിയിലുണ്ടായിരുന്നു. 'ഇനി എന്താണ് നടക്കുകയെന്നറിയില്ല': സഹോദരൻ നിറകണ്ണുകളോടെ പറഞ്ഞു.

കോടതിയിലേക്ക് കയറാൻ ശ്രമിക്കെ എ.പി. സിങ്ങിന്റെ കൂടെയുള്ള അഭിഭാഷകരെ സുരക്ഷാ ഉദ്യോഗസ്ഥർ തടഞ്ഞു. ഇതോടെ കവാടത്തിനു മുന്നിൽ കുത്തിയിരുന്ന് സിങ് പ്രതിഷേധിച്ചു. കൊറോണയുടെ പശ്ചാത്തലത്തിൽ കൂടുതൽ പേർ കോടതിമുറിയിൽ കടക്കുന്നതിനു വിലക്കുണ്ടെന്ന് ഉദ്യോഗസ്ഥർ ബോധ്യപ്പെടുത്തി. സോളിസിറ്റർ ജനറൽ തുഷാർ മേത്ത, ഇരുഭാഗത്തെയും അഭിഭാഷകർ, 5 മാധ്യമ പ്രവർത്തകർ എന്നിവർക്ക് മാത്രമായിരുന്നു കോടതി മുറിയിലേക്കു പ്രവേശനം. ജസ്റ്റിസുമാരായ ആർ. ഭാനുമതി, അശോക് ഭൂഷൺ എ.എസ്. ബൊപ്പണ്ണ എന്നിവരുടെ ബെഞ്ചിൽ വാദം ആരംഭിച്ചതു പുലർച്ചെ 2.30ന്.

ദയാഹർജിയിൽ നീതി ലഭിച്ചില്ല. കുറ്റം നടക്കുന്ന സമയത്ത് പവൻ ഗുപ്തയ്ക്കു പ്രായപൂർത്തിയായിരുന്നില്ല തുടങ്ങിയ വാദമുഖങ്ങൾ ഹർജിക്കാർ വീണ്ടും ഉയർത്തിയെങ്കിലും ഇതെല്ലാം മുൻപു പലവട്ടം പരിഗണിച്ചതാണെന്നായിരുന്നു കോടതിയുടെ മറുപടി. പവൻ ഗുപ്തയ്ക്കു മറ്റു പ്രതികളെപ്പോലെ കുറ്റം ചെയ്യുകയെന്ന ഉദ്ദേശ്യമില്ലായിരുന്നുവെന്നും അതിനാൽ ഒരേശിക്ഷ നൽകുന്നതു ശരിയല്ലെന്നുമായിരുന്നു അഭിഭാഷകൻ ശ്യാംസ്ഖാജയുടെ വാദം. ഈ വാദങ്ങളൊന്നും അംഗീകരിക്കാതെ കോടതി അപ്പീൽ തള്ളി. 45 മിനിറ്റ് വാദം കേട്ട ശേഷമാണ് മൂന്നരയോടെ ശിക്ഷ റദ്ദാക്കാനാവില്ലെന്നു വ്യക്തമാക്കി വിധിന്യായം പുറപ്പെടുവിച്ചത്. 19ന് വ്യാഴാഴ്ച രാത്രി 10 മണിയോടെയാണ് ജസ്റ്റിസുമാരായ മൻമോഹൻ, സഞ്ജീവ് നരുല എന്നിവരടങ്ങിയ ഹൈക്കോടതി ബെഞ്ച് അപ്പീൽ പരിഗണിച്ചു തള്ളിയത്.

നിർഭയാക്കേസിലെ പ്രതികളുടെ മൃതദേഹം ബന്ധുക്കൾക്കു കൈമാറി. ദീൻദയാൽ ഉപാധ്യായ ആശുപത്രിയിൽ പോസ്റ്റുമോർട്ടത്തിനു ശേഷം ഉച്ചയോടെയാണ് മൃതദേഹം ബന്ധുക്കൾക്കു വിട്ടുകൊടുത്തത്. കഴുമരത്തിലേറി അരമണിക്കൂറിനു ശേഷം ജയിൽ മെഡിക്കൽ ഓഫിസർ മരണം സ്ഥിരീകരിച്ചു.

അക്ഷയ് കുമാർ സിങ്ങിന്റെ മൃതദേഹം ബിഹാറിലെ ഔറംഗാബാദിലേക്കു കൊണ്ടുപോയി. മുകേഷിന്റെ മൃതദേഹം രാജസ്ഥാനിലാണ് സംസ്കരിച്ചത്. വിനയ് ശർമ, പവൻ കുമാർ ഗുപ്ത എന്നിവരുടേത് ഡൽഹി ആർകെ പുരം രവിദാസ് ക്യാംപിലെ വീടുകളിലേക്കു കൊണ്ടുപോയി.

മൃതദേഹങ്ങൾ ആശുപത്രിയിലേക്കു മാറ്റിയപ്പോഴും പോസ്റ്റുമോർട്ടം സമയത്തുമെല്ലാം കർശന സുരക്ഷയാണ് ഒരുക്കിയിരുന്നത്. മോർച്ചറി പരിസരത്തു ബന്ധുക്കളെയും ആശുപത്രി ജീവനക്കാരെയുമല്ലാതെ ആരെയും പ്രവേശിപ്പിച്ചില്ല. 2014ലെ സുപ്രീംകോടതി ഉത്തരവിനു ശേഷമാണ് തൂക്കിലേറ്റിയവരുടെ പോസ്റ്റുമോർട്ടം നിർബന്ധമാക്കിയത്. അപേക്ഷ നൽകിയാൽ മാത്രമേ മൃതദേഹം വിട്ടുനൽകൂ. പ്രതിഷേധവും മറ്റും നടത്തില്ല എന്ന ഉറപ്പ് രേഖാമൂലം നൽകണം. പ്രതികളുടെ അഭിഭാഷകൻ എ.പി. സിങ്ങിനു നേരെ കയ്യേറ്റ ശ്രമം നടന്നു. മാർച്ച് 20ന് പുലർച്ചെ സുപ്രീംകോടതിയിൽ അവസാന ഹർജിയും തള്ളിയതിനു പിന്നാലെ പുറത്തിറങ്ങിയപ്പോഴാണ് ഒരു അഭിഭാഷക ചെരിപ്പൂരി അടിക്കാൻ ശ്രമിച്ചത്. സ്ഥലത്തുണ്ടായിരുന്ന മറ്റ് അഭിഭാഷകർ ചേർന്ന് ഇവരെ പിടിച്ചുമാറ്റി.

## രഞ്ജൻ ഗൊഗോയ് രാജ്യസഭയിൽ

(ഒന്നാം പേജിൽ നിന്നും)

നകേരളത്തിൽ ഗവർണറാക്കിയിരുന്നു. കഴിഞ്ഞ നവംബർ 17നാണ് രഞ്ജൻ ഗൊഗോയ് വിരമിച്ചത്. ഗൊഗോയ് ചീഫ് ജസ്റ്റിസ് ആയിരിക്കെയാണ് അദ്ദേഹം അധ്യക്ഷനായ 5 അംഗ ബെഞ്ച് അയോധ്യയിലെ രാമജന്മഭൂമി- ബാബറി മസ്ജിദ് കേസിനു തീർപ്പുണ്ടാക്കിയത്. 2018-ൽ സുപ്രീംകോടതിയിലെ മറ്റ് 3 ജഡ്ജിമാരുമായി ചേർന്ന് രഞ്ജൻ ഗൊഗോയ് പത്രസമ്മേളനം നടത്തിയിരുന്നു.

റഫാൽ യുദ്ധവിമാനങ്ങൾ വാങ്ങിയതു സംബന്ധിച്ച കേസിൽ അന്വേഷണം വേണമെന്ന ഹർജി 2 തവണ അദ്ദേഹം തള്ളി. ശബരിമല ക്ഷേത്രത്തിൽ ഏതുപ്രായത്തിലുമുള്ള വനിതകൾക്കും കയറാമെന്ന സുപ്രീംകോടതി വിധി പുനഃപരിശോധിക്കാൻ ഉത്തരവിട്ടതും ഗൊഗോയ് അധ്യക്ഷനായ ബെഞ്ചാണ്.

2018ൽ ഗൊഗോയിക്കെതിരെ സുപ്രീംകോടതിയിലെ ജീവനക്കാരി ലൈംഗിക പീഡനത്തിന് പരാതി നൽകിയത് വൻവിവാദമായിരുന്നു. ഈ ആരോപണം ഗൂഢാലോചനയുടെ ഭാഗമാണെന്നായിരുന്നു ഗൊഗോയ് അധ്യക്ഷനായ ബെഞ്ച് പരസ്യപ്രസ്താവന നടത്തിയത്. ജീവനക്കാരിയെ ശിക്ഷാ നടപടി എന്ന നിലയിൽ പിരിച്ചുവിട്ടിരുന്നു.




Mathew Kunjappy
Managing Broker
Emsons Realty LTD

BEST TIME TO BUY!!!

GAS STATIONS • CONVENIENT STORE • MOTEL • APARTMENTS • SHOPPING CENTERS

Holiday Inn Express bp

IN CHICAGO, INDIANAPOLIS AND OTHER LOCATIONS IN ILLINOIS & INDIANA

The best and highly profitable gas stations, motels, multi-units, Shopping malls, and commercial properties are available in these locations.

For more details, please email or call!

EMSONS REALTY

Call: 1-630-935-4333 • Fax: 1-630-785-6605

Email: mk@emsonsrealty.com

IS 132 Summit Ave, Suite # 103, Oakbrook Terrace, IL 60181, USA

# SEEKING BRIDEGROOM

*Orthodox parents inviting proposals for daughter, 32 years, 5'5", fair, slim, Doctorate in Dental Surgery (DDS), practicing Dentistry in Florida, born and educated in USA. We are seeking professionally qualified boys from Orthodox, Catholic or Marthomites. Please respond with recent photo and details to **sureshzthomas@yahoo.com** or call **(248)739-1607.**

*Knanaya Catholic parents settled in USA invite proposals for their daughter age 32, 5'5" tall,slim fair looking and god fearing. She is a B.Com graduate brought up and studied in South Africa. She is currently working as a financial analyst in South Africa. She has a 10 year multiple entry visa to the US. Looking for qualified guys from the USA preferably from a Christian family background. Contact cell: **813 808 5320/ 813 418 2785.** Email: **steephenvs@gmail.com**

*Knanaya Catholic parents settled in USA invite proposals for their daughter age 31, 5'4" tall,slim fair looking and god fearing. She has a diploma in Educare, brought up and studied in South Africa. She is currently working as a Kindergarten teacher in South Africa. She has a 10 year multiple entry visa to the US. Looking for qualified guys from the USA preferably from a Christian family background. Contact cell: **813 808 5320/ 813 418 2785.**
Email: **steephenvs@gmail.com**

*Christian parents settled in USA inviting proposals for their daughter42 years old, born and brought up in Dubai. She is an Orthopedics Surgeon has completed her M.S. in Orthopedics at Christian Medical college in Vellore. At present working as a Research Coordinator in Pediatrics Orthopedics at the Mayo Clinic hospital in Rochester, Minnesota. She will commence her Pediatric Ortho Fellowship in 2020 August. She is very intelligent, smart and very attractive and fit. She is 5'4" tall and a born again believer, very active in church activities. She is a US Citizen. If interested please contact with recent photograph and details to
**marijohn2002@yahoo.co.in**
Preference to Medical professionals

*Pentecostal parents seeking proposal for their daughter currently working as R.N, born again, baptized, spirit filled 28 yrs, 5 feet 4 inch from parents of Pentecostal professional boys from USA with similar background. If interested please contact: **lethakuruvila@yahoo.com, 405-514-5062.**

*Pentecostal, Malayali parents settled in USA inviting proposal for their daughter, 29 years, 5'1", born again, spirit filled, MD student in USA, expected to start residency during summer of this year. We are seeking a professionally qualified Christian man with a heart for mission work. Please respond with details and a recent photograph to **TLG7736@gmail.com**

*Pentecostal parents settled in U.S. seeking proposals for their daughter born and brought up in U.S., born again, baptized and spirit filled, board certified internal medicine doctor, currently doing fellowship in Geriatrics. She is 31/ 5"3 looking for a God fearing, compatible qualified boy from U.S.A. If interested please send recent photos with bio data to
**mathewthomas0810@yahoo.com** or call **469-360-5735.**

*Pentecostal parents are prayerfully seeking a proposal for their daughter born in Kerala and brought up in Middle East and USA. She is 29, 5' 1", holds Doctors degree in Pharmacy and currently working as Pharmacy Manager In Kroger store, Michigan. She is born again, baptized, family-oriented, spiritual, loves the Lord. We are seeking proposals from the parents of Pentecostal, God-fearing who loves the Lord, educated, family-oriented and USA citizen or green card boys. Please contact with recent photos with full details. **Thomaskutty Mathai - Cell# 919-482-9788, tom966t@gmail.com**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

**Pentecostal parents settled in USA inviting proposal for their daughter, 28 yrs 5"7, born again, baptized and completed medical school, currently doing second year residency. We are seeking born again, spiritual boys with similar educational background from USA. You may please contact with recent pictures to **sobha6588@yahoo.com**

*Orthodox parents invite proposals for our daughter. 27 years old. Born and brought up in the U.S.A. Who is a Family Nurse Practitioner working in Texas. We are very well established in the U.S.A and also outside of Kerala. Preferences will be given to boys who in the medical profession(Doctors NP, PA, Pharmacy etc) who are in Texas or willing to move to Texas. Boys with good character, good family background, non-smoker and non-drinker. From a well-established family with good educated family background. Orthodox, Catholic, Marthoma, Bretheran, CSI etc. Call **214-578-2235** leave message or email to **turnerj12000@yahoo.com**

*Knanaya Catholic parents settled in USA invite proposals for their daughter 37, widow, has a son. Interested Knanaya men or parents please contact **6305186001** or **jfmcd785@gmail.com**

*Pentecostal parents are prayerfully seeking a proposal for their daughter born and brought up in the US. She is 26, 5'1", holds BS degree in accounting and currently working as an accountant in a company. She is born again, baptized, family oriented, spiritual, loves the Lord and a worship leader. We are seeking proposals from the parents of Pentecostal, God fearing who loves the Lord, educated, family oriented and US born and brought up boys. Please contact with recent photos with full details. **shalomkbd2016@gmail.com.**

*Pentecostal parents settled in USA inviting proposal for their daughter, 28 yrs, 5'7" BSc Nurse, born again , spiritual, born and brought up in USA. We are seeking professionally qualified boys with good spiritual background. You may please contact with recent pictures and details to **vineyard525@gmail.com**

*Catholic parents settled in US inviting proposals for their daughter born and brought up in US (27 years,5'3") with a Masters Degree in Anesthesia from a prestigious University,currently working in a prestigious University Hospital in Missouri.We are seeking proposals from God fearing boys,preferably grow up in US. Please send with recent pictures and details to
**john.thomas2@duke.edu.**
Or call **336-693-9397**
or **crthomas913@gmail.com.**

*Pentecostal parents settled in North America invite proposal for their daughter, MBA; 33; 5'6" working in U.S. for a financial company. She is born again, baptized and spirit filled. Parents of professionally qualified boys and good spiritual background may please respond

# SEEKING BRIDE

*Christian Parents (Orthodox) settled in USA (NY) invite proposals for their son 40 years old 6'2" M.S. in Criminal Justice (Detective Investigator working with New York Police Department). His wife passed away in 2016, having a son 7 years old. We are seeking proposals for girls from USA, Late Marriage or Widow age 32-37. Please contact Phone **516 616 0611 or 516 287 6361.** Email: **thekkmathew@gmail.com.**

*Seeking bride for a Christian boy age 29, 6 ft tall, holding business degree, working with Bloomberg group in New York. Looking for a Malayalee girl that is brought up in the U.S. Should be tall and educated professional. Please email details and photo to:
**prabhaphilip@yahoo.com** or
call: **614-329-9361**

*Knanaya Jacobite parents invite proposals for our son ( 31, 5'10", employed in IT field). He was born and raised in the U.S and is living in Boston. Preferably seeking proposals from parents of Knanaya girls, employed in the medical field. Please contact
**bmt554206@gmail.com** or
call **978-577-7732.**

*Pentecostal family members are seeking a suitable life partner for our nephew (26 years old, 5'8") born in the U.S. Bachelor's in Business Management, MBA specialized in Aerospace Logistics. Working in the Tinker Airforce Base (civilian). Active in the church in the role of praise and worship leader, Sunday school teacher, and as evangelism director. We are seeking a born-again, spirit-filled girl, with some professional education (Knanaya background preferred). Please contact with details to **mtkuruvilla1@hotmail.com** or call **(405) 474-1222.**

*Syrian Christian Pentecostal parents invites proposal for their son 27, 179 cm, fair, B.Tech, working as instrumentation engineer in Kuwait, Baptized and spiritfilled. From parents of well educated girls with good spiritual life and family backgrounds. Phone USA **405 541 5567**, Kerala **9633170515**

*Pentecostal parents prayerfully seeking suitable life partner for their son (26, 5-11)born and brought up in the US, holds a degree in business administration and currently working for a reputable firm. We are seeking proposals from the parents of Pentecostal, Holy Spirit baptized US born girls with similar field of education, employed or unemployed. Please contact with full detailsto: **Eliazer2017@yahoo.com**

*Proposals are invited for a Knanaya Catholic groom, 39 years old, divorced, working in USA; from girls belonging to any mainstream Christian denominations. Please contact with details to: infomatrimonial **20@gmail.com** or call: **(803) 873-0395.**

**Christian/Catholic Malayalee parents settled in USA invite proposal for their son family-oriented, caring with moral/ spiritual value, good character, 34 years, 5'9", US-educated medical doctor MD. Proposal seeking from slim, fair, beautiful Christian/catholic girls with similar professions. please send emails with recent picture to
**mkurian101@gmail.com**

* Malayalee Pentecostal Parents settled in the USA invite marriage proposals for their son, born again, baptized, spirit filled, 5'10", 34 years old, spiritual, and family oriented IT professional working for a highly acclaimed IT firm in the USA, from parents of born again, baptized, spirit filled Pentecostal girls, with excellent spiritual and family values, preferably raised in the USA. Please reply with recent photos to
**onlyhisgrace79@gmail.com**

*Sister invites proposal for her born again brother, 26 years, fair in complexion, 5'9", studying MBA Pharmacy and completing in 2020. He is born and brought up in the US and from the Knanaya back-ground. Looking for God-fearing born again girl working or studying in the medical field preferably from the US or Canada. Phone # **847 337 0660.** Email: **Neethusz@gmail.com** or **ashzach84@gmail.com**

*Christian male, divorced, 44 yrs, well mannered, a graduate electrician with Saudi Arabian work experience currently in Kerala seeking Christian Malayalee bride (Single, widowed, divorced) from USA or Canada. Contact **(713) 505 4747** or email to: **priyajohn002@gmail.com.**

**Christian Malayalee parents settled in the USA invite proposal for their sons MD 41 & 42 years, 5'7" & 5'9". 1st son is ER doctor in California and 2nd son double board-certified MD V A Hospital. We are seeking God-fearing and professionally qualified, slim, fair and good looking girl. Please contact with recent picture and details to email: **j_indy21@hotmail.com**

*Roman Catholic parents well settled in USA invite Marriage Proposal for their only son 34 years 5'5" Fair Complex USA Educated Chemical Engineer with Master of Business Management. He is working in Chicago in a MN Chemical Company as Global Innovation manager. He has all The Best Qualities. Please send details with recent full size pictures to **stevarmaan@hotmail.com**

## SEEKING BRIDEGROOM CONTD.....

with details and picture to
**scjoseph22@gmail.com** or call **905 793 5007.**

*Roman Catholic mother invites proposals for her daughter M.D. Working as Ob & Gyn Specialist in New York since 2012. She is born in July 1982, ht 5' 2", good looking with fair complexion, born in U.S and graduated from U.S. medical school. Seeking qualified christian professionals age 37-39yrs. If interested, please reply with a recent photograph to **gladys.abraham01@gmail.com.**

*Pentecostal parents settled in US inviting proposal for their daughter, 27 yrs, 5'6", CPA, working in a major auditing firm. Born again, baptized, spiritual. Born and brought up in US, attractive. We are seeking professionally qualified Pentecostal boys. Please contact with recent pictures and detail to
**wmathew1@comcast.net** or call Phone **206-234-5555**

*Kerala Pentecostal Parents invite proposal for their daughter (DOB:29/12/ 1992) (5'1") (BSc Nurse) Born again with good spirituAal values currently working in Kerala seeking proposal from professionally qualified, baptized, and spirit filled young men with similar Christian faith and values. Email:
**jaisonkvj@gmail.com.** Contact:
**+91 7025416048, +91 6282129858**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

# നിര്യാതരായി

## കെ.സി. ഏബ്രഹാം

**ഇരവിപേരൂർ:** കൈതോലിൽ കെ.സി. ഏബ്രഹാം (കുഞ്ഞവറാച്ചൻ-90) ഫ്ളോറിഡയിൽ നിര്യാതനായി. ഭാര്യ: എരുത്തിപ്പാട്ട് ചാച്ചിക്കുട്ടി. മക്കൾ: സജി (നസ്രേത്ത് ആശ്രമം, ഓതറ), ഷീല, ജെസി, സുജ (യുഎസ്). മരുമക്കൾ: റാന്നി താഴത്ത് വലിയപറമ്പിൽ ജെയിംസ്, തോട്ടഭാഗം പാടീക്കൽ ജേക്കബ് മുഴുക്കീർ മേപ്പള്ളിൽ ഷാജൻ (യുഎസ്), ബിന്ദു.

## റെനി ഫിലിപ്

**കോഴഞ്ചേരി:** പേരാലുംമൂട്ടിൽ കൈപ്പള്ളി മണ്ണിൽ വി.ജെ. ഫിലിപ്പിന്റെയും ആലീസിന്റെയും മകൻ മാത്യു റെനി ഫിലിപ് (47) നിര്യാതനായി. ഭാര്യ: വെണ്ണിക്കുളം പള്ളിക്കൽ മേരി. മക്കൾ: റോഷൻ, അലീഷ (എല്ലാവരും ഹൂസ്റ്റൺ).

**ചങ്ങനാശേരി:** മാടപ്പള്ളി പങ്കിപുറത്ത് പൊന്മുള പരേതനായ ഗോവിന്ദൻ പിള്ളയുടെ ഭാര്യ തങ്കമ്മ (90) നിര്യാതയായി.

**കടപ്പാട്ടൂർ:** വളയത്തിൽ തോമസ് കുര്യന്റെ ഭാര്യ മറിയക്കുട്ടി (87) നിര്യാതയായി.

## കെ.ജെ. തോമസ്

**തൊടുപുഴ:** ചുങ്കം കൂട്ടുമലയിൽ കെ.ജെ. തോമസ് (63) നിര്യാതനായി. ഭാര്യ: പുന്നത്തുറ തൊടുകയിൽ മേഴ്സി. മക്കൾ: മരിയ സുമിത്ത് (യുഎസ്), മാർട്ടിൻ (ജർമനി). മരുമകൻ: മ്രാല പയറാനാൽ സുമിത്ത്.

**വൈക്കം:** വടക്കേനടയിൽ ചാത്തൻകാട്ട് മഠത്തിൽ പരേതനായ വി. പരമേശ്വരന്റെ ഭാര്യ എ. ജയലക്ഷ്മി അമ്മാൾ (87) നിര്യാതയായി.

## ഇ.വി. ചാണ്ടി

**വടവാതൂർ:** കോട്ടയം എംഎൽ റോഡിൽ പുകയില വ്യാപാരിയായിരുന്ന ഈരാച്ചേരിൽ ഇ.വി. ചാണ്ടി (കുഞ്ഞൂഞ്ഞ്-83) നിര്യാതനായി. ഭാര്യ: പാമ്പാടി പൊയ്യക്കര തങ്കമ്മ. മക്കൾ: ജെസി (കുവൈത്ത്), രാജി (യുഎസ്), ഷീന, ഷിബു, പരേതയായ ഷീബ. മരുമക്കൾ: ജോയി വരട്ടുചിറ (പത്തനാപുരം), സന്തോഷ് കളിക്കത്തറ കായംകുളം (യുഎസ്), സണ്ണി പള്ളത്ത് തിരുവഞ്ചൂർ, ജിനി.

**ആനിക്കാട്:** എസ്എച്ച് തിരുഹൃദയ മഠാംഗം സിസ്റ്റർ കാതറൈൻ വാച്ചാപറമ്പിൽ (70) നിര്യാതയായി.

**ചെത്തിപ്പുഴ:** സിഎംഐ തിരുവനന്തപുരം സെയിന്റ് ജോസഫ് പ്രവിശ്യാംഗവും ചെത്തിപ്പുഴ സാൻജോഭവനാംഗവുമായ ഫാ. ചാക്കോ ബേസിൽ വരമ്പത്തുചിറ (82) നിര്യാതനായി.

## രാധാ പരമേശ്വരൻ

**പൂഞ്ഞാർ:** മുളക്കപ്പറമ്പിൽ പരേതനായ പി.കെ. പരമേശ്വരൻപിള്ളയുടെ ഭാര്യ രാധ (82) നിര്യാതയായി. മകൻ: ബിജോയ് (യുഎസ്). മരുമകൾ: സിന്ധു (യുഎസ്).

**ഉഴവൂർ:** കിഴക്കേക്കര ജോസഫിന്റെയും ചിന്നമ്മയുടെയും മകൾ ജെയ്സിമോൾ (35) നിര്യാതയായി.

**ചേർപ്പുങ്കൽ:** കുറിച്ചിത്താനം വാഴപ്പള്ളിൽ മാത്യുവിന്റെ ഭാര്യ ആനീസ് (65) നിര്യാതയായി.

**കൈപ്പട്ടൂർ:** തോളൂർ താഴേതിൽ കെ.എം. ജോർജ്ജ് (87) നിര്യാതനായി.

**തിരുവല്ല:** രാമൻചിറ തൂമ്പുങ്കൽ വർഗീസ് പോത്തന്റെ ഭാര്യ സാറാമ്മ (അമ്മിണി-82) നിര്യാതയായി.

## ഗോപിനാഥൻ നായർ

**കോട്ടയം:** മുംബൈ എഫ്സിഐ റിട്ട. അസി. മാനേജർ കോടിമത മൂത്തേടത്ത് (ചൈത്രം) ഗോപിനാഥൻ നായർ (75) നിര്യാതനായി. ഭാര്യ: കമലകുമാരി (റിട്ട. അധ്യാപിക, പരിപ്പ് ഹൈസ്കൂൾ). മക്കൾ: ആദർശ് ജി. നായർ (യുഎസ്), അനൂപ് ജി. നായർ (ടെക്നോപാർക്ക്, തിരുവനന്തപുരം). മരുമക്കൾ: സരിത സത്യൻ, ശ്രീലക്ഷ്മി.

**ഇരവിനല്ലൂർ:** വിദ്യാഭ്യാസ വകുപ്പ് റിട്ട. ഡപ്യൂട്ടി ഡയറക്ടർ മുതലാത്ര കൊച്ചുപുരയ്ക്കൽ എം.എം. കുര്യൻ (തമ്പി-93) നിര്യാതനായി.

## ചിന്നമ്മ ജോസഫ്

**മാൻവെട്ടം:** കൂട്ടാനിക്കൽ പരേതനായ ജോസഫിന്റെ ഭാര്യ അന്നമ്മ (ചിന്നമ്മ-90) നിര്യാതയായി. വാലാച്ചിറ വഞ്ചിപ്പുരയ്ക്കൽ കുടുംബാംഗമാണ്. മക്കൾ: ലൂക്കാച്ചൻ (ജർമനി), ലീലമ്മ, ബേബി (ജർമനി), ആൻസി (യുഎസ്), റോസമ്മ, കുര്യച്ചൻ, ജിമ്മി (കൂട്ടാനിക്കൽ മെഡിക്കൽസ്, കല്ലറ), ജെസി. മരുമക്കൾ: ഷൈനി (ജർമനി), സെബാസ്റ്റ്യൻ കുന്നത്തൂർ കദളിക്കാട് (യുഎസ്), ഔസേപ്പച്ചൻ മലയിൽ (കോതനല്ലൂർ), കൊച്ചുറാണി, ബിജിമോൾ (ഡിപോൾ എച്ച്എസ്എസ് നസ്രത്തുഹിൽ), ബിജു പണ്ടാരക്കളം (അതിരമ്പുഴ).

## റെയ്ച്ചൽ ജോർജ്

**പ്രക്കാനം:** കളീക്കൽ കുടുംബാംഗം കിഴക്കേഒരിക്കൊമ്പിൽ (കോടിയാട്ടുണ്ണിൽ) പരേതനായ റെയ്ച്ചൽ (ബേബി-84) നിര്യാതയായി. ഓമല്ലൂർ വിളവിനാൽ അമ്പാട്ടുമണ്ണിൽ കുടുംബാംഗമാണ്. മക്കൾ: അച്ചൻകുഞ്ഞ്, മേഴ്സി, ഷീലു, അനു (ഇരുവരും യുഎസ്). മരുമക്കൾ: മോളി, പുത്തൻപീടിക കുമ്പഴേത്ത് ജെയിംസ്, അയിരൂർ കോളാകോട്ട് കൈപ്പള്ളിൽ മോൻ, ലിജി (ഇരുവരും യുഎസ്).

**ചങ്ങനാശേരി:** പെരുന്ന പടിഞ്ഞാറ് കൂട്ടുമ്മേൽ കെ. റെഞ്ചിറ്റ് ജേക്കബ് (61) ബെംഗളൂരുവിൽ നിര്യാതനായി.

**മാലം:** എംആർഎഫ് (വടവാതൂർ) മുൻ ഉദ്യോഗസ്ഥൻ കല്ലക്കുളത്തായ പഴയിടത്തുവയലിൽ പി.ഇ. ഏബ്രഹാം (മാനി-70) നിര്യാതനായി.

## റേച്ചൽ ജോൺ

**പള്ളം:** കരിമ്പുംകാലായിൽ ജോൺ മാത്യുവിന്റെ (റിട്ട. കെഎസ്ഇബി, ഉദ്യോഗസ്ഥൻ) ഭാര്യ റേച്ചൽ (ലില്ലിക്കുട്ടി-92) നിര്യാതയായി. ഈരാറ്റുപേട്ട മൂന്നിലവ് തമേൽപ്ലാക്കൽ കുടുംബാംഗമാണ്. മക്കൾ: ബോബൻ (സൃഷ്ടി ഗാർമെന്റ്സ്, മറിയപ്പള്ളി), ജെയിംസ് മാത്യു (ഹൂസ്റ്റൺ). മരുമക്കൾ: നീന, ബോബി മാത്യു (ഹൂസ്റ്റൺ).

**ചെങ്ങന്നൂർ:** അബുദാബി നാഷണൽ ഡ്രില്ലിങ് കമ്പനി മുൻ ഉദ്യോഗസ്ഥൻ തിട്ടമേൽ പാലമൂട്ടിൽ പി. ജോൺ വർഗീസ് (സണ്ണി-69) നിര്യാതനായി.

**കോട്ടയം:** ചുങ്കം മാലിയിൽ കെ. ഗോപാലകൃഷ്ണപിള്ള (89) നിര്യാതനായി.

**തെങ്ങോട്:** ഗവ. പ്രസ് റിട്ട. ഡപ്യൂട്ടി സൂപ്രണ്ട് തെങ്ങോട് മുല്ലയ്ക്കൽ എം.വി. ദാനിയേൽ (81) നിര്യാതനായി.

**തൊടുപുഴ:** മുതലക്കോടം ഞാളൂർ എൻ.പി. ചാക്കോ (യാക്കോബ്-76) നിര്യാതനായി.

**ചെങ്ങന്നൂർ:** ചാമക്കാലായിൽ എ.സി. മാത്യു (ബാബു-68) നിര്യാതനായി.

## പി.എം. ജേക്കബ്

**കളത്തിൽപ്പടി:** തമിഴ്നാട്ട് നെയ്വേലി ലിഗ്നൈറ്റ് കോർപറേഷൻ റിട്ട. പേഴ്സണൽ മാനേജർ കായംകുളം പൊൻവാണിയം വീട്ടിൽ പി.എം. ജേക്കബ് (കുഞ്ഞ്-86) നിര്യാതനായി. ഭാര്യ: കോട്ടയം മുട്ടമ്പലം ചേരിയിൽ ആനിയമ്മ. മക്കൾ: അലക്സ് പി. ജേക്കബ് (യുകെ), മാത്യു പി. ജേക്കബ് (കൊച്ചി), റേച്ചൽ ജോർജ് (യുഎസ്). മരുമക്കൾ: അനൂപ (യുകെ), വിനീത, ജോർജ് ടി. ജോൺ (യുഎസ്).

## ഗൗരി നമ്പ്യാർ

**എളമക്കര:** രാജീവ് നഗർ കൃഷ്ണവർഷയിൽ റിട്ട. ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് വി. ഭാസ്കരൻ നമ്പ്യാരുടെ ഭാര്യ കണ്ണൂർ അഴിക്കോട് മാകൂനി വീട്ടിൽ ഗൗരി നമ്പ്യാർ (87) നിര്യാതയായി. മക്കൾ: അഡ്വ. എം. വിജയകുമാർ, അഡ്വ. എം. രമേഷ് ചന്ദർ, പത്മിനി റാണി (യുഎസ്), അഡ്വ. രാജ്മോഹൻ, സന്തോഷ് ഭാസ്കർ (യുഎസ്). മരുമക്കൾ: രൂപ, ഡോ. ലതിക, രാമചന്ദ്രൻ (യുഎസ്), ഡോ. അന്നപൂർണ, ജയലക്ഷ്മി (യുഎസ്).

**മൂവാറ്റുപുഴ:** മുൻ മുനിസിപ്പൽ ചെയർമാനും അഭിഭാഷകനുമായിരുന്ന കടാതി സിന്ധുഭവനിൽ അഡ്വ. കെ.ആർ. സദാശിവൻ നായർ (82) നിര്യാതനായി.

**കോയിപ്രം:** വട്ടാവേലിൽ പരേതനായ കുട്ടപ്പൻപിള്ളയുടെ ഭാര്യ മാധവിക്കുട്ടിയമ്മ (92) നിര്യാതയായി.

## വർഗീസ് മാത്യു

**പെരുമ്പട്ടി:** തൂങ്ങുപാല വർഗീസ് മാത്യു (ജോയി-67) ഹൂസ്റ്റണിൽ നിര്യാതനായി. ഭാര്യ: കീഴ്വായ്പൂർ പെരുമ്പ്രമ്മാവ് കീച്ചേരിമേപ്രത്ത് എത്സമ്മ. മക്കൾ: ഡോണി, ജെറി, ജെഫ്. മരുമക്കൾ: ജസീക്ക, ജെൻസി, റീന.

## ത്രേസ്യാമ്മ ചാക്കോ

**കാരിത്താസ്:** പാറശേരിൽ പരേതനായ ചാക്കോച്ചന്റെ ഭാര്യ ത്രേസ്യാമ്മ (മാമിക്കുട്ടി-85) നിര്യാതയായി. മക്കൾ: മാർക്കോസ്, വൽസമ്മ (ഡൽഹി), സിസ്റ്റർ മോളി (ഹോളിക്രോസ്, പട്ന), റോസമ്മ, സിബി, ജെസി (ഇരുവരും ഓസ്ട്രേലിയ), സിജി (ബെംഗളൂരു), ബിനു (യുഎസ്). മരുമക്കൾ: എൽസമ്മ, പരേതനായ സോണി കൊല്ലൂർ (ഡൽഹി), ഷാജി പുഷ്പകത്ത് ചെറുവാണ്ടൂർ, റോസ്മി (ഓസ്ട്രേലിയ), തോമസ് ആര്യൻകാലാമറ്റത്തിൽ (ബെംഗളൂരു), ബിജു പോത്താനിക്കാട് (യുഎസ്).

## പി.സി. ചാക്കോ

**സ്ലീവാപുരം:** പോട്ടക്കേരിൽ പി.സി. ചാക്കോ (94) നിര്യാതനായി. മക്കൾ: അഡ്വ. ജോർജ് ചാക്കോ (യുഎസ്), കുഞ്ഞമ്മ (കണ്ണൂർ), ലീലാമ്മ (വെച്ചൂർ), ടോമി ചാക്കോ (ഡെപ്യൂട്ടി ഡയറക്ടർ ഡിആർഡി, തിരുവനന്തപുരം), പരേതനായ പി.സി. ജോയി. മരുമക്കൾ: ലീനാമ്മ, ശാന്ത (യുഎസ്), പാപ്പച്ചൻ (കണ്ണൂർ), ചാണ്ടിക്കുഞ്ഞ് (വെച്ചൂർ), ഡെയ്സി.

**പേരൂർ:** റിട്ട. അധ്യാപകൻ ഗീതാസദനം പി. സുകുമാരൻ നായർ (90) നിര്യാതനായി.

**പത്തനംതിട്ട:** കൊല്ലംപറമ്പിൽ സുനിത ജൂവലറി ഉടമ കൊല്ലംപറമ്പിൽ സുനിത ഹൗസിൽ കെ.പി. വിജയകുമാർ (അംബി-70) നിര്യാതനായി.

**തിരുമൂലപുരം:** പ്ലാംപറമ്പിൽ കെ. ജോർജിന്റെ ഭാര്യ വൽസമ്മ (69) നിര്യാതയായി.

## സജൻ കല്ലുപാലത്തിങ്കൽ

**കല്ലിശേരി:** കല്ലുപാലത്തിങ്കൽ സജൻ (61) നിര്യാതനായി. ഭാര്യ: മാന്നാർ പുത്തൻപുരയ്ക്കൽ സുബ. മക്കൾ: ജിതിൻ, നേഹ, നവീന (എല്ലാവരും യുഎസ്).

**കുറവിലങ്ങാട്:** കന്നുംകുളമ്പിൽ പരേതനായ കെ.ജെ. തോമസിന്റെ ഭാര്യ കൃഷി വകുപ്പ് മുൻ ഉദ്യോഗസ്ഥ പി.എ. മറിയക്കുട്ടി (79) നിര്യാതയായി.

**കോട്ടയം:** ഇലയ്ക്കാട് കല്ലോലിൽ പരേതനായ കെ.ജെ. മാത്യുവിന്റെ ഭാര്യ റിട്ട. അധ്യാപിക വത്സമ്മ (73) നിര്യാതയായി.

## ഏലിയാമ്മ പോത്തൻ



**ന്യൂയോർക്ക്:** കല്ലൂപ്പാറ പുതുശ്ശേരി മൂവക്കോട്ട് മഞ്ഞനാംകുഴിയിൽ എം.ജെ. പോത്തന്റെ ഭാര്യ ഏലിയാമ്മ പോത്തൻ (90) നിര്യാതയായി. കറ്റോട് മാലിയിൽ പരേതനായ പോൾ തോമസിന്റെ മകളാണ്. മക്കൾ: എം.പി. ജോൺ (സണ്ണി - ഇന്ത്യൻ ഓർത്തഡോക്സ് സഭാ മാനേജിംഗ് കമ്മിറ്റിയംഗം, സാലി ഏലിയാസ് (ഫിലാഡൽഫിയ), പരേതനായ തോമസ് പോത്തൻ, ഏബ്രഹാം (സാജൻ പോത്തൻ - ന്യൂജേഴ്സി), അലക്സ് പോത്തൻ (ഫിലാഡൽഫിയ), സജി എം പോത്തൻ (ന്യൂയോർക്ക് - നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസ കൗൺസിലംഗം, ഫൊക്കാന ദേശീയ കമ്മിറ്റിയംഗം). മരുമക്കൾ: സിസിലി ജോൺ, അഡ്വ. ടി.പി. ഏലിയാസ് (ഫിലാഡൽഫിയ), ഡോ. സാജൻ പോത്തൻ (ന്യൂജേഴ്സി), എലിസബത്ത് പോത്തൻ (ഫിലാഡൽഫിയ), റെബേക്ക പോത്തൻ (ന്യൂയോർക്ക്).

**വാകത്താനം:** പള്ളിക്കാപ്പറമ്പിൽ പരേതനായ പി.ഒ. സഖറിയായുടെ ഭാര്യ സാറാമ്മ (കുഞ്ഞമ്മ-69) നിര്യാതയായി.

## മേരി ജോർജ്

**ഇലഞ്ഞി:** കൂര് പെരുമ്പിള്ളിൽ (പുറപ്പുഴ വയനാട്ടിൽ) പരേതനായ സി.കെ. ജോർജിന്റെ ഭാര്യ മേരി (89) നിര്യാതയായി. മക്കൾ: ബിനോയി (യുഎസ്), ജോർഡി, കുഞ്ഞുമോൾ, ബെറ്റ്സി, അനിത, കുഞ്ഞുമോൻ, പരേതനായ ജാനറ്റ്. മരുമക്കൾ: കുസുമം (യുഎസ്), സിൽവി, രണ്ടാർ വെള്ളാങ്കൽ, ബേബി, ശാന്തിപുരം മാവേലിൽ സണ്ണി, കുഞ്ഞുമോൾ, ഒലിയപ്പുറം കുന്നത്ത് പരേതനായ ജോഷി.

## ലീലാമ്മ കുഞ്ഞച്ചൻ

**കൊട്ടാരക്കര:** പടിഞ്ഞാറേത്തെരുവ് കൈപ്പൻ പ്ലാമൂട്ടിൽ എം. കുഞ്ഞച്ചന്റെ ഭാര്യ ലീലാമ്മ കുഞ്ഞച്ചൻ (64) നിര്യാതയായി. നീലേശ്വരം ആലുവിള കുടുംബാംഗമാണ്. മക്കൾ: സഞ്ജയ് കുഞ്ഞച്ചൻ (യുഎസ്), സിമി ഷിജു. മരുമക്കൾ: സുജ (യുഎസ്), ഷിജു ജോൺ (ഉദയാ മൊബൈൽസ്).

**ചങ്ങനാശേരി:** പാറേൽ പള്ളിക്ക് സമീപം പാലമറ്റത്ത് ഷിബി വില്ലയിൽ വർഗീസ് ജോസഫ് (ബബ്ബു-72) നിര്യാതനായി.

## മറിയക്കുട്ടി ജോസഫ്

**കാപ്പുന്തല:** തുരുത്തേൽ മഞ്ഞക്കാലായിൽ ജോസഫിന്റെ ഭാര്യ മറിയക്കുട്ടി (88) നിര്യാതയായി. മാറാടി നിരവത്ത് കുടുംബാംഗമാണ്. മക്കൾ: സിസ്റ്റർ എമിൽ ജോസ് (പ്രിൻസിപ്പൽ അമല പബ്ലിക് സ്കൂൾ, എഴുപുന്ന), ജോയി, ചിന്നമ്മ, കുര്യച്ചൻ, കൊച്ചുറാണി, സിസ്റ്റർ അമൽ (എൽഎഫ് ആശുപത്രി, അങ്കമാലി), ജോബിൻസ് (യുഎസ്). മരുമക്കൾ: ഗ്രേസിക്കുട്ടി, റാണി (അധ്യാപിക, ഒഎൽഎൽ എച്ച്എസ്എസ്, ഉഴവൂർ), ജേക്കബ് തോമസ് ഇടശേരിൽ കാഞ്ഞിരത്താനം (സൂപ്രണ്ട്, ജെഎസ്എസ്ബി, ആലുവ), ജോബി ആലപ്പാട്ട് ചെട്ടിക്കൽ (യുഎസ്), പരേതനായ ഫ്രാൻസിസ് സാജൻ കല്ലുവീട്ടിൽ (കലൂർ).

## തോമസ് സക്കറിയ

**മൈലപ്ര:** കുമ്പഴ വടക്ക് കളത്തൂർ തോമസ് സക്കറിയ (കുഞ്ഞുമോൻ-73) നിര്യാതനായി. ഭാര്യ: ചരിവുപറമ്പിൽ ലീലാമ്മ. മക്കൾ: ബിനു, മെറിൻ (യുഎസ്). മരുമക്കൾ: മിനി, നവീൻ (യുഎസ്).

**എടത്തിരുത്തി:** മാള കാർമൽ കോളജ് മുൻ പ്രിൻസിപ്പലും കർമ്മലീത്ത ഉദയ പ്രൊവിൻസ് എടത്തിരുത്തി സെ. ആൻസ് കോൺവന്റ് അംഗവുമായ സിസ്റ്റർ ശാന്തി (75) നിര്യാതയായി.

## എ.എം. കുരുവിള

**വാഴൂർ:** പുളിക്കൽക്കവല മണ്ണൂപ്പറമ്പിൽ എം.എ. കുരുവിള (കുഞ്ഞ്-94) നിര്യാതനായി. ഭാര്യ: വാകത്താനം നാലുന്നാക്കൽ കല്ലുപറമ്പിൽ പരേതയായ ശോശാമ്മ. മക്കൾ: ലാലി, ബാബു (ഇരുവരും യുഎസ്), രാജേഷ് (അഹമ്മദാബാദ്), സജി തോമസ് (ബെംഗളൂരു). മരുമക്കൾ: ചങ്ങനാശേരി പുരയ്ക്കൽ റോയി, അനു (ഇരുവരും യുഎസ്), സുജ, സുജ.

## ജോസഫ് വാറുണ്ണി

**പാലക്കാട്:** ആലപ്പാട്ട് ജോസഫ് വാറുണ്ണി (92) നിര്യാതനായി. ഭാര്യ: കണ്ടശാംകടവ് പണ്ടാരവളപ്പിൽ മേരി. മക്കൾ: വിൻസന്റ് (കുവൈത്ത്), മാത്തച്ചൻ (കോയമ്പത്തൂർ), ജോസഫ് (കുവൈത്ത്), ലില്ലി (ബെംഗളൂരു), ഡോ. ഡെയ്സി (യുഎസ്), സിസ്റ്റർ ആന്റണീറ്റ (തിരുവല്ല), ആന്റണി (കുവൈത്ത്), റൂബി (കൊച്ചി). മരുമക്കൾ: ലിസി, ലിംസി, നീന, ജോർജ്, ടീന, ജാക്സൺ.

**മൂരണി:** നിരണം നാനാത്രകളീക്കൽ പരേതനായ എൻ.ജി. ജോർജിന്റെ ഭാര്യ റിട്ട. ജില്ലാ ട്രഷറി ഓഫീസർ ശോശാമ്മ ജോർജ് (കുഞ്ഞൂഞ്ഞമ്മ-85) നിര്യാതനായി.

**തിരുവനന്തപുരം:** ഫാമിലി പ്ലാസ്റ്റിക്സ് സ്ഥാപകൻ കുമാരപുരം പൊതുജനം റോഡ് ഷാൻഗ്രീലയിൽ ഡാനിയൽ എ. ഫെർണാണ്ടസ് (80) നിര്യാതനായി.

**കോഴിക്കോട്:** മാതൃഭൂമി മുൻ അസിസ്റ്റന്റ് എഡിറ്ററും എഴുത്തുകാരനുമായ കല്ലായി വി.കെ. കൃഷ്ണമേനോൻ റോഡ് ദ്വാരകയിൽ വി.ആർ. ഗോവിന്ദനുണ്ണി (72) നിര്യാതനായി.

**മുട്ടാർ:** മഹേന്ദ്രപുരം ചീരംവേലിൽ തൊമ്മികുഞ്ഞിന്റെ ഭാര്യ കുഞ്ഞുമോൾ തോമസ് (58) നിര്യാതയായി.

**പാലാ:** ചെറുകഥാകൃത്തും നോവലിസ്റ്റുമായിരുന്ന ചെത്തിമറ്റം ചെഞ്ചേരിൽ തോമസ് (തോമസുകുട്ടി ചെഞ്ചേരിൽ -52) നിര്യാതനായി.

## വർഗീസ് ഏബ്രഹാം

**ചാത്തങ്കരി:** കൊല്ലാറ കടമാട്ട് തണ്ടാശേരിൽ വർഗീസ് ഏബ്രഹാം (തങ്കച്ചൻ-89) നിര്യാതനായി. ഭാര്യ: പൂഴിക്കാട്ട് അമ്മിണി. മക്കൾ: ആലി, പ്രസാദ്, സൂസമ്മ. ലില്ലിക്കുട്ടി, ഉഷ, സജി, പരേതയായ ഓമന. മരുമക്കൾ: ജോയ്, രാജു, അമ്മിണി, മോനച്ചൻ, കുട്ടപ്പൻ, പ്രിൻസി, പരേതനായ രാജു (എല്ലാവരും യുഎസ്).

## കെ.ടി. ജോസഫ്

**കല്ലറ:** വിമുക്തഭടൻ കോട്ടൂപ്പറമ്പിൽ കെ.ടി. ജോസഫ് (81) നിര്യാതനായി. ഭാര്യ: ചങ്ങനാശേരി തുരുത്തി കാട്ടടി കുഞ്ഞൂഞ്ഞമ്മ. മക്കൾ: ജിമി, ജെൻസി, ജെസി, തോമസ് ജോസഫ് (ഇരുവരും യുഎസ്). മരുമക്കൾ: വിനോദ് (തിരുവനന്തപുരം), വിനു (കല്ലറ), പ്രദീപ്, റിത്തു (ഇരുവരും യുഎസ്).

**ചങ്ങനാശേരി:** വാഴപ്പള്ളി താമരശേരിൽ പരേതനായ പ്രഫ. കെ ദാമോദരൻ നായരുടെ (എൻഎസ്എസ് കോളജ്) ഭാര്യ പങ്കജം (81) നിര്യാതയായി.

## ഈപ്പൻ ചാക്കോ

**മാമ്മൂട്:** കൊച്ചുറോഡ് മാമ്പറമ്പിൽ ഈപ്പൻ ചാക്കോ (പാപ്പച്ചൻ-86) നിര്യാതനായി. ഭാര്യ: ചിറപ്പുറയിടം പരേതയായ കുഞ്ഞമ്മ. മക്കൾ: വൽസമ്മ (യുഎസ്), ശോശാമ്മ (റിട്ട. അധ്യാപിക, സിഎംഎസ് ഹൈസ്കൂൾ, മുണ്ടിയപ്പള്ളി), അച്ചൻകുഞ്ഞ്, റെജി, കുഞ്ഞുമോൻ, മിനി, ബീന (ബെംഗളൂരു), പരേതനായ ജോസ്. മരുമക്കൾ: ജോർജുകുട്ടി (യുഎസ്), ജോർജ് വർഗീസ് (മുണ്ടിയപ്പള്ളി), മിനി, ഷിബു (പുത്തൻകാവ്), സിനി, ഷാജി കോശി (കറുകച്ചാൽ), സാബു ബെംഗളൂരു), ലിനി.

## വി.ജി. ചാക്കോ

**വിശാഖപട്ടണം:** പത്തനംതിട്ട തുമ്പമൺ വെളുത്തടത്തിൽ മുകടിയിൽ റൊട്ടേറിയൻ വി.ജി. ചാക്കോ (85) നിര്യാതനായി. ഭാര്യ: കുമ്പളാംപൊയ്ക താഴെമുറിയിൽ മേരി. മക്കൾ: ഷാജി ചാക്കോ, ഷീല വർഗീസ്. മരുമക്കൾ: ഷാലി ചാക്കോ, പി.എം. വർഗീസ് ആറന്മുള (എല്ലാവരും യുഎസ്).

## എം.എം. വർഗീസ്

**ചെറിയനാട്:** മാമ്മൂട്ടിൽ എം.എം. വർഗീസ് (അപ്പു-76) നിര്യാതനായി. ഭാര്യ: തട്ടാരമ്പലം ഈഴക്കടവിൽ മോടിയിൽ എലിസബത്ത്. മക്കൾ: വിധു (യുഎസ്), മിധു (ചെറുപുഷ്പം ബഥനി സ്കൂൾ ചുനക്കര). മരുമകൻ: സൂരജ് (കുറത്തികാട്).

**പാലാ:** മദർ സുപ്പീരിയറും മുത്തോലപുരം ആരാധനാ മഠാംഗവുമായ സിസ്റ്റർ മരിയ ബംബീന (90) നിര്യാതയായി.

## എം. മോഹനൻ

**കൊച്ചി:** ഡോ. എം. ലീലാവതിയുടെ സഹോദരനും ഡിഫൻസ് മെറ്റലർജി റിസർച് ലാബ് മുൻ ഡയറക്ടറുമായ എം. മോഹനൻ (76) നിര്യാതനായി. ഭാര്യ: ഡോ. ശ്രീദേവി. മക്കൾ: ചന്ദ്രമോഹൻ (യുഎസ്), ഹേമാംബിക (യുകെ). മരുമക്കൾ: ഷൈലജ (യുഎസ്), അനിൽകുമാർ (യുകെ).

**ചാന്നാനിക്കാട്:** മിൽമ (കോട്ടയം) റിട്ട. ഉദ്യോഗസ്ഥൻ ചേരിയിൽ (രാഹുൽ ഭവൻ) സി.കെ. പുരുഷോത്തമൻ നായർ (63) നിര്യാതനായി.

**കുമരകം:** ഇടവട്ടം കൈത്തറ പരേതനായ പ്രസന്നന്റെയും ശോഭനയുടെയും മകൻ പ്രശാന്ത് (35) നിര്യാതനായി.

## ബേബി സിറ്ററെ ആവശ്യമുണ്ട്

ക്ലീവ്‌ലന്റ് ഒഹായോയിൽ താമസിക്കുന്ന മലയാളി ദമ്പതികളുടെ 4 മാസം പ്രായമുള്ള കുട്ടിയെ വീട്ടിൽ താമസിച്ച് പരിചരിക്കുന്നതിന് ബേബി സിറ്ററെ ആവശ്യമുണ്ട്.

**Phone: 216 318 9092**

**716 989 9221**

## NANNY WANTED

We are an Indian couple living in Elmhurst, Illinois. We are looking for either a live in or live out nanny/babysitter to start as soon as possible to watch an 8 month old infant. Some cooking and light house keeping expected.

**Please contact us at**

**917-685-2553 or 312-399-6750**

## 5 ACRES RUBBER ESTATE FOR SALE

5 Acres property near Nelliyani, Palai, easy access to Vaikom - Palai road, Alphonsa college and Mariyan hospital. This property is far away from flood zone. Selling as a whole, or three parts. Good for investment, apartment, villa or other development opportunities.

**Please contact**

**Jay: 001- 416 458 1978 or**

**Santhosh: 919447571716**

### *Favors Received*



*Inserted by: Jolly Thomas, FL*

### ഉപകാരസ്മരണ



*Inserted by: Firm Believer, Oklahoma*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Bloomingdale*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, New York*

## PROPERTY FOR SALE ON MALLAPPALLY

Property for sale on Mallappally Ranny route. Cherthodu Junction 28 cent land with 3 room shop and 2 bedroom house with water facility available (well and water connection). 26 meter frontage main roadside. Car parking also available.

**Contact number:**

**Sabu UK- 0044 7859833078**

**Raju- 0091 8129287494/ 0091 9947097095**

## ഉഴവൂരിൽ സ്ഥലം വില്പനയ്ക്ക്

ഉഴവൂരിൽ നിന്നും പയസ്മൗണ്ടിലേക്ക് പോകുന്ന വഴിക്ക് കരുനേച്ചി അമ്പലത്തിനു സമീപം വഴിയരുകിൽ 50 സെന്റ് സ്ഥലം വില്പനയ്ക്ക്. വീട് പണിയുന്നതിന് ഉത്തമം. N.R.I. യ്ക്ക് മുൻഗണന.

**താത്പര്യമുള്ളവർ വിളിക്കുക:**

**011-91-949-587-6840**

## മലയാളി ക്രിസ്ത്യൻ ദമ്പതികൾക്ക് താമസിക്കുവാൻ അവസരം

ഫ്ളോറിഡായിലെ ഡാവൻപോർട്ടിൽ (ഒർലാണ്ടോയ്ക്കു സമീപം) താമസിക്കുന്ന ഒരു കുടുംബത്തിന്റെ കൂടെ വാടക നല്കി താമസിക്കുവാൻ പ്രായമുള്ള മലയാളി ക്രിസ്ത്യൻ ദമ്പതികൾക്ക് അവസരം. താത്പര്യമുള്ളവർ വിളിക്കുക:

**ഫോൺ:**

**352-321-2096**

## HOUSING PLOT FOR SALE TRIVANDRUM

Two plots of 10 cents each for sale in Chavadimukku, Sreekariam. Walking distance from National Highway.

**Interested parties, please call:**

**516-784-3621**

## HELP WANTED

ചിക്കാഗോയിലെ സ്കോക്കിയിൽ താമസിക്കുന്ന മലയാളി ദമ്പതികളെ നോക്കുവാനും പാചകം ചെയ്യുവാനും ആളെ ആവശ്യമുണ്ട്.

അതോടൊപ്പം രണ്ട് വയസ് പ്രായമുള്ള കുട്ടിയെ നോക്കുവാനും സഹായം ആവശ്യമുണ്ട്. താത്പര്യമുള്ളവർ വിളിക്കുക:

**(847) 340-7569, (847) 644-7298**

### ഉപകാരസ്മരണ

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
കൃപയുണ്ടായി ഞങ്ങളോട്
കരുണ ചെയ്യണമെ
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയുള്ളവനും
നിന്റെ തിരുനാമം
വാഴ്ത്തപ്പെട്ടതും ആകുന്നു
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ ശരണമേ!
എന്നേയ്ക്കും നിനക്കു സ്തുതി
ബാറെക്മോർ

*Inserted by: Firm Believer, Virginia*

### ഉപകാരസ്മരണ

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
കൃപയുണ്ടായി ഞങ്ങളോട്
കരുണ ചെയ്യണമെ
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയുള്ളവനും
നിന്റെ തിരുനാമം
വാഴ്ത്തപ്പെട്ടതും ആകുന്നു
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ ശരണമേ!
എന്നേയ്ക്കും നിനക്കു സ്തുതി
ബാറെക്മോർ

*Inserted by: Firm Believer, Virginia*

## കഥ ഇതുവരെ

അലീനയുടെ നന്മകൾ തിരിച്ചറിയുകയാണ് ബബിത. അലീനയിലെ വേലക്കാരി എന്ന ലേബൽ തിരുത്തിക്കുറിക്കാൻ അവൾ വീട്ടിൽ ശ്രമം തുടങ്ങി. വൈജയന്തിയുടെ പുതിയ താമസസ്ഥലം ശിവശങ്കരമേനോൻ കണ്ടുപിടിക്കുന്നു. പ്രതിസന്ധിയിൽ തളരാതെ പരിഹാരങ്ങൾ നിർദ്ദേശിക്കാറുള്ള അലീനയുടെ മനസ്സിൽ എന്തൊക്കെയോ തീരുമാനങ്ങൾ ഉണ്ടാകുന്നു. ഈ കുടുംബം രണ്ടായി പിളരാതിരിക്കണം. അച്ഛനും അമ്മയും മക്കളും ഒന്നിച്ചു കഴിയുന്ന വീടായിരിക്കണം ഇത്. ഈ തീരുമാനം ബാലചന്ദ്രമേനോനെയും മക്കളെയും ഞെട്ടിച്ചു. അലീനയെ അവളുടെ യഥാർത്ഥ അച്ഛനെ ഏൽപ്പിക്കാൻ കഴിഞ്ഞതിൽ ബാലചന്ദ്രമേനോൻ സന്തുഷ്ടനാണ്. വൈജയന്തി കടപ്പാട്ടൂരെ വീട്ടിൽ തിരിച്ചെത്തി. സ്റ്റാൻലിയുടെ അപ്പച്ചൻ അലീനയെ കണ്ടനിമിഷം അയാളുടെ മനസ്സ് അൻപത്തിയഞ്ചു വർഷം പിന്നിലേക്കുപോയി. മരിച്ചുപോയ ഭാര്യ ചിന്നമ്മയുടെ തനിസ്വരൂപമായിരുന്നു അയാൾ കണ്ടത്. സ്റ്റാൻലിയും വല്യപ്പച്ചനും അലീനയുമൊത്ത് പുനലൂർക്കു പോയി. അലീനയുമായി ബന്ധപ്പെട്ട ആ രഹസ്യം രോഹിത്ത് ബാലചന്ദ്രമേനോനിൽനിന്ന് കേൾക്കുന്നു. മകൻ തൊടുത്തുവിട്ട വാക്കുകൾ വൈജയന്തിയുടെ കാതിൽ മുഴങ്ങിക്കൊണ്ടേയിരുന്നു. അവളുടെ മനസിൽ പഴയകാല സ്മരണകൾ ഇരമ്പി. പുനലൂരിലെ കൊട്ടാരമറ്റം തറവാട്ടിൽ ഈസ്റ്റർ ആഘോഷിക്കാനായി സ്റ്റാൻലിയും ഔതക്കുട്ടിച്ചായനും അലീനയും യാത്ര തിരിച്ചു.

(തുടർന്നു വായിക്കുക)

# മഴ തോരും മുൻപേ...

ജോയ്സി

**139**

ഷെറിൻ അലീനയുടെ മുഖത്തേക്കു സംശയത്തോടെ നോക്കിക്കൊണ്ടിരുന്നു.

മനസ്സിലുള്ളതു തുറന്നു പറയണോ... പറയാതിരിക്കണോ എന്നൊരു ശങ്ക അവളെ അലട്ടുന്നുണ്ടെന്ന് അലീനയ്ക്കു തോന്നി.

"എന്നോടു ധൈര്യമായിട്ടു പറഞ്ഞോ.... എങ്കിലല്ലേ എനിക്കു മോളെ കണ്ടുപിടിക്കാൻ പറ്റൂ."

"ശ്രീകാര്യം എന്നൊരു സ്ഥലത്തിനടുത്താ. ഓർഫനേജിന്റെ പേര് ലിറ്റിൽ ഫ്ളവർ."

ഷെറിൻ അങ്ങിങ്ങു നോക്കിയിട്ടു പതിയെ പറഞ്ഞു.

അലീനയ്ക്ക് ആ ഓർഫനേജ് എവിടെയാണെന്ന് അറിയാമായിരുന്നു.

"ശ്രീകാര്യത്തല്ലല്ലോ അത്. പോങ്ങുംമൂടിനടുത്ത് പ്രശാന്ത് നഗറിലല്ലേ?"

"എനിക്ക് സ്ഥലമൊന്നും കൃത്യമായിട്ടറിയില്ല. അങ്ങോട്ടു കാറിലാ കൊണ്ടുപോകുന്നെ.... അതും സന്ധ്യ കഴിഞ്ഞ്. അപ്പച്ചൻ പറയും കണ്ണടച്ച് ഇരുന്നോളാൻ. സ്ഥലവും റോഡും ഒന്നും ഞാൻ തിരിച്ചറിയരുത്."

ഷെറിൻ ഓർമ്മയിൽനിന്നു വാക്കുകൾ പരതിയെടുത്തുകൊണ്ടു പറഞ്ഞു.

"ഒത്തിരി നിർബന്ധിക്കുമ്പഴാ കൊണ്ടുപോകുന്നത്. ഞാൻ പട്ടിണി കിടക്കും.... സൂയിസൈഡ് ചെയ്യുമെന്നു പറയും. അന്നേരം ഒരുപാട് വഴക്കെല്ലാം പറഞ്ഞ് കാറിൽ കേറ്റിക്കൊണ്ടു പോകും. കന്യാസ്ത്രീകൾ നടത്തുന്ന ഒരു ഓർഫനേജാ അത്. കോൺവെന്റിന് മുൻപിൽ കാർ നിർത്തിയിട്ട് എന്നെ ഇറക്കി നടത്തിക്കൊണ്ടുപോകും. ഒരു മുറ്റവും കുട്ടികൾക്കു കളിക്കാനുള്ള ഗ്രൗണ്ടും കടന്ന് കുറേ പടികയറി ഒരു കെട്ടിടത്തിന്റെ നീണ്ട വരാന്തയിൽ ചെല്ലും. രണ്ടു നിലയുണ്ടതിന്. താഴത്തെ നിലയിൽ സ്കൂളിൽ പോകുന്ന മുതിർന്ന കുട്ടികളായിരുന്നു. മുകളിലത്തെ നിലയിലാ കൊച്ചു കുഞ്ഞുങ്ങൾ.'

"എനിക്കറിയാം. ഞാനവിടെ വന്നിട്ടുണ്ട്.... ബ്രിജീത്താ മമ്മിയുടെകൂടെ." അലീന പറഞ്ഞു. "അന്നും ഞാനും ഒരനാഥയായിരുന്നു."

"അലീന ഏത് ഓർഫനേജിലായിരുന്നു?"

"കഴക്കൂട്ടത്ത്.... സ്നേഹനികേതനം."

"ഞാൻ കേട്ടിട്ടില്ല. നിന്റെ അമ്മ ആരാണെന്ന് നിനക്കറിയാമോ?"

അപ്പോഴാണ് അലീന ഓർത്തത്. തന്റെ ജന്മരഹസ്യം അറിയാവുന്നവർ ആരൊക്കെയുണ്ട് കൊട്ടാരമറ്റം തറവാട്ടിൽ?

പപ്പയ്ക്ക് അറിയാം.

വല്യപ്പച്ചനും അറിയാം. ആദ്യമായി താൻ കൊട്ടാരമറ്റത്തേക്കു പോയപ്പോൾ വല്യപ്പച്ചൻ പ്രത്യേകം ഉപദേശിച്ചിരുന്നു.

– നിന്റെ അമ്മയുടെ പേരും വിവരങ്ങളുമൊന്നും ആരു ചോദിച്ചാലും പറയണ്ട. അവർ ജീവിച്ചിരിപ്പുണ്ടെന്നോ അവരെ കണ്ടിട്ടുണ്ടെന്നോ ഒന്നും വിസ്തരിക്കാൻ നിൽക്കണ്ട.

– പറഞ്ഞാലെന്താ വല്യപ്പച്ചാ?

– അതൊക്കെപ്പിന്നെ നാടുനീളെ അറിയും. ഏഷണി അങ്ങു പാലായിൽ എത്തിച്ചുകൊടുക്കാനും ആളുണ്ടായെന്നു വരും.

– ഞാൻ പറഞ്ഞില്ലെങ്കിലും പപ്പാ പറയില്ലേ?

– ലാലിച്ചനാ പറഞ്ഞത്, നിന്നോട് ഇക്കാര്യം പ്രത്യേകം ഓർപ്പിക്കണമെന്ന്.

– ഞാനെങ്ങനെയാ കുളത്തൂപ്പുഴയിൽ വന്നതെന്ന് അവരു ചോദിക്കുമ്പം എന്തു പറയും?

– നീ അഗതിമന്ദിരത്തിലായിരുന്നു. ലാലിച്ചന്റെ മകളാണു നീയെന്ന് അറിയാവുന്ന ഒരാൾ നിന്നെ ലാലിച്ചന്റെ അടുത്തെത്തിച്ചു.... അത്രേമുള്ളൂ.

– പപ്പായുടെ അനുജന്മാർക്ക് അറിയില്ലേ വല്യപ്പച്ചാ?

– ലാലിച്ചന് പണ്ട് ഒരു പാലാക്കാരി പെണ്ണുമായി അടുപ്പമുണ്ടായിരുന്നു എന്നല്ലാതെ അത് ആരാ, എന്താ എന്നൊന്നും അവർക്ക് ഓർമ്മയില്ല. പത്തിരുപത്തിനാലു കൊല്ലം കഴിഞ്ഞുപോയില്ലേ?

കൊട്ടാരമറ്റം തറവാട്ടിൽ പോയപ്പോൾ ആൻസിയാന്റിയും വൽസമ്മയാന്റിയുമെല്ലാം പ്രത്യേക താൽപര്യമെടുത്തു ചോദിക്കുകയുണ്ടായി. തന്റെ അമ്മ ആരെന്ന് അറിയാമോ, അവർ ഇപ്പോൾ എവിടെയാണ് എന്നെല്ലാം.

വല്യപ്പച്ചന്റെ നിർദേശമനുസരിച്ച് അറിയില്ല എന്നുതന്നെ മറുപടി പറഞ്ഞു.

ഇപ്പോൾ ഷെറിൻ ആന്റിയുടെ ചോദ്യത്തിന് എന്തു മറുപടി പറയണമെന്നറിയാതെ അലീന പതറി.

"അറിയില്ല. അല്ലേ?" നിമിഷങ്ങൾക്കകം അനുകമ്പാർദ്രമായ സ്വരത്തിൽ ഷെറിൻ പറഞ്ഞു. "അനാഥമന്ദിരത്തിലെ കുഞ്ഞുങ്ങൾ എങ്ങനെ അറിയും അവരുടെ അമ്മയാരാണെന്ന്? പക്ഷേ, അവരുടെ അമ്മയ്ക്ക് അറിയാം."

"എല്ലാ അമ്മമാർക്കും അറിയില്ല. അവരറിയാതെയും അവരുടെ മക്കൾ അനാഥാലയങ്ങളിൽ വന്നുചേരുന്നുണ്ട്."

അലീന പറഞ്ഞു.

"നിന്റെ അമ്മ ആരാണെന്നു ലാലിച്ചായന് അറിയില്ലേ?"

"അറിയാം."

"അപ്പച്ചനോ?"

"അപ്പച്ചനും അറിയാം."

"നീ അവരോടു ചോദിച്ചില്ലേ?"

"അതിനുമുൻപേ എനിക്കറിയാമായിരുന്നു എന്റെ അമ്മ ആരാണെന്ന്."

ഷെറിന്റെ കണ്ണുകളിൽ അതിശയം വിടർന്നു.

"ആരാ?"

"ഞാനതു പറയാൻ പാടില്ല."

"ജീവിച്ചിരിപ്പുണ്ടോ?"

"ഉണ്ട്."

"നീ കണ്ടിട്ടുണ്ടോ നിന്റെ അമ്മയെ?"

"കണ്ടിട്ടുണ്ട്."

"ആ സ്ത്രീ നിന്നെ കണ്ടിട്ടുണ്ടോ?"

"ഉവ്വ്."

"എന്നിട്ടു തിരിച്ചറിഞ്ഞില്ലേ?"

"ഇല്ല."

"എന്നാൽ അതു നിന്റെ അമ്മയല്ല. ഞാൻ എന്റെ മോളെ എവിടെവെച്ചു കണ്ടാലും തിരിച്ചറിയും.... എത്രകാലം കഴിഞ്ഞാലും."

"പക്ഷേ, എന്റെ അമ്മയ്ക്കറിയില്ല ഞാൻ ജീവിച്ചിരിപ്പുണ്ടെന്ന്. ജനിച്ചപ്പഴേ ഞാൻ മരിച്ചു. അത്രയേ എന്റെ അമ്മയ്ക്ക് അറിയൂ."

"നീ എന്തുകൊണ്ടു പറഞ്ഞില്ല. അവരുടെ മകളാണെന്ന്?"

"അമ്മയ്ക്കു ഭർത്താവുണ്ട്, മക്കളുണ്ട്, കുടുംബമുണ്ട്."

ഷെറിൻ ജനാലയുടെ നേർക്ക് തുറിച്ചുനോക്കി. ഇളം നീലനിറമുള്ള ജാലകവിരിയിൽ ഒരു സിനിമാ സ്ക്രീനിലെന്നപോലെ അവൾ ചില സംഭവങ്ങൾ കാണുന്നുണ്ടെന്ന് അലീനയ്ക്കു തോന്നി. ഷെറിൻ നിഷേധാർത്ഥത്തിൽ പതിയെ തലയാട്ടി.

"എന്നോടും അവരു കള്ളം പറഞ്ഞതാണ് അല്ലേ?"

അവൾ പ്രത്യാശയോടെ അലീനയെ നോക്കി.

"എന്തു കള്ളമാ പറഞ്ഞത്?"

"എന്റെ കുഞ്ഞ് മരിച്ചുപോയെന്ന്."

"ആര് പറഞ്ഞു?"

"എല്ലാവരും പറഞ്ഞു."

"ഓർഫനേജിൽ പോയി അന്വേഷിച്ചില്ലേ?"

"അവിടില്ലായിരുന്നു. അവരും പറഞ്ഞു മരിച്ചു പോയിരിക്കാമെന്ന്. അവിടുന്ന് ആരോ ദത്തെടുത്തു കൊണ്ടുപോയി.... കുറേനാൾ കഴിഞ്ഞ് അസുഖം വന്നു മരിച്ചു."

ഷെറിന്റെ മുഖം തന്റെ കുട്ടി മരിച്ചുപോയ ഒരമ്മയുടേതെന്നപോലെ വെളുത്തു വിളറി.

ചുണ്ടുകൾ ഇരുണ്ടു.

മുഖം മാത്രമല്ല, അവളുടെ ശരീരവും മുറുകുകയാണെന്ന് തോന്നുമായിരുന്നു. കൈ രണ്ടും അവൾ മടിയിൽ ചുരുട്ടിപ്പിടിച്ചു.

"സത്യം എന്താണെന്ന് നമുക്ക് അന്വേഷിച്ചറിയണം." അലീന സാന്ത്വനംപോലെ പറഞ്ഞു.

ഷെറിൻ മിണ്ടാതിരുന്നു.

ഇതുവരെയുണ്ടായിരുന്ന സമചിത്തതയ്ക്കു മാറ്റം വന്നുവെന്ന് അലീനയ്ക്കു മനസ്സിലായി.

കുറേ നിമിഷങ്ങൾക്കു ശേഷം ഷെറിൻ മെല്ലെ മുഖം തിരിച്ച് അലീനയെ നോക്കി.

"എനിക്ക്.... എനിക്കൊരു മോളുണ്ടായിരുന്നോ?"

അലീന അന്ധാളിച്ചു പോയി.

"എന്തുപറ്റി?"

"ഇപ്പം എനിക്കു തോന്നുന്നു ഇല്ലായിരുന്നെന്ന്. ഞാൻ സ്വപ്നം കണ്ടതായിരിക്കും. മരിച്ചു പോകുന്നതു മാത്രം സ്വപ്നത്തിൽ കണ്ടില്ല. അതുകൊണ്ടാ സംശയം. അതുകൂടി കണ്ടിരുന്നെങ്കിൽ...."

ഒരു സ്വപ്നത്തിലെന്നപോലെ ഷെറിൻ പറഞ്ഞുകൊണ്ടിരുന്നു.

എന്നിട്ടു തന്നെത്താൻ ചിരിച്ചു.

അലീനയ്ക്കു സങ്കടം വന്നു,

ഒരു കുഞ്ഞിനെ പ്രസവിച്ചതും പിന്നീടതിനെ നഷ്ടപ്പെട്ടതുമെല്ലാം സത്യമോ മിഥ്യയോ എന്നറിയാതെ മനോരോഗത്തിനപ്പുറത്തും ഇപ്പുറത്തും പെൻഡുലംപോലെ ചാഞ്ചാടുന്ന ദുർബല മനസ്സുമായി ഒരമ്മ.

രാത്രി ഔതക്കുട്ടിച്ചായൻ അലീനയുടെ മുറിയിൽ വന്നു.

"ഇവളെ നിന്റെ മുറിയിലാണോ കിടത്തുന്നെ?"

അയാൾ ചോദിച്ചു.

"അതേ."

"ഇതു നിനക്കു മാത്രമായിട്ടു ലാലിച്ചൻ തന്ന മുറിയല്ലേ? അവൾക്ക് ഇതിന്റെ തൊട്ടപ്പുറത്തെ മുറീല് കിടക്കാല്ലോ."

"ഇന്നിങ്ങു വന്നതല്ലേയുള്ളൂ. ഇവിടെല്ലാം ഒന്നു പരിചയമാകട്ടെ വല്യപ്പച്ചാ."

"ഇതൊക്കെ ആദ്യമേ ചെയ്യുന്നതാ നല്ലത്. പിന്നീടു മാറ്റുമ്പം അതൊരു വെഷമത്തിനു കാരണമാകും. ഒറ്റയ്ക്കു കിടക്കാൻ പേടിയുള്ള കൂട്ടത്തിലൊന്നുമല്ല അവൾ."

"ഇവിടെ കിടന്നാലെന്താ വല്യപ്പച്ചാ?"

"നിനക്കു ചെലപ്പം ഒറങ്ങാൻ പറ്റിയില്ലെന്നു വരും. രാത്രീലൊക്കെ ഓർക്കാപ്പുറത്ത് എണീറ്റ് ലൈറ്റിട്ടോണ്ടു മുറീക്കൂടി നടക്കും. ചെലപ്പം പാട്ടുപാടും.... വർത്തമാനം പറയും.... ചിരിക്കും... കരയും. നീ പേടിക്കാതിരിക്കാൻ വേണ്ടിയാ ഞാൻ പറയുന്നെ."

അലീനയ്ക്കു ലേശം ഉൾഭയം തോന്നി.

"എന്നും അങ്ങനെയുണ്ടോ?"

"എന്നുമില്ല. വല്ലപ്പഴും."

"ഉപദ്രവിക്കൊന്നുമില്ലല്ലോ."

"ഇതുവരെ അങ്ങനെ ഉണ്ടായിട്ടില്ലെന്നുവച്ച് ഒന്നും മുൻകൂട്ടി പറയാൻ പറ്റില്ല. അതു മാത്രമല്ല, അവൾ കിടക്കുന്ന മുറി പുറത്തുനിന്നു പൂട്ടും. അല്ലെങ്കിൽ രാത്രീൽ ചെലപ്പം ഇറങ്ങിപ്പോയെന്നുവരും."

അലീന ഷെറിനെ നോക്കി.

ഇതൊന്നും തന്നെ സംബന്ധിച്ച കാര്യമേ അല്ലെന്ന മട്ടിൽ തല ചൊറിഞ്ഞ് കൈനഖങ്ങൾ നോക്കിക്കൊണ്ടിരിക്കുകയാണ്.

"സാരമില്ല വല്യപ്പച്ചാ... എന്തായാലും എന്റെകൂടെ കിടന്നോട്ടെ."

വല്യപ്പച്ചന് അത അത്ര തൃപ്തികരമായില്ലെന്ന് അലീനയ്ക്കു മനസ്സിലായി.

"നിന്നെ ലാലിച്ചൻ വിളിച്ചു അങ്ങോട്ടു ചെല്ലാൻ."

ഔതക്കുട്ടിച്ചായൻ പറഞ്ഞു.

അലീനയ്ക്ക് ആശ്ചര്യമായി.

"ഇവിടിരുന്നോ കേട്ടോ.... ഞാനിപ്പം വരാമേ."

അലീന ഷെറിനോടു പറഞ്ഞു.

അവൾ ഒരു കുട്ടിയെപ്പോലെ തലയാട്ടി.

ഇടനാഴിയിലൂടെ സ്റ്റാൻലിയുടെ മുറിയിലേക്കു നടക്കുന്നതിനിടയിൽ ഔതക്കുട്ടിച്ചായൻ പറഞ്ഞു.

"അവളെ ഒറ്റയ്ക്കു കിടത്തുന്നതാ മോളേ നല്ലത്. ചെലസമയത്തു പൈത്യം എളകിയാപ്പിന്നെ നിനക്കു സ്വൈര്യം കിട്ടത്തില്ല."

"ഞാൻ നോക്കിക്കോളാം വല്യപ്പച്ചാ."

"നീ കണ്ടിട്ടില്ലാത്തതുകൊണ്ടാ. അതൊരു ബാധകേറിയപോലെയാ. അറിയാത്തോർക്കു കണ്ടാ പേടിയാകും."

"സാരമില്ല. എന്നെ ഉപദ്രവിക്കില്ല. ഞാൻ ഒരു ദ്രോഹം ചെയ്തിട്ടില്ലല്ലോ. എന്നോടിഷ്ടമാ റാണിയാന്റിക്ക്."

"അവൾ വല്ലതും പറഞ്ഞോ നിന്നോട്?"

"ഒരു മോളുണ്ടെന്നു പറഞ്ഞു. എല്ലാവരുംകൂടി അതിനെ ഓർഫനേജിൽ ഉപേക്ഷിച്ചെന്നും പറഞ്ഞു. ഇപ്പം ജീവിച്ചിരിപ്പുണ്ടോ ഇല്ലയോ എന്നറിയില്ല. മരിച്ചുപോയെന്ന് ആരൊക്കെയോ കള്ളം പറഞ്ഞു വിശ്വസിപ്പിക്കാൻ ശ്രമിച്ചത്രേ."

"എല്ലാം അവളുടെ ഓരോരോ തോന്നലുകളാ. കുഞ്ഞിന്റെ

കാര്യം പറയുമ്പം മനസ്സിലാക്കിക്കൊള്ളണം പൈത്യം തുടങ്ങിയെന്ന്, അതാണു ലക്ഷണം.”

ഔതക്കുട്ടിച്ചായൻ പറഞ്ഞു.

“ഒരു മോളുണ്ടായിരുന്നെന്നൊക്കെ വെറുതെ പറയുന്നതാണോ വല്യപ്പച്ചാ?”

“പിന്നല്ലാതെ.”


“ഇനി അഥവാ അതു സത്യമാണെന്നു തെളിഞ്ഞാൽ വല്യപ്പച്ചനെ ഞാൻ എങ്ങനെ കരുതണം.”

വൃദ്ധൻ അന്ധാളിച്ചുപോയി. ചോദ്യം സൗമ്യമായിരുന്നെങ്കിലും അതിലുണ്ടായിരുന്ന മുൾമുന അയാളുടെ ഹൃദയത്തിൽ ചെന്നു തറച്ചു.

സ്റ്റാൻലിയുടെ റൂമിനു മുൻപിൽ എത്തിയിരുന്നതിനാൽ ഔതക്കുട്ടിച്ചായനു മറുപടി പറയേണ്ടി വന്നില്ല. അതിനു കാത്തു നിൽക്കാതെ അവൾ ഡോർ ഹാൻഡിൽ പിടിച്ചു തിരിച്ചു വാതിൽ തുറന്നു.

പപ്പ നായ്ക്കളോടൊപ്പം സോഫയിലിരിക്കുന്നത് അലീന കണ്ടു.

“വാ....” അയാൾ കയ്യാട്ടി വിളിച്ചു.



അലീന അകത്തേക്കു ചെന്നു.

ടീപ്പോയിൽ മദ്യക്കുപ്പി, സോഡ, സിഗരറ്റ്, ഒഴിഞ്ഞ ഗ്ലാസ് എന്നീ പതിവു സംഗതികളെല്ലാമുണ്ട്.

“ഇരിക്ക്.”

അയാൾ അൽപ്പം നിരങ്ങിമാറി അവൾക്ക് ഇരിക്കാൻ സൗകര്യം കൊടുത്തു. അയാളോടു ചേർന്നിരുന്ന ജർമ്മൻ ഷെപ്പേഡും അൽപ്പം സഹകരിച്ചു. അവൾ ഇരുന്നതും, നായ അവളുടെ മടിയിലേക്കു തല നീട്ടിവെച്ചുകൊടുത്തു. അങ്ങനെ ചെയ്താൽ അവൾ അവന്റെ ചെവിയും തലയും തടവിക്കൊടുക്കുമെന്ന് അവനറിയാം.

“അപ്പച്ചനെന്തിനാ നിൽക്കുന്നത്.... ഒരു പെഗ്ഗ് കഴിക്കണോ?” സ്റ്റാൻലി ചോദിച്ചു.

“എനിക്കു വേണ്ട.”

“എന്നാൽ പോയിക്കിടന്ന് ഉറങ്ങിക്കൂടേ?”

“ഇവളെ തിരിച്ച് മുറീലെത്തിക്കണ്ടേ?”

“പിന്നേ.... നൂറ്റിപ്പത്തു മൈൽ ദൂരമുണ്ടല്ലോ ഇവിടുന്ന് അവൾടെ ബെഡ്റൂമിലേക്ക്. ഞാനൊരു ടാക്സി പിടിച്ചു കയറ്റിവിട്ടോളാം.”

“വിളിച്ചോണ്ടു വരാൻ ഞാൻ വേണമായിരുന്നല്ലോ....” ഔതക്കുട്ടിച്ചായനു ദേഷ്യം വന്നു. “വെറുതെയല്ല പഴഞ്ചൊല്ല്.... പാലം കടക്കുവോളം നാരായണ....”

പിറുപിറത്തുകൊണ്ടു വൃദ്ധൻ മുറിവിട്ടിറങ്ങി.

“ആ വാതിലുംകൂടി അടച്ചേക്കണം.”

സ്റ്റാൻലി പറഞ്ഞു,

ഔതക്കുട്ടിച്ചായൻ വാതിലടച്ചപ്പോൾ അൽപ്പം ശക്തി കൂടിപ്പോയി.

“കണ്ടല്ലോ ദേഷ്യം. അപ്പച്ചന് ഇവിടിരുന്ന് കുറച്ചു വർത്തമാനം പറഞ്ഞാൽ കൊള്ളാമെന്നുണ്ടായിരുന്നു.”

“പിന്നെന്തിനാ പപ്പാ പറഞ്ഞയച്ചത്?”

“മനപ്പൂർവം ഒഴിവാക്കിയതാണ്. മനസ്സിലായില്ലേ?”

“പപ്പാ ഇന്നിപ്പോ എത്രയെണ്ണം കഴിച്ചു?”

“നാലേനാലു പെഗ്ഗ്.”

“ചുരുട്ടോ?”

“മൂന്ന്.”

“ഒരു പെഗ്ഗിന് എത്രരൂപയാകും?”

“ഇതിത്തിരി വില കൂടിയതാണ്.”

“എന്നാലും എത്ര വരും?”

“ഒരു നാനൂറു രൂപ.”

“ചുരുട്ടിനോ?”

“അൻപതു രൂപയ്ക്കു താഴെ.”

“നാളെ മുതൽ പപ്പ ഇതിലെല്ലാം ഓരോന്നു വീതം കുറച്ചിട്ട് നാനൂറ്റൻപതു രൂപ എനിക്കു തരോ?”

“എന്തിനാണ്?”

“പാവങ്ങൾക്കു കൊടുക്കാൻ.”

“നിനക്കെത്ര രൂപ വേണം..... ഞാൻ തരുമല്ലോ.”

“അങ്ങനെ വേണ്ട. നാലു പെഗ്ഗ് മൂന്നായി കുറച്ചിട്ടു കിട്ടുന്ന ലാഭം മതി എനിക്ക്.”

“അതൊരു വാശിയല്ലേ?”

“അല്ല. പപ്പ എനിക്കുവേണ്ടി പപ്പേടെ ഒരിഷ്ടം വേണ്ടെന്നുവയ്ക്കുമ്പം എനിക്കു പപ്പയോടു സ്നേഹം കൂടും. പപ്പ ഒരു പെഗ്ഗ് കുറച്ചു കഴിക്കുമ്പം പപ്പേടെ ആയുസ്സും ആരോഗ്യവും വർധിക്കും. പപ്പ വേണ്ടെന്നു വയ്ക്കുന്ന ആ പെഗ്ഗിന്റെ പൈസകൊണ്ട് ഒരു വർഷത്തിനകം വീടില്ലാത്ത രണ്ടു കുടുംബത്തിനെങ്കിലും ഓരോ വീടുണ്ടാക്കാം. അല്ലെങ്കിൽ സ്ത്രീധനം കൊടുക്കാൻ നിവൃത്തിയില്ലാത്ത രണ്ടു പെൺകുട്ടികളുടെ കല്യാണം നടത്താം. അതുമല്ലെങ്കിൽ ഫീസും പുസ്തകോം യൂണിഫോമും ഇല്ലാത്ത ഇരുപതു കുട്ടികൾക്കു പഠിക്കാം. അതുകൊണ്ട് ആർക്കും ഒരു നഷ്ടോമില്ല. ലാഭം മാത്രമേയുള്ളൂ. പപ്പയൊന്നു കണക്കു കൂട്ടി നോക്കിക്കേ.”

സ്റ്റാൻലി തെല്ലമ്പരന്ന മട്ടിൽ അവളുടെ മുഖത്തേക്കുതന്നെ നോക്കിയിരുന്നു. പിന്നെ ശബ്ദം താഴ്ത്തി പറഞ്ഞു.

“ഞാൻ എപ്പഴും ഇത്ര വിലകൂടിയ മദ്യമല്ല കഴിക്കാറ്.”

“വില കൂടിയത് കഴിക്കുമ്പം ആദ്യത്തെ പെഗ്ഗ് വേണ്ടെന്നു വച്ചിട്ട് ആ പൈസ എനിക്കു തരണം. വില കുറഞ്ഞതു കഴിക്കുമ്പം അവസാനത്തേതും വേണ്ടെന്നു വയ്ക്കണം. പക്ഷേ, ഒരു കാര്യം.... എന്നെ പറ്റിക്കരുത്. പപ്പയ്ക്കു വേണ്ടുവോളം കഴിച്ചിട്ട് ഒരെണ്ണം കുറച്ചിട്ടുണ്ടെന്നു പറയരുത്.”

“എനിക്കു കൃത്യമായ അളവില്ല. രാവിലെ മുതൽ കഴിച്ചു തുടങ്ങും. ഉച്ചയ്ക്കു മുൻപും കഴിക്കും. അഞ്ചുമണിക്കും എട്ടുമണിക്കും കഴിക്കും. പിന്നെ കിടക്കുന്നതിനു മുൻപ്.”

“കുപ്പികളെല്ലാം സൂക്ഷിക്കുന്ന അലമാരയുടെ താക്കോൽ എന്നെ ഏൽപ്പിച്ചാമതി. ആവശ്യമുള്ളപ്പഴെല്ലാം ഞാൻ എടുത്തുതരാം.”

“അതു മോശമാണ്. നിന്നെക്കൊണ്ടു ഞാൻ മദ്യം ഒഴിപ്പിച്ചു കുടിക്കുക... ശരിയാകില്ല.”

“ഒരു അസ്വാതന്ത്ര്യം വന്നാൽ ആരെങ്കിലും മതി എന്നു പറഞ്ഞു കയ്യിൽ കയറിപ്പിടിച്ചാൽ എനിക്കൊരു തൃപ്തി വരില്ല. കൂടുതൽ കഴിക്കണമെന്നു തോന്നും.”

“ഭക്ഷണം കഴിക്കുമ്പം ഞാൻ കയ്യിൽ കയറി പിടിക്കുന്നുണ്ടല്ലോ. അപ്പോ ഒരു കുഴപ്പോം ഇല്ലല്ലോ. ആദ്യം ഒണ്ടാരുന്നു. പിന്നെ അതങ്ങു മാറി.”

“പക്ഷേ, ഇത് അങ്ങനെയല്ല.”

“ഇതും അങ്ങനെതന്നെയാ. കേണലിന്റെ വിചാരം ലോകത്ത് ആരേം പേടിക്കാനില്ലെന്നാ.”

“നിന്നെ വിളിപ്പിച്ചത് മണ്ടത്തരമായോ?”

സ്റ്റാൻലി മദ്യക്കുപ്പിയെടുത്ത് അടപ്പു തുറന്നു.

“പപ്പ ഇങ്ങനെ വിചാരിച്ചാ മതി. പപ്പയുടെ മോൾ ഒരനാഥാലയത്തിലാ ജീവിച്ചത്... മനസ്സലിവുള്ളവര് ദാനമായിട്ടു കൊടുത്ത ഭക്ഷണമാ അവൾ കഴിച്ചത്.... ആരൊക്കെയോ ദാനം ചെയ്ത ഉടുപ്പുകളാ ഇട്ടു നടന്നിട്ടുള്ളത്.... ആരോ വാങ്ങിത്തന്ന പുസ്തകങ്ങളും ബുക്കുകളും വെച്ചാ പഠിച്ചത്.... തലയിൽ തേച്ച എണ്ണയ്ക്കും സോപ്പിനും പേസ്റ്റിനും മരുന്നിനും വണ്ടിക്കൂലിക്കുമെല്ലാം പുറകിൽ ആരെങ്കിലുമൊക്കെ അവരവരുടെ ഇഷ്ടങ്ങൾ വേണ്ടെന്നു വച്ചിട്ടു തന്ന പൈസയാണുണ്ടായിരുന്നത്. അങ്ങനെ ഇരുപത്തിമൂന്നു വർഷം എല്ലാ ദിവസവും മൂന്നുനേരം ആഹാരം കിട്ടിയിരുന്നില്ല.... അത്താഴപ്പട്ടിണി കിടന്ന ദിവസങ്ങളുണ്ട്.... ഉച്ചപ്പട്ടിണിയുണ്ടായ ദിവസങ്ങളുണ്ട്..... ഒരുനേരം മാത്രം ഒന്നോ രണ്ടോ ബിസ്കറ്റോ ഒരു റൊട്ടിക്കഷണമോ കഴിച്ച ദിവസങ്ങളുമുണ്ടായിരുന്നു. കാലിൽ ചെരിപ്പില്ലാതെ, കാതിലും കഴുത്തിലും ഒരു മൊട്ടുകമ്മലോ പളുങ്കുമാലയോ ഇല്ലാതെ, കാലിൽ പാദസരമില്ലാതെ, കയ്യിൽ കുപ്പുവളപോലുമില്ലാതെ എത്രയോ കാലം ജീവിച്ചു. കീറിത്തുന്നിയ ഉടുപ്പുകളിട്ടുകൊണ്ട് എത്രയോനാൾ സ്കൂളിൽ പോയി. അതെല്ലാം വെട്ടിക്കുറച്ചിട്ട് ഒരു പതിനഞ്ചു വർഷം കണക്കുകൂട്ടിയാമതി. ആ കടം വീട്ടണ്ടേ പപ്പാ? ഒന്നോ രണ്ടോ പെഗ്ഗ് ദിവസോം വേണ്ടെന്നുവെച്ചിട്ട് പപ്പ ആ പൈസ പാവങ്ങൾക്കു കൊടുക്കാൻവേണ്ടി എന്നെ ഏൽപ്പിക്കുമ്പം കുഞ്ഞുന്നാളില് പപ്പ എനിക്ക് നല്ലൊരു പുത്തനുടുപ്പ് വാങ്ങിച്ചു തന്നപോലെയാ അത്.”

അലീന പറഞ്ഞു നിർത്തി,

സ്റ്റാൻലി ഇടതുകയ്യിൽ മദ്യക്കുപ്പിയും വലതു കയ്യിൽ അതിന്റെ കോർക്കടപ്പുമായി ഇതികർത്തവ്യഥാമൂഢനായി ഇരുന്നു. അലീന ഓർഫനേജിനെപ്പറ്റി പറയുമ്പോഴെല്ലാം അയാൾ അസ്വസ്ഥനായിത്തീരുന്നു. അവിടെ അവൾ അനുഭവിച്ച യാതനകളെപ്പറ്റി പറ.യുമ്പോൾ അയാൾ അധീരനും ദുർബലനുമായിപ്പോകുന്നു.

“പപ്പാ അതുംകൂടി ഒഴിച്ചു കുടിച്ചോ. നാളെ മുതൽ നമുക്കു തുടങ്ങാം, നാളെ ഒന്നാമത്തെ ദിവസം. ഇരുപത്തിനാലു വർഷം മുൻപ് എന്നെ സ്നേഹനികേതനത്തിൽ കൊണ്ടുവന്ന ദിവസം. ഒരു ചോരക്കുഞ്ഞ്.... ഒന്നും ഓർക്കാറായിട്ടില്ല.... കരയാൻ മാത്രം അറിയാം. ഓർഫനേജിലുണ്ടായിരുന്ന ചേച്ചിമാരോ ബ്രിജീത്താമമ്മിയോ ആരെങ്കിലും എന്നെ നെഞ്ചോടു ചേർത്തു പിടിച്ചിട്ടുണ്ടാവും.... വിശന്നു കരഞ്ഞപ്പോൾ മടിയിൽക്കിടത്തി കുപ്പിപ്പാൽ തന്നിട്ടുണ്ടാവും.... എനിക്കു തണുക്കാതിരിക്കാൻ ഒരു കുഞ്ഞുടുപ്പ് ഇടുവിക്കുകയും ഒരു ടവ്വൽകൊണ്ട് പുതപ്പിക്കുകയും ചെയ്തിട്ടുണ്ടാവും. ആദ്യ ദിവസത്തെ ആ കടം നമുക്കു നാളെ തീർക്കണം. രണ്ടാം ദിവസത്തെ കടം നമുക്കു മറ്റന്നാൾ.... മൂന്നാം ദിവസത്തെ കടം.... അങ്ങനെ....”

അലീന സ്റ്റാൻലിയുടെ നേർക്ക് കൈനീട്ടി.

അവൾക്കൊരു വാഗ്ദാനം കിട്ടണം.

സ്റ്റാൻലി മദ്യക്കുപ്പിയിലേക്കും വലതു കയ്യിലിരുന്ന കോർക്കിലേക്കും നോക്കി. അലീനയെ ഒന്നുകൂടി നോക്കിയശേഷം അയാൾ കോർക്കിട്ടു കുപ്പി അടച്ചു.

അനന്തരം അലീനയുടെ നീട്ടിയ കൈത്തലം പിടിച്ചമർത്തി.

“ശരി....” അയാൾ തല കുലുക്കി.

“പപ്പായ്ക്കു ദേഷ്യമൊന്നുമില്ലല്ലോ?”

(ശേഷം 34-ാം പേജിൽ)

## ദാനിയേൽ പഠന ബൈബിൾ

*സഞ്ചരിക്കുന്ന ബൈബിൾ സെമിനാരി*
*ദാനിയേൽ റഫറൻസ് ബൈബിൾ*
*വലിയക്ഷര ബൈബിൾ * റെഡ് ലെറ്റർ ബൈബിൾ*
*ദാനിയേൽ ദ്വിഭാഷ പഠന ബൈബിൾ* ദാനിയേൽ പോക്കറ്റ് ബൈബിൾ*
*ദാനിയേൽ ക്രോണോളോജിക്കൽ ബൈബിൾ*
website: www.danielbible.com

## ജീവ സന്ദേശം

മലയാളത്തിൽ വാക്യപ്രതിവാക്യ ബൈബിൾ പഠനം
ഉല്പത്തി മുതൽ വെളിപ്പാടുവരെ പഠനത്തോടൊപ്പം പ്രായോഗിക ജീവിതത്തിനു വേണ്ട മാർഗനിർദ്ദേശങ്ങളും!
ബ്രദർ ജോർജ് ഫിലിപ്പ് പഠിപ്പിക്കുന്നു
https://ttb.twr.org/podcasts
e-mail: malayalamttb@radio882.com
website: www.radio882.com
USA contact: Ph: 972-475-4880
e-mail: ki_thomas@hotmail.com

## MOTHERS PRAYER

തലമുറയെ തകർത്ത് കുടുംബ ബന്ധങ്ങൾ അകറ്റി നമ്മയെ കെടുത്തി സമാധാനം നശിപ്പിച്ചുകൊണ്ട് രാജ്യത്ത് വ്യാപരിക്കുന്ന അന്ധകാരശക്തിയുടെ മേൽ ജയമെടുക്കുവാൻ അമ്മമാർ-സഹോദരിമാർ ഈ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി ഒന്നിച്ചു പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രാർത്ഥനാ ചങ്ങലയാണ് Mothers Prayer ഈ രാജ്യത്തിന്റെ ഏതു ഭാഗത്തിരുന്നുകൊണ്ടും ഇതിന്റെ അംഗമായി ചേർന്ന് പ്രാർത്ഥിക്കാം. ആത്മഭാരമുള്ള അമ്മമാർ സഹോദരിമാർ ഉണരട്ടെ.

ബന്ധപ്പെടേണ്ട വിലാസം:
Sister: Annamma Ninan
39241 N Stockton Ln, Beach Park, IL - 60083.
Phone - 847-623-2973
Email- Mothersprayerusa@sbcglobal.net

# നോവൽ

(33-ാം പേജിൽ നിന്നും)

അലീന നിറമിഴികളോടെ അയാളെ നോക്കി.

അയാൾ അവളുടെ തോളത്തു കൈവച്ചു ചേർത്തുപിടിക്കുക മാത്രം ചെയ്തു. അലീന പപ്പയുടെ തോളത്തേക്കു തലചേർത്തുവച്ചു പതിയെ കണ്ണു തുടച്ചു.

"നിന്നെ ഞാൻ വിളിപ്പിച്ചത് എന്തിനാണെന്ന് അറിയാമോ?" സ്റ്റാൻലി ചോദിച്ചു.

"പപ്പ പറഞ്ഞില്ലല്ലോ."

"ഷെറിനെപ്പറ്റി ആരാ നിന്നോടു പറഞ്ഞത്.... അപ്പച്ചനാണോ?"

"വല്യപ്പച്ചൻ എന്നോടൊന്നും പറഞ്ഞിട്ടില്ല."

"പിന്നെ.... പുനലൂർന്ന് കിട്ടിയ വിവരങ്ങളാണോ?"

"അല്ല പപ്പാ."

"ഷെറിൻ നിന്നോട് എന്തെങ്കിലും പറഞ്ഞോ?"

"ഞാൻ ചോദിച്ചപ്പോ ഒരു മോളുണ്ടായിരുന്നെന്നു സമ്മതിച്ചു.... അത്രേയുള്ളൂ. പപ്പയ്ക്കറിയാവുന്ന കാര്യമല്ലേ അതെല്ലാം."

"ഞാനിവിടെ ഒരൊറ്റയാനായിട്ടാ ജീവിച്ചുപോന്നത്. അപ്പച്ചൻ ആണ്ടിലൊരിക്കലോ മറ്റോ വന്നുപോകും. ഞാൻ തറവാട്ടിലേക്ക് പോകാറേയില്ല.. അവിടുത്തെ വിവരങ്ങളൊന്നും എന്നെ ആരും അറിയിക്കാറുമില്ല. കല്യാണമോ മരണമോ ഉണ്ടായാൽ മാത്രം പോകും. ഷെറിന്റെ കല്യാണത്തിനുശേഷം എന്തു സംഭവിച്ചെന്ന് ആരും എന്നോടു പറഞ്ഞിട്ടില്ല. അവൾക്കെന്തോ മാനസികരോഗമുണ്ടായെന്നും ഹസ്ബെൻഡ് ഉപേക്ഷിച്ചുവെന്നും മാത്രം അറിയാം. എന്നെ പങ്കെടുപ്പിക്കാത്ത വിഷയങ്ങളൊന്നും ഞാൻ അന്വേഷിക്കാറില്ലായിരുന്നു."

"കല്യാണത്തിനു മുൻപു റാണിയാന്റി ഒരു കുഞ്ഞിനെ പ്രസവിച്ച വിവരം പപ്പ അറിഞ്ഞിട്ടേയില്ല?"

"അതൊന്നും എന്നോടാരും പറഞ്ഞിട്ടില്ല. ഒരു ലൗവ് അഫയറുണ്ടായിരുന്നെന്നോ അതിനെന്തോ കുഴപ്പങ്ങളുണ്ടായെന്നോ ഒക്കെ പിന്നീട് ആരോ പറഞ്ഞുകേട്ടു. എന്നെ അറിയിക്കാൻ ആർക്കും താൽപര്യമില്ലായിരുന്നിരിക്കും."

"അറിയാൻ പപ്പയ്ക്കും ആഗ്രഹമില്ലായിരുന്നു."

"എന്നോ ഒരിക്കൽ ഷീ ബീൻ കൺസീവിങ് എന്നൊരു ബാഡ് ന്യൂസും കേട്ടിരുന്നു. അതായിരുന്നു കുഴപ്പമെന്നു തോന്നുന്നു."

"റാണിയാന്റി എറണാകുളത്തു പഠിച്ചിരുന്ന കാലത്ത് അവിടെ പാലാരിവട്ടത്തിനടുത്ത് തമ്മനത്തുള്ള ജിജോ എന്നയാളുമായി സ്നേഹത്തിലായിരുന്നു. ജിജോയുടെ പപ്പയും ഒരു എക്സ് മിലിട്ടറിക്കാരനാ.... പേരു മാമച്ചൻ. മമ്മിയുടെ പേര് ഗ്രേസമ്മ. വീട്ടിലൊക്കെ അറിഞ്ഞോണ്ടുള്ള ഇഷ്ടമായിരുന്നു. കല്യാണം ആലോചിക്കുന്നതിനിടയിൽ ജിജോ ഒരു ആക്സിഡന്റിൽപ്പെട്ടു മരിച്ചു. ആ സമയം റാണിയാന്റി ഗർഭിണിയായിരുന്നു. കുറെ താമസിച്ചാണ് പുനലൂരിലെ വീട്ടിൽ ഈ വിവരം അറിഞ്ഞത്. എന്തായാലും റാണിയാന്റി ആ കുഞ്ഞിനെ പ്രസവിച്ചു. തിരുവനന്തപുരത്തെ ഒരു അഗതിമന്ദിരത്തിനു കുഞ്ഞിനെ സംഭാവന ചെയ്തിട്ട് വല്യപ്പച്ചനും കൂട്ടരും കുടുംബത്തിന്റെ മാനം രക്ഷിച്ചുവെന്നു വേണമല്ലോ കരുതാൻ. പക്ഷേ, റാണിയാന്റി കുട്ടിയെ കാണണമെന്നു വാശിപിടിച്ചു. നിവൃത്തിയില്ലാതെ തറവാട്ടിലുണ്ടായിരുന്നവർ ഇടയ്ക്കിടെ റാണിയാന്റിയെ തിരുവനന്തപുരത്തെ ഓർഫനേജിൽ കൂട്ടിക്കൊണ്ടുപോയി കുഞ്ഞിനെ കാണിച്ചുകൊടുക്കും."

സ്റ്റാൻലി ആശ്ചര്യസ്തബ്ധനായി അലീനയെ നോക്കിയിരിക്കുകയാണ്. അയാൾ ഇതേപ്പറ്റിയൊന്നും മുൻപു കേട്ടിട്ടുകൂടിയില്ല. അലീന തുടർന്നു പറഞ്ഞു.

"കുഞ്ഞിനു രണ്ടു വയസ്സായപ്പഴേക്കും വീട്ടുകാരെല്ലാംകൂടി നിർബന്ധിച്ച് റാണിയാന്റിയുടെ കല്യാണം നടത്തി."

"അതെനിക്കറിയാം. ടോണി എന്നു പേരുള്ള ഗൾഫുകാരൻ.... മുവാറ്റുപുഴ സ്വദേശി.... കല്യാണം കഴിഞ്ഞ് അയാളവളെ ഗൾഫിലേക്കു കൊണ്ടുപോയതും അറിയാം." സ്റ്റാൻലി പറഞ്ഞു.

"ഒന്നര വർഷത്തിനുശേഷം റാണിയാന്റി ഗൾഫീന്നു വന്നപ്പോ തിരുവനന്തപുരത്തെ ഓർഫനേജിൽ ചെന്നു.... കുഞ്ഞിനെ കാണാൻ. പക്ഷേ, കുഞ്ഞ് അവിടെയില്ല. അതിനെ ആരോ ദത്തെടുത്തോണ്ടു പോയെന്നും പിന്നീട് ആ കുഞ്ഞ് എന്തോ രോഗം വന്ന് മരിച്ചുപോയെന്നുമാണ് റാണിയാന്റിക്കു കിട്ടിയ വിവരം. റാണിയാന്റി അതു വിശ്വസിച്ചില്ല. തിരിച്ചു ഗൾഫിൽ ചെന്നശേഷം റാണിയാന്റിക്കു മോളെപ്പറ്റിയോർത്തു സ്വസ്ഥത നഷ്ടപ്പെട്ടു. ആ കുഞ്ഞ് ജിവിച്ചിരിപ്പുണ്ടോ മരിച്ചോ എന്നു തീർച്ചയില്ല. കൊന്നതാണോ, ആർക്കെങ്കിലും വിറ്റതാണോ എന്നും അറിയില്ല. ഒരമ്മയ്ക്ക് അതു താങ്ങാൻ പറ്റോ. എന്തായാലും റാണിയാന്റീടെ ഭർത്താവ് മാനസിക രോഗിയായ ഭാര്യയേയും കൂട്ടി നാട്ടിൽ തിരിച്ചെത്തി. കൊട്ടാരമറ്റം തറവാട്ടിൽ ചെന്നു ചോദിച്ചപ്പോ കുട്ടിയുണ്ടായതു സത്യമാണെന്നു വീട്ടിലുള്ളവർക്കു സമ്മതിക്കേണ്ടിവന്നു, അങ്ങനെയാ റാണിയാന്റി ഉപേക്ഷിക്കപ്പെട്ടത്.'

അലീന പറഞ്ഞുനിർത്തി,.

സ്റ്റാൻലി അവിശ്വസനീയതയോടെ തലയാട്ടി. കുറച്ചുനേരം അനങ്ങാതിരുന്നു. താടിയുഴിഞ്ഞുകൊണ്ടു ജനാലയ്ക്കു നേർക്കു നോക്കി. പിന്നെ കുപ്പിയെടുത്ത് കോർക്കു തുറന്നു ഗ്ലാസിൽ ഒഴിക്കാൻ ഭാവിച്ചിട്ട് പുനരാലോചനയിൽ അതു വേണ്ടെന്നുവച്ച് കോർക്കിട്ട് കുപ്പി അടച്ചു.

"ഇതെല്ലാം സത്യമാണോ."

അയാൾ വിശ്വാസം വരാതെ ചോദിച്ചു.

"എല്ലാ സത്യങ്ങളും അറിയില്ല. അത് ഇതിനേക്കാൾ ഭയാനകമായിരിക്കും."

സ്റ്റാൻലി ദീർഘമായി നിശ്വസിച്ചു.

"അപ്പച്ചൻ പണ്ടുമുതലേ അന്തസ്സിന്റെ ആളാ, തറവാടിന്റെ അന്തസ്സു നോക്കിയേ എന്തും ചെയ്യൂ. ഔസേപ്പച്ചനും ആൽബർട്ടുമാണെങ്കിൽ അതിന്റെ ഹോൾസെയിൽ ബിസിനസുകാരാണ്."

"ഈ അന്തസ്സ് എന്താ പപ്പാ? അതെവിടെയാ ഇരിക്കുന്നത്? മോഡി പിടിപ്പിച്ച വലിയ ബംഗ്ലാവിലും വിലകൂടിയ കാറിലും മുള്ളുവേലി കെട്ടി അതിരിട്ട എസ്റ്റേറ്റിലുമാണോ? വലിയ ഇരുമ്പുഗേറ്റിൽ എഴുതിവച്ച കൊട്ടാരമറ്റം എന്ന വീട്ടുപേരിലാണോ? ആ അന്തസ്സ് എത്ര കാലം നിലനിൽക്കും? ബംഗ്ലാവ് ആരെങ്കിലും ഇടിച്ചുകളഞ്ഞു പുതിയതു പണിയും.... ഇരുമ്പുഗേറ്റ് ആക്രിക്കച്ചവടക്കാര് കൊണ്ടുപോകും.... എസ്റ്റേറ്റ് അനേകം കഷണങ്ങളായി പങ്കിട്ടുപോകും. ഇരുനൂറുകൊല്ലം മുൻപു കൊട്ടാരമറ്റം തറവാട്ടിൽ ആരൊക്കെ ജീവിച്ചിരുന്നെന്ന് പപ്പയ്ക്കറിയാമോ? ഒരഞ്ഞൂറു കൊല്ലത്തിനപ്പുറത്തു കൊട്ടാരമറ്റം എന്നൊരു തറവാട്ടുപേരു ശേഷിക്കുമെന്നു പപ്പയ്ക്ക് ഉറപ്പുണ്ടോ? ഇത് അന്തസ്സല്ല, അഹങ്കാരമാണ്. ശരിക്കുള്ള അന്തസ്സ് അവനവന്റെ ഹൃദയത്തിലാ വേണ്ടത്. അത് വിശക്കുന്നവന് ആഹാരം കൊടുക്കും, രോഗിയെ ശുശ്രൂഷിക്കും, വസ്ത്രമില്ലാത്തവന് വസ്ത്രം നൽകും, ദുഃഖിക്കുന്നവന്റെ കണ്ണീരു തുടച്ച് ആശ്വസിപ്പിക്കും, അനാഥരായവരെ സ്നേഹിക്കും. ആ അന്തസ്സിനു മാത്രമേ നിലനിൽപ്പുള്ളൂ എന്നു ബ്രിജീത്താമമ്മി ഞങ്ങളെ പഠിപ്പിച്ചിട്ടുണ്ട്."

"അതൊക്കെ നമുക്കു പറയാൻ കൊള്ളാം. അയൽക്കാരെക്കൊണ്ടും നാട്ടുകാരെക്കൊണ്ടും അപവാദം പറയിക്കാതെ നോക്കണ്ടേ?"

സ്റ്റാൻലി തർക്കിച്ചു.

"ആരു നോക്കണം? അപവാദം പറയാതെ നോക്കേണ്ടത് അയൽക്കാരും നാട്ടുകാരുമാണ്..... നമ്മളല്ല, നമ്മുടെ ജോലിയെന്താ.... അന്തസ്സായിട്ടു പെരുമാറുക. ഞാൻ പപ്പേടെ മോളാണെന്നറിഞ്ഞപ്പോ പപ്പാ അയൽക്കാരേം നാട്ടുകാരേം നോക്കിയോ? ഇല്ല. അന്തസ്സായിട്ട് എന്നെ സ്വന്തം മോളായി സ്വീകരിക്കേം അംഗീകരിക്കേം ചെയ്തു. അതുകൊണ്ട് നമുക്ക് രണ്ടുപേർക്കും എന്തൊരു സന്തോഷമാ.... എന്തൊരു സ്നേഹമാ.... അതിനു പകരം പപ്പയെന്നെ വല്ല ഹോസ്റ്റലിലും കൊണ്ടു താമസിപ്പിച്ചോണ്ട് അവഗണിച്ചിരുന്നെങ്കിലോ.... എന്തുമാത്രം വിഷമമായിപ്പോയെനെ. അയൽക്കാരും നാട്ടുകാരും പറയുന്നുണ്ടായിരിക്കും റിട്ടയേഡ് കേണൽ സ്റ്റാൻലി ജോസഫ് നമ്മളാരും വിചാരിച്ചപോലെയല്ല. കക്ഷിക്ക് രഹസ്യപുത്രിയൊക്കെയുണ്ടെന്ന്. അവരു പറയട്ടെ, നമുക്കെന്താ? നമ്മൾ നമ്മുടെ മനസ്സാക്ഷിയോട് ഉത്തരം പറഞ്ഞുകഴിഞ്ഞു."

"നീ പറയുന്നതു ശരിതന്നെ. പക്ഷേ, അവിവാഹിതയായ ഒരു പെൺകുട്ടി പ്രസവിക്കുന്നത് അന്തസ്സാണെന്നു ഞാനും വിചാരിക്കുന്നില്ല."

"എന്റെ അമ്മ പ്രസവിച്ചില്ലേ.... കല്യാണത്തിനു മുൻപേ. പപ്പയ്ക്കും അതിലൊരു പങ്കില്ലേ? ഞാനീ ഭൂമിയിൽ ജനിക്കരുതായിരുന്നോ? ഞാൻ ജീവിച്ചിരിക്കുന്നതു തെറ്റായിപ്പോയോ?"

സ്റ്റാൻലി പകച്ചുപോയി.

ഉത്തരമില്ല.

"വിവാഹം കഴിക്കാൻ ആഗ്രഹിച്ചിരുന്നവരാ ജിജോയും പപ്പായുടെ അനുജത്തിയും. ദുർവിധികൊണ്ട് ആ ചെറുപ്പക്കാരൻ മരിച്ചുപോയി. ജീവനെപ്പോലെ സ്നേഹിച്ചയാളിന്റെ കുഞ്ഞിനെ നശിപ്പിച്ചു കളയാതെ അതിനെ പ്രസവിച്ചു വളർത്തണമെന്നു റാണിയാന്റി തീരുമാനിച്ചെങ്കിൽ അതല്ലേ ശരിക്കും അന്തസ്സ്? അയൽക്കാരും നാട്ടുകാരും ചോദിച്ചേക്കുമായിരിക്കും.... അയ്യോ, കല്യാണം കഴിക്കാത്ത പെണ്ണ് ഗർഭിണിയാണല്ലോ. അച്ഛനില്ലാത്തൊരു കുഞ്ഞിനെ പ്രസവിച്ചിട്ട് എന്തുചെയ്യാൻ പോണു എന്നൊക്കെ. അപ്പോ അന്തസ്സുള്ളവർക്കു പറയാൻ മറുപടിയുണ്ട്. ഞങ്ങളുടെ മകൾ അല്ലെങ്കിൽ അനുജത്തി ഒരു ചെറുപ്പക്കാരനെ സ്നേഹിച്ചു. അവരുടെ കല്യാണവും തീരുമാനിച്ചതായിരുന്നു. പക്ഷേ, അവൾ ഗർഭിണിയായിരിക്കേ അയാൾ മരിച്ചു. അയാളോടുള്ള സ്നേഹത്തിന്റെ ജീവിക്കുന്ന അടയാളമായിട്ട് ആ കുഞ്ഞിനെ പ്രസവിച്ചു വളർത്താൻ അവൾ തീരുമാനിച്ചു. അവളുടെ സ്നേഹത്തെക്കുറിച്ചു ഞങ്ങൾക്ക് അഭിമാനമേയുള്ളൂ. ഞങ്ങളവൾക്ക് എല്ലാ പിന്തുണയും കൊടുക്കും. അവൾ പ്രസവിക്കുമ്പോൾ ആ കുട്ടിയെ ഞങ്ങൾ കൊട്ടാരമറ്റം തറവാട്ടിലെ ഏതൊരു കുട്ടിയേയുംപോലെ വളർത്തും. എല്ലാം അറിഞ്ഞുകൊണ്ട് എന്നെങ്കിലും ഒരാൾ അവളെ കല്യാണം കഴിക്കാൻ തയാറായി വന്നാൽ സന്തോഷത്തോടെ ആ കല്യാണം നടത്തിക്കൊടുക്കും. ഇതല്ലായിരുന്നോ പപ്പാ അന്തസ്സ്. അതിനുപകരം ആ പാവത്തിനെ ഭീഷണിപ്പെടുത്തി, വയറ്റിലുള്ള കുഞ്ഞിനെ നശിപ്പിക്കാൻ പ്രേരിച്ചു. ഒടുക്കം എവിടെയോ കൊണ്ടുപോയി രഹസ്യ പ്രസവം നടത്തി.... കുഞ്ഞിനെ ഒരു ഓർഫനേജിൽ ഉപേക്ഷിച്ചു. ഒരു ചെറുപ്പക്കാരനെ ചതിച്ചു മകളെ കെട്ടിയേൽപ്പിച്ചു കൊടുത്തു.... എന്നിട്ട് ഓർഫനേജിലുണ്ടായിരുന്ന കുഞ്ഞിനെ ഇല്ലായ്മ ചെയ്തു. മകൾ, കുഞ്ഞിനെ കാണാതെ മനംനൊന്തു രോഗിയായി ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടു തിരിച്ചു വന്നപ്പോ ഒരു മുറിയിലടച്ചിട്ടിരിക്കുന്നു. ഇങ്ങനെയാണോ കൊട്ടാരമറ്റം തറവാട്ടുകാർ അവരുടെ അന്തസ്സ് നിലനിർത്തുന്നത്."

പറഞ്ഞുതീരുമ്പോഴേക്കും അലീന കിതയ്ക്കുന്നുണ്ടായിരുന്നു. ആവേശം അൽപ്പം കൂടിപ്പോയി എന്ന് അവൾക്കു തന്നെ തോന്നി.

സ്റ്റാൻലി ആശ്ചര്യത്തോടെ മകളെ ത്തന്നെ നോക്കിയിരിക്കുകയാണ്. ഇടയ്ക്കു മന്ദമായി തലയാട്ടുന്നുണ്ട്. പക്ഷേ, ഒന്നും മിണ്ടുന്നില്ല.

അലീനയ്ക്ക് അൽപ്പം ആത്മനിന്ദ തോന്നി. താൻ അധികപ്രസംഗമാണോ പറഞ്ഞത്.

"ഓക്കെ..." സ്റ്റാൻലി ഒന്നുകൂടി തല കുലുക്കി.

"സോറി പപ്പാ.... ഞാനൊരുപാട് വർത്തമാനം പറഞ്ഞു. വേണ്ടായിരുന്നു.... സോറി."

"ഇനിയും പറഞ്ഞോ.... ഞാൻ കേൾക്കാം."

"പപ്പയെന്നെ സഹായിക്കോ."

"എന്തു സഹായം."

"റാണിയാന്റിയുടെ മോൾ ജീവിച്ചിരിപ്പുണ്ടെങ്കിൽ അതിനെ കണ്ടുപിടിച്ചു വീണ്ടെടുത്തു കൊടുക്കണം. അതിനു പപ്പേടെ സഹായം വേണം."

സ്റ്റാൻലിയുടെ മറുപടിക്കായി അവൾ അൽപ്പനേരം കാത്തു.

"അതോ, എന്നെപ്പോലെ ആ കുഞ്ഞും ഇരുപത്തിമൂന്നോ മുപ്പതോ വർഷം അനാഥാലയത്തിൽ ജീവിക്കണോ. റാണിയാന്റി എന്നും മോളെയോർത്ത് സങ്കടപ്പെട്ട് ഇങ്ങനെ മനോരോഗിയായിട്ടു കഴിഞ്ഞുകൂടണോ."

സ്റ്റാൻലിയുടെ മനസ്സിൽ പൊടുന്നനെ ആ ചിത്രം തെളിഞ്ഞു.

ഏതോ അഗതിമന്ദിരത്തിന്റെ വരാന്തയുടെ തൂണുംചാരി വിദൂരതയിലേക്കു നോക്കി നിൽക്കുന്ന ബാലിക.

''ഞാൻ.... ഞാൻ.... സഹായിക്കാം.... ഉം...."

അലീനയുടെ മുഖത്തൊരു ചിരി വിടരുന്നത് അയാൾ കണ്ടു. അവൾ അയാളുടെ കൈത്തലം പിടിച്ചുയർത്തി കൈവെള്ളയിൽ ഉമ്മവെച്ചു.

എന്നിട്ട് എഴുന്നേറ്റു.

"ഗുഡ്നൈറ്റ് പപ്പാ."

"ഗുഡ്നൈറ്റ്."

അലീന തന്റെ മുറിയുടെ മുൻപിലെത്തിയപ്പോൾ വാതിൽ അകത്തുനിന്ന് അടച്ചിരിക്കുകയാണ്.

അവൾ വാതിലിൽ തട്ടി.

കുറേ തട്ടിയിട്ടും വാതിൽ തുറക്കുന്ന ലക്ഷണമില്ല. അലീന ഷെറിനെ തെല്ലുറക്കെ വിളിച്ചുകൊണ്ടു വാതിലിൽ ഇടിച്ചു. ശബ്ദംകേട്ട് ഔതക്കുട്ടിച്ചായൻ വന്നു.

"ദേ, വാതിലടച്ചു കുറ്റിയിട്ടിരിക്കുന്നു. എത്ര വിളിച്ചിട്ടും തുറക്കുന്നില്ല."

അലീന പരിഭ്രമത്തോടെ പറഞ്ഞു.

ഔതക്കുട്ടിച്ചായൻ പുറത്തുപോയി ജനാലയിലൂടെ നോക്കാൻ ശ്രമിച്ചു. ജനാല അടച്ച് കൊളുത്തിട്ട് കർട്ടനും വലിച്ചിട്ടിരിക്കുന്നതിനാൽ അകത്തെ കാഴ്ചയൊന്നും കാണാൻ വയ്യ.

ഔതക്കുട്ടിച്ചായനും വന്നു മുട്ടിവിളിച്ചെങ്കിലും വാതിൽ തുറക്കപ്പെട്ടില്ല.

അലീന സ്റ്റാൻലിയെ വിളിക്കാനോടി.

(തുടരും)

## സുഭാഷ് വാസുവിന്റെ വീട്ടിൽ ക്രൈംബ്രാഞ്ച് പരിശോധന

മാവേലിക്കര: എസ്എൻഡിപി യോഗം മാവേലിക്കര യൂണിയൻ മുൻ പ്രസിഡണ്ട് സുഭാഷ് വാസു, മുൻ സെക്രട്ടറി സുരേഷ് ബാബു, ഓഫിസിലെ 2 മുൻ ജീവനക്കാർ എന്നിവരുടെ വീട്ടിൽ ക്രൈംബ്രാഞ്ച് സംഘം പരിശോധന നടത്തി. 2 വീടുകളിൽ നിന്നു മിനിറ്റ്സ് ബുക്കും ചെക്കുകളും ഉൾപ്പെടെ പ്രധാന രേഖകൾ കണ്ടെടുത്തതായി ക്രൈംബ്രാഞ്ച് ആലപ്പുഴ ജില്ലാ മേധാവി ബി.കെ. പ്രശാന്തൻ കാണി പറഞ്ഞു. കട്ടച്ചിറ പള്ളിക്കലിലെ സുഭാഷ് വാസുവിന്റെ വീട്ടിലും സുരേഷ് ബാബുവിന്റെ മാവേലിക്കരയിലെ വീട്ടിലും മുൻ ജീവനക്കാരനായ ചെങ്ങന്നൂർ പെരിങ്ങിലപ്പുറം ഉളുന്തി സ്വദേശിനി രേവമ്മ, കായംകുളം കൃഷ്ണപുരം സ്വദേശിനി ശശികല എന്നിവരുടെ വീടുകളിലുമാണ് 4 സംഘങ്ങളായി ക്രൈംബ്രാഞ്ച് ഒരേസമയം പരിശോധന നടത്തിയത്.


SUBSCRIPTION FORM

I.D. # ________ Date ________ Expiration Date ________

Name ________

Address ________

City ________ State ________ Zip ________

Tel. ( ) ________ Signature ________

❑ Enclosing $ 375.00 for Long Membership.✪
❑ Enclosing my subscription of $49.00 for one year.
❑ Enclosing my subscription of $90.00 for two year.
❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Year | Lifelong* |
|---|---|---|
| $49 00 | $90 00 | $375 00 |
| REG. $55.00 | REG. $98.00 | REG. $490.00 |

Payment Method ❑ Cheque Cheque # ________

❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ________

CARD ACCOUNT NUMBER

SEC. CODE:

Please make the cheque payable to

KERALA EXPRESS

2046 W. DEVON AVE, CHICAGO, IL 60659

630 728 7956 FAX : 773.304.1917


PLEASE DON'T FORGET TO PUT YOUR PHONE NUMBER & SIGNATURE

✪ Long memberhip for 10 years only. ✪✪ Subscription fee non-refundable

VISA

MasterCard

DISCOVER




FLOWERS TV USA
STAR SHOW 2020
MAY & JUNE 2020
FLOWERS USA HD
Manoj K. Jayan - Actor
Lakshmi Gopalaswami - Actress
Kottayam Nazeer - Comedy
Durga Krishna - Actress
Kannur Shereef - Singer
Sneha Ajith - Artist
Kalabhavan Prajod - Comedy
Soumya Sadanandan - Singer
Vaigha Rose- Actress
Rubbe - Artist & Choreographer
Rajeesh - Keyboard
Show Director
BIJU ZACHARIA
Progamme Manager
JOE PUTHUSSERY
For more information:
BIJU ZACHARIA @ 847 630 6462, T.C. CHACKO @ 214 682 7672
REKHA NAIR @ 614 886 1870, SANJEEV SHANMUGHAMPILLAI @ 425 502 2417




Printed at **GRACE PRINTING**, Chicago, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**